

# സായൂജ്യസരണി

## ഒന്നാം ഭാഗം

## സ്വർഗ്ഗത്തിലേക്കുള്ളവഴി

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# സായൂജ്യസരണി

## ഒന്നാം ഭാഗം

ഫാ. അലക്സ് പയ്യമ്പള്ളി

വിതരണം

ശാന്തിനിലയം, തിരുവല്ല.

www.malankaralibrary.com

**SAYOOJYA SARANI**
(The way to heaven)
(Malayalam)

Spiritual Insights

By
**Fr. Alex Payyampally**
Marygiri, Thiruvalla, Kerala, India.

Third edition

Printed at:
National Press, Thiruvalla.

Distribution:
Santhinilayam, Thiruvalla.

Copy Rights Reserved.

Price Rs. 15.00

25th Dec. 1990

www.malankaralibrary.com

ദൈവപിതാവിൻെറ സമ്പൂർണ്ണ
സ്വയംദാനം
നമ്മൾ സ്വീകരിക്കുകയും
നമ്മെ സമ്പൂർണ്ണമായി ദൈവത്തിനർപ്പിക്കുകയും ചെയ്യുന്ന
യഥാർത്ഥസ്വർഗ്ഗം
യേശുവിൽ സാക്ഷാത്ക്കരിച്ചിരിക്കുന്നു.
എല്ലാം പൂർത്തിയായി എന്ന് കുരിശിൽവച്ച്
അരുളിച്ചെയ്ത യേശുനാഥനിൽ
നമ്മുടെ പാപമോചനവും രക്ഷയും സ്വർഗ്ഗസമ്പാദനവും
പൂർത്തിയായി.
ആ മഹാനന്മകൾ നമ്മിലേയ്ക്കു പകരുവാൻ
നാഥൻ നമ്മുടെ പക്കലേക്ക്
പരിശുദ്ധാത്മാവിലൂടെ സദാ വന്നുകൊണ്ടിരിക്കുന്നു.
നാഥൻെറ വരവിനെപ്പററി നമ്മുടെ മനസ്സിൽ
അവബോധം ഉണ്ടാകുവാൻ
ഈ ലഘുഗ്രന്ഥം സഹായകമാകട്ടെ.
നാഥൻെറ തിരുമുമ്പിൽ നമ്മുടെ അന്തരാത്മാവ്
മുഴുവനായി തുറക്കാം.
നമ്മെ മുഴുവനായി നാഥനു സമർപ്പിക്കാം.
നാഥനോടൊന്നായിത്തീരാം.
അതുവഴി രക്ഷയുടെ മാധുര്യവും
ജീവൻെറ ഓജസ്സും
സ്വർഗ്ഗസന്തോഷവും പിതാവിൻെറ
സമ്പൂർണ്ണ സ്വയംദാനവും
അനുഭവിക്കാൻ നമുക്ക് ഇടയാകട്ടെ.
യേശുവിലൂടെ ദൈവപിതാവ് ലോകത്തെ അനുഗ്രഹിച്ചു.
ഇന്ന് നമ്മിലൂടെ യേശുവും
യേശുവിലൂടെ ദൈവപിതാവും
ലോകത്തെ അനുഗ്രഹിക്കട്ടെ.



www.malankaralibrary.com



# ആശംസ

ധ്യാനഗ്രന്ഥലോകത്തിന് ഈടുററ സംഭാവനയാണ് ''സായൂജ്യസരണി''. ദൈവസ്നേഹത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചു വളരെ സൂക്ഷ്മമായി വിശദീകരിക്കുന്ന ഈ മഹൽഗ്രന്ഥം മനുഷ്യ മനസ്സുകളെ പിടിച്ചിരുത്തി ചിന്തിപ്പിക്കുവാനും പരിവർത്തനത്തിന്റെ പരിശ്രമങ്ങൾക്കു ശക്തിപകരുവാനും ഉതകുന്നതാണ്. ലളിതമായ പ്രതിപാദനമാണ് ബഹു.അച്ചൻ അവലംബിച്ചിരിക്കുന്നതെങ്കിലും ഇതിലെ പണ്ഡിതോചിതമായ ആഖ്യാനങ്ങൾ മനസ്സിലാക്കുവാൻ മനസ്സിരുത്തി വായിക്കുവാൻ നാം നിർബന്ധിതരാകുന്നതു് ഈ കൃതിയുടെ ശ്രേഷ്ഠതയെ കാണിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പു പുറത്തിറങ്ങുന്നതിൽ അതീവ സന്തോഷമുണ്ട്. ഒപ്പം ബഹു.അച്ചനു മാന്യ അനുവാചകർ നല്കുന്ന പ്രോത്സാഹനത്തിനു ദൈവത്തിനു നന്ദിയും പറയുന്നു. സഭയുടെ വളർച്ചയ്ക്കുതകുന്ന ഇത്തരം സംഭാവനകൾ നല്കുവാൻ ദൈവം അച്ചനെ അനുഗ്രഹിക്കട്ടെ.

**Geevarghese Mar Timotheos**
*Bishop of Tiruvalla*



www.malankaralibrary.com

# ഉള്ളടക്കം

ആശംസ

നന്ദി

ആമുഖലേഖനം—സ്വർഗ്ഗം എന്ത്? വഴി ഏത്?

1. ദൈവത്തെ അറിയാൻ ദൈവത്തോടുയോജിക്കണം
2. ദൈവസ്നേഹമറിയാൻ ക്രിസ്തുവിനോട് ഒന്നാകണം
3. ദൈവത്തിൻെറ കൃപാസ്നേഹമറിയാൻ വിനീതഹൃദയരായി നിലകൊള്ളുക
4. മായിക മനുഷ്യസ്നേഹത്തിൻെറ നിഴലിൽ ദൈവസ്നേഹത്തെ വിലയിരുത്തരുത്
5. ദൈവസ്നേഹം നമ്മുടെ അടിസ്ഥാനസ്നേഹമാകുമ്പോൾ ദൈവം നമ്മിലൂടെ ജയജീവിതം തുടങ്ങും
6. സദാ ദൈവസ്നേഹം കാണാൻ നാലുവഴികൾ
7. നാല് കാരണങ്ങളാൽ ദൈവസ്നേഹം അനുഭവപ്പെടാതെ പോകുന്നു
8. ദൈവസ്നേഹം അറിഞ്ഞ വിശുദ്ധർ
9. യേശുവിനെ അടുത്തറിയുന്ന ആറ് ഘട്ടങ്ങൾ
10. ദൈവത്തിൻെറ അനന്തസ്നേഹം
11. നിത്യ ജീവനായ സ്വർഗ്ഗരാജ്യം
13. യേശുവിൻെറ രക്ഷാകരശക്തി സ്വീകരിച്ചാൽ മാത്രമെ തിന്മകളിൽനിന്ന് രക്ഷപ്പെടുകയുള്ളു
13. യേശു സാത്താൻെറ ഉപദ്രവങ്ങളെ കീഴടക്കുന്നു
14. പാപമോചനം യേശുവിൽ മാത്രം



www.malankaralibrary.com

# നന്ദി

മധുര സ്നേഹസംഭവങ്ങളുടെ സ്മരണകൾ ഉണർത്തുന്ന ഫോട്ടോകൾ സൂക്ഷിക്കാറുണ്ടല്ലോ. അവ കാണുമ്പോളെല്ലാം അറിയാതെ മധുരസ്മരണകൾ ഉണർന്ന് മനുഷ്യർ സന്തുഷ്ടരായിത്തീരുന്നു. കുരിശ്! ഏററവും വലിയ സ്നേഹസ്മരണയുണർത്തുന്ന ചിഹ്നം. കുരിശിൽവെച്ച് അത്യുന്നതനായ ദൈവപുത്രൻ പാപികളായ നമ്മെ തന്നോടു യോജിപ്പിച്ച് ഒന്നാക്കിത്തീർത്തു. ഇല്ലായ്മയുടെ ആഴത്തിൽനിന്ന് മനുഷ്യരെ മഹത്ത്വത്തിൻെറ കൊടുമുടിയോളം ഉയർത്തിയ സ്നേഹം. കുരിശുകൾ കാണുമ്പോൾ മനുഷ്യൻ തന്നെത്താൻ കുരിശുവരച്ച്, യേശു നൽകിയ ബന്ധം സ്വീകരിച്ച് സ്വയംആശീർവ്വദിക്കുന്നു. ആ വലിയ സ്നേഹം അനുഭവിക്കുന്നു. നന്ദിയോടെ ആനന്ദിക്കുന്നു. ഏററവും വലിയ ഈ മധുരസ്മരണ ഉണർത്താൻ കുരിശുകൾ ഉയരത്തിൽ സ്ഥാപിക്കുന്നു. ഈ സ്നേഹം ഓർത്ത് മധുരാനന്ദത്തിൽ നിറയാൻ വൈദികൻ കുരിശാകൃതിയിൽ ആശീർവ്വദിക്കുന്നു. കുരിശിലെ യേശുവിലൂടെ മനുഷ്യർ സ്വർഗ്ഗം നേടുന്നത് എങ്ങനെയെന്ന് അറിഞ്ഞവർ അത് മററുള്ളവരെ അറിയിക്കാൻ തത്രപ്പെടുന്നു. തിരുവചനത്തിലൂള്ള വിശ്വാസം ലഭിച്ചവർ ഭാഗ്യവാന്മാർ. യേശുവിൻെറ മഹാസ്നേഹത്തിൻെറ ഒരു ചെറിയ പാളി കണ്ടെത്താൻ എനിക്കു കഴിഞ്ഞു. അത് എഴുതി എല്ലാവരെയും അറിയിക്കണമെന്ന് ആഗ്രഹിച്ചു. വളരെ സന്തോഷത്തോടെ ഈ പുസ്തകം എല്ലാ സഹോദരീ സഹോദരന്മാർക്കുമായി സമർപ്പിക്കുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി പറയുന്നു. അന്തരാത്മാവിൽ വസിച്ച് നിരന്തരം സംസാരിക്കുകയും ജീവൻ തന്ന് വളർത്തുകയും ചെയ്യുന്ന ദൈവം സ്തുതിക്കപ്പെടട്ടെ. എൻെറ ബാല്യകാലം മുതൽ എന്നെ വഴി നടത്താൻ സഹായിച്ച അമ്മയ്ക്കും അപ്പച്ചനും സഹോദരർക്കും ബന്ധുക്കൾക്കും ഗുരുക്കന്മാർക്കും വൈദികർക്കും നന്ദി പറയുന്നു. വൈദികനാകാൻ എന്നെ സ്വീക


www.malankaralibrary.com

രിച്ച അഭിവന്ദ്യ അത്തനാസിയോസ് പിതാവിനും സെമിനാരിയിൽ ചേർന്നപ്പോൾമുതൽ പരിശീലിപ്പിച്ച ബ: അച്ചന്മാർക്കെല്ലാവർക്കും അദ്ധ്യാത്മിക പിതാക്കന്മാർക്കും ധ്യാനഗുരുക്കന്മാർക്കും നന്ദി പറയുന്നു. എൻെറ രോഗക്കിടക്കയിലും അതിനുശേഷവും പ്രാർത്ഥനയാലും പരിചരണത്താലും സഹായിച്ച എല്ലാ സഹോദരീ സഹോദരന്മാർക്കും നന്ദി. എൻെറ മാനസാന്തരത്തിൻെറ ഓരോ ഘട്ടത്തിലും കൈപിടിച്ചു സഹായിച്ച എല്ലാവർക്കും നന്ദി. മാമ്മോദീസായും ആദ്യകുമ്പസാരവും ആദ്യകുർബ്ബാനയും മുതൽ ഇന്നോളം കർത്താവിൻെറ കൂദാശകളാൽ ശുശ്രൂഷിച്ച വൈദികർക്കും നന്ദി പറയുന്നു. പുസ്തകത്തിൻെറ കൈയ്യെഴുത്തിനു സഹായിച്ചവർക്കും അച്ചടിക്കു സഹായിച്ചവർക്കും ബൈൻഡിംഗിന് സഹായിച്ചവർക്കും നന്ദി പറയുന്നു. പ്രോത്സാഹനം തന്ന കരിസ്മാററിക് പ്രാർത്ഥനാ ഗ്രൂപ്പുകാർക്കും നന്ദി പറയുന്നു. തെററുകൾ തിരുത്തി പുസ്തകം പരിഷ്കരിച്ചു തന്ന അഭിവന്ദ്യ മോൺസിഞ്ഞോർ മാത്യു മങ്കുഴിക്കരി അച്ചനു പ്രത്യേകം നന്ദിപറയുന്നു.

ഈ പുസ്തകത്തിൻെറ തുടർച്ചയായി രണ്ടാം ഭാഗം ഉടനെ പ്രസിദ്ധപ്പെടുത്താൻ ആഗ്രഹിക്കുന്നു. യേശു മനുഷ്യരുടെ മാനസിക മുറിവുകളെയും ശാരീരികരോഗത്തെയും സുഖപ്പെടുത്തുന്നതും പരിശുദ്ധാത്മാഭിഷേകം നൽകുന്നതും രണ്ടാംഭാഗത്തിൽ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നു. ആത്മീയ വളർച്ചയ്ക്കുതകുന്ന തിരുവചന ധ്യാനങ്ങൾ അതിനുശേഷം പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അവ സാധിക്കാനുള്ള കൃപ കിട്ടാനായി പ്രാർത്ഥിക്കണമേ.

ഈ പുസ്തകത്തിൽ തിരുസഭയുടെ ഔദ്യോഗിക പഠനത്തിനോ വേദപുസ്തക വാക്യങ്ങളുടെ ആഴമേറിയ വ്യാഖ്യാനങ്ങൾക്കോ യോജിക്കാത്തതായി എന്തെങ്കിലും വന്നിട്ടുണ്ടെങ്കിൽ പിൻവലിക്കാൻ തയ്യാറാണ്. അതു് ചൂണ്ടി കാണിച്ചു തരേണമേ.

സാദരം,
യേശുവിൽ സ്വന്തം
ഫാദർ അലക്സ് പയ്യമ്പള്ളി
മേരിഗിരി, തിരുവല്ല.



www.malankaralibrary.com

# ആമുഖലേഖനം

സ്വർഗ്ഗത്തിലേക്കുള്ള യാത്രയ്ക്കായി അനേക വഴികളും ഭക്തിരീതികളും മതങ്ങളും മതവിഭാഗങ്ങളും ആചാരവിധികളും അവയെപ്പററി തർക്കങ്ങളും ലോകത്തിൽ നിറഞ്ഞുനിൽക്കുന്നു. ഏതു വഴി പോയാലും സ്വർഗ്ഗത്തിലെത്തുമെന്നു് ഒരുകൂട്ടർ പറയുന്നു. സ്വർഗ്ഗമേ ഇല്ല എന്നും ഈ ലോകജീവിതസുഖമാണു സ്വർഗ്ഗമെന്നും മറെറാരു കൂട്ടർ പറയുന്നു. സ്വർഗ്ഗത്തിൽ പോകാൻ എനിക്കു് മദ്ധ്യസ്ഥൻെറ ആവശ്യമില്ല. പുരോഹിതൻെറ ആവശ്യമില്ല, പള്ളി വേണമെന്നില്ല. ഞാൻ തനിയെ പ്രാർത്ഥിച്ചു നന്നായി ജീവിച്ചാൽ മതിയെന്നു് വേറെ ചിലർ പറയുന്നു. ഈ വാദങ്ങളുടെ ഇടയിൽ മറന്നു പോകുന്ന ഒരു കാര്യമുണ്ടു്! എന്താണു് സ്വർഗ്ഗം? അതു് അറിഞ്ഞിട്ടു വേണമല്ലോ അതിനുള്ള വഴി അന്വേഷിക്കാൻ.

മനുഷ്യഭാവനകാം മെനഞ്ഞെടുത്ത സ്വർഗ്ഗവും യേശുനാഥൻ വെളിപ്പെടുത്തിത്തന്ന സ്വർഗ്ഗവും രണ്ടാണു്. ശരീരത്തിൻെറ സുഖസ്ഥിതിയോ, മനസ്സിൻെറ രസസ്ഥിതിയോ മാത്രം സ്വർഗ്ഗമായി ചിലർ കരുതുന്നു. ഏതോ സ്ഥലമോ സാധനമോ സ്വർഗ്ഗമെന്നു കരുതുന്നവരുമുണ്ടു്. അവ നേടാനുള്ള ഉപാധികളെ സ്വർഗ്ഗത്തിലേക്കുള്ള വഴിയായി സ്വീകരിച്ചു് ആ വഴിയെ ചിലർ ജീവിക്കുന്നു. എല്ലാവരും ഓരോവിധ സ്വർഗ്ഗത്തെ ആരായുകയാണു്. പലരും അന്വേഷിച്ചതു കിട്ടിക്കഴിയുമ്പോൾ അതു സ്വർഗ്ഗമല്ലെന്നു മനസ്സിലാക്കി നിരാശപ്പെടുന്നു. യേശുനാഥൻ വെളിപ്പെടുത്തിത്തന്ന സ്വർഗ്ഗം മാത്രമാണു് യഥാർത്ഥസ്വർഗ്ഗം. നിത്യാനന്ദം. അതെന്തു്? അതിലേക്കുള്ള വഴി എന്തു്?

ദൈവത്തിൻെറ ഏതെങ്കിലും കുറെ അനുഗ്രഹങ്ങൾ കിട്ടുന്നതു സ്വർഗ്ഗമാകയില്ല. എല്ലാ നന്മയുടെയും ഉറവിടവും പൂർണ്ണതയും സർവ്വശക്തനുമായ ദൈവപിതാവു് സ്നേഹത്താൽ തന്നെത്തന്നെ മുഴുവനായി യേശുവിലൂടെ നമുക്കു സ്വയം ദാനം നൽകുന്നതു സ്വീകരിക്കുകയും നമ്മെ മുഴുവനായി സ്നേഹത്താൽ ദൈവപിതാവിനു് യേശുവി



www.malankaralibrary.com

ലൂടെ സമർപ്പിക്കുകയും ചെയ്തു് ദൈവത്തോടു് മുഴുവനായി യോജിച്ച് ദൈവം നമ്മിലൂടെ മുഴുവനായി പ്രകാശിക്കുന്നതാണ് നമുക്കു പ്രാപിക്കാനുള്ള പരമമായ അന്ത്യം, ലക്ഷ്യം (1 കൊറി 15: 28). ദൈവത്തെ മുറിച്ചു കൊടുക്കാൻ സാദ്ധ്യമല്ല. ദൈവത്തിനു് ഘടകങ്ങളും ഇല്ല (Most simple). മനുഷ്യചിന്തക്കു് അതീതമായ നിലയിൽ എല്ലാ നന്മയും ശക്തിയും ജീവനും തികവിൽ ഒന്നായി ദൈവത്തിൽ ആയിരിക്കുന്നു. ദൈവത്തെ മുഴുവനായി സ്വീകരിക്കാൻ തക്കവണ്ണം ഒരു മനുഷ്യനും പ്രാപ്തനല്ല, യോഗ്യനല്ല, അർഹനല്ല. അതിനാൽ മനുഷ്യൻെറയും ദൈവത്തിൻെറയും ഇടയ്ക്കു് ഒരു ദൈവമനുഷ്യനെ ആവശ്യമുണ്ടു്. ദൈവപിതാവിൻെറ സ്വയംദാനം മുഴുവൻ സ്വീകരിക്കാൻ കഴിയുന്ന ദൈവത്വവും, എല്ലാ മനുഷ്യരെയും തന്നോടു യോജിപ്പിക്കാൻ കഴിയുന്ന മനുഷ്യത്വവും അവനു് ഉണ്ടായിരിക്കണം. അവനാണു് ക്രിസ്തു. ദൈവപുത്രനിൽ പിതാവു് തന്നെത്തന്നെ മുഴുവൻ നൽകിയിരിക്കുന്നു. അനാദിമുതലെ പിതാവു് പുത്രനിലൂടെ മുഴുവനായി പ്രകാശിക്കുന്നു. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തപ്പോഴും ഈ സ്വയംദാനം പിതാവു് നടത്തി യേശുവിൻെറ മനുഷ്യത്വത്തെ മഹത്വപ്പെടുത്തി. യേശു നമ്മെ യേശുവിനോടു യോജിപ്പിച്ചു. പിതാവു് ക്രിസ്തുവിൽ നൽകിയിരിക്കുന്ന പിതാവിൻെറ സമ്പൂർണ്ണ സ്വയംദാനം സ്വീകരിക്കുവാൻ ക്രിസ്തുവിൽ ഒന്നാകുന്നവർക്കു മാത്രമേ സാധിക്കൂ.

പിതാവിനെ പ്രാപിച്ചു്, ദൈവം എല്ലാവർക്കും എല്ലാമായിത്തീരുന്നതാണു് നമ്മുടെ പരമലക്ഷ്യം. അതിനു നമ്മെ ഒരുക്കുന്ന അനേകം ദാനങ്ങളും വരങ്ങളും തിരുത്തലുകളും ശക്തികളും ശുദ്ധീകരണവരപ്രസാദവും കൃപകളും, യേശുവിനോടു ഐക്യപ്പെടുന്നതിൻെറ ക്രമം അനുസരിച്ചു് നമുക്കു് ലഭിക്കും. അവയിൽ സന്തോഷവും ശക്തിയുമുണ്ടെങ്കിലും അവയൊന്നും സ്വർഗ്ഗമായിട്ടില്ല. ക്രിസ്തുവിനോടു പൂർണ്ണമായി ഒന്നാകുന്നതാണു് സ്വർഗ്ഗം പ്രാപിക്കാനുള്ള ഏകവഴി. ക്രിസ്തുവാണു് സ്വർഗ്ഗപാത.

യേശുക്രിസ്തു മാത്രമാണു് സ്വർഗ്ഗപാത എന്നു പറഞ്ഞാൽ, ആധുനിക മനുഷ്യനു് രസിച്ചെന്നുവരികയില്ല. ക്രൂശിൽമരിച്ചു് ഉയിർത്ത യേശുക്രിസ്തുവാണു് സ്വർഗ്ഗസാക്ഷാല്കാരം എന്നു പറഞ്ഞാൽ അതു കേൾക്കുമ്പോൾ ലോകം പുച്ഛിച്ചെന്നിരിക്കും. ആധുനിക മനുഷ്യൻെറ തണുത്തതും ചതഞ്ഞതുമായ വിശ്വാസ ജീവിതത്തിനു് ചെറിയ



www.malankaralibrary.com

ഒരു ഉജ്ജ്വലനം ലഭിക്കുവാൻ ഉതകുന്ന ധ്യാനചിന്തകൾ ഈ ഗ്രന്ഥത്തിൽ ചേർക്കുവാൻ ആഗ്രഹിക്കുന്നു.

യേശുക്രിസ്തുവിൽക്കൂടി ദൈവരാജ്യം നമ്മിലേയ്ക്കു വരുന്നതും, നമ്മൾ യേശുവിൽ ഒന്നായിത്തീർന്ന്, സ്വർഗ്ഗം (പിതാവിന്റെ സമ്പൂർണ്ണ സ്വയംദാനം) സ്വീകരിക്കുന്നതും എങ്ങനെയാണെന്ന് പഠിക്കുവാനും അതിനായി സമർപ്പിക്കുവാനും സഹായിക്കുവാനാണ് ഈ ഗ്രന്ഥം. യേശുനാഥൻ നല്കിയ വാഗ്ദാന വചനങ്ങൾ അത്യാദരപൂർവ്വം സ്വീകരിച്ച് യേശുവിൽ നമ്മുടെ ജീവിതം ഉൾചേർത്ത്, യേശു മാത്രം നമ്മിലൂടെ എപ്പോഴും ജീവിക്കുന്ന ജീവകൂട്ടായ്മയായി നമ്മുടെ ഇടവകകളും ഭക്തസംഘടനകളും പൂർണ്ണമായി രൂപാന്തരപ്പെടട്ടെ. യേശു ജീവിക്കുന്ന ആ ജീവകൂട്ടായ്മകൾ (ഇരുപതാം നൂററാണ്ടിലെ കാണപ്പെടുന്ന യേശു) വഴി അനേകർക്ക് മനുഷ്യരുടെ ജീവിതലക്ഷ്യം എന്തെന്ന് അറിയാനും, അതിനുള്ള വഴി എന്തെന്ന് അനുഭവപ്പെടാനും ഇടയാകട്ടെ.

യേശുവിനെ അറിയാതെ, യേശു സ്വർഗ്ഗപാതയാണെന്ന് അറിയാതെ, യേശു ജീവിക്കുവാനായി യേശുവിന് ആത്മസമർപ്പണം നടത്താതെ ജീവൻ നഷ്ടപ്പെട്ട അസ്ഥികൂടം മാത്രമായ സഭാരൂപങ്ങൾ കാണപ്പെടാറുണ്ട്. സ്വയത്തിൽ ജീവിക്കുന്ന അനേകം വ്യക്തികളുടെ കൂട്ടമായും, അവരെ തന്ത്രപരമായി നയിക്കുന്ന നേതൃത്വം ഉൾക്കൊള്ളുന്ന സമൂഹമായും, നമ്മുടെ പല ഇടവകകളും ഭക്തസംഘടനകളും രൂപപ്പെട്ടിരിക്കയാണ്. യേശു മാത്രം ജീവിക്കുന്നവരായി വ്യക്തികൾ രൂപാന്തരപ്പെടുകയും അവരുടെ ജീവകൂട്ടായ്മകൾ-(അനേകരിൽ ഒരേ യേശു ജീവിക്കുന്ന അനുഭവം) – ഉണ്ടാവുകയും അങ്ങനെ സ്വർഗ്ഗപാത ഭൂമിയിൽ വ്യക്തമായി തെളിയുകയും ചെയ്യട്ടെ. ഏതാനും ചിലരുടെ സ്വാർത്ഥാധിപത്യവും ശക്തിയും കാട്ടുന്ന സമൂഹങ്ങളായി ഇടവകകളും സംഘടനകളും തകരാതിരിക്കട്ടെ. ഭൂരിപക്ഷത്തിന്റെ കാററിനൊപ്പിച്ച് ആടുന്ന ഞാങ്ങണകളായി അവ തരം താഴാതിരിക്കട്ടെ.

യേശുവിന്റെ ജീവിതശൈലി എന്നും പ്രസക്തമില്ലാത്തതാണ്. ഒരേ യേശു ജീവിക്കുന്ന കൂട്ടായ്മകളായി ഇടവകയും രൂപതയും മാറിക്കഴിയുമ്പോൾ, യേശുവിന്റെ ജീവിതശൈലിക്കു ചേരാത്ത സകല നിയമാവലികളും ആചാരങ്ങളും ഇടവകയിൽനിന്നും രൂപതയിൽനിന്നും മാ



www.malankaralibrary.com

ററപ്പെടും. ഓരോ ഇടവകയും തെളിഞ്ഞ സ്വർഗ്ഗപാതയായിത്തീരും. മാമ്മോദീസാമുതൽ ശവക്കല്ലറവരെ പണത്തെ ആസ്പദമാക്കി വലിപ്പച്ചെറുപ്പം കാട്ടുന്ന പല നിയമങ്ങളും സഭയിൽ കാണാറുണ്ട്. സ്വർഗ്ഗപാതയായ യേശുവിൻെറ കാണപ്പെടുന്ന ബാഹ്യരൂപമായി സഭ രൂപാന്തരപ്പെടുമ്പോൾ സഭയിൽനിന്ന് ആ സാമ്പത്തികാടിസ്ഥിത തരംതിരിവുകൾ മാററപ്പെടും. യേശുവിൻെറ ത്യാഗവും സേവനവും മാത്രം സഭാമുഖത്ത് കാണപ്പെടും. യേശുവിൻെറ ജീവിതശൈലിക്ക ചേരാത്തവണ്ണം സഭയിലുള്ള തെററായ ആചാരങ്ങളെല്ലാം മാററപ്പെടും. ആ ദുരാചാരങ്ങൾ സ്വർഗ്ഗപാതയ്ക്കു തടസ്സമായി നില്ക്കുന്നവയാണ്. അവ നീക്കപ്പെടും. ഒരേ യേശു ജീവിക്കുന്ന (യേശുവിൻെറ സമ്പൂർണ്ണ പ്രകാശമായി) കൂട്ടായ്മകളായി ഇടവകകൾ രൂപാന്തരപ്പെടുമ്പോൾ മാത്രമേ അവ സ്വർഗ്ഗപാതയായി ലോകത്തിൽ പ്രത്യക്ഷപ്പെടുകയുള്ളൂ. ഭിന്നിതസഭകളും സഭയിലെ ഭിന്നതകളും ജാതി ആസ്പദമാക്കിയുള്ള സഭാരൂപങ്ങളും യേശുവിന് എതിർ സാക്ഷ്യങ്ങളാണ്. ഒരേ യേശു ജീവിക്കുന്ന സമ്പൂർണ്ണാനുഭവം (കർത്താവിൻെറ രണ്ടാമത്തെ വരവ്) എല്ലാവരും നോക്കിപ്പാർക്കുകയാണ്.

ഇതു സാധിക്കുവാൻ വിപ്ളവങ്ങൾകൊണ്ടോ കുറെ നിയമങ്ങൾ പരിഷ്ക്കരിച്ചതുകൊണ്ടോ, സാമ്പത്തികാകർഷണത്താൽ വലിയ പ്രകടനങ്ങൾ നടത്തിയതുകൊണ്ടോ, അംഗസംഖ്യ വർദ്ധിപ്പിച്ചു കാണിച്ച് സമൂഹത്തിൽ തലയെടുപ്പു കാണിച്ചതുകൊണ്ടോ, സാമ്പത്തിക ശാരീരികസേവനംകൊണ്ടോ, മാത്രം സാധിക്കുകയില്ല. ഇതു തുടങ്ങേണ്ടത് വ്യക്തിയിലാണ്. കടുകുമണിപോലെ, മാവിലേ അല്പം പുളിപ്പുപോലെ അവിടെനിന്ന് ക്രമേണ വളരും. ഒരു വ്യക്തി 100 % യേശുമാത്രം ജീവിക്കുന്നവനായിത്തീരണം. ദിവസത്തിൽ 24 മണിക്കൂറും യേശു മാത്രം ജീവിക്കുന്നവനായിത്തീരണം. അവൻെറ എല്ലാ അവയവങ്ങളും മരിച്ച് ഉയിർത്തെഴുന്നേററ യേശുവിൻെറ അവയവങ്ങളായിത്തീരണം. അതാണു സ്വർഗ്ഗവും സ്വർഗ്ഗപാതയും എന്ന് ബോധ്യമുണ്ടാകണം. അവനിൽ പഴയ മനുഷ്യൻ ഒരു നിമിഷവും ജീവിക്കാതിരിക്കണം. അതിനുള്ള മാനസാന്തരമുണ്ടാകണം. അവനിലൂടെ മററുള്ളവർക്ക് യേശുവിൻെറ നൻമകൾ ലഭിക്കാൻ തുടങ്ങും. അങ്ങനെ ജീവിക്കുന്നവരുടെ ചെറിയ കൂട്ടായ്മകൾ – (യേശുമാത്രം ജീവിക്കുന്നവരുടെ സജീവകൂട്ടായ്മകൾ) രൂപപ്പെടണം. അതു വളർന്നു വളർന്നു വരണം. ഇടവക മുഴുവനും രൂപതയും സഭ



www.malankaralibrary.com

മുഴുവനും ലോകവും യേശു ജീവിക്കുന്ന സ്വർഗ്ഗമാകണം. യേശുവിനെ സ്വീകരിക്കുന്നവർ മററുള്ളവർക്ക സ്വർഗ്ഗപാത കാട്ടുവാൻ സേവനം ചെയ്തു തുടങ്ങണം.

പലരും ക്രിസ്തുവിനെ സ്വീകരിച്ചെങ്കിലും തങ്ങളെ ത്തന്നെ 100 % ക്രിസ്തുവിനു നൽകാത്തതിനാൽ രക്ഷയിലേക്ക വരാതെ, പഴയ മനുഷ്യന്റെയും പിശാചിന്റെയും അധിപത്യത്തിലേക്ക വീണു തകരുന്നു. എന്നെ മുഴുവൻ 100 % യേശുവിനു നൽകുക എന്ന തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും, അബദ്ധവശാൽ വീഴ്ച പററിയാൽ, ഉടനെ തിരുത്തി, വീണ്ടും സമർപ്പിക്കുകയും ചെയ്തു മുന്നേറണം. അതിനു പരസ്പരം സഹായിക്കുന്ന കൂട്ടായ്മകളുടെ ബന്ധവും സഹായവും അത്യാവശ്യമാണ്. യേശുവിൽ ഓരോ വ്യക്തിയും സ്വയം സമർപ്പിച്ച്, യേശുവിലുള്ള രക്ഷയുടെ - സ്വർഗ്ഗത്തിന്റെ - ഭാഗ്യത്തിലേക്ക് എത്തുവാൻ പഠനവും ധ്യാനവും പ്രാർത്ഥനയും സമർപ്പണവും കൂദാശകളുടെ സജീവ സ്വീകരണവും കൂട്ടായ്മ ജീവിതവും ആവശ്യമാണ്. അതിനുള്ള കൃപ യേശുനാഥൻ നമുക്ക നൽകട്ടെ. അതിനായി പ്രാർത്ഥിക്കാം.

യേശുവേ, പിതാവിന്റെ സമ്പൂർണ്ണപ്രകാശനവും സമ്പൂർണ്ണ സാന്നിദ്ധ്യവുമായ യേശുവേ, അങ്ങയെ പാപിയായ എനിക്ക നല്കാൻ മനസ്സാകുന്ന കൃപയെ ഓർത്തു നന്ദി പറയുന്നു. ഞാൻ അങ്ങയെ മുഴുവനായി സ്വീകരിക്കുന്നു. അങ്ങാണ് ജീവൻ, അങ്ങാണ് സ്വർഗ്ഗം, അങ്ങാണ് ഭാഗ്യം എന്ന് ഏററു പറയുന്നു. പാപിയായ എന്നെ സ്വീകരിക്കുന്ന യേശുവേ, എന്നെ മുഴുവൻ അങ്ങേയ്ക്കു സമർപ്പിക്കുന്നു. അങ്ങയിൽ അങ്ങയുടേതായി നിത്യം ജീവിക്കുവാൻ എനിക്ക് ഇടയാകണമേ. അങ്ങേയ്ക്കു വെളിയിൽ സ്വയകേന്ദ്രീകൃത ജീവിതം നയിക്കുവാൻ എനിക്ക ഇടയാകരുതെ. സൃഷ്ടികളിൽ സ്വർഗ്ഗം അന്വേഷിച്ചു പോകുവാൻ എനിക്ക് ഇടയാകരുതേ, എന്നെ മുഴുവനായി അങ്ങേയ്ക്കു സമർപ്പിക്കുന്നു.

അമ്മേൻ.

---

വേദപുസ്തകത്തിൽനിന്നുള്ള ഉദ്ധരണികൾ വേദപുസ്തകത്തിൽനിന്നു പൂർണ്ണമായി വായിച്ചതിനുശേഷം വായന തുടരുന്നതായിരിക്കും പ്രയോജനകരം.



www.malankaralibrary.com

# 1

# ദൈവത്തെ അറിയാൻ ദൈവത്തോടു യോജിക്കണം

> ദൈവം തന്റെ ഉള്ളത്തിൽ നമ്മെ മുഴുവനായി യോജിപ്പിക്കുവാൻ ആഗ്രഹിച്ചു് ക്ഷണിക്കുന്നു.

ദൈവത്തെ അറിയാൻ തുടങ്ങുന്നതാണ് മനുഷ്യന്റെ ആനന്ദത്തിന്റെ ആരംഭം.

ആയിരിക്കുന്ന നിലയിൽ അല്ലാതെ തെററായ നിലയിൽ ദൈവത്തെപ്പററി വികലധാരണകൾ ഉണ്ടായിരിക്കുന്നതു് മനുഷ്യന്റെ ദൗർഭാഗ്യമാണ്.

മനുഷ്യനു് സ്വന്ത ബുദ്ധിയുടെ പ്രവർത്തനംകൊണ്ടു മാത്രം ദൈവത്തെ അറിയാൻ സാദ്ധ്യമല്ല. ''പുത്രനല്ലാതെ ആരും പിതാവിനെ അറിയുന്നില്ല. പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നുവോ അവനും പിതാവിനെ അറിയുന്നു.'' സ്വശക്തികൊണ്ടു ദൈവത്തെ അറിയാൻമാത്രം മനുഷ്യബുദ്ധിക്കു കഴിവില്ല. ദൈവം ഉണ്ടെന്നു മാത്രം മനുഷ്യബുദ്ധിക്കു മനസ്സിലാക്കാൻ കഴിയും. ദൈവം മാത്രമാണ് ദൈവത്തെ പൂർണ്ണമായി അറിയുന്നവൻ. ദൈവത്തിന്റെ ഈ അറിവിൽ ദൈവം പങ്കുനൽകുമ്പോൾ മാത്രമേ മനുഷ്യൻ ദൈവത്തെ അറിയൂ. ദൈവത്തോട് അല്പമെങ്കിലും ഐക്യപ്പെട്ടു് ഒന്നാകുമ്പോൾ മാത്രമേ ദൈവത്തിന്റെ അറിവിൽ ഭാഗഭാഗിത്വം ലഭിക്കുകയുള്ളു. എന്നാൽ ദൈവത്തോടു് ഐക്യപ്പെടണമെങ്കിൽ ദൈവത്തിന്റെ സ്നേഹത്തോടും ഐക്യപ്പെട്ടേ മതിയാവൂ. ദൈവസ്നേഹം നമ്മിൽ നിറയുവാൻ സമ്മതിക്കണം. ദൈവം തന്റെ സ്നേഹം നമ്മിൽ നിക്ഷേപിക്കുവാൻ നമ്മൾ സമ്മതിക്കണം. അപ്പോൾ ദൈവം സ്നേഹിക്കുന്ന എല്ലാവരെയും നമ്മൾ സ്നേഹിക്കേണ്ടിവരും. സ്നേഹത്താൽ ദൈവം ക്ഷമിക്കുന്നതെല്ലാം നമ്മൾ ക്ഷമിക്കേണ്ടി വരും. ദൈവം സ്വയം മറന്നു് ഔദാര്യം കാണിക്കുന്ന സ്നേഹം നമ്മിൽ നിക്ഷേപിച്ചു് നമ്മിലൂടെ ഔദാര്യം കാണിക്കുവാൻ നമ്മൾ സമ്മതിക്കണം. സ്വാർത്ഥതയിൽനിന്നു് ഉയരുന്ന സകല ചി



www.malankaralibrary.com

ന്തകളും വാക്കുകളും പ്രവൃത്തികളും ഇല്ലാതായി ദൈവസ്നേഹം മാത്രം നിറയുവാൻ സമ്മതിക്കണം. ഇതിനാവശ്യമായ വലിയ ശുദ്ധീകരണത്തിനു സമ്മതിക്കണം.

ദൈവസ്നേഹം നമ്മിൽ നിക്ഷേപിക്കാൻ അനുവദിക്കുകയും ആഗ്രഹിക്കുകയും ചെയ്തുകൊണ്ട്, പാപത്തെയും പാപജീവിതത്തെയും ഉപേക്ഷിച്ച്, വിനീതമായി ഈ കൃപയ്ക്കായി പ്രാർത്ഥിക്കുക. പ്രതീക്ഷയോടെ പ്രാർത്ഥിക്കുക. അപ്പോൾ ശുദ്ധീകരണപ്രക്രിയയിലൂടെ ദൈവം നമ്മെ നയിക്കും. ദൈവത്തോടുള്ള ഐക്യത്തിലേയ്ക്ക് വളർത്തി വളർത്തിയെടുക്കും.

ദൈവ ഐക്യത്തിൻെറ അനുപാതത്തിൽമാത്രം ദൈവത്തെ അറിയാനും ആനന്ദിക്കാനും കഴിയും. അതിനാലാണ്, ശുദ്ധീകരണം നടക്കാത്ത ബുദ്ധിമാന്മാർക്ക് മനസ്സിലാകാത്ത ഈ അറിവ് ശുദ്ധീകരണം നടക്കുവാൻ സമ്മതിച്ച ശിശുഹൃദയർക്ക് ദൈവം വെളിപ്പെടുത്തിക്കൊടുക്കുന്നത്. അവരുടെ ബുദ്ധിശക്തിയുടെ അളവ് ഒരു പ്രശ്നമല്ല. ചില പാവപ്പെട്ട മനുഷ്യർ വലിയ ബുദ്ധിമാന്മാരെക്കാൾ ദൈവാനുഭവം ഉള്ളവരായി കാണപ്പെട്ടിട്ടുണ്ട്. അതിനാൽ ശുദ്ധീകരിക്കപ്പെടുവാൻ നമ്മെ വിനീതമായി ദൈവതൃക്കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കണം.

ദൈവ ഐക്യത്തിനും അറിവിനും ആഗ്രഹിക്കുന്നവർ മനുഷ്യനായി അവതരിച്ച ദൈവപുത്രനായ ക്രിസ്തുവിനോടുള്ള ഐക്യവും, അതുവഴി പാപമോചനവും നേടണം.

ബുദ്ധിതലത്തിൽ ദൈവത്തെപ്പററിയുള്ള തെററുദ്ധാരണകൾ മാററുവാൻ ഉതകുന്ന വിവിധ സംഭവങ്ങളും, ദൈവപുത്രനായ യേശുവിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്ന വിവിധ വാക്യങ്ങളും ചേർത്ത് രൂപപ്പെടുത്തിയ ഈ ഗ്രന്ഥം ദൈവത്തെ അറിയുന്നതിനു ഒരു പക്ഷേ, അകന്ന സഹായം നൽകുന്ന ഒരു ചിത്രം മാത്രമാണ്. ചിത്രം എത്ര വിശിഷ്ടമാണെങ്കിലും അത് അതെന്തിനെ സൂചിപ്പിക്കുന്നുവോ ആ വസ്തു ആകയില്ല. ആ വസ്തുവിൽ നിന്നു കിട്ടുന്ന അനുഭവത്തിൻെറ ഒരംശം പകർന്നു തരാൻ സഹായിക്കുന്ന മാദ്ധ്യമം മാത്രമാണ്. അമ്മയുടെ ചിത്രം അമ്മയാകുന്നില്ല. ചിത്രത്തിനു അമ്മയുടെ സ്നേഹം പകരാൻ കഴിവില്ലതാനും. അമ്മയുടെ സ്നേഹം കിട്ടാൻ അമ്മയുടെ പക്കൽ പോകണം. ദൈവാനുഭവസഹായഗ്രന്ഥങ്ങൾ എത്ര നന്നായാലും ദൈവാനുഭവം നൽകുകയില്ല. വിനീതമായി ഹൃദയം തുറന്നു പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മെ ദൈവത്തോടു യോജിപ്പിക്കുമ്പോൾ മാത്രമേ ദൈവ



www.malankaralibrary.com

ജ്ഞാനം ലഭിക്കുകയുള്ളു. അതിനാൽ ഹൃദയം തുറന്ന് വലിയ ആഗ്രഹത്തോടെ നമുക്കു പ്രാർത്ഥിക്കാം. ആഗ്രഹത്തോടെയുള്ള പ്രാർത്ഥന ദൈവം ഉപേക്ഷിക്കയില്ല.

ദൈവമേ, സ്നേഹസമ്പൂർണ്ണാ, അങ്ങയുടെ അനന്തനന്മയുടെ നിധിയിൽ എന്നെയും യോജിപ്പിക്കുവാൻ മനസ്സാകുന്നതിനു നന്ദിപറയുന്നു. അങ്ങയോട് ഐക്യപ്പെടുവാൻ ആഗ്രഹിച്ച് ഹൃദയം തുറന്നു ദാഹിച്ച് പ്രാർത്ഥിക്കുന്നു. അങ്ങയുടെ വിശുദ്ധിക്കു ചേരാത്തതെല്ലാം ഉപേക്ഷിക്കുവാൻ ഞാൻ തയ്യാറായിരിക്കുന്നു. ഒരു വലിയ ശുദ്ധീകരണം എന്നിൽ നടത്തിത്തരണമേ. അങ്ങയുടെ അനന്തസ്നേഹത്തിന്റെയും വിശുദ്ധിയുടെയും അരികിലേക്ക് പാപത്തോടുകൂടി അടുക്കുവാൻ പോലും സാദ്ധ്യമല്ല. ദൈവമേ, അങ്ങയുടെ വിശുദ്ധിയും സ്നേഹവും എന്നിൽ നിറയ്ക്കണമേ. അങ്ങയോട് ഐക്യപ്പെടുന്നതിനു തടസ്സമായതെല്ലാം എന്നിൽ ഇല്ലാതാക്കണമേ. □



www.malankaralibrary.com

# 2

# ദൈവസ്നേഹമറിയാൻ ക്രിസ്തുവിനോട് ഒന്നാകണം

> ദൈവം നമ്മെ നേടുവാൻ ക്രിസ്തുവിലൂടെ ഓരോ നിമിഷവും കടന്നു വരുന്നു.

ദൈവത്തെയോ, മനുഷ്യനെയോ, വസ്തുക്കളെയോ, ആയിരിക്കുന്ന നിലയിൽ മനസ്സിലാക്കുവാൻ അന്വേഷണവും പഠനവും ആവശ്യമാണ്. പഠനം നടത്തുമ്പോൾ ആദ്യധാരണകൾ പലതും ഉപേക്ഷിക്കേണ്ടിവരും. മനുഷ്യന്റെ മനസ്സിൽ ഓരോ വസ്തുവിനെപ്പററിയും അനേകം തെററുധാരണകളും, അറിവില്ലായ്മകളും, വൃഥാ മെനഞ്ഞെടുത്ത് വസ്തുവിന്റെമേൽ ആരോപിക്കുന്ന വ്യർത്ഥധാരണകളും നിറഞ്ഞിരിക്കുന്നു. ഇവയെല്ലാം അന്ധകാരമാണ്. ഓരോ വസ്തുവും ആയിരിക്കുന്ന നിലയിൽ എന്തെന്നു മനസ്സിലാകണമെങ്കിൽ, അബദ്ധധാരണകൾ മാററാനും അതിന്മേൽ നമ്മൾ ആരോപിച്ച ധാരണകളും മുൻവിധികളും ഉപേക്ഷിക്കാനും തയ്യാറായി സത്യാന്വേഷണം നടത്തണം. തെററായ മുദ്രാവാക്യങ്ങളും അസത്യവാർത്തകളും പ്രചരിപ്പിക്കുകയും വിവേചനംകൂടാതെ അവ സ്വീകരിച്ച് അതനുസരിച്ച് വിധി പറയുകയും ചെയ്യുന്ന ഒരു സംസ്കാരം നിലനില്ക്കുന്ന ലോകത്തിൽ സത്യം അന്വേഷിക്കുകയും സ്വീകരിക്കുകയും ചെയ്യുവാൻ ആഗ്രഹിക്കുന്ന ധാർമ്മിക ഹൃദയം മെനഞ്ഞെടുക്കാനുള്ള് ധൈര്യം നമുക്ക് ആവശ്യമാണ്.

ഒരു ലവണത്തെപ്പററിയോ ചെടിയെപ്പററിയോ പക്ഷിയെപ്പററിയോ ഗോളത്തെപ്പററിയോ ഒരു വിദ്യാർത്ഥി പഠിച്ചു പഠിച്ചു വരുമ്പോൾ ആദ്യധാരണകൾ മിക്കതും ഉപേക്ഷിക്കേണ്ടിവരുന്നു. എത്ര പഠിച്ചിട്ടും ഇനിയും ഇതിനെപ്പററി മുഴുവൻ അറിഞ്ഞിട്ടില്ല എന്നു സമ്മതിക്കേണ്ടിവരുന്നു. പ്രപഞ്ച രഹസ്യങ്ങൾ പഠിക്കാൻ പോകുന്ന ഓരോരുത്തരും തങ്ങളുടെ അറിവില്ലായ്മ ഏററു പറഞ്ഞു വിനീത ഹൃദയത്തോടെയാണ് പഠനം തുടങ്ങുക.



www.malankaralibrary.com

മനുഷ്യനെക്കുറിച്ചു പഠിക്കുമ്പോൾ കുറെക്കൂടി വിനീതഹൃദയവും സത്യാന്വേഷണദാഹവും ഉണ്ടായിരിക്കണം. മനുഷ്യനെപ്പററി പൊതുവായും ഓരോ വ്യക്തിയെപ്പററി മുഴുവനായും എനിക്കറിയാം എന്ന മട്ടിൽ വിധി പറയുന്ന പലരുടേയും വിധികൾ അവരുടെ സ്വന്തധാരണകൾ മററുള്ളവരുടെമേൽ ആരോപിക്കുന്നവ മാത്രമാണ്. അവ സത്യമായിരിക്കയില്ല. മനുഷ്യൻെറ ശാരീരിക മണ്ഡലവും മാനസിക മണ്ഡലവും മുഴുവനായി മനസ്സിലാക്കാൻ മനുഷ്യനു കഴിഞ്ഞിട്ടില്ല. സത്യാന്വേഷികൾ ഇപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കയാണ്. ഒരു സത്യംകൂടി മനസ്സിലാകുമ്പോൾ അല്പംകൂടി തെളിവാന്ന ദർശനം ലഭിക്കുന്നു. വസ്തുതകൾ എല്ലാം ആയിരിക്കുന്ന നിലയിൽ കാണുന്ന ദർശനം, ഏററം മനോഹരമായ ഭാവനാസൃഷ്ടിയേക്കാൾ മനോഹരമായിരിക്കും. മനുഷ്യൻ ഭാവനയിൽ മെനഞ്ഞെടുക്കുന്ന സങ്കല്പസൃഷ്ടിയേക്കാൾ, ദൈവം സൃഷ്ടിച്ച് നല്ലതെന്നു കണ്ട യഥാർത്ഥ ലോകം മനോഹരമാകാതെ തരമില്ല. മനുഷ്യൻെറ സങ്കല്പഭാവനകളോരോന്നും മനസ്സിൽ നിന്ന് അടർത്തിമാററുവാൻ തയ്യാറാവുക. ദൈവം കാണുന്ന വിധം യഥാർത്ഥ ലോകത്തെ കാണുവാൻ ആഗ്രഹത്തോടും ധൈര്യത്തോടും നിശ്ചയദാർഢ്യത്തോടും ഏതു ക്ലേശവും ത്യാഗവും സഹിക്കാനുള്ള താല്പര്യത്തോടുംകൂടി ആഗ്രഹിക്കുക. സ്വപ്നസുഖദുഃഖങ്ങൾ ഉപേക്ഷിക്കാൻ മനസ്സാകുന്നവർക്കു മാത്രമേ സത്യത്തിൻെറ മാധുര്യം ആസ്വദിക്കുവാൻ സാധിക്കൂ. വെറും ഭാവനാസൃഷ്ടികളായ കഥകളും നോവലുകളും സിനിമകളും ഉപേക്ഷിച്ച് സത്യത്തിലേക്ക് തിരിയുമ്പോൾ ഏതോ വ്യർത്ഥസുഖങ്ങൾ നഷ്ടപ്പെടുന്നതായി തോന്നിയേക്കാം. മനുഷ്യൻ വളരുവാൻ ഈ സുഖനഷ്ടം സ്വീകരിക്കുക ആവശ്യമാണ്.

ദൈവത്തെപ്പററിയുള്ള ധാരണകളിലും വളരെയേറെ മാററം വരാനുണ്ട്. ദൈവത്തെപ്പററിയുള്ള ശരിയായ ധാരണ ലഭിക്കുമ്പോൾ ദൈവം സ്നേഹമാകുന്നു എന്നതു സമ്മതിക്കേണ്ടിവരും. എന്തെന്നാൽ ദൈവം സ്നേഹമാണ്. എന്നാൽ ദൈവം സ്നേഹമല്ല, ദൈവം ഇല്ല, ദൈവം ക്രൂരനാണ്, ഈ വിധമുള്ള ധാരണകൾ നിറഞ്ഞു നിൽക്കുന്ന മനുഷ്യൻ അവൻെറ സങ്കല്പത്തിൽ മെനഞ്ഞെടുത്ത ഒരു ദൈവത്തെ മനസ്സിൽ ഓർത്തു് ഭയപ്പെടുകയും നിരാശപ്പെടുകയും ദ്വേഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ജീവിതാനുഭവങ്ങൾക്ക് സ്വാർത്ഥ മനുഷ്യൻ നൽകിയ വ്യാഖ്യാനമനുസരിച്ചായിരിക്കാം ഈ വികലദൈവസങ്കല്പം മനസ്സിൽ ഉദിക്കാൻ ഇടയായതു്. സത്യദൈവത്തെ അന്വേ



www.malankaralibrary.com

ഷിക്കാതെ, സ്വന്തം ഭാവനാസൃഷ്ടിയായ ദൈവത്തെപ്പററി മാത്രം ചിന്തിച്ചു ജീവിക്കുവാൻ തീരുമാനിക്കുന്നവൻ സത്യത്തിലേക്കു വന്നെത്തുകയില്ല.

നിന്നെ സ്നേഹിക്കുന്ന ഒരു നല്ല ദൈവമുണ്ട്. നീ ആ ദൈവത്തിൻെറ സ്നേഹവിഷയമാണ്. നീ ദൈവപിതാവിൻെറ വാത്സല്യഭാജനമാണ്. ദൈവത്തിൽ സ്നേഹം മാത്രമേയുള്ളു. ദൈവം എന്തുചെയ്താലും സ്നേഹത്തിൽ നിന്നു മാത്രമെ ചെയ്യുകയുള്ളു. ദൈവം ചെയ്യുന്നതിൻെറയെല്ലാം ലക്ഷ്യം സ്നേഹം മാത്രമാണ്. ദൈവം നമുക്ക് എന്തു് അനുവദിച്ചാലും അതിൻെറയും പരമമായ അടിസ്ഥാനം ദൈവത്തിൻെറ സ്നേഹം മാത്രമാണ്.

ദൈവം നമ്മെ സദാ സ്നേഹിക്കുന്നു എന്നും ദൈവം സ്നേഹം മാത്രമാണെന്നും യുക്തിപൂർവ്വമായ തെളിവുകളോടുകൂടി ഞാൻ ഒരു സ്ഥലത്തു പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞപ്പോൾ ഒരാൾ വന്നു് എന്നോടു പറഞ്ഞു: ''അച്ചൻെറ പ്രസംഗമൊക്കെ നന്നായിരുന്നു. പക്ഷേ എനിക്കു് ഒരു ദൈവസ്നേഹാനുഭവവും ലഭിക്കുന്നില്ല.'' അദ്ദേഹം പറഞ്ഞതിനെപ്പററി ഞാൻ ചിന്തിച്ചു. പഞ്ചസാര മാധുര്യമുള്ളതാണെന്നു് യുക്തിപൂർവ്വം തെളിയിച്ചാൽ മാധുര്യം അനുഭവപ്പെടുകയില്ല. നാവിലിട്ടു് അലിച്ചു് പഞ്ചസാര എന്നോടും ഞാൻ പഞ്ചസാരയോടും ഒന്നാകുമ്പോളാണ് മാധുര്യം അനുഭവപ്പെടുന്നതു്. ദൈവത്തിൻെറ സ്നേഹത്താൽ ദൈവം നമ്മളോടു് ഒന്നായതു് ക്രിസ്തുവിലൂടെയാണ്. നമുക്കു് ദൈവത്തോടു് ഒന്നാകാൻ കഴിയുന്നതും ക്രിസ്തുവിലൂടെയാണ്. പാപികളും വേദനയുള്ളവരുമായ നമ്മളെ ക്രിസ്തു തൻെറ ഭൗതികശരീരത്തോടു് ഒന്നാക്കിത്തീർത്തു് തന്നിലൂടെ ദൈവത്തോടു യോജിപ്പിച്ചു (കൊളോ 1: 22). സ്നേഹത്താൽ ഒന്നാക്കിത്തീർത്ത ആ കൂട്ടായ്മ അറിയുകയും അംഗീകരിക്കുകയും ചെയ്യുമ്പോളാണ് ദൈവത്തിൻെറ സ്നേഹം അനുഭവപ്പെടുന്നതു്. ക്രിസ്തു നമ്മളോടു് ഒന്നാകുവാൻ വേണ്ടി ചെയ്യേണ്ടതെല്ലാം ചെയ്തു. നമ്മൾ ക്രിസ്തുവിനോടു് ഒന്നാകാനായി നമ്മെ ക്രിസ്തുവിനോടു യോജിപ്പിക്കണം. അതു ചെയ്യുമ്പോൾ ദൈവസ്നേഹം അനുഭവപ്പെടും. ക്രിസ്തുവിനോടു് ഒന്നാകാനായി നമ്മെ മുഴുവനായി സമർപ്പിക്കുമ്പോൾ, ക്രിസ്തുവിൽക്കൂടി ദൈവപിതാവിനോടു് ഒന്നാവുകയാണ്. ക്രിസ്തുവിനോടു് ഒന്നായിച്ചേർന്നിരിക്കുന്ന എല്ലാവരോടും



www.malankaralibrary.com

ഒന്നാവുകയാണ്. അപ്പോൾ സ്വയകേന്ദ്രീകൃതമായ നമ്മുടെ സ്വാർത്ഥ ജീവിതം അവസാനിക്കുകയാണ്. കൂട്ടായ്മ ജീവിതം ആരംഭിക്കുകയാണ്. ഈ ഉന്നത ജീവിതത്തിനായി നമ്മെ സമർപ്പിച്ചു പ്രാർത്ഥിക്കാം. അപ്പോൾ ദൈവസ്നേഹാനുഭവം ലഭിക്കും.

പ്രിയപ്പെട്ട യേശുനാഥാ, പാപിയും ദുരിതമുള്ളവനുമായ എന്നോടു് ഒന്നാകുവാനായി അങ്ങ് കടന്നു വരുന്നതോർത്തു് അങ്ങയെ സ്തുതിക്കുന്നു. പ്രിയനാഥാ ജീവന്റെ കൂട്ടായ്മയിൽ അങ്ങയുടെ തിരുശരീരത്തോടു് എന്നെയും യോജിപ്പിച്ചപ്പോൾ, ക്രൂശിന്മേൽ അങ്ങ് എന്റെ പീഡകൾ ഏറ്റെടുത്തു് വേദനിച്ചതോർത്തു് അങ്ങയെ സ്തുതിക്കുന്നു. അങ്ങയിലൂടെ പിതാവിനോടു് എന്നെയും യോജിപ്പിച്ചതിനു് നന്ദി പറയുന്നു. നല്ല യേശുവേ, ഈ മഹാ കാരുണ്യം നന്ദിയോടെ ഞാൻ സ്വീകരിക്കുന്നു. അങ്ങയോടു് ഏകശരീരമായി കൂട്ടായ്മയിൽ വിശ്വസ്തതയോടെ ജീവിക്കുവാൻ എന്നെ സമർപ്പിക്കുന്നു. അങ്ങയെ എന്റെ നാഥനായി ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു. നാഥനായ അങ്ങ് എന്റെ ഭാരങ്ങളും ഉത്തരവാദിത്വങ്ങളും ഏററു് നാഥനായി എന്നെ നയിക്കും എന്നോർത്തു് ഞാൻ നന്ദിപറയുന്നു. എന്റെ നാഥനായി അങ്ങയെ ഞാൻ അനുസരിച്ചുകൊള്ളാം എന്നു് വാഗ്ദാനം ചെയ്യുന്നു. യേശുവേ, നാഥാ, അങ്ങേയ്ക്കു് ആയിരമായിരം സ്തുതിസ്തോത്രങ്ങൾ. അങ്ങ് എന്റെയും ഞാൻ അങ്ങയുടെയും ആകുന്നു. സ്തോത്രം യേശുവേ, സ്തോത്രം. ☆



www.malankaralibrary.com

# 3

# ദൈവത്തിൻെറ കൃപാസ്നേഹമറിയാൻ വിനീത ഹൃദയരായി നിലകൊള്ളുക

> നമ്മുടെ ഇല്ലായ്മയുടെയും പാപത്തിൻെറയും ദുർഭഗതയുടെയും ആഴം കണ്ടിട്ടും നമ്മെ വെറുക്കാതെ, ദൈവം സദാസ്നേഹിച്ച് അനുഗ്രഹിക്കുന്നതു കാണാൻ നമ്മുടെ യഥാർത്ഥ സ്ഥിതി അംഗീകരിക്കണം.

നമുക്ക് അർഹത ഇല്ലെങ്കിലും ദൈവം നിലയ്ക്കാത്ത, നിറുത്താത്ത സ്നേഹത്തോടെ നമ്മെ സ്നേഹിക്കുന്നു. ഈ സ്നേഹത്തിനുള്ള പേരാണ് കൃപ എന്നതു്. ദൈവം നമുക്കോരോരുത്തർക്കും എല്ലാ നിമിഷവും ആ സ്നേഹം നല്കിക്കൊണ്ട് സ്നേഹത്തിൻെറ നിത്യപ്രകാശത്തിൽ വസിക്കുന്നു. സ്തോത്രം ! ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും തൻെറ വെയിലും മഴയും നൽകിക്കൊണ്ട് ദൈവം എല്ലാവരേയും എല്ലായ്പ്പോഴും സ്നേഹിക്കുന്നു. അനുഗ്രഹിക്കുന്നു.

കൃപ എന്താണെന്നും ദൈവത്തിൻെറ കൃപാസ്നേഹം എന്താണെന്നും നമുക്ക് മനസ്സിലാകുന്ന ദിവസം അനുഗ്രഹിക്കപ്പെട്ടതാകുന്നു.

## കൃപയുടെ പ്രവാഹം

ഞാൻ ജനിച്ചതുതന്നെ ദൈവത്തിൻെറ കൃപാസ്നേഹം രൂപം പ്രാപിച്ചതു മൂലമാണ്. എന്നിലെ ഓരോരോ അവയവങ്ങളും കഴിവുകളും ദൈവപിതാവിനു് എന്നോടുള്ള സ്നേഹം മൂർത്തീഭവിച്ചതാണ്. ഞാൻ ഇല്ലായ്മയായിരുന്നപ്പോഴം, എന്നെ ആരും ഭാവനയിൽപ്പോലും കാണാതിരുന്നപ്പോഴം, ആദ്യസ്നേഹത്തിൽ, ദൈവമേ, അങ്ങ് എന്നെ സ്നേഹിച്ചു. അതു് അങ്ങയുടെ തീരുമാനമായിരുന്നു.



www.malankaralibrary.com

എന്നെ രൂപപ്പെടുത്തുവാനുള്ള അങ്ങയുടെ തീരുമാനം സ്നേഹത്താൽ നിറഞ്ഞതായിരുന്നു. അങ്ങയുടെ സൃഷ്ടിവചനം സ്നേഹപൂർണ്ണമല്ലോ. ആരെങ്കിലും അങ്ങയെ നിർബന്ധിച്ചിട്ടല്ല അങ്ങെന്നെ സൃഷ്ടിച്ചത്. ആരെയെങ്കിലും ഭയന്നിട്ടല്ല അങ്ങ് എനിക്ക് രൂപം നൽകിയതും അനുഗ്രഹങ്ങൾ തരുന്നതും. അങ്ങയുടെ ഉള്ളത്തിൽ എന്നെ അങ്ങയുടെ പുത്രനായി സൃഷ്ടിച്ച് സ്നേഹിക്കുവാൻ അങ്ങയുടെ സ്വന്തം സ്നേഹപൂർണ്ണമായ തീരുമാനത്താൽ മാത്രം അങ്ങ് നിശ്ചയിച്ചു. അതോർക്കുമ്പോൾ ഞാൻ സ്നേഹവിവശനായിത്തീരുന്നു. ദൈവമേ, അനേകനാൾ ഞാനതറിഞ്ഞിരുന്നില്ലല്ലോ!

ദൈവമേ, സ്നേഹനിധിയായ അങ്ങയെ ഞാൻ അറിയുകയും അങ്ങയുടെ സ്നേഹം സ്വീകരിക്കുകയും അങ്ങയെ ഞാൻ സർവ്വാത്മനാ സ്നേഹിക്കുകയും, സ്നേഹത്താൽ പ്രചോദിതനായി അങ്ങേയ്ക്ക് സ്നേഹശുശ്രൂഷ ചെയ്യുകയും ചെയ്യുന്നതുവരെ എന്റെ ആത്മാവ് സ്വസ്ഥമാവുകയില്ല. ദൈവമേ, അങ്ങ് സ്നേഹനിധിയാണെന്ന് അറിഞ്ഞതു തന്നെ എന്തൊരു ഭാഗ്യമാണ്!

ഞാൻ രൂപപ്പെട്ടപ്പോൾ മുതൽ അങ്ങയുടെ സ്നേഹം ഒന്നിനു പുറകെ ഒന്നായി അനുഗ്രഹങ്ങളായി വന്നുകൊണ്ടിരുന്നു. അങ്ങ് എനിക്കു നൽകിയതോരോന്നും അങ്ങയുടെ സ്നേഹത്താൽ നല്കിയവ മാത്രമാണല്ലോ. എന്റെ അർഹതയാലല്ല; യോഗ്യതയാലല്ല; അങ്ങയുടെ സ്നേഹത്താൽ മാത്രം നൽകിയത്. ശരീരത്തിൽ കോശത്തോട് കോശം വളന്നു വന്നപ്പോൾ, 'ഞാൻ വളർന്നു' എന്നുമാത്രം ചിന്തിച്ചു. എന്നാൽ അതെല്ലാം പിതാവേ അങ്ങയുടെ പരിശുദ്ധ സ്നേഹം–നിലയ്ക്കാത്ത, നിറുത്താത്ത ആ സ്നേഹം–എന്നിലേയ്ക്ക് ഒഴുകിക്കൊണ്ടിരുന്നത് രൂപം പ്രാപിച്ചവ മാത്രമാണെന്ന് ഞാൻ മനസ്സിലാക്കിയത് വളരെ വൈകിയാണ്. അങ്ങയുടെ സ്നേഹത്തിന്റെ സമ്മാനങ്ങൾ എന്റെ അകത്തും പുറത്തും ഒന്നുപോലെ അങ്ങ് നൽകിക്കൊണ്ടിരുന്നു. ഓരോ ഭക്ഷണസാധനവും അങ്ങയുടെ കൃപയാകുന്ന സ്നേഹത്തിന്റെ ഓരോ രൂപമായിരുന്നു. മാതാപിതാക്കന്മാരുടെയും കൂട്ടുകാരുടെയും ഓരോ പരിപാലനയും സ്നേഹവും അങ്ങയുടെ കൃപയുടെ മററു രൂപങ്ങൾ ആയിരുന്നു.

ഞാൻ വ്യാപരിച്ച രംഗങ്ങളിലെല്ലാം അങ്ങയുടെ കൃപ എന്റെ മുമ്പിലും പിമ്പിലും മുകളിലും താഴെയും എന്നെ വലയം ചെയ്തിരുന്നു. അങ്ങ് എനിക്കു നൽകിയ നന്മകൾ ഞാൻ ദുരുപയോഗിച്ചപ്പോഴും അടുത്തതായി എ



www.malankaralibrary.com

ന്നനുഗ്രഹം നല്കി എന്നെ ഉയർത്താമെന്നു് അങ്ങു് ചിന്തിച്ചു, പ്രവർത്തിച്ചു. എൻെറ അവിശ്വസ്തതയുടെ നിമിഷങ്ങളിൽ അങ്ങു് എന്നെ വെറുക്കുകയല്ല ചെയ്തതു്. അങ്ങയുടെ കൃപയുടെ ആഴമുള്ള സ്നേഹം കാണിച്ചുതരുവാൻ ആ അവസരം ഉപയോഗിക്കയാണു ചെയ്തതു്. അങ്ങയോടുള്ള ബന്ധം വിച്ഛേദിച്ചവർ എനിക്കു് ദ്രോഹം ചെയ്തു് എന്നെ മുറിപ്പെടുത്തിയപ്പോഴും, ഞാൻ തളർന്നടിഞ്ഞു പോകാതെ ഉണർന്നുയർന്നു പുരോഗമിക്കാൻ, അങ്ങയുടെ നിറുത്താത്ത, നിലയ്ക്കാത്ത സ്നേഹവുമായി അങ്ങു് കടന്നു വന്നുകൊണ്ടിരുന്നു. എല്ലാ പ്രതിബന്ധങ്ങളിലും അങ്ങയുടെ കൃപ, പുതുവഴികൾ വെട്ടിത്തുറന്നു് മഹത്ത്വത്തിൽ നിന്നു് മഹത്ത്വത്തിലേക്കു് എന്നെ നയിക്കുന്നു. പിതാവേ, എല്ലാ സ്തുതിക്കും സ്നേഹത്തിനും പരമമായി അർഹൻ അങ്ങു് മാത്രമാണു്. എൻെറ ആത്മാവേ, കർത്താവിനെ സ്തുതിക്കുക, എന്നിലുള്ള സകലവുമേ, അവിടുത്തെ തിരുനാമത്തെ പുകഴ്ത്തുക.

''പാപത്താൽ നിന്നെ ഞാൻ
കോപിപ്പിച്ചെല്ലാരു കാലത്തിലും ദയവായ്
സ്നേഹവാപിയേ നീയെന്നെ
സ്നേഹിച്ചതോർത്തെന്നിൽ ആശ്ചര്യമേറിടുന്നു
എന്തതിശയമേ........''

അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തപ്പോഴും– അതായതു് അങ്ങയോടുള്ള ബന്ധം അവഗണിച്ചു് ഞാൻ ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തപ്പോഴും – പോലും സ്നേഹത്തിൻെറ ബന്ധവുമായി അങ്ങു് കടന്നു വന്നുകൊണ്ടിരുന്നു. കാരണം അങ്ങേയ്ക്കു് അറിയാമായിരുന്നു, അങ്ങു് എന്നോടു് ജീവൻെറയും അനുഗ്രഹത്തിൻെറയും ബന്ധം പുലർത്തുന്നില്ലെങ്കിൽ ഞാൻ ഇല്ലാതായിപ്പോകുമെന്നു്. ''മകനെ, നീ എന്നെ ഉപേക്ഷിച്ചാലും, നീ ജീവിക്കുവാനായി ഞാൻ നിന്നോടുള്ള ബന്ധം ഉപേക്ഷിക്കുകയില്ല''യെന്നു പറഞ്ഞു് അനുഗ്രഹവുമായി പുറകേ വരുന്ന നല്ല പിതാവാണു് അങ്ങു്. അങ്ങയുടെ അനന്ത സ്നേഹം എത്ര അഗാധമാണു്!

ഫ്രാൻസീസ് തോംസൺ പാടിയതുപോലെ, ''ദൈവമേ, അങ്ങയെ വിട്ടകലാൻ ഞാൻ ലോകത്തിലെ കുറുക്കുവഴികളിലൂടെ ഓടി ഓടിപ്പോയി. പക്ഷേ, തിരിഞ്ഞു നോക്കിയപ്പോഴും, എൻെറ തൊട്ടുപുറകിൽ സ്നേഹമായി നീ നില്ക്കുന്നതു് ഞാൻ കണ്ടു. ഈ ഭൂമിയിൽനിന്നു പറന്നുയർന്നു് ചന്ദ്രനിൽ ചെന്നു് മാളികയിൽ കയറി വാതിലടച്ചു് തിരിഞ്ഞുനോക്കിയപ്പോഴും അങ്ങു് എൻെറ പുറകെ



www.malankaralibrary.com

എത്തിക്കഴിഞ്ഞിരുന്നു. ഇതാ, അങ്ങയുടെ സ്നേഹത്തിന്റെ മുമ്പിൽ ഞാൻ അടിയറവു പറഞ്ഞ് എന്നെ സമർപ്പിക്കുന്നു''.

ദൈവമേ, ഇന്നോളം ഞാൻ നന്മയായി ആസ്വദിച്ചതെല്ലാം അങ്ങയുടെ കൃപയായിരുന്നു; അല്ല, അങ്ങയെത്തന്നെയായിരുന്നു. കൃപയിലൂടെ അങ്ങ് അങ്ങയെത്തന്നെ എനിക്കു നൽകുകയായിരുന്നു. സ്തോത്രം! എല്ലാററിനും എന്നാലാവും വിധം പ്രതിസ്നേഹവും സ്തുതിസ്തോത്രവും അങ്ങേയ്ക്കർപ്പിക്കുന്നു.

''ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ
എന്നെ കേവലം സ്നേഹിച്ചു-
പാലിച്ചിടും തവ സ്നേഹമതിശയമേ,
എന്തതിശയമേ.......''

ദൈവത്തിന്റെ നിലയ്ക്കാത്ത,നിറുത്താത്ത സ്നേഹത്തെ കേവലസ്നേഹമെന്നു വിളിക്കുന്നു. വ്യവസ്ഥയില്ലാത്ത സ്നേഹം, പരിശുദ്ധ സ്നേഹം, നിർമ്മല സ്നേഹം, ഉപവിയുടെ സ്നേഹം, പിതാവിന്റെ സ്നേഹം എന്നെല്ലാം പറയുമ്പോൾ അർത്ഥമാകുന്നത്, ദൈവപിതാവിന്റെ സ്നേഹത്തിന്റെ ഈ പ്രവാഹം തന്നെയാണ്. ഉറവ വററാത്ത നിർമ്മല ജലം നിറഞ്ഞ് കവിഞ്ഞൊഴുകുന്ന കാട്ടാറുപോലെ ദൈവത്തിൽ നിന്നു നമ്മിലേക്ക് സ്നേഹം ഒഴുകുന്നു. (റോമ 5: 5). ഞാൻ ഈ സ്നേഹത്തെ ഉപേക്ഷിച്ച് മനുഷ്യരുടെ കളങ്കമുള്ള, വിലകുറഞ്ഞ സ്നേഹത്തിൽ എന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കുമ്പോൾ, ശുദ്ധജലതടാകം ഉപേക്ഷിച്ച് പൊട്ടക്കിണററിൽ നിന്നു എപ്പോഴും കുടിയ്ക്കാമെന്നു വ്യാമോഹിക്കുന്ന വിഡ്ഢിയായിത്തീരുന്നു. (ജറ 2:13). വീണു കിട്ടുന്ന ജലമല്ലാതെ പൊട്ടക്കിണററിൽ വെള്ളമില്ല. അവിടെ ഉറവയില്ല. സ്നേഹത്തിന്റെ നിത്യസ്രോതസ്സേ, ദൈവമേ, പിതാവേ, അങ്ങയിൽ നിന്നു കിട്ടുന്നതല്ലാതെ മററു സൃഷ്ടികളിൽ ഒന്നുമില്ലല്ലോ! ദൈവമേ, അങ്ങയോടുള്ള ബന്ധം പോയാൽ പിന്നെ മനുഷ്യരിൽ നന്മയായി യാതൊന്നും മുളയ്ക്കുകയില്ലല്ലോ. യജമാനനെ വിട്ട് ദാസനിൽ നിന്നു എല്ലാം പ്രതീക്ഷിക്കുന്നത് എത്രയോ മഠയത്തമാണ്.

പിതാവേ, അങ്ങാകുന്ന സ്നേഹയുറവയിൽ നിന്നു ഞങ്ങളിലേക്കു നിറുത്തില്ലാതെ ഒഴുകുന്ന ആ പരിശുദ്ധ സ്നേഹത്തെ ഓർത്ത് അങ്ങയെ ഞാൻ സ്തുതിക്കുന്നു. അങ്ങിൽ നിന്നു വരുന്ന സ്നേഹം എന്റെ ഹൃദയത്തിൽ നിറഞ്ഞ് സദാ എല്ലാവരിലേയ്ക്കും കര കവിഞ്ഞൊഴുകട്ടെ. എന്റെ ഹൃദയചഷകം നിറയ്ക്കുന്ന സ്നേഹം സദാ നിറഞ്ഞുകൊണ്ടിരിക്കുന്നത് അങ്ങിൽ നിന്നു മാത്രമാണ്.



www.malankaralibrary.com

അതു് എന്നിലൂടെ മററു സഹോദരരിലേയ്ക്കു് കവിഞ്ഞൊഴുകുമ്പോഴാം എന്റേയും അങ്ങയുടെയും ഹൃദയാന്തർഭാഗത്തു് എന്തൊരാനന്ദമാണ്! അതു് അങ്ങയുടെ മഹത്വമാണ്, അതു് എന്റെ മഹത്വമായും തീരുന്നു.

ദൈവമേ, എന്റെ മാതാപിതാക്കൻമാരുടേയും സഹോദരരുടേയും സ്നേഹിതരുടെയും കുഞ്ഞുങ്ങളുടെയും ഹൃദയചഷകങ്ങളിൽ അങ്ങയുടെ സ്നേഹം നിറഞ്ഞു് കവിഞ്ഞൊഴുകി എന്നിലേയ്ക്കു കടന്നുവന്നതു് ഞാനെത്രയോ പ്രാവശ്യം ആസ്വദിച്ചു. അതെല്ലാം അങ്ങിൽ നിന്നു് ഉത്ഭവിച്ചു് ഒഴുകിവന്ന സ്നേഹസുധയായിരുന്നു. ഞാനങ്ങയെ സ്തുതിക്കുന്നു. ദൈവമേ, അവരുടേയും എന്റേയും ഹൃദയചഷകങ്ങളിൽ അങ്ങയുടെ സ്നേഹം നിറഞ്ഞുകവിഞ്ഞു് നിരന്തരം പ്രവഹിക്കുന്ന രംഗമായ നിത്യസ്വർഗ്ഗത്തിലേയ്ക്കു് എന്റെ അന്തരംഗം കുതിച്ചുയരുന്നു. അന്നു് അങ്ങയുടെ പരിശുദ്ധ സ്നേഹത്താൽ ഞാൻ അങ്ങയേയും എല്ലാവരേയും നിരന്തരം സ്നേഹിക്കും. അങ്ങു് നേരിട്ടും എല്ലാവരിലൂടെയും എന്നെ നിരന്തരം സ്നേഹിക്കുന്നതു് അറിഞ്ഞാസ്വദിക്കാൻ കഴിയും. ആ നിത്യാനന്ദ മഹത്വത്തെ ഓർത്തു് ഞാൻ ഇപ്പോഴേ ആനന്ദിക്കുന്നു. ഹാ! അന്നു് ആരേയും സ്നേഹിക്കുവാൻ എനിക്കു് യാതൊരു തടസ്സവുമുണ്ടായിരിക്കുകയില്ല. എന്നെ ദ്രോഹിച്ചവരെന്നോ, സഹായിക്കാതിരുന്നവരെന്നോ, ചിന്തിച്ചു് ഒരുത്തരെയും വെറുക്കാതെ എല്ലാവരെയും ദൈവപിതാവിന്റെ ഹൃദ്യമായ സ്നേഹത്തിൽ എനിക്കു് സ്നേഹിക്കാൻ കഴിയുന്നതെത്ര ഭാഗ്യമാണ്. ഞാൻ ഉപദ്രവിച്ചവർ അതോക്കെ കപോലും ചെയ്യാതെ പിതാവിന്റെ പരിശുദ്ധ സ്നേഹത്തിൽ എന്നെ നിരന്തരം സ്നേഹിക്കുമെന്നോക്കുമ്പോഴാം ഞാൻ ആനന്ദഭരിതനാകുന്നു. ഹാ! സ്നേഹ പ്രഭാതമേ! നിത്യസ്വർഗ്ഗമേ! പിതാവിന്റെ ഭവനത്തിലെ വാസമേ! വേഗം വരു – വേഗം വരു. പിതാവേ, അങ്ങയുടെ കൃപയുടെ സ്നേഹം എല്ലാവരിലും കരകവിഞ്ഞൊഴുകുവാൻ എന്നും ഇടയാക്കണമേ. ഞങ്ങളെല്ലാവരും ഞങ്ങളിൽ തന്നെ പൊട്ടക്കിണറുകളാകുന്നു. അങ്ങു മാത്രമാകുന്നു സ്നേഹത്തിന്റെ ഉറവിടം. ഏതു പൊട്ടക്കിണററിലും അങ്ങയുടെ പരിശുദ്ധാത്മാവാകുന്ന സ്നേഹ ഉറവിടം ഉറപ്പിക്കുവാൻ കഴിയുന്നവനും അങ്ങുതന്നെയാകുന്നു. അങ്ങാകുന്ന സ്നേഹയുറവിടം ഉള്ളവരായി ഞങ്ങളെ വേഗം രൂപാന്തരപ്പെടുത്തണമേ. എല്ലാ പ്രതിബന്ധങ്ങളേയും തട്ടിമാററുന്ന സ്നേഹജലപ്രവാഹം ഉൽപ്പാദിപ്പിക്കുന്ന ആ നല്ലയുറവ ഞങ്ങളിൽ സ്ഥാപിക്കേണമേ. ആ പരിശുദ്ധ സ്നേഹപ്രവാഹത്തിൽ ഞങ്ങൾ മുങ്ങിത്തുടിക്കട്ടെ.



www.malankaralibrary.com

4

# മായിക മനുഷ്യസ്നേഹത്തിന്റെ നിഴലിൽ ദൈവസ്നേഹത്തെ വിലയിരുത്തരുത്

മനുഷ്യന്റെ സ്വാർത്ഥസ്നേഹ പ്രകടനം പോലെയല്ല ദൈവത്തിന്റെ സ്നേഹം. നന്മ നൽകി നൽകി ഉയർത്തുവാൻ മാത്രമാണ് ദൈവം പിന്നെയും പിന്നെയും കടന്നുവരുന്നത്.

എന്റെ കുട്ടിക്കാലത്ത് കണ്ടൻപൂച്ചയെ ഞാൻ വെറുത്തു. കാരണമെന്തെന്നോ? എനിക്കു കൊച്ചു പൂച്ചയെ ഇഷ്ടമായിരുന്നു. കൊച്ചു പൂച്ചയെ കടിച്ചു കൊല്ലാൻ രാത്രിയിൽ കണ്ടൻ പൂച്ച വരുമെന്ന് അമ്മ പറഞ്ഞുതന്നു. ഞാൻ ഇഷ്ടപ്പെടുന്നതിനെ നശിപ്പിക്കുന്ന കണ്ടൻപൂച്ചകളെ ഞാൻ വെറുത്തു. കൊച്ചുപൂച്ചയ്ക്കു് പാലു കൊണ്ടുവന്നു കൊടുക്കുന്നവരോട് സ്നേഹവുമായി.

നമ്മുടെ ഓരോ സ്നേഹത്തിന്റെയും വെറുപ്പിന്റെയും കാരണമായി ഒരു അടിസ്ഥാന സ്നേഹം കണ്ടെത്താൻ കഴിയും. ഈ അടിസ്ഥാന സ്നേഹത്തെ ആസ്പദമാക്കിയാണ് മററു മാനുഷിക സ്നേഹങ്ങളും വെറുപ്പും ഉടലെടുക്കുന്നത്.

തോമാക്കുഞ്ഞിന് അവന്റെ മൂത്ത ചേച്ചിയെ വലിയ ഇഷ്ടമായിരുന്നു. ആ ചേച്ചിയെ കല്യാണം കഴിച്ച് അവന്റെ അടുത്തുനിന്ന് കൊണ്ടുപോയ വലിയ അളിയനോട് എന്തോ ഒരു ഇഷ്ടക്കേട്.

കുട്ടിക്ക് കളിച്ചുനടക്കാൻ ഇഷ്ടമാണ്. കളി നിറുത്തി പഠിക്കാൻ പോകു എന്നു പറയുന്ന അപ്പനോട് വെറുപ്പ്. നിയന്ത്രണമില്ലാതെ തോന്ന്യാസമായി നടക്കുവാൻ ഇഷ്ടപ്പെടുന്ന ചെറുപ്പക്കാരന് ധാർമ്മികമായി ജീവിക്കണമെന്നു പറയുന്ന വൈദികനോടു വെറുപ്പ്.



www.malankaralibrary.com

കണ്ടൻപൂച്ചയെ ദൈവം സ്നേഹിക്കുന്നു എന്ന് കുട്ടിക്കാലത്ത് എന്നോടു ആരെങ്കിലും പറഞ്ഞിരുന്നെങ്കിൽ എനിക്ക് ദൈവത്തോടു വെറുപ്പു തോന്നുമായിരുന്നു. ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും അനുഗ്രഹവർഷം നല്കുന്നവനാണ് ദൈവമെന്നു പറഞ്ഞതു കേട്ടപ്പോൾ പഴയ ധാരണയിൽ കഴിഞ്ഞവർക്ക് അതു് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ദൈവമേ നീ എന്താണ് ആ ദുഷ്ടന്റെമേൽ ഇടിത്തീ വീഴ്ത്താത്തതെന്ന് ചോദിക്കുന്നവന്റെ അടിസ്ഥാന സ്നേഹം ഏതോ ചെറിയ സ്നേഹമാണ്. മനുഷ്യരുടെ അടിസ്ഥാനസ്നേഹം മിക്കപ്പോഴും സ്വയസ്നേഹമാണ്. ആ സ്നേഹത്തെ ആസ്പദമാക്കിയാണ് മററുള്ളവരെ സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്യുന്നത്. എന്നാൽ നമ്മുടെ അടിസ്ഥാന സ്നേഹം ദൈവവും ദൈവസ്നേഹവും ആകുന്ന സമയത്തു് നമുക്ക് ഒരു വലിയ വിമോചനം ലഭിക്കും. ഏതെങ്കിലും മായിക സ്നേഹം നമ്മുടെ അടിസ്ഥാനസ്നേഹമായിരിക്കുമ്പോൾ നമ്മുടെ ഉള്ളിൽ എന്തിനോടെങ്കിലും വെറുപ്പും ഉണ്ടായിരിക്കും. സ്വയസ്നേഹമോ, വർഗ്ഗസ്നേഹമോ, രാഷ്ട്രീയ കക്ഷിസ്നേഹമോ, ഒരു പ്രത്യേക വ്യക്തിയോടുള്ള ആരാധനാസ്നേഹമോ, സ്വന്തം സുഖ താല്പര്യമോ, സ്വമഹിമാതാല്പര്യമോ അടിസ്ഥാനസ്നേഹമായിരുന്നാൽ മനുഷ്യന്റെ ഉള്ളിൽ ഒരു ഭാഗത്തു് വെറുപ്പുണ്ടാവുകയും മനുഷ്യൻ വെറുപ്പിന്റെ ബന്ധന വേദന അനുഭവിക്കുകയും ചെയ്യും. ഈ ചെറിയ സ്നേഹങ്ങൾ അടിസ്ഥാന സ്നേഹമായിരിക്കുന്ന ബന്ധന സ്ഥിതിയിൽ നിന്നു് മോചനം നേടുവാനുള്ള ശുദ്ധീകരണം നടക്കുന്ന സമയത്തു് ശുദ്ധീകരണസഹജമായ വേദന ഉണ്ടാകും. എന്നാൽ ശുദ്ധീകരണം തീർന്നുകഴിയുമ്പോൾ വലിയ സന്തോഷമുണ്ടാകും. ദ്രവ്യസ്നേഹമോ സുഖമോ ലോക സ്നേഹമോ ബഹുമാനമോ കാമമോ ഒന്നും മനുഷ്യന്റെ അടിസ്ഥാന സ്നേഹമായിരിക്കരുതെന്നും ദൈവസ്നേഹം അടിസ്ഥാന സ്നേഹമായിരിക്കണമെന്നും നാഥൻ പറഞ്ഞുതന്നു. വി. യോഹന്നാൻ ശ്ലീഹാ എഴുതിയ ഒന്നാം ലേഖനത്തിൽ 2-ാം അദ്ധ്യായം 15 മുതൽ 17 വരെയുള്ള വാക്യങ്ങൾ വായിക്കുക. അവിടെ ''ലോകത്തെയോ, ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുതു്'' എന്നു പറയുമ്പോൾ ആ സ്നേഹം നിങ്ങളുടെ അടിസ്ഥാന സ്നേഹമാകരുതു് എന്നാണ് അർത്ഥം. ദൈവത്തോടുകൂടി ദൈവത്തിന്റെ സ്നേഹത്തിൽ നമ്മൾ ലോകത്തിൽ എല്ലാററിനെയും സ്നേഹിക്കേണ്ടവരാണ്. ശ്ലീഹാ പറയുകയാണ്; ''ആരെങ്കിലും ലോകത്തെ



www.malankaralibrary.com

സ്നേഹിക്കുന്നെങ്കിൽ, പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കയില്ല.'' അതായത് മനുഷ്യന് രണ്ട് അടിസ്ഥാന സ്നേഹം ഉണ്ടായിരിക്കാൻ സാദ്ധ്യമല്ല. ദൈവത്തെയും ധനത്തെയും ഒന്നിച്ച് സേവിക്കാൻ സാദ്ധ്യമല്ല.

മനുഷ്യഹൃദയം ഏതെങ്കിലും വ്യാമോഹസ്നേഹത്താൽ (Ambition) ബന്ധനത്തിലാകാറുണ്ട്. ഏതെങ്കിലും പദവിയോ പണമോ ലക്ഷ്യമായി കണ്ടുകൊണ്ട് അതിനെ ഭാവനയിൽ സ്നേഹിച്ചുകൊണ്ട് അതിനെപ്രതി മററുള്ളവരെ സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്യുക എന്നതും ബന്ധനസ്ഥിതിയാണ്.

ഇങ്ങനെ ഹ്രസ്വ സ്നേഹത്തിന്റെയോ വികല സ്നേഹത്തിന്റെയോ സ്വയസ്നേഹത്തിന്റെയോ വ്യാമോഹസ്നേഹത്തിന്റെയോ ബിംബാരാധനാസ്നേഹത്തിന്റെയോ തടവിൽ കഴിയുന്ന കാലങ്ങളിൽ മനുഷ്യൻ വിഭാവനം ചെയ്യും 'ദൈവം സ്നേഹിക്കുന്നതും ഇതേ ശൈലിയിലാണെന്ന്''. അങ്ങനെ മനുഷ്യഭാവനയിൽ ഒരു വികല ദൈവത്തെ മെനഞ്ഞെടുക്കും. സ്വന്തഭാവനയിൽ മെനഞ്ഞെടുത്ത ആ വികലദൈവത്തിന്റെ പക്കലേക്ക് ചിന്തകളും സ്നേഹവും ഉയരുവാൻ കഴിവില്ലാതെ ഹൃദയം മരവിച്ചുനില്ക്കും. പ്രാർത്ഥനയും സന്തോഷവുമില്ലാതെ ജീവിതം മുരടിച്ചു പോകും. അപ്പോഴും കളങ്കമില്ലാത്ത സ്നേഹത്തോടെ യഥാർത്ഥ ദൈവം അവനെ സ്നേഹിച്ചുകൊണ്ടിരിക്കുകയാണ്.

മനുഷ്യന്റെ മായമുള്ള സ്നേഹത്തിന്റെ ശൈലിയിൽ ദൈവസ്നേഹത്തെ കാണുവാൻ ശ്രമിക്കരുത്. ദൈവത്തിന്റെ സ്നേഹത്തിൽ മായമില്ല, കളങ്കമില്ല, സ്വാർത്ഥതയില്ല. പരിശുദ്ധ സ്നേഹമാണ് ദൈവസ്നേഹം.

## മനുഷ്യസ്നേഹത്തിലെ ഒന്നാമത്തെ മായം

സ്വയസ്നേഹം മനുഷ്യന്റെ അടിസ്ഥാന സ്നേഹമായിരിക്കുമ്പോൾ മനുഷ്യസ്നേഹത്തിൽ രണ്ടു മായങ്ങൾ കാണാറുണ്ട്. മനുഷ്യസ്നേഹത്തിലെ ഒന്നാമത്തെ മായം, ഇങ്ങോട്ട് എന്തെങ്കിലും പ്രതീക്ഷിച്ചുകൊണ്ടായിരിക്കും പലരും അങ്ങോട്ടു സ്നേഹിക്കുക. ആരെയെങ്കിലും സ്നേഹിക്കുമ്പോൾ അയാളിൽ നിന്ന് പ്രതിസ്നേഹമോ, പുഞ്ചിരിയോ എന്തെങ്കിലും കിട്ടണമെന്ന് ആഗ്രഹിക്കുന്നു. അ



www.malankaralibrary.com

ങ്ങോട്ട് അഭിവാദനം ചെയ്യുന്നത് ഇങ്ങോട്ട് അഭിവാദനം ലഭിക്കാനുള്ള ഉദ്ദേശ്യത്തിലാണെങ്കിൽ ആ സ്നേഹപ്രകടനം സ്വാർത്ഥ സ്നേഹത്തിന്റെ പ്രകടനമാണ്. എന്തെങ്കിലും തിരിച്ചുകിട്ടാനുള്ള ഉദ്ദേശ്യത്തിലാണ് കൊടുക്കുന്നതെങ്കിൽ അത് മായമുള്ള സ്നേഹമാണ്. അത് പാപികളുടെ സ്നേഹരീതിയാണ്. സ്വർഗ്ഗസ്ഥനായ പിതാവ് അങ്ങനെയല്ല സ്നേഹിക്കുന്നത് (മത്തായി. 5:45). അവിടുന്ന് ദുഷ്ടരുടെമേലും ശിഷ്ടരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുന്നു. നീതി ചെയ്യുന്നവരുടെമേലും അനീതി ചെയ്യുന്നവരുടെമേലും നന്ദിയില്ലാത്തവരുടെമേലും മഴ പെയ്യിക്കുന്നു.

എല്ലാവർക്കും തന്റെ നന്മ നൽകാൻവേണ്ടി മാത്രമാണ് ദൈവം എല്ലാവരേയും സ്നേഹിക്കുന്നത്. ദൈവത്തിന്റെ സ്നേഹത്തിൽ സ്വാർത്ഥതയുടെ അംശംപോലും കാണില്ല. ദൈവത്തിൽ ഇരുട്ട് അല്പംപോലും ഇല്ല. പ്രകാശസ്നേഹം മാത്രം! ഓരോരുത്തരേയും അവർ ആയിരിക്കുന്ന പടിയിൽനിന്ന് അടുത്ത പടിയിലേക്ക് ഉയർത്തുവാനുള്ള പരിപാലനയുടെ സ്നേഹം മാത്രമാണ് ദൈവം നല്കിക്കൊണ്ടിരിക്കുന്നത്. യാതൊരു പ്രതിഫലേച്ഛയും കൂടാതെ ഞങ്ങളുടെ നന്മയ്ക്കായിമാത്രം ഞങ്ങളെ സ്നേഹിക്കുന്ന പരിശുദ്ധ സ്നേഹമേ, ദൈവമേ സ്തുതി!

### ദൈവസ്നേഹത്തിൽ സ്വാർത്ഥതയുണ്ടോ?

ഒരിക്കൽ ഒരാൾ എന്നോടു പറഞ്ഞു: ''ദൈവം നമ്മെ സൃഷ്ടിച്ചതും സ്നേഹിക്കുന്നതും നമ്മുടെ സ്തുതിവാചകം കേൾക്കാനുള്ള സ്വാർത്ഥോദ്ദേശ്യത്തിലാണ്. ദൈവത്തെ സ്തുതിക്കുകയെന്നത് മുഖസ്തുതി പറഞ്ഞ് കാര്യം നേടാൻ മനുഷ്യൻ നടത്തുന്ന കപടവേലയാണ്. മുഖസ്തുതി പറയുന്നതിൽ എനിക്കു താല്പര്യമില്ല''. മനുഷ്യരുടെ സ്തുതിവാക്യങ്ങൾ കേട്ട് അതിൽ സ്വയതൃപ്തിയടഞ്ഞ് സിംഹാസനത്തിൽ രസിച്ചിരിക്കുന്ന സ്വേച്ഛാധിപതിയായ രാജാവിന്റെ രൂപത്തിലാണ് ചിലർ ദൈവത്തെ കാണുന്നത്. ദൈവം സ്നേഹപൂർവ്വം നൽകുന്ന നന്മകൾ സൃഷ്ടികൾ സ്നേഹപൂർവ്വം ആസ്വദിച്ച് ആനന്ദിക്കുന്നതിനുള്ള പേരാണ് ദൈവസ്തുതി എന്നത്. എത്ര ആഴമുള്ള നന്മകൾ നമ്മൾ സ്വീകരിച്ച് ആസ്വദിക്കുമോ അത്രയും ദൈവസ്തുതി ഉണ്ടായി. ആസ്വാദനത്തിന്റെ ബാഹ്യപ്രകടനങ്ങളാണ് സ്തുതിഗാനങ്ങളും മററും. ദൈവനന്മകൾ അനേകർക്കു നല്കി ആസ്വദിപ്പിക്കുന്നതാണ് ദൈവസ്തുതി



www.malankaralibrary.com

വളർത്തുക എന്നു പറയുന്നത്. ദൈവനന്മകൾ ആസ്വദിക്കുന്നതിന്റെ പ്രകടനമാണ് സ്തുതി. നമ്മൾ ശുദ്ധീകരിക്കപ്പെടുവാൻ വേണ്ടിയാണ് ദൈവസ്തുതി പരസ്യമായി പറയുന്നത്. നമ്മൾ ശുദ്ധീകരിക്കപ്പെട്ടെങ്കിൽ മാത്രമേ പ്രകാശിക്കുകയുള്ളൂ. ദൈവസ്തുതിയുള്ളപ്പോൾ ബുദ്ധിയിലും ഹൃദയത്തിലുമുള്ള അശുദ്ധി മാറിപ്പോകുന്നു. എല്ലാ നന്മകളുടേയും ഉറവിടമായി ദൈവത്തെ കാണാതെ നന്മകളുടെ പരമസ്രോതസ്സായി മറേറതെങ്കിലും വസ്തുവിനെയോ വ്യക്തിയെയോ പരിഗണിച്ച് പൂജിക്കുമ്പോൾ ബുദ്ധി അന്ധമായിത്തീരുന്നു. അശുദ്ധമായിത്തീരുന്നു. അസത്യങ്ങൾ നിറയുമ്പോഴാണ് ബുദ്ധി അന്ധമാകുന്നത്. അശുദ്ധമാകുന്നത്. പരമ നന്മയായ ദൈവത്തെക്കാളുപരി മറെറന്തിനെയെങ്കിലും സ്നേഹിക്കുമ്പോൾ നമ്മുടെ ഹൃദയം അന്ധകാരത്തിലാണ്ടു പോകുന്നു. അശുദ്ധമായിത്തീരുന്നു. അടിസ്ഥാനസ്നേഹമായി ദൈവസ്നേഹത്തെ സ്വീകരിക്കാത്തപ്പോൾ ഹൃദയം അന്ധകാരത്തിലാണ്ടുപോകുന്നു. കാരണം ദൈവം മാത്രമാണ് ഏററവും സ്നേഹയോഗ്യൻ. അതിനാൽ ദൈവത്തെ പരമമായി അറിയുകയും സ്നേഹിക്കുകയും ചെയ്യുമ്പോളാണ് നമ്മൾ ശുദ്ധീകരിക്കപ്പെടുന്നത്.

ദൈവത്തോടുള്ള സ്നേഹത്തിന്റെ വാക്യങ്ങളാണ് സ്തോത്രപ്രകരണങ്ങൾ. നമ്മുടെ ആന്തരികപ്രകരണങ്ങളിൽ ദൈവത്തിന് പരമാരാധനയും സ്തുതിയും അർപ്പിക്കുമ്പോൾ നമ്മൾ ശുദ്ധീകരിക്കപ്പെടുന്നു. ദൈവത്തെ സ്തുതിക്കാത്തവൻ ആ സ്ഥാനത്തു മറെറന്തിനെയെങ്കിലും പൂജിക്കും. അങ്ങനെയുള്ളവരുടെ ബുദ്ധിയും ഹൃദയവും അന്ധമായിരിക്കും. നമ്മുടെ ബുദ്ധിയും ഹൃദയവും സത്യത്താൽ നിറഞ്ഞ് ദൈവത്തിന്റെ അനന്തസ്നേഹം ആസ്വദിക്കുമ്പോൾ നാം സ്വമേധയാ ദൈവസ്തുതി നടത്തും. നന്മകൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ദൈവമാണ് എല്ലാ നന്മകളുടേയും ഉറവിടമെന്നും ദൈവത്തിന്റെ സ്നേഹത്താൽ നൽകിയ നന്മകൾ മാത്രമാണ് സൃഷ്ടികളിൽ കാണുന്നതെന്നും ദൈവത്തിനറിയാം. ആരും ദൈവത്തെ പറഞ്ഞറിയിക്കേണ്ടതില്ല. നമ്മൾ അത് അംഗീകരിക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ബുദ്ധിയും ഹൃദയവും പ്രകാശിക്കുന്നു എന്നുമാത്രം. അത് അംഗീകരിച്ച് ആസ്വദിക്കുന്നതിന്റെ പ്രകടനമാണ ദൈവസ്തുതി എന്നത്. ദൈവത്തിന്റെ കല്പനകളിലോ പരിപാലനയിലോ സ്വാർത്ഥതയുടെ ഒരംശം പോലും കണ്ടെത്താൻ സാദ്ധ്യമല്ല. മായമില്ലാത്ത പരിശുദ്ധ സ്നേഹം മാത്രമാണ് ദൈവം! ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കു കാര



www.malankaralibrary.com

ണമായി എന്തെങ്കിലും കണ്ടെത്താമെങ്കിൽ അതു് ഈ സ്നേഹം മാത്രമാണ്.

ഓ, ദൈവമേ, ജീവനും ജ്ഞാനവും സ്നേഹവും ആനന്ദവുമെല്ലാം അങ്ങു മാത്രമാണ്. ദൈവം സൃഷ്ടിച്ചു കൊടുത്ത നന്മകളും തന്റെ നന്മയിൽ പങ്കാളിത്തം നൽകിയതു മൂലം പ്രകാശിക്കുന്ന നന്മകളും മാത്രമാണ് സൃഷ്ടികളിൽ നാം കാണുന്നതു്. ഏതൊരു സൃഷ്ടിയിലും ഏതൊരു നന്മ കണ്ടാലും ദൈവം ആ നന്മ നൽകി ആ സൃഷ്ടിയെ സ്നേഹിക്കുന്നു എന്നു മനസ്സിലാക്കി ദൈവത്തെ സ്തുതിക്കുക. ദൈവനന്മയുടെ ഔന്നത്യമോർത്തു് ദൈവത്തെ സ്തുതിക്കുക! ഭൂമിയിലെ പരമാണു മുതൽ ആകാശത്തിലെ നക്ഷത്രവ്യൂഹങ്ങൾവരെയും അമീബാ മുതൽ മാലാഖവരെയും എല്ലാററിലും നിറഞ്ഞു നില്ക്കുന്ന ബുദ്ധിപൂർവ്വകമായ ക്രമവല്ക്കരണങ്ങളും ലക്ഷ്യോന്മുഖ ചലനങ്ങളും പ്രകൃതി ഭംഗികളും ശക്തികളും അത്ഭുതകര പരിപാലനയും കാണുമ്പോൾ ഇവയുടെ സ്രഷ്ടാവിന്റെ മഹത്വം എത്ര വലുതാണെന്നു് ഓർത്തു് നമ്മൾ ദൈവത്തെ സ്തുതിക്കുന്നു!

''ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു''. സസ്യങ്ങളിലും മൃഗങ്ങളിലുമുള്ള ജീവച്ഛക്തിയും ജീവന്റെ സൗന്ദര്യവും മഹത്വവും കാണുമ്പോൾ അവയുടെ സ്രഷ്ടാവിന്റെ മഹത്വത്തെ ഓർക്കുക!

മനുഷ്യന്റെ നന്മകൾ, ബുദ്ധിശക്തികൾ, സ്നേഹശക്തികൾ, ആത്മാവിന്റെ അന്തരംഗത്തെ ആനന്ദങ്ങൾ മുതലായവ ഓക്കുമ്പോൾ മനുഷ്യന്റെ സ്രഷ്ടാവു് അവനു സൃഷ്ടിച്ചുകൊടുക്കുകയും പങ്കുവെച്ചുകൊടുക്കുകയും ചെയ്ത നന്മകളെ ഓത്തു് ദൈവത്തെ സ്തുതിക്കുന്നു ! ദൈവത്തെ സ്തുതിക്കുമ്പോൾ – സത്യം അംഗീകരിച്ചു് ആനന്ദിക്കുമ്പോൾ – നമ്മുടെ ആത്മാവു് വിശുദ്ധിയുടെ ആനന്ദം അനുഭവിക്കും.

## മനുഷ്യസ്നേഹത്തിലെ രണ്ടാമത്തെ മായം

മനുഷ്യസ്നേഹത്തിൽ മറെറാരു മായം കാണാറുണ്ടു്. പല മനുഷ്യരും സ്നേഹിക്കുന്നതു് സ്നേഹവിഷയമായ വസ്തുവിൽ എന്തെങ്കിലും നന്മ കണ്ടു് ആകർഷിക്കപ്പെട്ടിട്ടു മാത്രമാണ്. ആ നന്മയുടെ ആകർഷണം തീരുമ്പോൾ സ്നേഹവും തീർന്നെന്നിരിക്കാം. ഒരാൾക്കു് പുത്തനായി എന്തെങ്കിലും നന്മ ലഭിച്ചാൽ, അപ്പോൾ മാത്രം സ്നേഹവും, ബഹുമാനവും, അംഗീകാരവും നല്കുന്നതു കാണാം.



www.malankaralibrary.com

ഒരു കഥ കേട്ടിട്ടുണ്ട്. ഒരിടത്ത് പാവപ്പെട്ട ഒരു ചാക്കോ ഉണ്ടായിരുന്നു. പണമില്ലാതിരുന്നതിനാൽ ചാക്കോയ്ക്ക് വിലയും നിലയുമില്ലായിരുന്നു. അന്നൊരുനാൾ ചാക്കോയ്ക്ക് ഒരു ലോട്ടറിയടിച്ചു. ഇരുപത്തഞ്ചുലക്ഷം രൂപാ ! പെട്ടെന്ന് ആ വെറും ചാക്കോ ആളുകളുടെ നാവിൽ 'ചാക്കോച്ചേട്ടനായി', 'ചാക്കോസാറായി', 'ചാക്കോമുതലാളി'യായി. ചാക്കോമുതലാളി പുറത്തേയ്ക്കിറങ്ങുമ്പോൾ ആൾക്കാർ വന്ദനം പറയാൻ തുടങ്ങി. 'മുതലാളി, നമസ്കാരം', 'ചാക്കോ സാറേ, വന്ദനം' ഇതു കേൾക്കുമ്പോളൊക്കെ ചാക്കോ മുതലാളി പറയും. "പറഞ്ഞേക്കാം, പറഞ്ഞേക്കാം". ഇതുകേട്ടവർക്കെല്ലാം സംശയം തോന്നി എന്താണ് ഈ 'പറഞ്ഞേക്കാം, പറഞ്ഞേക്കാം' എന്നു പറയുന്നതിന്റെ അർത്ഥം? ഒരാൾ ചോദിച്ചു. "എന്താണ് മുതലാളി ഇങ്ങനെ പറഞ്ഞേക്കാം പറഞ്ഞേക്കാം എന്നു പറയുന്നതിന്റെ അർത്ഥം"? അപ്പോൾ മുതലാളി പറഞ്ഞു: "ഞാൻ പാവപ്പെട്ടവനായിരുന്നപ്പോൾ ആരും എന്നോട് വന്ദനം പറഞ്ഞില്ല. പണം കിട്ടിയപ്പോൾ നിങ്ങൾ വന്ദനം പറയുന്നു. അപ്പോൾ നിങ്ങൾ എനിക്കല്ല ആ പണത്തിനാണ് വന്ദനം പറയുന്നത്. ഞാൻ വീട്ടിൽ ചെല്ലുമ്പോൾ നിങ്ങൾ നൽകിയ വന്ദനങ്ങളെല്ലാം ആ പണത്തോടു പറഞ്ഞേക്കാം എന്നാണ് ഞാൻ പറഞ്ഞത്".

സൗന്ദര്യമോ, ശക്തിയോ, പണമോ, സൽസ്വഭാവമോ ഒക്കെ കണ്ടുകൊണ്ടായിരിക്കാം മനുഷ്യർ ഒരാളെ സ്നേഹിക്കുന്നത്. ദൈവം സ്നേഹിക്കുന്നതാകട്ടെ ഈ നന്മകൾ കണ്ടുകൊണ്ടല്ല, നന്മകൾ നൽകിക്കൊണ്ടാണ്. ആരുടേയും സൗന്ദര്യം കണ്ടുകൊണ്ടല്ല, സൗന്ദര്യം നൽകിക്കൊണ്ടാണ് ദൈവം സ്നേഹിക്കുന്നത്. ആരുടേയും ശക്തിയും ബുദ്ധിയും കണ്ടുകൊണ്ടല്ല, അവ നൽകിക്കൊണ്ടാണ് ദൈവം സ്നേഹിക്കുന്നത്. ആരുടേയും സൽസ്വഭാവം കണ്ടുകൊണ്ടല്ല, ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കു നൽകി വിശുദ്ധരാക്കിക്കൊണ്ടാണ് ദൈവം മനുഷ്യരെ സ്നേഹിക്കുന്നത്. എന്റെ സൽപ്രവൃത്തികൾ കണ്ടുകൊണ്ടല്ല, ദൈവത്തിന്റെ നിരന്തരമായ സൽപ്രവൃത്തികളിൽ ചേർന്നു പ്രവർത്തിക്കാൻ അവസരം നൽകിക്കൊണ്ട് ദൈവം എന്നെ സ്നേഹിക്കുകയാണ്.

എന്റെ ഇല്ലായ്മയുടെ ആഴത്തിലേക്ക്
അങ്ങയുടെ ഉള്ളായ്മയുടെ പ്രവാഹം നിറച്ചു
കൊണ്ട് അങ്ങ് എന്നെ സ്നേഹിക്കുന്നു. ദൈ



www.malankaralibrary.com

വമേ അങ്ങ് എന്നെ സ്നേഹിക്കുന്നതിനാലാണ് ഞാൻ സ്നേഹയോഗ്യനായിത്തീരുന്നത്. അതിനാലാണ് എന്നിൽ നന്മകൾ നിറയുന്നത്. എന്നിലെ നന്മകൾ കണ്ടുകൊണ്ട് ചില മനുഷ്യർ എന്നെ സ്നേഹിച്ചെന്നിരിക്കാം. അവർ എന്നെ സ്നേഹിക്കുവാൻ കാരണം, ദൈവമേ അങ്ങ് എന്നെ ആദ്യം സ്നേഹിച്ചു എന്നതാണ്. അങ്ങയുടെ കൈകൾ പിൻവലിച്ചാൽ, എന്നിലേയ്ക്കൊഴുകുന്ന അങ്ങയുടെ നന്മയുടെ പ്രവാഹം അവസാനിച്ചാൽ പിന്നെ ഞാൻ ശൂന്യത മാത്രമാണ്. ആരും എന്നെ സ്നേഹിക്കയില്ല. ദൈവമേ, അങ്ങേയ്ക്കു് എന്നോടുള്ള അടിസ്ഥാന സ്നേഹവും ആദ്യസ്നേഹവുമാണ് എനിക്കുണ്ടായ സകല നൻമകളുടേയും അടിസ്ഥാനം. സ്ഥാനമോ, മാനമോ, ജീവനോ, ആരോഗ്യമോ, ശക്തിയോ, അധികാരമോ ഒന്നും എന്റെ സ്വന്തമല്ല. എല്ലാം അങ്ങയുടെ സ്നേഹത്താൽ അങ്ങ് നൽകിക്കൊണ്ടിരിക്കുന്നവമാത്രം. ഞാൻ അങ്ങയോട് അനുസരണമുള്ളവനായി ഐക്യപ്പെട്ടു നിൽക്കുമെങ്കിൽ വളരെയധികമായി അങ്ങ് എന്നെ അങ്ങയോട് ഒന്നിപ്പിക്കുമെന്ന് ഞാനറിയുന്നു. ഞാൻ ഒന്നിനും കുറവില്ലാത്ത സ്ഥിതിയിലെത്തുവാൻവേണ്ടി, അങ്ങയിൽ ഒന്നാകുവാൻ എന്നെ വിളിച്ചിരിക്കുന്നതോർത്ത് ഞാൻ ആനന്ദിക്കുന്നു. ദൈവമേ, ഞാൻ അങ്ങയെ മറക്കുവാനും സൃഷ്ടികളിൽ അങ്ങു വിതറിയ സൃഷ്ട നന്മകളുടെ ബാഹ്യപ്രകടനത്തിൽ മാത്രം ആമഗ്നനായി എന്റെ ബുദ്ധിയും മനസ്സും ഹൃദയവും ഇരുളുവാനും ഇടയാകരുതേ. എവിടെ നോക്കിയാലും എന്തു കണ്ടാലും അങ്ങയിലേയ്ക്കു് ബുദ്ധിയും മനസ്സും ഹൃദയവും ഞൊടിയിടകൊണ്ട് പറന്നുയരാൻ ഇടയാക്കണമേ. സൃഷ്ടികളിൽ പ്രകാശിക്കുന്ന അങ്ങയുടെ നന്മയും അവയോടുള്ള അങ്ങയുടെ സ്നേഹവുമോർത്ത് അങ്ങയെ സ്തുതിക്കുവാൻ ഇടയാക്കണമേ. നിർമ്മലമായ, നിസ്വാർത്ഥമായ അങ്ങയുടെ സ്നേഹത്താൽ സ്നേഹിച്ചു സ്നേഹിച്ച് നന്മ നൽകി നല്ലി ഇല്ലായ്മയിൽ നിന്നും പാപത്തിൽ നിന്നും ഞങ്ങളെ അങ്ങയുടെ മഹത്വത്തിലേയ്ക്കും നന്മയിലേയ്ക്കും ഉയർത്തുന്നതോർത്ത് ഞാൻ അങ്ങയെ സ്തുതിക്കുന്നു. നിരന്തരം സ്തുതിക്കുവാൻ അനുഗ്രഹിക്കണമേ.



www.malankaralibrary.com

# 5

# ദൈവസ്നേഹം നമ്മുടെ അടിസ്ഥാനസ്നേഹമാകുമ്പോൾ ദൈവം നമ്മിലൂടെ ജയജീവിതം തുടങ്ങും

നമ്മിലേക്ക വരുന്ന ദൈവത്തെ നമ്മൾ പൂർണ്ണമായി സ്വീകരിച്ചു കഴിയുമ്പോൾ നമ്മൾ സ്നേഹദൈവത്തിന്റെ രഥങ്ങളായിത്തീരും. ദൈവം നമ്മിലൂടെ സഹോദരങ്ങളെ അനുഗ്രഹിക്കും.

സകല സ്വാർത്ഥ സ്നേഹത്തിൽ നിന്നും വിമോചനം നേടിയാൽ മാത്രമേ ദൈവസ്നേഹം പ്രകാശിക്കുന്നവരായി നമ്മൾ രൂപാന്തരപ്പെടുകയുള്ളൂ. പഞ്ചേന്ദ്രിയങ്ങൾക്കും മനസ്സിനും താല്പര്യമുള്ള വിഷയങ്ങളിൽ ഒട്ടിപ്പിടിക്കുന്ന സ്നേഹത്തെ ആശാപാശം (attachment) എന്നു പറയാറുണ്ട്. സകലതും പരിത്യജിച്ച് കുരിശെടുക്കാൻ മനസ്സായാൽ മാത്രമേ യേശുവിന്റെ സ്നേഹജയജീവിതം ജീവിക്കുവാൻ സാധിക്കുകയുള്ളൂ. പരിത്യജിക്കുക എന്നു പറയുമ്പോൾ ആ വിഷയങ്ങളിൽ മനസ്സിനുള്ള ഒട്ടിപ്പിടിക്കുന്ന താല്പര്യം വിട്ട് ദൈവസ്നേഹത്തിൽ മാത്രം അവയെ സ്നേഹിക്കുക എന്നാണർത്ഥം.

നമ്മുടെ അടിസ്ഥാന സ്നേഹം ഏതെങ്കിലും വിഷയത്തോടുള്ള ഒട്ടിപ്പിടിക്കുന്ന സ്നേഹം ആയിരിക്കുമ്പോൾ നമ്മൾ അതിന് അടിമപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള സ്നേഹത്തിൽ നിന്ന് വിമോചനം നേടാനുള്ള കുരിശെടുക്കണം. ദൈവസ്നേഹം നമ്മുടെ അടിസ്ഥാനസ്നേഹമാകുമ്പോൾ നമ്മെ ഉപദ്രവിക്കുന്നവരെപ്പോലും സ്നേഹിക്കുവാൻ ആവശ്യമായ കുരിശ് എടുക്കുവാൻ നമുക്ക് കഴിയും. ദൈവത്തിന്റെ സ്നേഹം നമ്മിലൂടെ പ്രകാശിച്ചാൽ മാത്രമേ മറ്റുള്ളവരെ ദൈവത്തിലേക്ക് ആനയിക്കാൻ സാധിക്കൂ. അതിനുവേണ്ടി നമ്മിലെ സ്വന്തമായ സകല വ്യർത്ഥതാല്പര്യങ്ങളെയും ത്യജിക്കണം. മാത്രമല്ല ദൈവ



www.malankaralibrary.com

സ്നേഹം അടിസ്ഥാന സ്നേഹമായിത്തീരാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും യേശുനാഥനു നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യണം. അപ്പോൾ യേശുനാഥൻ തന്റെ സ്നേഹാത്മാവിനെ നമ്മിൽ നിക്ഷേപിക്കുകയും നമ്മിലൂടെ തന്റെ സ്നേഹജീവിതം തുടരുകയും ചെയ്യും. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവം തന്നെ നമ്മിൽ വസിച്ച് നമ്മിലൂടെ എല്ലാവരെയും തന്റെ പരിശുദ്ധ സ്നേഹത്തിൽ സ്നേഹിക്കും. ദൈവത്തിന്റെ പ്ലാൻ അനുസരിച്ച് നമ്മിലൂടെ ആർക്കെല്ലാം ഏതെല്ലാം സ്നേഹസേവനം ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നുവോ അതിനു നമ്മെ ദൈവത്തിനു വിട്ടുകൊടുക്കും. എനിക്ക് എന്തുകിട്ടും, എന്തു നഷ്ടപ്പെടും എന്ന ചിന്തകൾ അസ്തമിക്കും. ദൈവമഹത്വം എല്ലായിടത്തും എല്ലാവരിലും നിറയുവാൻ ദൈവം എന്നിലൂടെ എന്തുചെയ്യാൻ ആഗ്രഹിക്കുന്നു എന്നുമാത്രം ചിന്തിക്കും. നമ്മുടെ മനസ്സിന്റെയും ശരീരത്തിന്റെയും തെറ്റായ താല്പര്യങ്ങളെ ത്യജിക്കുകയും ദൈവം നമ്മിലൂടെ പ്രകാശിക്കുവാൻ സമ്മതിക്കുകയും ചെയ്യുമ്പോൾ നമ്മൾ ഇല്ലാതാവുകയല്ല, നമ്മുടെ അടിസ്ഥാനസ്നേഹത്തിനു മാറ്റമുണ്ടായി നമ്മൾ ദൈവം പ്രകാശിക്കുന്ന വ്യക്തികളായി രൂപാന്തരപ്പെടുകയാണ് ചെയ്യുന്നത്. ദൈവം നമ്മിൽ പ്രകാശിക്കുമ്പോൾ, നമ്മിലൂടെ ദൈവത്തിന്റെ പ്രകാശ സ്നേഹം - മായമില്ലാത്ത സ്നേഹം - കാണപ്പെടുമ്പോൾ, നമ്മിൽ ദൈവത്തെ കാണാൻ തുടങ്ങും. ദൈവം നമ്മിലൂടെ അനേകായിരങ്ങളെ ഈ സ്നേഹരാജ്യത്തിന്റെ മഹത്വത്തിലേക്ക് ആകർഷിക്കും. മായമില്ലാത്ത പരിശുദ്ധ സ്നേഹം ദൈവസ്നേഹം തന്നെയാണ്. ദൈവസ്നേഹമെന്നാൽ ദൈവം സ്നേഹിക്കുന്ന സ്നേഹം എന്നർത്ഥം.

## പരിശുദ്ധ സ്നേഹത്തിലൂടെ ദൈവത്തെ കാണിച്ചവർ

ഒരു സംഭവം കേട്ടിട്ടുണ്ട്. ഒരിക്കൽ മദർതെരേസാ, കൽക്കട്ടായിലെ ഒരു തെരുവിൽ നിരാലംബനായിക്കിടന്ന ഒരു വൃദ്ധബ്രാഹ്മണനെ എടുത്തുകൊണ്ടുവന്നു ശുശ്രൂഷിച്ചു. ആ വൃദ്ധനു സംസാരിക്കാറായപ്പോൾ അദ്ദേഹം മദറിനോടു ചോദിച്ചു. ''അമ്മേ, അമ്മയുടെ ദൈവം ആരാണമ്മേ?'' അദ്ദേഹം ചിന്തിച്ചിരിക്കാം, തനിക്ക് യാതൊരു ആകർഷകത്വവുമില്ലാതിരിക്കെ, തന്നിൽനിന്നു യാതൊന്നും കിട്ടുമെന്നു പ്രതീക്ഷിക്കാതെ തന്നെ ഇത്രയേറെ സ്നേഹിച്ച് ശുശ്രൂഷിക്കുവാൻ ഈ അമ്മയെ പ്രേരിപ്പിച്ച സ്നേഹം ആരു കൊടുത്തതാണ്? അദ്ദേഹമാണ് സത്യദൈവം. പല പ്രാവശ്യം ചോദിച്ചപ്പോൾ മദർ



www.malankaralibrary.com

പറഞ്ഞു "കുരിശിലെ യേശുവാണ്" എന്റെ ദൈവം. പാപികളേയും പാവങ്ങളേയും സ്നേഹിച്ച്, എല്ലാവർക്കും കൃപയുടെ സ്നേഹം മുഴുവനായി നല്കി, എല്ലാവർക്കുംവേണ്ടി കുരിശിൽ മരിച്ച യേശുവാണ് എന്റെ ദൈവം". അതു കേട്ടപ്പോൾ ആ ബ്രാഹ്മണൻ പറയുകയാണ് "അമ്മേ അവനാണമ്മേ സത്യദൈവം".

ദൈവത്തിന്റെ കൃപയുടെ സ്നേഹം, ഉപാധിയുടെ സ്നേഹം, മായമില്ലാത്ത സ്നേഹം, പ്രകാശസ്നേഹം മനുഷ്യരിലൂടെ പ്രത്യക്ഷപ്പെടുമ്പോൾ, അവരിലൂടെ ദൈവത്തെ കാണാൻ സാധിക്കുന്നു. ദൈവത്തിന്റെ സ്നേഹം അറിഞ്ഞു് ആസ്വദിച്ച് ആ സ്നേഹംകൊണ്ടു നിറഞ്ഞുകവിയുന്നവർ നമ്മുടെ കണ്ണുകളിലേക്കു് നോക്കി "ദൈവം നിന്നെ സ്നേഹിക്കുന്നു" എന്ന സത്യം പറഞ്ഞുതരുമ്പോൾ അതു് മനസ്സിന്റെ ആഴത്തിലേക്കു പതിയുന്നു. മറെറാരു സംഭവം പറയാം. അമേരിക്കയിലെ തെരുവുകളിൽ കൊലയും കൊള്ളിവയ്പുമായി നടന്ന കുറെ ചെറുപ്പക്കാരുടെ ഒരു ഗൂഢസംഘമുണ്ടായിരുന്നു. അവരെ മാനസാന്തരപ്പെടുത്തുവാൻ ഡേവിഡ് വിൽക്കേഴ്സൻ എന്നൊരു പാസ്ററർ ഇറങ്ങി പുറപ്പെട്ടു. ആ കൊള്ള സംഘത്തിലുള്ളവരേയും ദൈവപിതാവു് കൃപയുടെ സ്നേഹത്തിൽ ഇപ്പോഴും സ്നേഹിക്കുന്നുവെന്നും ദൈവത്തിലേയ്ക്കു് അവരെ യോജിപ്പിച്ച് ഒന്നാക്കുവാൻ വിളിച്ചുകൊണ്ടിരിക്കുകയാണെന്നും അവരെ ദൈവത്തിന്റെ ഈ വലിയ സ്നേഹം അറിയിക്കാൻ അവരുടെ പക്കലേക്കു് പോകണമെന്നു് ദൈവം ആവശ്യപ്പെടുന്നെന്നും ഡേവിഡ് വിൽക്കേഴ്സണു് തോന്നി. അവരുടെ ഒരു ഒളിസ്ഥലത്തേക്കു് ഒരിക്കൽ ഈ പാസ്ററർ കടന്നുചെന്നു. അവിടെ തോക്കു്, വാൾ, ഇടികട്ട, സൈക്കിൾചെയിൻ, മുതലായ മാരകായുധങ്ങൾ സംഭരിച്ചു വെച്ചിട്ടുണ്ട്. നിയന്ത്രണമില്ലാതെ ജീവിക്കുന്ന പത്തുമുന്നൂറു് ചെറുപ്പക്കാരും. അവരുടെ ഇടയിലേയ്ക്കാണ്, 'ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടിനെപ്പോലെ' അദ്ദേഹം കടന്നു ചെല്ലുന്നതു്. പാപികളായ മനുഷ്യർക്കു നന്മ നൽകി നൽകി അവരെ വളർത്താനാഗ്രഹിക്കുന്ന ദൈവത്തിന്റെ സ്നേഹത്തെപ്പററി ഉറപ്പുള്ള ഹൃദയത്തോടെ, ആ സ്നേഹത്തെ വിവരിക്കുന്ന ബൈബിൾ കൈയിൽ മുറുകെ പിടിച്ചുകൊണ്ടു് അദ്ദേഹം അവരുടെ ഇടയിലേയ്ക്കു് കടന്നുചെന്നു!

നിക്കിക്രൂസ് എന്നു പേരുള്ള ഒരു ബലിഷ്ഠകായനായ ചെറുപ്പക്കാരനായിരുന്നു അവരുടെ നേതാവു്. ആ



www.malankaralibrary.com

യാറം ഒരു കസേരയിൽ കിടക്കുകയായിരുന്നു. ഡേവിഡ് വിൽക്കേഴ്സൻ അവൻെറ അരികിലേക്ക് മന്ദം മന്ദം നടന്നടുത്തു.

''മോനേ, നിക്കിക്രൂസേ....'' അവനെ സ്നേഹപൂർവ്വം വിളിച്ചു.

നിക്കിക്രൂസ് ചാടിയെഴുന്നേററ് തോക്കെടുത്തു ചൂണ്ടിക്കൊണ്ടു ചോദിച്ചു: ''താൻ ആരോടു ചോദിച്ചിട്ട് ഇവിടെ കയറിവന്നു? എന്തിനിവിടെ കടന്നുവന്നു....?''

''മോനേ യേശു നിന്നെ സ്നേഹിക്കുന്നു. ഞാനും നിന്നെ സ്നേഹിക്കുന്നു. ഇക്കാര്യം നിന്നെ അറിയിക്കാൻ വന്നതാണ്''.

അച്ചൻ ഒരു തുപ്പുകൊടുത്തു.

തുപ്പലേററിട്ടും അദ്ദേഹം ക്ഷോഭിക്കാതെ പറഞ്ഞു: ''സാരമില്ല മോനേ, ഇപ്പോഴും യേശു നിന്നെ സ്നേഹിക്കുന്നു''.

അതുകേട്ട് നിക്കി പറഞ്ഞു.''എനിക്കാരുടെയും സ്നേഹം വേണ്ട. ഇനി ഒരക്ഷരം മിണ്ടരുത്. തിരിഞ്ഞു നടക്കൂ. അല്ലെങ്കിൽ നിന്നെ ഞാൻ പുകച്ചുകളയും. നിന്നെ ഞാൻ നുറുക്കിനുറുക്കി നിൻെറ മാംസക്കഷണങ്ങൾ ന്യൂയോർക്കിലെ തെരുവുകളിൽ വിതറും. ഉം! തിരിഞ്ഞു നടക്കൂ.''

ഡേവിഡ് വിൽക്കേഴ്സൻ തിരിഞ്ഞു നടന്നു. അൽപം നടന്നതിനുശേഷം തിരിഞ്ഞുനിന്ന് അവനോട് പറഞ്ഞു.

''മോനേ, നിനക്ക് എൻെറ മാംസക്കഷണങ്ങൾ നുറുക്കി നുറുക്കി ന്യൂയോർക്കിലെ തെരുവുകളിൽ വിതറാൻ കഴിയും. എന്നാൽ എൻെറ ഓരോ മാംസക്കഷണവും അവിടെക്കിടന്ന് അപ്പോഴും വിളിച്ചുപറയും:

''മോനേ നിക്കിക്രൂസേ, ഇപ്പോഴും യേശു നിന്നെ സ്നേഹിക്കുന്നു. ഞാനും നിന്നെ സ്നേഹിക്കുന്നു''. ഇത്രയും പറഞ്ഞിട്ട് ഡേവിഡ് വിൽക്കേഴ്സൻ കടന്നുപോയി.



www.malankaralibrary.com

ആ വാക്കുകൾ നിക്കിക്രൂസിന്റെ ഉള്ളിൽത്തട്ടി. അവൻ കസേരയിലേക്ക് ചാരിയിരുന്നു. അവൻ അത്ഭുതപ്പെട്ടു പോയി. കൊല്ലുമെന്നും വെട്ടിനുറുക്കുമെന്നും പറഞ്ഞിട്ടും അയാൾ പറയുന്നു, ''ഇപ്പോഴും യേശു നിന്നെ സ്നേഹിക്കുന്നുവെന്ന്.''

ഈ സ്നേഹയാഥാർത്ഥ്യം അവന്റെ ഹൃദയത്തെ പിടിച്ചുകുലുക്കി. കുറേക്കാലം കഴിഞ്ഞ് അവൻ മാനസാന്തരപ്പെട്ടു. ഇന്ന് വടക്കേ അമേരിക്കയിലാകെ, യേശുവിന്റെ സ്നേഹസന്ദേശവുമായി ഓടിനടക്കുന്ന ഒരു സുവിശേഷകനായിത്തീർന്നിരിക്കുകയാണ് ആ നിക്കിക്രൂസ്.

നമുക്കോരോരുത്തർക്കും ഈ ദൈവസ്നേഹാനുഭവം ലഭിക്കേണ്ടതുണ്ട്. എന്നെ മുഴുവനായി അറിഞ്ഞു സ്നേഹിക്കുന്ന ഒരു ദൈവപിതാവുണ്ട്. ദൈവത്തിന്റെ സ്നേഹം എന്നിലേക്ക് സദാ ഒഴുകിക്കൊണ്ടിരിക്കുന്നു. ഇക്കാര്യം അനുഭവപ്പെടാനായി പ്രാർത്ഥിക്കുക.



www.malankaralibrary.com

# 6

# സദാ ദൈവസ്നേഹം കണ്ടെത്താനുള്ള നാലു വഴികൾ

പുതിയ പുതിയ സമ്മാനങ്ങളുമായി ദൈവം സദാ നമ്മുടെ പക്കലേക്കു വരുന്നു. നമ്മിൽ വസിച്ച് മഹത്വപ്പെടുത്തി വളർത്തുന്നു. ദൈവത്തിന്റെ ജോലിയിൽ പങ്കു തരുന്നു. ശുശ്രൂഷിച്ച സ്നേഹിക്കുന്നു.

മാററമില്ലാത്ത വലിയസ്നേഹത്തോടെ ദൈവം നമ്മെ വിളിക്കുകയാണ്. ''ഞാൻ എന്നെ മുഴുവൻ നിനക്കു നല്കുന്നതു സ്വീകരിച്ച് എന്റെ ജീവനോട് ഒന്നായിത്തീർന്ന് എന്റെ നന്മയിൽ ആനന്ദിക്കുവാൻ വരു–വരു.'' ആ വിളി തുടർന്നുകൊണ്ടിരിക്കുന്നു. നിലയ്ക്കാത്ത, നിറുത്താത്ത ആ സ്നേഹപ്രവാഹം നമ്മിലേക്ക് സദാ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ദൈവം നമ്മെ സ്നേഹിക്കുന്ന ഈ വലിയ സ്നേഹത്തിന്റെ അനുഭവവും ദൈവസാന്നിദ്ധ്യവും എപ്പോഴും ആസ്വദിക്കുവാനുതകുന്ന നാലു വഴികൾ വിശുദ്ധ ഇഗ്നേഷ്യസ് ലയോള പറഞ്ഞുതരുന്നുണ്ട്. ഒരു സൈനികമേധാവിയായിരുന്ന അദ്ദേഹം മാനസാന്തരപ്പെട്ടശേഷം ഒരു മാസക്കാലം ധ്യാനപൂർവ്വം പ്രാർത്ഥിച്ചിരുന്നു. ആ ധ്യാനത്തിന്റെ അന്തിമദിനത്തിൽ അദ്ദേഹത്തിന് കിട്ടിയ അനുഗ്രഹമാണ്, എപ്പോഴും ദൈവസാന്നിദ്ധ്യവും ദൈവസ്നേഹവും കാണുവാനുള്ള വഴികൾ.

## 1. സദാ ദൈവസ്നേഹം കണ്ടെത്താനുള്ള ഒന്നാമത്തെ വഴി

എപ്പോഴും പുതിയ പുതിയ സമ്മാനങ്ങൾ നൽകിക്കൊണ്ട് ദൈവം നമ്മെ സ്നേഹിക്കുന്നു. പുതിയ പുതിയ നന്മകൾ, ആഹാരം, വായു, ബന്ധുക്കളുടെ സ്നേഹപ്രകടനങ്ങൾ, വെളിച്ചം, രോഗശാന്തികൾ, മരുന്നുകൾ, അറിവുകൾ, അനുഭവങ്ങൾ..ഓരോന്നും, നമ്മെ ഓരോ പടികൂടി



www.malankaralibrary.com

വളർത്തുവാൻ ദൈവം നൽകുന്ന സ്നേഹ സമ്മാനങ്ങളാണ്. ചിലപ്പോൾ ചില വിമർശനങ്ങൾ കേൾക്കുവാൻ ഇടയാകുന്നതുപോലും ദൈവം നമ്മുടെ വളർച്ചയ്ക്കുവേണ്ടി അനുവദിക്കുന്ന സ്നേഹദാനങ്ങളാണെന്ന് പിന്നീട് മനസ്സിലാകും. ഞാൻ എത്രമാത്രം അവബോധത്തിലെത്തിയാലും ദൈവം ഓരോ നിമിഷവും എന്തെല്ലാം സ്നേഹസമ്മാനങ്ങളാണ് എനിക്ക് നല്കിക്കൊണ്ടിരിക്കുന്നതെന്ന് പൂർണ്ണമായി എണ്ണിയെണ്ണി മനസ്സിലാക്കാൻ സാധിക്കുകയില്ല. ദൈവത്തിന്റെ അനന്തമായ ശ്രീഭണ്ഡാരത്തിൽ നിന്ന് ദൈവം നേരിട്ടും മററ് സൃഷ്ടികളിൽക്കൂടിയും പുതിയ പുതിയ നന്മകൾ നമുക്ക് സദാ നല്കിക്കൊണ്ടിരിക്കുന്നു. നമുക്കു കിട്ടുന്ന ഓരോ നന്മയുടെയും അടിസ്ഥാനകാരണം ദൈവത്തിന്റെ സ്നേഹതീരുമാനമാണ്. സത്യബോധത്തോടുകൂടിയും, എളിമയോടുകൂടിയും, ദൈവം നൽകുന്നവയെപ്പററി നന്ദിയോടെ ചിന്തിക്കുന്നവർക്ക് ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെപ്പററി ബോദ്ധ്യം വരും.

## 2. സദാ ദൈവസ്നേഹം കണ്ടെത്താനുള്ള രണ്ടാമത്തെ വഴി

ദൈവം നമ്മിൽ വസിച്ചുകൊണ്ട് നമ്മെ സ്നേഹിക്കുന്നു. ദൈവപിതാവു യേശുവിലൂടെ പരിശുദ്ധാത്മാവിനെ തന്നുകൊണ്ട് തന്റെ ജീവനും സാന്നിദ്ധ്യവും നമ്മുടെ ആത്മാവിലേക്കു നല്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ ആത്മാവിന്റെ ജീവൻ ദൈവജീവനാണ്. ദൈവജീവനുള്ളിടത്ത് ദൈവംതന്നെ വസിക്കുന്നു. ദൈവത്തിന്റെ ജ്ഞാനത്തിലും സ്നേഹത്തിലും നമുക്ക് ഭാഗഭാഗിത്വമുള്ളപ്പോൾ ദൈവം നമ്മിൽ ചേർന്നു വസിക്കുന്നു. എന്റെ ജീവനുള്ള ഭാഗത്തെല്ലാം ഞാനുണ്ട്. എന്റെ ഒരു അവയവം എന്നിൽ നിന്നും വിച്ഛേദിക്കപ്പെട്ടാൽ അതിൽ എന്റെ ജീവനില്ല. അതിൽ ഞാൻ വസിക്കുന്നില്ല. അതുപോലെ ദൈവജീവൻ സ്വീകരിച്ചവരിലെല്ലാം ദൈവം അവരോട് ഒന്നായി വസിക്കുന്നു. ദൈവം അവരെയെല്ലാം തന്റെ അവയവങ്ങളായി സ്വീകരിച്ചിരിക്കുന്നു എന്നു പറയാം. ദൈവിക കൂട്ടായ്മയിലുള്ള ഐക്യമെന്നോ, ത്രിത്വത്തിലുള്ള ഐക്യമെന്നോ ഇതിനെ പരിഗണിക്കാം. ആ സ്ഥിതിയിലെത്തുമ്പോൾ അവരുടെ അനുഭവങ്ങളിൽ ദൈവം പങ്കുചേരുന്നതായി അനുഭവപ്പെടും. അവരുടെ വേദന ക്രിസ്തുവിന്റെ തന്നെ വേദനയായിത്തീരുന്നു. ക്രിസ്ത്യാനികളെ ഉപദ്രവിച്ച സാവൂളിനോട് ക്രിസ്തു



www.malankaralibrary.com

ചോദിച്ചതു്, ''നീ എന്താണ്' എന്റെ അനുയായികളെ ഉപദ്രവിക്കുന്നതു്'' എന്നല്ല, ''എന്താണ് എന്നെ ഉപദ്രവിക്കുന്നതു്'' എന്നാണ്. ''ഞാൻ വിശക്കുന്നവനെപ്പോലെ നിങ്ങളുടെ അരികിൽ വന്നു'' എന്നല്ല, ''എനിക്കു വിശന്നു; നിങ്ങളെനിക്കു് ഭക്ഷിക്കാൻ തന്നു (ഇല്ല)'' എന്നാണു് പറയുന്നതു്. ദൈവത്തിന്റെ ജീവൻ സ്വീകരിച്ചവരോടു് ദൈവം ഒന്നായിത്തീരുന്നു. നമ്മുടെ ഓരോരുത്തരുടേയും സ്വന്തമായ ജീവിതത്തിലേയ്ക്കു് ദൈവജീവൻ നൽകിക്കൊണ്ടു് നമ്മെ ദൈവത്തോടു് ഒന്നാക്കിക്കൊണ്ടു് ദൈവം നമ്മിൽ വസിച്ചു് ദൈവത്തിന്റെ നന്മകളാൽകൊണ്ടു് നമ്മുടെ ഇല്ലായ്മയെ നികത്തുന്നു. ദൈവം എന്നിൽ വസിക്കുന്നു എന്നതു്, ദൈവത്തോടു് ജീവനിൽ ഒന്നാകുവാൻ എന്നെ അനുവദിച്ചു എന്നതു്, ദൈവത്തിനു് എന്നോടുള്ള അനന്തസ്നേഹത്തിന്റെ ഒരു രൂപം മാത്രമാണു്. ആനയേയും കുതിരയേയും കുയിലിനേയും പൂവിനേയും എല്ലാം ദൈവം സ്നേഹിക്കുന്നുണ്ടെങ്കിലും അവയോടു് ഏകജീവനാകുവാൻ ദൈവം തീരുമാനിച്ചിട്ടില്ല. നമ്മൾ സൃഷ്ടികൾ എന്ന നിലയിൽ നിന്നു് ദൈവമക്കൾ എന്ന പദവിയിലേയ്ക്കു് ഉയർത്തപ്പെട്ടു. നമ്മോടു് ഒന്നായിത്തീർന്നു് നമ്മിൽ വസിച്ചുകൊണ്ടു് ദൈവം നമ്മെ സ്നേഹിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ നമ്മൾ ജീവിക്കുമ്പോൾ, നമ്മുടെ സ്വയകേന്ദ്രീകൃത മനസ്സിൽ നിന്നല്ല തീരുമാനങ്ങളും പ്രവർത്തനങ്ങളും വരുന്നതു്. സ്വന്ത മനസ്സിന്റെയും സ്വന്ത ശരീരത്തിന്റെയും ഇഷ്ടത്തിൽ നിന്നു് പ്രവർത്തനം ജനിക്കുന്ന പാപജീവിതസ്ഥിതി അവസാനിച്ചിരിക്കുന്നു (എഫേ 2:1–3). പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലായ വ്യക്തിയുടെ പ്രവർത്തനങ്ങൾ അവന്റെ ഉള്ളിൽ വസിക്കുന്ന യേശുവിൽ നിന്നാകുന്നു വരുന്നതു്. യേശുവിന്റെ പ്രവത്തനങ്ങളോ യേശുവിൽ വസിക്കുന്ന ദൈവപിതാവിൽ നിന്നാകുന്നു വരുന്നതു്. ഇങ്ങനെ പരി. ത്രിത്വം തന്നെ ആ വ്യക്തിയിൽ വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനാൽ അയാൾ സർവ്വസമ്പന്നനായിത്തീരുന്നു. അയാൾക്കു സ്വന്തം വ്യക്തിത്വമുണ്ടു്. അതു ദൈവത്താൽ നിറഞ്ഞു പ്രകാശിക്കുന്നതായിത്തീരുന്നു. അതു് അയാളുടെ ഭാഗ്യാതിരേകമാണ്.



www.malankaralibrary.com

## 3. ദൈവസ്നേഹം കണ്ടെത്താനുള്ള മൂന്നാമത്തെ വഴി

ദൈവത്തിന്റെ പ്രവൃത്തികളിൽ പങ്കുചേരാൻ അവസരം തന്നുകൊണ്ട് ദൈവം നമ്മെ സ്നേഹിക്കുന്നു. തന്റെ ജോലികളിൽ പങ്ക നൽകുന്നത് സ്നേഹത്തിന്റെ അടയാളമാണ്. കൂട്ടായ്മയുടെ അടയാളമാണ്. ദൈവം നമ്മിൽകൂടി പ്രവർത്തിക്കുന്നു. ദൈവനാമത്തിൽ പ്രവർത്തിക്കാൻ അവകാശം തരുന്നു. ദൈവം സദാ പ്രവർത്തനനിരതനാണ്. ദൈവപുത്രന്മാരും അങ്ങനെയായിരിക്കണമെന്ന് ഈശോ പഠിപ്പിച്ചു. ദൈവത്തിന്റെ പദ്ധതികളിലും പ്രവർത്തനങ്ങളിലും പങ്കുനല്കുന്നത് ദൈവം നമ്മെ വിശ്വസിച്ചതിന്റേയും സ്നേഹിച്ചതിന്റേയും അടയാളമാണ്. താൻ സ്നേഹിച്ചവരെ തന്റെ ജോലികളിൽ പങ്കുചേരാൻ അവൻ വിളിച്ചു.

അടുക്കളപ്പണി ചെയ്യുന്ന ഒരു സഹോദരി ഒരിക്കൽ ഒരു വിഷമം എന്നോടു പറഞ്ഞു. അവർ കഴിവതും ശ്രദ്ധിച്ച് അടുക്കളജോലിചെയ്ത് ഭക്ഷണം ഉണ്ടാക്കികൊടുത്താലും അതു ഭക്ഷിച്ചതിനുശേഷം ചിലർ കുററപ്പെടുത്തി നിശിതമായി സംസാരിക്കുന്നു. അതു കേൾക്കുമ്പോൾ വലിയ വിഷമം തോന്നുന്നു. ഞാൻ ആ സഹോദരിയോടു പറഞ്ഞു. "ദൈവം ആരിൽ കൂടിയെല്ലാം അദ്ധ്വാനിച്ചു രൂപപ്പെടുത്തിയാണ് ഭക്ഷണസാധനങ്ങൾ ഒരാളുടെ മുമ്പിൽ വിളമ്പുന്നത്. പാടത്ത് ധാന്യം വിതച്ചവർ തുടങ്ങി, അടുക്കളയിൽ പാകം ചെയ്യുന്നവർവരെ, ആരെയെല്ലാമാണ് ആ ആഹാരം രൂപപ്പെടുത്താൻ ദൈവത്തിന്റെ സഹപ്രവർത്തകരായി ദൈവം സ്വീകരിച്ചത്? അങ്ങനെയുണ്ടാക്കിയ ആഹാരം ചില മക്കളുടെ മുമ്പിൽ വിളമ്പുമ്പോൾ അവർ നിന്ദ കാണിക്കുന്നു. എങ്കിലും ദൈവം നിന്ദ അവഗണിക്കുന്നു. പിന്നെയും അവരെ സ്നേഹിച്ച് അവക്ക് നന്മ ചെയ്യുന്നു. ദൈവത്തിന്റെ സഹപ്രവർത്തകയാകുവാൻ ദൈവം സഹോദരിയെ വിളിച്ചതുകൊണ്ടാണ് അടുക്കളയിൽ പണിയുവാൻ സാധിച്ചതു്. സഹോദരിയുടെ ഉള്ളിലിരുന്നു പ്രവർത്തിച്ചതു ദൈവമാണ്. ദൈവമാണ് അടുക്കളയിലെ പ്രധാന പ്രവർത്തകൻ. ദൈവത്തോടുകൂടെ പ്രവർത്തിച്ചതുകൊണ്ടാണ് ദൈവം ഏല്ക്കുന്ന നിന്ദയുടെ ഒരു ഭാഗം ഏല്ക്കേണ്ടിവന്നത്. നിന്ദ അവഗണിച്ചുകൊണ്ട് ദൈവം അവരെ സ്നേഹിക്കുന്നു. ആ സ്നേഹത്തിൽ സഹോദരിയും പങ്കുചേരുക. ദൈവത്തോടുകൂടി സ്നേഹപൂർവ്വം പാചകം തുടരുക.



www.malankaralibrary.com

നമ്മൾ ദൈവത്തിൻെറ സഹപ്രവർത്തകരായി, ദൈവത്തിൻെറ നിർദ്ദേശമനുസരിച്ച് ജോലി ചെയ്യുമ്പോഴും, ദൈവം നമ്മിലൂടെ പ്രവർത്തിക്കുമ്പോഴും നാം ദൈവത്തിൽ വളരുകയാണ്, ദൈവത്തോടു യോജിക്കുകയാണ്.

ഒരിക്കൽ ഇക്കാര്യം പറഞ്ഞപ്പോൾ ഒരാൾ ചോദിച്ചു. ''അച്ചാ, ദൈവമാണ് എല്ലാത്തിൻെറയും ഒന്നാമത്തെ പ്രവർത്തകനെങ്കിൽ, വണ്ടിയോടിക്കുന്നതും ദൈവമാണല്ലോ? പിന്നെന്താ ചില വണ്ടികൾ മറിയുന്നത്?'' അതിനുള്ള ഉത്തരം എനിക്കു തോന്നുന്നത്, ചിലർ വണ്ടിയോടിക്കുന്നത്, ദൈവത്തെ ഒന്നാമത്തെ പ്രവർത്തകനായി അംഗീകരിച്ചുകൊണ്ടല്ല. അവർ ദൈവത്തിൻെറ സഹപ്രവർത്തകരായിട്ടല്ല വണ്ടി ഓടിക്കുന്നത്. ''ഞാൻ വണ്ടിയോടിച്ചുകൊള്ളാം. ദൈവം നോക്കിനിന്നാൽ മതി,'' എന്ന മട്ടിലാണ്. അവർ ദൈവത്തെ ഒന്നാമത്തെ പ്രവർത്തകനാക്കുന്നില്ല. അപ്പോഴാണ് വണ്ടി മറിയുന്നത്. നമ്മുടെ ജീവിതമാകുന്ന വണ്ടിയുടേയും മുഖ്യ പ്രവർത്തകൻ ദൈവമായിരിക്കട്ടെ. നമ്മൾ ദൈവത്തിൻെറ സഹപ്രവർത്തകരായി മാത്രം വർത്തിക്കണം. ദൈവം പറയുന്നതു ചെയ്താൽ മതി. അപ്പോൾ ജീവിതമാകുന്ന വണ്ടിയും മറിയുകയില്ല. പ്രപഞ്ചത്തിലാകമാനമുള്ള, ദൈവത്തിൻെറ പ്രവർത്തനങ്ങളും നിയമങ്ങളും പദ്ധതികളും ലക്ഷ്യവും എന്തെന്നു മനസ്സിലാക്കി – എന്നെ എവിടെ, എങ്ങനെ സഹപ്രവർത്തകനാക്കിയിരിക്കുന്നു എന്നു മനസ്സിലാക്കി - അതു് ദൈവത്തോടുകൂടി ചെയ്തു തീർക്കുക. അപ്പോൾ വലിയ ആത്മസംതൃപ്തിയും ദൈവത്തിൽ വളരുന്നതിൻെറ അനുഭവവും ഉണ്ടാകും. ഓരോ നിമിഷവും നമുക്കോരോരുത്തർക്കും ദൈവത്തിൻെറ സഹപ്രവർത്തകരെന്ന നിലയിൽ ഒരോന്നു ചെയ്യാനുണ്ട്. അതിനാണ് ദൈവവിളി എന്നു പറയുന്നത്. അതു് എന്തെന്ന് മനസ്സിലാക്കി, അതുപോലെ ചെയ്തു്, ദൈവസാന്നിദ്ധ്യത്തിലും ദൈവകൃപയിലും വളരാം (എഫേ 2:9-10).

## 4. ദൈവസ്നേഹം കാണാനുതകുന്ന നാലാമത്തെ വഴി

ദൈവം നമ്മുടെ ദാസനായി, ശുശ്രൂഷകനായി നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. ദൈവമാണ് സകല ശുശ്രൂഷകരുടെയും അടിസ്ഥാന ശുശ്രൂഷകൻ. എനിക്ക് എന്തെങ്കിലും ശുശ്രൂഷ ആരിൽകൂടിയെങ്കിലും, കിട്ടിയിട്ടുണ്ടെങ്കിൽ, അവരിൽകൂടി ദൈവം എന്നെ ശുശ്രൂഷിച്ചു് സ്നേഹിക്കുകയായിരുന്നു എന്നോർത്തു് നന്ദി പറയാം.



www.malankaralibrary.com

പിതാവു ചെയ്യുന്നതല്ലാതെ മറെറാന്നും ചെയ്യാൻ പുത്രനു സാദ്ധ്യമല്ല എന്നു പറഞ്ഞ യേശുനാഥൻ ശിഷ്യന്മാരുടെ കാലുകൾ കഴുകിക്കൊണ്ടും ആശാരിപ്പണി ചെയ്തുകൊണ്ടും പിതാവ് സദാ നമ്മെ സ്നേഹപൂർവ്വം ശുശ്രൂഷിക്കുന്നുവെന്ന് പാവപ്പെട്ട മീൻപിടുത്തക്കാരുടെ കാലുകൾ അവൻ കഴുകി. തന്നെ ഒററിക്കൊടുക്കുന്നവൻെറ കാലുകൾ അവൻ കഴുകി. തള്ളിപ്പറയുന്നവൻെറ കാലുകൾ കഴുകി. യേശുവിൽ ദൈവപിതാവു പൂർണ്ണമായി പ്രകാശിക്കുന്നു. യേശുനാഥൻ പിതാവിനെ തന്നിൽകൂടി മുഴുവനായി കാണിക്കുവാൻ പിതാവു ചെയ്യുന്ന ശുശ്രൂഷയിലെ സ്നേഹം പ്രവൃത്തിയിലൂടെ കാട്ടിത്തന്നു. ശുശ്രൂഷിക്കപ്പെടുന്നവരിലല്ല, ശുശ്രൂഷിക്കുന്നവരിലാണ് ദൈവം കൂടുതലായി പ്രകാശിക്കുന്നത്. നമ്മൾ ദൈവജീവിതത്തിൽ വളരുമ്പോൾ ശുശ്രൂഷവഴി സ്നേഹം നൽകാനും സ്നേഹബലിയാകാനും തക്കവണ്ണം ദൈവം നമ്മെ നയിക്കും. സ്നേഹം പ്രവൃത്തിയിൽ കാണിക്കുന്നതാണ് ശുശ്രൂഷ എന്നത്. ദൈവം ശുശ്രൂഷകനായി നമുക്കു സ്നേഹം നൽകിക്കൊണ്ടിരിക്കുന്നത്, ജീവിതത്തിൽ അനുനിമിഷം നമുക്ക് കണ്ടെത്താം. നമുക്ക് ഏതെങ്കിലും ശുശ്രൂഷ ചെയ്തു തരുന്നവരുടെ ഉള്ളിൽ ജീവിക്കുന്ന ദൈവത്തെ നോക്കി, 'Thank you God', (നന്ദി) എന്നു പറഞ്ഞു ശീലിക്കാം (ഞാൻ കൃപാ കൊടുത്തിട്ടാണ് അവൻ ചെയ്തു തന്നത് എന്നുള്ള ചിന്താഗതി ലൗകായതികമാണ്. ദൈവം അവനിൽകൂടി എന്നെ സ്നേഹിച്ചു, ശുശ്രൂഷിച്ചു എന്നതാണ് സത്യം). □



www.malankaralibrary.com

# 7

# നാലു കാരണങ്ങളാൽ ദൈവസ്നേഹം അനുഭവപ്പെടാതെ പോകുന്നു

> ആത്മാവിലെ തടസ്സമായ പാപം. മനസ്സിലെ തെററുധാരണകൾ, വിരൂപഭാവനകൾ; നിന്നിലൂടെ ദൈവസ്നേഹം നൽകാൻ നീ സമ്മതിക്കാതിരുന്നതു്.

## ദൈവസ്നേഹം അനുഭവപ്പെടാതെ പോകാനുള്ള കാരണങ്ങൾ

ദൈവം നമ്മെ പരിശുദ്ധസ്നേഹത്തിൽ സദാ സ്നേഹിക്കുന്നെങ്കിലും ഈ സ്നേഹം നമുക്കു് അനുഭവപ്പെടാതിരിക്കുന്നതു് എന്തുകൊണ്ടാണു്? പല കാരണങ്ങളുണ്ടു്. നമ്മിലുള്ള ചില തടസ്സങ്ങളാണു ഒരു കാരണം. സൂര്യൻ ഉദിച്ചിരുന്നാലും കണ്ണുകൾ അടച്ചിരിക്കുന്നവനു് പ്രകാശം കാണാൻ സാദ്ധ്യമല്ലല്ലോ.

### 1. ആത്മാവിലെ പ്രതിബന്ധം

ആത്മാവിലെ തടസ്സമാണു് പ്രധാനമായതു്. അതിന്റെ പേരാണു് പാപം.

ദൈവവുമായി നമ്മുടെ ആത്മാവിനുള്ള കൂട്ടായ്മ തകർക്കുന്നതാണു് പാപം എന്നതു്. നമുക്കോരോരുത്തർക്കും വ്യക്തികളെന്ന നിലയിൽ സ്വന്തമായ ഓരോ ജീവിതമുണ്ടു്. എന്നാൽ അതിലുപരിയായി, ആത്മാവിൽ ദൈവത്തോടും ദൈവത്തിലൂടെ ദൈവത്തിലുള്ള എല്ലാവരോടും ഒന്നായിരിക്കുന്ന ഒരു ജീവനുണ്ടു്. പരിശുദ്ധാത്മാവിലുള്ള കൂട്ടായ്മയുടെ ജീവൻ. അതു് ദൈവത്തിന്റെ ജീവനിലുള്ള ഭാഗഭാഗിത്വമാണു്. ദൈവം സൃഷ്ടിച്ചുതന്ന നമ്മുടെ മാനുഷിക ജീവിതത്തിലേക്കു് പരിശുദ്ധാത്മാവു



www.malankaralibrary.com

വഴി ദൈവം തന്റെ ജീവൻ നിവേശിപ്പിക്കുകയാണ്. സ്വന്ത ജീവിതത്തെക്കാൾ വലുതും നിലനില്ക്കുന്നതും ശക്തവുമാണ് ഈ ഉപരിജീവിതം. ദൈവജീവൻ നിറഞ്ഞു മനുഷ്യജീവൻ ശോഭിക്കുകയാണ്. ആ ജീവിതത്തിനു ഒന്നാംസ്ഥാനം കൊടുത്തു് ജീവിക്കുമ്പോൾ ഓരോ പ്രവൃത്തിയും ദൈവത്തിൽനിന്നു് പുറപ്പെടുന്നതായിരിക്കും; ദൈവത്തോടുകൂടി ചെയ്യുന്നതായിരിക്കും. എന്നാൽ ഈ ഉന്നത ജീവിതത്തെ അവഗണിച്ചു് സ്വയകേന്ദ്രീകൃതജീവിതത്തിനു് മുൻതൂക്കം കൊടുത്തു് ജീവിക്കുന്നതാണ് പാപത്തിന്റെ അടിസ്ഥാനം. പാപം ഉണ്ടായിക്കഴിയുമ്പോൾ ദൈവസ്നേഹാനുഭവം നഷ്ടപ്പെടുന്നു. കാരണം ദൈവസ്നേഹാനുഭവവും ദൈവസാന്നിദ്ധ്യാനുഭവവും ഒന്നിച്ചു പോകുന്നതാണ്.

അഞ്ചുദിവസത്തേക്കു നടത്തുന്ന ധ്യാനങ്ങളിൽ ചില ധ്യാനഗുരുക്കന്മാർ ദൈവസ്നേഹത്തെപ്പററി ഒരു പ്രസംഗം മാത്രം പറയുന്നു. അതിനുശേഷം പാപത്തെപ്പററി പശ്ചാത്തപിക്കാൻ ആവശ്യപ്പെടുന്നു. എന്തെന്നാൽ ദൈവസ്നേഹത്തെപ്പററി എത്രയേറെ കേട്ടാലും പാപം ഉപേക്ഷിച്ചു് ദൈവത്തോടു ചേർന്നുള്ള ഉന്നതജീവിതം സ്വീകരിക്കുവാൻ മനസ്സാകുന്നില്ലെങ്കിൽ, ദൈവസ്നേഹാനുഭവം കിട്ടുകയില്ല. നമ്മുടെ സ്വന്തജീവിതത്തെ താഴ്ത്തുകയും സ്വന്തജീവിതത്തിലേക്കു ദൈവജീവൻ നിറയുവാൻ സമ്മതിച്ചു് ദൈവത്തോടും ദൈവത്തിലുള്ള എല്ലാവരോടുമുള്ള കൂട്ടായ്മയുടെ ജീവിതത്തിനു് മുൻതൂക്കം കൊടുക്കുകയും ചെയ്യുമ്പോൾ മാത്രമേ ദൈവസ്നേഹാനുഭവം ഉണ്ടാകുകയുള്ളു. സൂര്യൻ എത്രമാത്രം പ്രകാശിച്ചാലും കണ്ണു തുറക്കുകയില്ലെന്നു് നിർബന്ധം പിടിക്കുന്നവനു് ഒന്നും കാണാൻ കഴിയുകയില്ലല്ലോ!

പാപിയെ ദൈവം സ്നേഹിക്കുന്നുണ്ടു്. അവനു് ദൈവജീവൻ നൽകാൻ ആഗ്രഹിക്കുന്നുണ്ടു്. എങ്കിലും സ്നേഹം അവനു് അനുഭവപ്പെടാതെ പോകുന്നു. മരിച്ചു കിടക്കുന്നവനു് സ്നേഹചുംബനം കൊടുക്കുന്നതു് മരിച്ചവൻ അനുഭവിക്കുന്നില്ലല്ലോ. പാപങ്ങൾ ദൈവസ്നേഹാനുഭവം നഷ്ടപ്പെടുത്തുന്നു. പാപങ്ങളിൽ അഹങ്കാരത്തിന്റെ കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ടു്.

നമുക്കു കിട്ടുന്ന ഓരോ അനുഗ്രഹവും ദൈവം സ്നേഹപൂർവ്വം നല്കുന്നതാണെന്നു് നാം മനസ്സിലാക്കിയല്ലോ. അഹങ്കാരിയായ മനുഷ്യൻ അതു സമ്മതിക്കുകയില്ല. അവനു കിട്ടുന്ന നന്മകൾ അവന്റെ അവകാശത്താൽ കിട്ടിയ



www.malankaralibrary.com

താണെന്നോ, സ്വന്തമായി ഉണ്ടാക്കിയതാണെന്നോ, അവൻെറ ഭാഗ്യത്താൽ ലഭിച്ചതാണെന്നോ മാത്രം ചിന്തിക്കുന്നു. ദൈവത്തിനു നന്ദി പറയുന്നതിനു പകരം തന്നെത്തന്നെ സ്തുതിക്കുന്നു. ഒരു മണൽത്തരിയുണ്ടാക്കാൻ പോലും മനുഷ്യനു് കഴിവില്ല. ജീവൻ ഒരു ദിവസംകൂടി നീട്ടാൻ മനുഷ്യനു് കഴിവില്ല (മത്തായി 6:27). നല്കപ്പെട്ടന്നില്ലെങ്കിൽ നമുക്കു് ഒന്നുമില്ല. (1കൊറി 4:7). എന്തെങ്കിലുമൊന്നു് എൻെറ കഴിവുകൊണ്ടുണ്ടായതാണെന്നു് ചിന്തിക്കുമ്പോഴാം അഹങ്കാരമായി. അഹങ്കാരിയായ മനുഷ്യൻ പറയും, ''ഇതു് എൻെറ ഭാഗ്യംകൊണ്ടു കിട്ടിയതാണ്'' ''ഇതു് എൻെറ അദ്ധ്വാനം കൊണ്ടു് ഉണ്ടാക്കിയതാണ്'' എന്നെല്ലാം. മലബാറിൽ ആദ്യകാലത്തു കടിയേറിയ ഒരാൾ അയാൾ വാങ്ങിയ ഭൂമി കാണിച്ചുകൊണ്ടു് ഒരിക്കൽ എന്നോടു പറഞ്ഞു ''അച്ചാ, കണ്ടോ, ഇതു് ഞാൻ ഉണ്ടാക്കിയ ഭൂമിയാണ്''. ദൈവം ആകാശവും ഭൂമിയും ഉണ്ടാക്കി എന്നാണ് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു്. മനുഷ്യർ പറഞ്ഞുപറഞ്ഞു് ''ഞാനുണ്ടാക്കിയ ഭൂമി''യെന്നുവരെ പറയുകയായി. ഞാനുണ്ടാക്കിയ സ്വർണ്ണമാല എന്നു സാധാരണ പറയാറുണ്ടു്. സ്വർണ്ണത്തിൻെറ ഒരു തരി ഉണ്ടാക്കാൻ മനുഷ്യനു സാധിക്കുമോ? ഒരു മണൽത്തരി ഉണ്ടാക്കാൻ മനുഷ്യനു കഴിയുമോ? ദൈവമേ, അങ്ങു് എല്ലാം സൃഷ്ടിച്ചു. അങ്ങു് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളെ അങ്ങയുടെ കൂടെ സഹപ്രവർത്തകരാക്കി അനുഗ്രഹിച്ചു എന്നുമാത്രം. അങ്ങാണ് എല്ലാം കരുപ്പിടിപ്പിച്ചതു്. അങ്ങാണ് ഓരോന്നിനും ആകൃതിയും പ്രകൃതിയും സ്വഭാവവും നിശ്ചയിച്ചതു്. അങ്ങു നിശ്ചയിച്ചുതന്ന പ്രകൃതി മാററുവാൻ ആർക്കു കഴിയും? ആ പ്രകൃതിയെ വിരൂപമാക്കുവാനോ അപൂർണ്ണമാക്കുവാനോ കഴിഞ്ഞേക്കാം. ഒരു തലമുടിനാരു് വളർത്തുവാൻ ആർക്കു കഴിയും?

ഞാൻ എന്തോ ചെയ്യുകളയും എന്ന അഹങ്കാരോന്മത്തമായ വാക്കുകളും ആണകളും അരുതെന്നു് യേശുനാഥൻ പഠിപ്പിച്ചു. ''സ്വർഗ്ഗത്തെക്കൊണ്ടു് ആണയിടരുതു്. എന്തെന്നാൽ അതിൻെറ പരമാധികാരി ദൈവമാണ്. അതു് ദൈവത്തിൻെറ സിംഹാസനമാണ്. ഭൂമിയെക്കൊണ്ടു് ആണയിടരുതു്. അതു് ദൈവത്തിൻെറ പാദപീഠമാണ്. ദൈവനന്മകളുടെ കുറഞ്ഞപ്രകാശങ്ങൾ തിളങ്ങുന്നിടമാണ് ഭൂമി. അതാണ് പാദപീഠം എന്നുപറയുന്നതു്. ദൈവമാണ് ഭൂമിയുടെയും ഉടമസ്ഥൻ. അതിലുള്ള ഓരോ നന്മകളുടേയും പരമാധികാരി ദൈവമാണ്. രാജാവിൻെറ



www.malankaralibrary.com

പട്ടണത്തെക്കൊണ്ടും ആണയിടരുതു്. എന്തെന്നാൽ അതും നിൻേറതല്ല'' (മത്തായി 5: 34-36). ഇപ്പോഠം ദൈവകൃപയാൽ ഇത്രയും നൽകപ്പെട്ടിരിക്കുന്നു എന്നും ഇപ്പോഠം മറെറാന്നു് ഇല്ലായെന്നും മാത്രം പറയുക. യാതൊരു വളച്ചുകെട്ടും വ്യാജവും ഉണ്ടാകരുതു്. ദൈവത്തിൻെറ പരമാധികാരവും പരമസ്നേഹവും വിസ്മരിച്ചു് പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു് വ്യാജമാണ്, അഹങ്കാരമാണ്, വിഡ്ഢിത്തമാണ്. നമുക്കു കിട്ടിയ ഓരോ നന്മകളുമോർത്തു് അതു നൽകിക്കൊണ്ടിരിക്കുന്ന പരമനാഥനായ ദൈവപിതാവിനു് സ്തുതിയർപ്പിക്കുക. എല്ലാത്തിനും നമ്മഠം ദൈവത്തിനു് സ്തുതികളർപ്പിക്കുമ്പോഠം നമ്മുടെ ബുദ്ധിയിൽ സത്യത്തിൻെറ പ്രകാശമുണ്ടു്. ഒരു കാര്യത്തിനുപോലും സ്തുതിയും പ്രശംസയും നമ്മുടേതായി സ്വീകരിക്കരുതു്. ''എനിക്കായി കെണികഠം വെച്ചിരിക്കുന്ന പ്രശംസക്കാരുടെ കൈയിൽ നിന്നു് എന്നെ രക്ഷിക്കണമേ'' എന്നു് പ്രാർത്ഥിക്കണം. ഏതെങ്കിലും കാര്യത്തിനു് നമ്മഠം സ്വയം സ്തുതി സ്വീകരിച്ചാൽ നമ്മുടെ ബുദ്ധി അന്ധകാരത്തിലാവുകയും ദൈവത്തെ കാണാതാവുകയും ഹൃദയത്തിൽ അസ്വസ്ഥതയുടെ വലകഠം പാകുകയും ചെയ്യുന്നു. നമ്മിൽക്കൂടി എന്തെങ്കിലും നന്മ മററുള്ളവർക്കു് നല്കാൻ ദൈവം മനസ്സാകുന്നെങ്കിൽ, അതിനു നമ്മഠം ദൈവത്തെ സ്തുതിക്കയാണു ചെയ്യേണ്ടതു്. എന്നിൽക്കൂടി പണമോ, സത്യമോ, ബുദ്ധിയോ, ജീവനോ, സ്നേഹമോ, എന്തെങ്കിലും മറെറാരാഠംക്കു നൽകാൻ ദൈവം എന്നെ തെരഞ്ഞെടുത്തതു് ദൈവത്തിനു് എന്നോടുള്ള കരുണയും സ്നേഹവും കൊണ്ടുമാത്രമാണ്. ലോകത്തിനു് ദൈവപുത്രനെ നല്കാൻ പരിശുദ്ധ മാതാവിനെ ദൈവം തെരഞ്ഞെടുത്തപ്പോഠം മാതാവു അതിവിനീതയായി ദൈവത്തെ പാടിപ്പുകഴ്ത്തി. സ്വയം പുകഴ്ത്തിയില്ല. ദൈവം തൻെറ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു എന്നു പറഞ്ഞു. സകല തലമുറകളും എന്നെ യോഗ്യവതി എന്നു പറയുമെന്നു പറഞ്ഞില്ല. "ഭാഗ്യവതി എന്നു പറയും" എന്നു പറഞ്ഞു.

മനുഷ്യർക്കു് അഭിനന്ദനം (Congratulations) കൊടുക്കാം. അതിൻെറ അർത്ഥം ''ദൈവം നിന്നെ സ്നേഹിച്ചു് ഈ നന്മകഠം നിനക്കു നൽകിയതിൽ നിന്നോടുകൂടി ഞാനും സന്തോഷിക്കുന്നു'' എന്നാണ്. നന്മകളുടെ പരമസ്രോതസ്സ് ദൈവം മാത്രമാണ്. അതിനാൽ ദൈവത്തിനുമാത്രം സ്തുതിയും സ്തോത്രവും ആരാധനയും അർപ്പിക്കുന്നു. ഏതു ചെറിയ നന്മകഠം ലഭിക്കുമ്പോഴും ദൈവ



www.malankaralibrary.com

ത്തിനു് സ്തുതി എന്നു് പറഞ്ഞു് പരിശീലിക്കണം. കാരണം ആ സമ്മാനം ആ സമയത്തു് ദൈവം നൽകുന്നതാണ്. അതു നൽകാനുള്ള ദൈവത്തിന്റെ തീരുമാനത്തിൽ സ്നേഹമുണ്ട്. "എന്റെ അർഹതയാൽ ഇതു കിട്ടി, ഞാൻ അദ്ധ്വാനിച്ചു് ഇതുണ്ടാക്കി, എന്റെ ഭാഗ്യത്തിനു് ഇതു ലഭിച്ചു, നിന്നെക്കാൾ ഞാൻ ഭാഗ്യവാനാണ്, അർഹനാണ്, എന്റെ ബുദ്ധികൊണ്ടു് ഞാനിതു് ഉണ്ടാക്കി" ഈ ചിന്തകളൊക്കെ അഹങ്കാരത്തിൽ നിന്നു് വരുന്നതാണ്. അഹങ്കാരി ദൈവത്തെയോ, ദൈവസ്നേഹത്തെയോ, കാണുകയില്ല. അവൻ സ്വപൂജയിൽ വ്യാപൃതനായി കഴിയുന്നു. മറ്റുള്ളവരും എന്നെ പൂജിക്കട്ടെ എന്നു ചിന്തിക്കുന്നു. മറ്റുള്ളവർ എന്നെ വേണ്ടത്ര പൂജിച്ചില്ല എന്നു പരാതി പറയുന്നു. ദൈവമേ, എളിമയുള്ള, സത്യമുള്ള ഒരു ഹൃദയം എനിക്കു തരണമേ എന്നു് പ്രാർത്ഥിക്കാം.

ഒരിക്കൽ വി. ഫ്രാൻസീസ് അസീസിയുടെ ശിഷ്യന്മാർ അദ്ദേഹത്തോടു ചോദിച്ചു: "ഞങ്ങൾക്കും ദൈവസ്നേഹാനുഭവം കിട്ടണമെന്നുണ്ട്. അതിനു് എന്തു ചെയ്യണം?"

വി. അസീസി പറഞ്ഞുകൊടുത്തു: "ദൈവസ്നേഹാനുഭവം കിട്ടുന്നതിനു മുമ്പ്, മറ്റൊരനുഗ്രഹം കിട്ടേണ്ടതുണ്ട്. ഞാൻ ലോകത്തിലേറ്റം വലിയ പാപിയാണ് എന്ന ബോദ്ധ്യം കിട്ടണം. എളിമയുടെ അനുഭവം. വലിയ പാപിയായ എന്നെയും ദൈവം കൃപയാൽ സ്നേഹിക്കുന്നു. ദൈവം നന്മകൾ നൽകി നൽകി എന്നെ വളർത്തുന്നു. എളിമയുടെ ഈ ബോദ്ധ്യം കിട്ടുന്നതുതന്നെ ഒരു ദൈവകൃപയാണ്. ആ അനുഗ്രഹം കിട്ടാനായി ആദ്യം പ്രാർത്ഥിക്കുക."

ഈ ഉപദേശം കേട്ടപ്പോൾ മുതൽ ഒരു ശിഷ്യൻ ഒരു കാട്ടിലിരുന്നു് ഉപവാസത്തോടെ പ്രാർത്ഥന തുടങ്ങി. "ദൈവമേ ഞാൻ ലോകത്തിലേറ്റം വലിയ പാപിയാണെന്നുള്ള ബോദ്ധ്യവും, ദൈവസ്നേഹാനുഭവവും തരണമേ"

കുറെ ദിവസത്തിനുശേഷം അയാൾ ക്രിസ്തുവിന്റെ ശബ്ദം കേട്ടു: "മകനേ, നിനക്കു് ഈ അനുഗ്രഹം തരാം. അതിനുപകരമായി നീ എനിക്കു് എന്തു തരും?"

"കർത്താവേ, എന്റെ കണ്ണുകൾ വേണമെങ്കിലും ചൂഴന്നെടുത്തു് അങ്ങയുടെ പാദത്തിങ്കൽ വെയ്ക്കാം. അന്ധനായിത്തീരുന്നതിന്റെ വേദന സഹിച്ചുകൊള്ളാം. അതു



www.malankaralibrary.com

സഹിക്കേണ്ടിവന്നാലും ഈ അനുഗ്രഹം എനിക്കു് തരണമേ''.

സ്നേഹത്തോടെ യേശു പറഞ്ഞു:''മകനേ, നിൻെറ കണ്ണുകൾ ഞാൻ നിനക്കു് തിരിച്ചു തരുന്നു. അതോടുകൂടി ഈ അനുഗ്രഹവും തരുന്നു.''

അപ്പോൾ ഒരു വലിയ ബോദ്ധ്യം അദ്ദേഹത്തിൻെറ ഉള്ളിലേക്കു് കടന്നു വന്നു. ''ഞാൻ അയോഗ്യനും പാപിയുമാകുന്നു. എന്നാൽ ദൈവം സമ്പൂർണ്ണ സ്നേഹത്തിൽ എന്നെ സ്നേഹിക്കുന്നു.'' ഈ അനുഭവം കിട്ടിയപ്പോൾ അമിത സന്തോഷത്തോടെ വലിയ ശബ്ദത്തിൽ സ്തുതിയർപ്പിച്ചുകൊണ്ടു് അദ്ദേഹം കാട്ടിൽ നിന്നു് പുറത്തേയ്ക്കു വന്നു.

വിശുദ്ധ പൗലോസിൻെറ ജീവിതത്തിൽ ഈ കൃപ കിട്ടിയതു് കാണാം. ആദ്യകാലത്തു് അദ്ദേഹം ചിന്തിച്ചിരുന്നതു് ''ഞാൻ നിയമത്തിൻെറ മുമ്പിൽ കുററമില്ലാത്തവൻ, കുടുംബയോഗ്യതയുള്ളവൻ എന്നെല്ലാമായിരുന്നു! (ഫിലി 3: 5 – 6). എന്നാൽ സത്യദർശനമുണ്ടായപ്പോൾ തനിക്കു ലാഭമായിരുന്ന ഇവയെല്ലാം ഉച്ഛിഷ്ടമായി കരുതിക്കൊണ്ടു് അദ്ദേഹം പറയുകയാണു് ഞാൻ പാപികളിൽ ഒന്നാമനാണു്'' എന്നു് (1തിമോ 1: 15). എന്നാൽ പാപിയായ ഞാൻ ദൈവത്തിൻെറ കൃപ സ്വീകരിച്ചു് യേശുവിൽ ചേർന്നതിനാൽ യേശുവിൻെറ യോഗ്യതയാൽ ഞാനും ഒരു ചെറിയ വിശുദ്ധനാണെന്നു് അദ്ദേഹം പറയുന്നുണ്ടു്. (എഫേ 3: 8–9). ഞാൻ എന്നിൽത്തന്നെ പാപിയാണെന്നും, യേശുവിൽ ചേർന്നു് യേശുവിൻെറ ശുദ്ധി കിട്ടുന്നതിനാൽ മാത്രം ശുദ്ധീകരിക്കപ്പെടുന്നു എന്നുമുള്ള ബോദ്ധ്യം കിട്ടണം. നമ്മുടെ ജീവിതത്തിൽ ഈ കൃപ കിട്ടുവാനായി പ്രാർത്ഥിക്കണം. ദൈവമേ, ഞാൻ ആയിരിക്കുന്ന നിലയിൽ എന്നെ കാണുവാൻ കൃപ തരണമേ. അങ്ങു് എന്നെ സ്നേഹിക്കുന്നതിൻെറ അളവനുസരിച്ചു് അങ്ങയുടെ സ്നേഹത്തിൻെറ വെളിച്ചത്തിൽ എന്നെ എനിക്കു് കാണുവാൻ കൃപ തരണമേ എന്നു പ്രാർത്ഥിക്കാം.

നമ്മൾ അഹങ്കാരികളും ആത്മാവിൽ അന്ധരും അജ്ഞരുമാകുമ്പോൾ ചിന്തിക്കുന്നതു്, ഞാൻ എന്നിൽത്തന്നെ ഉന്നതനാണെന്നും ദൈവം എന്നെ വേണ്ടവിധം സ്നേഹിക്കുന്നില്ല എന്നുമാണു്. ദൈവത്തിൻെറ സത്യപ്രകാശത്തിൽ നമുക്കു് നമ്മെത്തന്നെയും മററുള്ളവരേയും



www.malankaralibrary.com

എപ്പോഴും കാണാൻ കഴിയുന്നെങ്കിൽ എത്ര ഭാഗ്യമാണ്. ഒരു നിമിഷം അഹങ്കാരത്തിന്റെ അന്ധകാരം വന്നാൽ അത്രയ്ക്കു ജീവിതം പാഴായിത്തീരുന്നു. നമ്മുടെ യഥാർത്ഥ സ്ഥിതി കാണുവാൻ കഴിയണമെങ്കിൽ അതിനുള്ള ദൈവാനുഗ്രഹം ലഭിക്കണം. അതിനായി പ്രാർത്ഥിക്കുക. കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം—നിരന്തരം പ്രാർത്ഥിക്കാം.

## 2. മനസ്സിലെ പ്രതിബന്ധം

ദൈവസ്നേഹാനുഭവം ലഭിക്കാത്തതിനുള്ള രണ്ടാമത്തെ കാരണം ബുദ്ധിയിലുള്ള ചില തെറ്റുധാരണകളാണ്. ദൈവം സ്നേഹമുള്ളവനാണെങ്കിൽ എന്തുകൊണ്ടാണ് എന്റെ ജീവിതത്തിൽ ദുരിതങ്ങളൊക്കെ വരുത്തുന്നതെന്നു ചിലർ ചോദിക്കാറുണ്ട്. ''ദൈവം എന്തിനു് ഈ വേദന തന്നു? എന്നെ സ്നേഹിക്കുന്നെങ്കിൽ എന്തുകൊണ്ടു് എനിക്കിത്രയധികം ദാരിദ്ര്യം തന്നു. എന്തുകൊണ്ടു് എന്റെ 'ബന്ധുക്കൾ' മരിച്ചു. കഷ്ടപ്പാടും വേദനയും മരണവും തരുന്ന ദൈവം സ്നേഹിക്കുന്നവനാണോ?''

ഒരു ചെറുപ്പക്കാരന്റെ അനുഭവം പറയാം. അവൻ മിടുമിടുക്കനായി പഠിച്ചുവന്നു. പഠനം കഴിഞ്ഞപ്പോൾ നല്ലൊരു ജോലി കിട്ടി, പണം സമ്പാദിച്ചു, പുരപണിതു, കല്ല്യാണം കഴിച്ചു, കുട്ടിയുണ്ടായി. എല്ലാം മംഗളമായി വന്നു. കുട്ടിക്കു് ഒരു വയസ്സോളമായപ്പോൾ അയാളുടെ ഭാര്യ മരിച്ചുപോയി. അയാൾക്കു് സങ്കടം അടക്കാൻ വയ്യാത്തവിധമായി. ഒരു പ്രകാരത്തിൽ അയാൾ ഭാര്യയുടെ ശവസംസ്കാരത്തിൽ സംബന്ധിച്ചു; വീട്ടിൽ തിരിച്ചെത്തി. ഒരു കസേരയിൽ തളർന്നു വീണു. ആരും അടുത്തു ചെല്ലുന്നില്ല. എന്തു പറഞ്ഞു് ആശ്വസിപ്പിക്കാൻ സാധിക്കും. അവിടെ യേശുവിന്റെ ഒരു ചിത്രമുണ്ടായിരുന്നു. ശാന്തസന്തോഷഭാവങ്ങൾ സ്ഫുരിക്കുന്ന മുഖമുള്ള യേശുവിന്റെ ചിത്രം. അയാൾ ആ ചിത്രത്തിലേയ്ക്കു് കുറെനേരം നോക്കിയിരുന്നു. നോക്കിയിരിക്കെ പൊട്ടിത്തെറിച്ചതുപോലെ പറഞ്ഞു: ''അവനെ അവിടുന്നെടുത്തു കളയൂ. അവൻ എന്റെ ഭാര്യയെ കൊന്നിട്ടു് ഉത്തരത്തേൽ കയറിയിരുന്നു് ചിരിക്കുകയാ ... ഉം....'' ഭാര്യ മരിച്ചപ്പോൾ ദൈവത്തെ എടുത്തുമാററാൻ പറഞ്ഞതിൽ തെററു പറയാൻ പററുമോ?

''നല്ല പ്രായത്തിൽ ഭാര്യയെ കൊല്ലുന്ന ദൈവത്തെ സ്നേഹിക്കാൻ പററുമോ? നല്ല പ്രായത്തിൽ ഭർത്താവിനെ



www.malankaralibrary.com

കൊല്ലുന്ന ദൈവത്തെ സ്നേഹിക്കാൻ പററുമോ?'' ഒരിക്കൽ ഒരിടത്തു് ഞാനിതു് പറഞ്ഞപ്പോഠം ഒരു വല്ല്യമ്മ പറയുകയായി, ''പിന്നെ സ്നേഹിക്കാതെയെന്തെടുക്കാനാണച്ചാ. സ്നേഹിക്കാതിരുന്നാൽ വേറെ വല്ലതുംകൂടി വരുത്തിവച്ചാൽ അതും സഹിക്കേണ്ടിവരില്ലേ?''. അതു കേട്ടു് എല്ലാവരും ചിരിച്ചുപോയി. അങ്ങനെ സ്നേഹിച്ചാൽ അതെന്തൊരു സ്നേഹമായിരിക്കും. നോക്കൂ ദൈവത്തെപ്പററിയുള്ള ധാരണകഠം. ഒരിക്കൽ ഞാനൊരു ചെറുപ്പക്കാരനോടു പറഞ്ഞു: ''ദൈവത്തോടു് പ്രാർത്ഥിക്കണം'' അവൻ എന്നെ കളിയാക്കിക്കൊണ്ടു പറഞ്ഞു ''പ്രാർത്ഥിച്ചോളാം പ്രാർത്ഥിച്ചോളാം, ദൈവമേ, നീ പരിശുദ്ധനാ....! എന്നൊക്കെ പറഞ്ഞുകൊള്ളാം. പറഞ്ഞില്ലെങ്കിൽ അങ്ങോട്ടിറങ്ങുമ്പോഠം പള്ളി വല്ല ഇടിയും വെട്ടിച്ചാൽ എന്തു ചെയ്യും? പള്ളിക്കാരൻ എന്തു ചെയ്താലും പാപമൊന്നുമില്ല. ദൈവമല്ലേ? ആരെക്കൊന്നാലും, പള്ളിക്കു് പാപമൊന്നുമില്ല. നമ്മളാണെങ്കിൽ വല്ലവരേയും ഒന്നു് തള്ളിപ്പോയെങ്കിൽ പാപമായി.... എൻെറ പിഴ.... എന്നൊക്കെ പറയണം''.

മനുഷ്യർക്കു് കഷ്ടപ്പാടു് വരുത്തുകയും അകലെ മാറിയിരുന്നു് ഇതു കണ്ടു് ചിരിക്കുകയും ചെയ്യുന്നവനാണു് ദൈവം എന്നു് ചിലർ ചിന്തിക്കുന്നു. ദൈവമാണു് മനുഷ്യർക്കു് ദുരിതം വരുത്തി വയ്ക്കുന്നതെന്നാണു് പലരുടേയും ചിന്ത. കുട്ടിക്കാലം മുതലെ ഈ ചിന്ത കുട്ടികളിൽ വളർത്താറുണ്ടു്. കുഞ്ഞിനെക്കൊണ്ടു് ''ഈശോയെ, ഉവ്വാവു് (രോഗം) വരുത്തല്ലേ'' എന്നു് പ്രാർത്ഥിപ്പിക്കുമ്പോഠം കുഞ്ഞിൻെറ മനസ്സിൻെറ അടിയിലേയ്ക്കു് ഒരു ചിന്ത കടന്നേക്കാം ''അപ്പോഠം ഈശോയാണു് ഈ ഉവ്വാവു് വരുത്തുന്നവൻ''. എങ്ങനെയാണു് പ്രാർത്ഥിപ്പിക്കേണ്ടതു്? ''ദൈവമേ, രോഗം മാററണമേ, രോഗം വരാതെ കാത്തുകൊള്ളണമേ'' എന്നു പ്രാർത്ഥിപ്പിച്ചാൽ നല്ലതാണു്. ദൈവമേ, നീ പരിശുദ്ധനാകുന്നു എന്നു പറഞ്ഞു പ്രാർത്ഥിക്കുമ്പോഠം, ദൈവമേ, നീ ചെയ്യുന്നതും പറയുന്നതും പ്രവർത്തിക്കുന്നതും നന്മ മാത്രമാണെന്നു് ഏററു പറയുകയാണു്. അതെ അതു സത്യമാണു്.

തിന്മകളും ദുരിതങ്ങളും മനുഷ്യനു് നൽകുന്നതു് ദൈവമാണെന്നു ചിന്തിക്കുന്നതു് തെററായ ധാരണമൂലമാണു്. യാക്കോബുശ്ലീഹായുടെ ലേഖനത്തിൽ 1:13_ൽ പറയുക



www.malankaralibrary.com

യാണ്‌ ''പരീക്ഷിക്കപ്പെടുമ്പോരം താൻ ദൈവത്താലാണ്‌ പരീക്ഷിക്കപ്പെടുന്നതെന്നു ഒരുവനും പറയാതിരിക്കട്ടെ. എന്തെന്നാൽ, ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല . അവിടുന്നു ആരേയും തിന്മയാൽ പരീക്ഷിക്കുന്നുമില്ല.'' സ്നേഹമുള്ള ഒരപ്പന്‌ തന്റെ മകനെ അകാരണമായി കുറെ തല്ലുവാനും അതിനുശേഷം, 'എടാ, ഇത്രയും മർദ്ദിച്ചാലും നീ എന്നെ സ്നേഹിക്കുമോ എന്നു പരീക്ഷിക്കുകയായിരുന്നു', എന്നു പറയാനും തോന്നുമോ? തിന്മകൊണ്ടു പരീക്ഷിക്കുവാൻ സ്നേഹപിതാവിനു സാധിക്കുകയില്ല. എവിടെ നിന്നാണ്‌ തിന്മകരം വരുന്നതു്? ദൈവം നൽകിയ നൻമകരം ദുരുപയോഗിക്കുന്ന അരൂപികളുടേയും മനുഷ്യരുടേയും ദുഷ്ടതീരുമാനങ്ങളിൽ നിന്നാണ്‌ തിന്മകരം മുളയെടുക്കുന്നതു്. ഉൽപത്തിയുടെ പുസ്തകത്തിൽ തന്നെ അതു്‌ പറയുന്നുണ്ടു്. പറുദീസായിലെ സന്തോഷം തകർക്കാൻ ദൈവത്തിൽ നിന്നു്‌ അകറ്റുന്ന പരീക്ഷയുമായി സാത്താൻ അവിടെ കയറിച്ചെന്നു. ജോബിന്റെ പുസ്തകത്തിൽ ജോബിന്റെമേൽ തിന്മകരം വിതച്ചു്‌ പരീക്ഷിക്കുവാൻ സാത്താൻ ദൈവത്തോടു്‌ അനുവാദം ചോദിക്കുന്നതു്‌ നാം വായിക്കുന്നു. ആരാണു പരീക്ഷകൻ? സാത്താൻ എന്ന വാക്കിന്റെ അർത്ഥം പരീക്ഷകൻ എന്നാണ്‌. ഒരിക്കൽ പരീക്ഷിക്കുന്ന രീതിയിൽ പത്രോസ്‌ എന്തോ പറഞ്ഞപ്പോരം, ''സാത്താനേ എന്റെ പുറകിൽ പോകു'' എന്നു്‌ യേശുനാഥൻ പറഞ്ഞു. ദൈവം തിന്മകൊണ്ടു്‌ പരീക്ഷിക്കുന്നവനല്ല. ദൈവം നമ്മെ പരിശോധിക്കുന്നതു്‌ ഇത്രയും മാത്രം; 'എന്റെ സ്നേഹത്തിലും വാഗ്ദാനങ്ങളിലും നീ ഉറച്ചു നില്ക്കുന്നോ?' ഈ പരിശോധനയ്ക്കു നമ്മരം ജീവിതംകൊണ്ടു്‌ ഉത്തരം പറയണം. എന്നാൽ സാത്താൻ പരീക്ഷിക്കുന്നതു്‌ നമ്മിലെ നന്മകരം നശിപ്പിച്ചും തെറ്റുധാരണകരം വിതച്ചുമാണ്‌. നമ്മെ ദൈവത്തിൽനിന്നു്‌ അകറ്റുവാൻ പ്രലോഭനങ്ങളും മായകളും തെറ്റുധാരണകളും വിതച്ചാണ്‌ സാത്താൻ പരീക്ഷിക്കുന്നതു്‌.

ദൈവം തിന്മകൊണ്ടു്‌ ആരേയും പരീക്ഷിക്കുന്നില്ല. എന്നാൽ, പരീക്ഷകരം ഉണ്ടാകാൻ ദൈവം അനുവദിക്കുന്നുണ്ടു്. വിവിധ രീതിയിലുള്ള പരീക്ഷകരം, സാത്താനിൽ നിന്നും, സാത്താന്റെ നിയന്ത്രണത്തിലുള്ള മനുഷ്യരിൽനിന്നും നമുക്കു്‌ ഉണ്ടാകും. അപ്പോരം ചോദിച്ചേക്കാം, സ്നേഹപിതാവായ ദൈവം എന്തുകൊണ്ടാണ്‌ ഇതു്‌ അനുവദിക്കുന്നതു്? തിന്മകൊണ്ടു പരീക്ഷിക്കുവാൻ ദൈവം നേരിട്ടു്‌ (direct) അനുവദിക്കുന്നതല്ല. ദൈവം നൽകിയ



www.malankaralibrary.com

സ്വാതന്ത്ര്യം ദുരുപയോഗിക്കുന്നത് തിന്മയുടെ പരീക്ഷയായി മാറുന്നതാണ്. വി.യാക്കോബ് ശ്ലീഹാ പറയുകയാണ്; (യാക്കോ 1:2–4) ''എന്റെ സഹോദരരേ, വിവിധ പരീക്ഷകളിൽ, ഉൾപ്പെടുമ്പോൾ നിങ്ങൾ ആനന്ദിക്കുവിൻ. വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങൾക്ക് അതിൽ സ്ഥിരത ലഭിക്കും. ഈ സ്ഥിരത പൂർണ്ണഫലം പുറപ്പെടുവിക്കുകയും നിങ്ങൾ ഒന്നിലും കുറവില്ലാത്തവരും പൂർണ്ണരും എല്ലാം തികഞ്ഞവരും ആവുകയും ചെയ്യും''. വീണ്ടും യാക്കോബ് ശ്ലീഹാ പറയുന്നു, ''പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ, പരീക്ഷകളെ അതിജീവിച്ച് ദൈവം നൽകുന്ന ജീവകിരീടം അവൻ പ്രാപിക്കും'' (യാക്കോ 1:12).

ജീവൻ നല്കുവാനും ജീവൻ സമൃദ്ധിയായി നല്കുവാനും ജീവന്റെ ഉറവിടമായ ദൈവപിതാവിനോട് നമ്മെ യോജിപ്പിക്കുവാനുമാണ് യേശു വന്നത്. ആരേയും ശിക്ഷാവിധികൊണ്ടു വേദനിപ്പിക്കാനല്ല. ശിക്ഷാവിധിയുടെ വേദനയിൽനിന്ന് നമ്മെ രക്ഷിക്കാൻ, നമുക്കായി യേശുവിനെ നല്കുവാൻ തക്കവണ്ണം ദൈവം നമ്മെ സ്നേഹിക്കുകയാണ് ചെയ്യുന്നത്. (യോഹ 3: 16–17). യേശുവിനെ നൽകിക്കൊണ്ടുള്ള ദൈവത്തിന്റെ ഈ സ്നേഹം സ്വീകരിക്കാത്തവർ, ശിക്ഷാവിധിയുടെ വേദനയിൽ കഴിയുന്നു. ആ വേദന ദൈവം തരുന്നതല്ല, (യോഹ 3 : 18). ദൈവം എപ്പോഴും നമ്മോടുള്ള ബന്ധം (കൂട്ടായ്മ) കൂടുതൽ കൂടുതൽ നൽകിക്കൊണ്ട്, നമ്മെ ജീവനിൽ വളർത്താൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി വേണ്ടതെല്ലാം ചെയ്യുന്നു. മനുഷ്യൻ സ്വന്ത തീരുമാനത്താൽ ഈ ബന്ധം ഉപേക്ഷിക്കുന്നത് നാശത്തിന് കാരണമായിത്തീരുന്നു. നമ്മുടെ ജീവിതത്തിലെ ഓരോ കാലടിയും ദൈവത്തോട് യോജിപ്പിച്ച് അവിടുത്തെ സഹപ്രവർത്തകരായി വർത്തിക്കേണ്ടത് നമ്മുടെ കടമയാണ്. അപ്പോൾ ജീവിതം വിജയിക്കും.

ആരാണ് മരണം നൽകുന്നത്? എന്താണ് മരണം? ജീവന്റെ ഉറവിടത്തോടുള്ള ബന്ധം അററുപോകുന്നതാണ് മരണം. മരണത്തിന്മേൽ അധികാരമുള്ള പിശാചാണ് മരണം കൊണ്ടുവരുന്നത്. എബ്രായർ 2:14 വായിക്കുക. പിശാചിന് പല രീതിയിലുള്ള അമ്പുകളുണ്ട്. ഭീതി– വേദന – പിണക്കം – തെററുധാരണ – മുതലായവ ഉണ്ടാക്കാൻ പല അമ്പുകളുണ്ട്. അസ്തിത്വത്തിന്റെയും സ്നേഹത്തിന്റെയും സ്രോതസ്സായ ദൈവത്തിൽനിന്ന് മനുഷ്യന്റെ ആത്മാവിനെയും മനസ്സിനെയും ശരീര



www.malankaralibrary.com

ത്തെയും അകററി മരണത്തിൻെറയും ദുരിതത്തിൻെയും താഴ്‌വരയിലെത്തിക്കാൻ എല്ലാ അമ്പുകളും തക്കസമയത്തു് അയയ്ക്കുന്നതു് സാത്താനാണ്. ഒരു കുടുംബം ഭംഗിയായി വരുന്നതു കാണുവാൻ സാത്താനു തൃപ്തിയില്ല. അവിടെ തെററുധാരണ, ക്ലേശം, ഭയം, പാപം, മദ്യപാനം, ഇവയെല്ലാം വിതച്ചു് വിരൂപമാക്കാൻ സാത്താൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ മരണത്തിൻെറ താഴ് വരയിൽ വേദനിക്കുന്ന മനുഷ്യരോടു് ഒന്നായിത്തീർന്നു് അവരെ മരണഭയത്തിൽനിന്നു് യേശു രക്ഷിച്ചു. യേശു മനുഷ്യരെ ജീവനിൽ തന്നോടു യോജിപ്പിക്കുകയും തന്നിലൂടെ പിതാവിനോടു യോജിപ്പിക്കുകയും ചെയ്തു. ജീവൻെറ സ്രോതസ്സിനോടു അന്തരംഗം യോജിപ്പിച്ചു കിട്ടിയ മനുഷ്യൻെറ നേരെ മരണശക്തികൾ എത്ര ഉപദ്രവിച്ചാലും ബാഹ്യമായ ഉപദ്രവമേ വരുത്താൻ കഴിയൂ. ഉപരി ജീവൻ നല്കി ദൈവം ആ ഉപദ്രവങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു. മരണഭയത്തോടെ കഴിഞ്ഞവരെ ആ അടിമത്തത്തിൽ നിന്നു മോചിക്കുവാൻ യേശു പാപമുള്ള മനുഷ്യനോടുയോജിപ്പിക്കുകയും തൽഫലമായി മരിക്കുകയും ചെയ്തു. യേശു ഉയിർത്തുകൊണ്ടു് മരണത്തെയും സാത്താനെയും കീഴടക്കി. അങ്ങനെ മനുഷ്യനെ സ്നേഹിച്ചു, ജീവിപ്പിച്ചു.

നമുക്കുണ്ടാകുന്ന കഷ്ടപ്പാടുകൾ എവിടെനിന്നു വരുന്നു എന്നു വിശദമായി വിചിന്തനം ചെയ്യുമ്പോൾ മനസ്സിലാകും അവയൊന്നും ദൈവത്തിൽനിന്നു വരുന്നതല്ലെന്നു്. മനുഷ്യരുടെ വ്യക്തിത്വങ്ങളിൽ വ്യത്യാസമുണ്ടു്; അതുപോലെ ക്ലേശങ്ങളിലും. ദൈവജീവൻ സ്വീകരിച്ചു് സ്വയത്തെതാഴ്ത്തി ജീവിക്കുന്നവരുണ്ടു്. തനിക്കുതന്നെ പ്രമുഖസ്ഥാനം കൊടുത്തു ജീവിക്കുകയാണെങ്കിലും കാര്യലാഭത്തിനുവേണ്ടി ദൈവത്തെ സ്നേഹിക്കുന്നവരുണ്ടു്. സ്വയകേന്ദ്രീകൃതജീവിതം നയിക്കുകയാണെങ്കിലും തനിക്കും മററുള്ളവർക്കും നന്മ വരണമെന്നു് ആഗ്രഹിച്ചു പ്രവർത്തിക്കുന്നവരുണ്ടു്. സ്വയകേന്ദ്രീകൃതജീവിതം നയിക്കുകയും മററുള്ളവർക്കു് തിന്മ വരണമെന്നു് ആഗ്രഹിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരുണ്ടു്. ഇവർക്കെല്ലാം പല രീതിയിലുള്ള കഷ്ടപ്പാടുകളോ മരണവേദനയോ വരാറുണ്ടു്. എന്നാൽ ഓരോരുത്തർക്കും വരുന്ന കഷ്ടപ്പാടിൻെറ ഉത്ഭവവും കാരണവും പലതാണ്. അതിനാൽ നമുക്കുണ്ടാകുന്ന കഷ്ടപ്പാടുകളുടെ അടിസ്ഥാന കാരണങ്ങൾ തരംതിരിച്ചു് മനസ്സിലാക്കണം. എല്ലാം ഒരേ അളവുകോലുകൊണ്ടു് അളക്കാൻ സാധിക്കുകയില്ല.



www.malankaralibrary.com

## മനുഷ്യന്റെ വിവിധ ദുരിതങ്ങൾ

1. പാപത്തിന്റെ അനന്തരഫലമായുണ്ടാകുന്ന ദുരിതങ്ങൾ.

ദൈവത്തെ അംഗീകരിക്കാതെ ആത്മാവിന്റെ ജീവനായ ദൈവത്തോടുള്ള ബന്ധം കളഞ്ഞു്, തോന്ന്യാസം പോകുന്നവർക്ക് ജീവബന്ധം നഷ്ടപ്പെട്ടതിന്റെ മരണവേദന ആത്മാവിലും, പിന്നെ മനസ്സിലും, പിന്നെ ശരീരത്തിലും അനുഭവപ്പെടുന്നു. അതാണ് പാപത്തിന്റെ വേദന. എന്റെ കണ്ണ് കുത്തിപ്പൊട്ടിക്കുവാൻ എനിക്ക് സ്വാതന്ത്ര്യം ഉണ്ട്. പക്ഷേ, കണ്ണ് പൊട്ടിച്ചിട്ട് പിന്നെ കാണാനുള്ള സ്വാതന്ത്ര്യം ഇല്ല. ഇവിടെ കാഴ്ച ഇല്ലാതാകുന്നത് ഞാൻ കണ്ണുപൊട്ടിച്ചതിന്റെ അനന്തരഫലം മാത്രമാണ്. അല്ലാതെ കണ്ണുപൊട്ടിച്ചതിനു് ദൈവം ശിക്ഷിച്ചതുമൂലമല്ല. ഞാൻ കണ്ണു കുത്തിപ്പൊട്ടിച്ചപ്പോൾ ദൈവം എന്നെ ശിക്ഷിച്ച് എന്റെ കാഴ്ചകളഞ്ഞു എന്ന് ആരും പറയേണ്ടതില്ല. അതുപോലെയാണ് പാപത്തിന്റെ അനന്തരഫലമായി വേദന വരുന്നത്. ആ വേദനകളാണ് മനുഷ്യദുരിതങ്ങളിൽ ഒന്നാമത്തേത്. റോമ 1: 18_32. അവിടെ ദൈവകോപം എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം ദൈവം ആരുടെ നേരെയെങ്കിലും കോപിക്കുന്നുവെന്നല്ല. ദൈവത്തോടുള്ള ബന്ധം നഷ്ടപ്പെടുമ്പോൾ മനുഷ്യനുണ്ടാകുന്ന ദുരിതാനുഭവങ്ങൾക്കെല്ലാംകൂടി പറയുന്ന വാക്കാണ് ദൈവകോപം എന്നത്. പാപത്തിന്റെ അനന്തരഫലമായി വേദന വന്നുചേരുന്നു എന്നുമാത്രം. അങ്ങനെ വേദനിക്കുന്ന മനുഷ്യരോടും ദൈവത്തിനു് കരുണയും സ്നേഹവുമുണ്ട്. അവരെ രക്ഷിക്കുന്നതിനു് യേശുവിനെ നൽകുവാൻ തക്കവണ്ണം ദൈവം മനുഷ്യരെ സ്നേഹിക്കുക മാത്രമാണ് ചെയ്യുന്നത്. പാപത്തിന്റെ അനന്തരഫലമായ എല്ലാ ദുരിതങ്ങളും മനുഷ്യരുടെമേൽ വരാതെ ദൈവം അവരെ വീണ്ടും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. അവരെ മാനസാന്തരത്തിലേയ്ക്ക് നയിക്കുവാൻ വേണ്ടിയാണ് അവർക്ക് വീണ്ടും സമയവും അനുഗ്രഹവും നൽകുന്നത്. എന്നാൽ മനുഷ്യൻ മാനസാന്തരപ്പെടുന്നതിനു പകരം അനുഗ്രഹത്തെ വീണ്ടും ദുരുപയോഗിക്കുകയാണെങ്കിൽ വലിയ ദുരിതങ്ങൾ, പാപത്തിന്റെ ശരിയായ വേദനതന്നെ വരാൻ പോകുന്നുവെന്ന് റോമ.2: 1_5 ൽ പറയുന്നു.

2. നമുക്കുണ്ടാകുന്ന വേറൊരു വേദനയുടെ കാരണം, ദൈവം മററു മനുഷ്യരിൽക്കൂടി നമുക്ക നൽകാൻ ഉദ്ദേശിച്ചിരുന്ന നന്മകൾ അവർ നമുക്ക് നൽകാതിരുന്നതുമൂലം ഉണ്ടാ



www.malankaralibrary.com

കുന്ന ഇല്ലായ്മയാണ്. നമ്മുടെ മാതാപിതാക്കന്മാരിൽക്കൂടിയും മററനേകരിൽക്കൂടിയും വിവിധങ്ങളായ നന്മകൾ നമുക്കു നൽകാൻ ദൈവം ആഗ്രഹിച്ചിരുന്നു. അതു നമുക്കു നൽകാൻ അവർ ദൈവത്തോടുകൂടി പ്രവർത്തനനിരതരാകേണ്ടിയിരുന്നു. എന്നാൽ ദൈവം നൽകിയ നൻമകൾ അവർ ദുരുപയോഗിക്കുകയും നമുക്കു നൽകാനായി ദൈവം ഏല്പിച്ച നന്മകൾ നൽകാതിരിക്കുകയും ചെയ്തതുമൂലം ദൈവം കൊടുത്തയച്ച പല നന്മകളും നമ്മളിൽ പലർക്കും കിട്ടാതെ പോയിട്ടുണ്ട്. മക്കൾക്കുവേണ്ടി അദ്ധ്വാനിക്കേണ്ടിയിരുന്ന മാതാപിതാക്കൻമാർ അദ്ധ്വാനിക്കാതിരുന്നതോ, അദ്ധ്യാപകർ പഠിപ്പിക്കാതിരുന്നതോ, തൊഴിൽ ചെയ്യിച്ചിട്ട് ജീവനക്കൂലി നൽകാതിരുന്നതോ എല്ലാം ഇതിനുദാഹരണങ്ങളാണ്. ലോകത്തിൽ ദൈവം വിഭവങ്ങൾ ഉല്പാദിപ്പിക്കാതിരുന്നതിനാലല്ല ലോകത്തിൽ ദാരിദ്ര്യമുണ്ടായത്. ചിലർ അദ്ധ്വാനിക്കാതിരുന്നതിനാലും വേറെ ചിലർ മററുള്ളവരുടെ അദ്ധ്വാനഫലം അനീതിയായി കൈയടക്കിയതിനാലുമത്രെ ലോകത്തിൽ ദാരിദ്ര്യമുണ്ടായത്.

ആദിമാതാപിതാക്കന്മാരുടെ പാപംമുതൽ ഇന്നോളമുള്ള സകല പാപങ്ങളും മനുഷ്യകുലത്തിൽ അനേകരുടെ വേദനയ്ക്കു കാരണമായി. അവരിൽക്കൂടി നൽകാനിരുന്ന നന്മകൾ എല്ലാവർക്കും കിട്ടാതായി. എന്നിൽക്കൂടി അനേകർക്കു നൽകാൻ ദൈവം ആഗ്രഹിച്ചിരിക്കുന്ന നൻമകൾ അവർക്കു നൽകാതിരിക്കുകയും, ‘‘എനിക്കു സുഖമായി ജീവിക്കുവാനുള്ള വകയുണ്ട്, സ്തോത്രം !’’ എന്നു പറയുകയും ചെയ്താൽ ലോകത്തിൽ അനേകരുടെ വേദനയ്ക്ക് ഞാൻ കാരണക്കാരനാവുകയാണ്.

മററു മനുഷ്യരിൽക്കൂടി ദൈവം നൽകാനിരുന്ന നൻമകൾ അവർ നൽകാതിരുന്നതുമൂലം ലോകത്തിനുണ്ടാകുന്ന വേദനകൾ മാററുവാൻ യേശുവിനെ ഓരോരുത്തർക്കുമായി നല്കിക്കൊണ്ട്, കിട്ടാതെപോയതെല്ലാം യേശുവിൽക്കൂടി നൽകിക്കൊണ്ട്, ദൈവം മനുഷ്യരുടെ വേദന മാററുന്നു. ഒരുവൻ യേശുവിനെ സ്വീകരിക്കുന്നതോടുകൂടി അവനു മററുള്ളവരിൽക്കൂടി ദൈവം നൽകാനാഗ്രഹിച്ചതും അതിൽ കൂടുതലും ലഭിക്കുന്നു.

3. മനുഷ്യൻ അനുഭവിക്കുന്ന മറെറാരു ദുരിതം. നമ്മൾ നന്നായി യേശുവിനോടുകൂടി ജീവിച്ചാലും, സാത്താൻ നേരിട്ടോ, മററുള്ളവരിൽക്കൂടിയോ നമുക്കു ബാഹ്യമായി



www.malankaralibrary.com

ദുരിതങ്ങൾ വരുത്തുന്നു. സ്മിർണായിൽ നന്നായി ജീവിച്ച മനുഷ്യരെ സാത്താൻ ഉപദ്രവിക്കാൻ പോകുന്നതിനെപ്പററി (വെളി 2:9 മുതലുള്ള വാക്യങ്ങളിൽ) പറയുന്നുണ്ട്. ഏതാനും ദിവസത്തേയ്ക്ക് അവർക്ക് കഷ്ടപ്പാട് വരുമെന്നും അതിനുശേഷം ജീവന്റെ കിരീടം ലഭിക്കുമെന്നും പറയുന്നു. ദൈവത്തിന്റെ ഉന്നതമായ സ്നേഹവും ശക്തിയും കാണിക്കാനും, സാത്താൻ എത്ര വേദനിപ്പിച്ചാലും, അതിലുപരി ദൈവം അവരെ മഹത്വപ്പെടുത്തുവാനുമാണ് ഈ ദുരിതങ്ങൾ ഏതാനും നാളത്തേയ്ക്ക് ദൈവം അനുവദിക്കുന്നത്. ജോബിന്റെ അനുഭവവും ഇതിനുദാഹരണമാണ്.

4. ദൈവം ബാലശിക്ഷണമായി നമുക്കു നൽകുന്ന ജീവിതപരിശീലനത്തിൽപ്പെടുന്നതാണ് മററു ചില വേദനകൾ. ഉത്തരവാദിത്വമുള്ള മാതാപിതാക്കന്മാർ കുഞ്ഞുങ്ങളെ ശിക്ഷണത്തിൽ (discipline) വളർത്തുന്നു. (ശിക്ഷണം എന്നാൽ ശിക്ഷ എന്നല്ല അർത്ഥം). കുട്ടികൾ നല്ല സ്വഭാവമുള്ളവരാകാൻ വേണ്ടുന്ന ഉപദേശവും പ്രോത്സാഹനവും നല്കുകയും അതിൽനിന്നു വ്യതിചലിക്കുമ്പോൾ തിരുത്തിക്കൊടുക്കുകയും ഭാവിയിൽ തെററുചെയ്യാതിരിക്കുവാനായി ഓർമ്മയിൽ വയ്ക്കുവാൻ വേണ്ടുന്ന ചില അനുഭവങ്ങൾ (experiences) അനുവദിക്കുകയും ചെയ്യുന്നു. ശിക്ഷണത്തിൽ സ്വല്പം വേദനയുണ്ട്. രാവിലെ ഉണർന്നു് പ്രാർത്ഥിക്കുകയും പഠിക്കുകയും ചെയ്യാത്ത കുട്ടികളെ അതിനായി പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചിലപ്പോൾ ചില വേദനകൾ അനുവദിക്കുകയും ചെയ്യുന്നു. ഉത്തരവാദിത്വമില്ലാത്ത മാതാപിതാക്കന്മാരാകട്ടെ, മക്കൾ എങ്ങനെ വേണമെങ്കിലും പോകട്ടെ എന്നു് വിചാരിക്കുകയും നിയന്ത്രണമില്ലാതെ അഴിച്ചു വിടുകയും ചെയ്യുന്നു. കുട്ടികളെ ഉത്തരവാദിത്വത്തോടെ ശിക്ഷണത്തിൽ വളർത്തുന്നതു് സ്നേഹമുള്ളതുകൊണ്ടാണ് (എബ്രാ 12:3-11). നമുക്ക് ദൈവം നൽകുന്ന ബാലശിക്ഷണത്തിന്റെ വേദനകൾ ദൈവത്തിന്റെ സ്നേഹത്തിൽനിന്ന് അനുവദിക്കുന്നതാണ്.

'ദോഷമായിട്ടൊന്നുമെന്നോടെന്റെ താതൻ ചെയ്കയില്ല
എന്നെ അവൻ അടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു'.

സ്നേഹപിതാവായ ദൈവം നല്കുന്ന ഈ ശിക്ഷണം, മുന്തിരി ശാഖയെ കൂടുതൽ ഫലം ഉളവാക്കാൻ വെട്ടി ശരിയാക്കുന്ന പ്രവൃത്തിയാണ്. (യോഹ 15:2). ആ ശിക്ഷ



www.malankaralibrary.com

ണത്തിന്റെ ഫലമായുണ്ടാകുന്ന വേദന, നമ്മുടെ ശരിയായ വളർച്ചയുടെ വേദനയാണ്; തളർച്ചയുടേതല്ല. അതു് പിതാവിന്റെ സ്നേഹം ചെയ്യുന്ന പ്രവൃത്തിയാണ്. ഓരോരുത്തരുടേയും ആവശ്യമനുസരിച്ചും സന്ദർഭമനുസരിച്ചും ദൈവം നമ്മെ ശിക്ഷണത്തിൽ വളർത്തുന്നു; തെററുതിരുത്തി വളർത്തുന്നു. നമ്മുടെ ആത്മാവിൽ പരിശുദ്ധാത്മാവിന്റെ നിവേശനം തന്നുകൊണ്ടും ബാഹ്യസംഭവങ്ങളെ നിയന്ത്രിച്ചുകൊണ്ടും നമ്മെ ശിക്ഷണത്തിൽ വളർത്താൻ ദൈവത്തിനറിയാം. ശരിയായ ശിക്ഷണത്തിൽ വളന്ന മനുഷ്യർ ഉന്നത പദവി പ്രാപിക്കുന്നതും ശരിയായ ശിക്ഷണം ലഭിക്കാത്തവരുടെ ജീവിതം താറുമാറാകുന്നതും നാം കാണാറുണ്ടല്ലോ. നിത്യഭാഗ്യത്തിലേയ്ക്കുള്ള പാതയിൽനിന്നു് നമ്മൾ വഴുതിമാറുമ്പോൾ ശരിയായ പാതയിൽ നടത്തുവാൻ ദൈവം നമ്മെ കൈപിടിച്ചു നയിക്കുന്നില്ലെങ്കിൽ അവിടുന്നു് സ്നേഹമില്ലാത്തവനാണെന്നു വരും. നമ്മൾ ഓരോരുത്തരും എത്തിച്ചേരേണ്ട സ്ഥാനവും അതിൽനിന്നു് നമ്മൾ വഴുതിമാറുന്ന സ്ഥിതിയും അനുസരിച്ചാണ് ഓരോരുത്തക്കും വിവിധ രീതിയിലുള്ള ശിക്ഷണം ദൈവം നൽകുന്നതു്. ദേവാലയം അശുദ്ധമാക്കിയവരുടെ നേരെ യേശുനാഥൻ നടത്തിയ ശിക്ഷണവും, കപടഭക്തിക്കാരുടെ നേരെ 'വെള്ളയടിച്ച കുഴിമാടമേ........' എന്നു തുടങ്ങി പറഞ്ഞ കഠിന വാക്കുകളും അതതു സമയത്തു് അവർക്കു് നൽകാനുള്ള അനുയോജ്യ ശിക്ഷണമായിരുന്നു. അവ യേശുവിന്റെ ഹൃദയത്തിൽ അവരോടുള്ള സ്നേഹത്തിൽനിന്നു് ഉടലെടുത്തതും അവരുടെ തെററിന്റെയും ഹൃദയകാഠിന്യത്തിന്റെയും അനുപാതത്തിൽ നൽകിയതുമായ ശിക്ഷണമായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു കരുണ കാട്ടിക്കൊണ്ടു് യേശുനാഥൻ അവരംക്കു വേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നതും ശിക്ഷണത്തിൽപ്പെടുന്നു. ശിഷ്യന്മാർക്കും അവരുടെ സ്ഥിതിയനുസരിച്ചുള്ള ശിക്ഷണം നാഥൻ നൽകിക്കൊണ്ടിരുന്നു.

5. നമ്മൾ ദൈവത്തെ ഉപേക്ഷിച്ചു പോവുകയാണെങ്കിൽ, ദൈവം നമ്മെ കടന്നുപിടിച്ചു് തന്നിലേയ്ക്കടുപ്പിക്കുമ്പോൾ നമ്മുടെ ദുസ്വാതന്ത്ര്യം, തടഞ്ഞതിന്റെ വേദനയുണ്ടാകുന്നു. ആൾക്കൂട്ടത്തിൽ കുട്ടികളെ കൊണ്ടുപോകുമ്പോൾ, മാതാപിതാക്കന്മാരുടെ കൈയിൽ പിടിച്ചുകൊള്ളണമെന്നു് അവരോടു പറഞ്ഞിരിക്കും. എന്നാൽ കുട്ടികൾ എന്തെങ്കിലും കണ്ടു് ആകർഷിക്കപ്പെട്ടു് മാതാപിതാക്കന്മാരുടെ കൈവിട്ടുപോയാൽ, മാതാപിതാക്കന്മാർ



www.malankaralibrary.com

അവരെ കടന്നുപിടിക്കുകയും വരാവുന്ന അപകടത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്നു. അതുപോലെ ദൈവ ത്തോടുള്ള ബന്ധം ഉപേക്ഷിച്ച് മനുഷ്യർ ഏതെങ്കിലും പാപത്താൽ ആകർഷിക്കപ്പെട്ടു പോകുമ്പോഴും അവർ അധ:പതിക്കാതിരിക്കുവാൻ ദൈവം അവരെ കടന്നുപി ടിക്കുന്നതാണ്, അവരുടെ താല്കാലിക ലക്ഷ്യങ്ങളും തകരുവാൻ ദൈവം അനുവദിക്കുന്നത്. ദൈവത്തിൽ ഒന്നായിത്തീരുകയെന്ന പരമലക്ഷ്യത്തിൽനിന്ന് ജീവി തഗതി മാറി, കണ്ണിന്റെ ദുരാശ, ജഡത്തിന്റെ ദുരാശ, അഹന്ത ഇവയിൽപ്പെട്ട്, ഇവയിൽനിന്ന് പരമഭാഗ്യം കിട്ടാനായി ഓടുമ്പോഴും, ഒന്നുകിൽ ആ ലക്ഷ്യവസ്തുവിനെ തകർക്കുകയോ, പരാജയം അനുവദിക്കുകയോ ചെയ്യുന്നു. വി. പൗലോസിനെയും അസീസിയേയും അഗസ്റ്റീനോ സിനെയും എല്ലാം ദൈവം ഇങ്ങനെ പിടിച്ചെടുത്തതാണ്.

ദൈവം നമ്മെ സ്വായത്തമാക്കി ദൈവത്തോട് എത്രമാത്രം ആഴത്തിൽ യോജിപ്പിക്കുവാൻ സമ്മതിക്കുന്നു വോ അത്രയും നന്മ മാത്രമേ നമുക്കു പരമാവധി സമ്പാ ദിച്ച് അനുഭവിക്കാൻ സാധിക്കൂ. നമുക്കനുവദിച്ചത്രയും ദൈവൈക്യം നേടുവാൻ നമ്മെ വിട്ടുകൊടുക്കുകയും എ പ്പോഴും ദൈവത്തോട് ഒന്നായി വർത്തിക്കുവാൻ പരമാ വധി പ്രയത്നിക്കുകയും ചെയ്യണം. ദൈവം അനുവദിച്ച ദൈവൈക്യത്തിൽനിന്ന് ഞാൻ ഇപ്പോഴും എത്ര അകല ത്തിലാണോ അത്രയും ദുഃഖം ഞാൻ അനുഭവിക്കും. മാറി പ്പോയ മനുഷ്യരെ ദൈവം യേശുവിലൂടെ പിടിച്ചുചേർത്ത് അവരവർക്കനുവദിച്ച ദൈവൈക്യത്തിന്റെ തികവിലെ ത്തിക്കാൻ പരമാവധി പ്രവർത്തിച്ച രംഗമാണ് കുരി ശിലെ രംഗം. (ഫിലി 3 : 6 മുതൽ അവസാനം വരെ വായിക്കുക). ക്രൂശിതനായ യേശുവിൽ ഞാൻ എത്രമാത്രം ചേർക്കപ്പെടുന്നുവോ അത്രമാത്രമാണ് എനിക്കനുവദിച്ച ദൈവൈക്യത്തിൽ ചേരാൻ സാധിക്കുക. അതിനുവേണ്ടി യേശു എന്നെ സ്വായത്തമാക്കിയെന്നും, എനിക്കനുവദിച്ച ദൈവൈക്യത്തിന്റെ തികവു നേടാൻ ഞാൻ തീവ്രമായി പരിശ്രമിക്കുകയാണെന്നും ആ തികവ് ഞാൻ പ്രാപിച്ചു കഴിഞ്ഞിട്ടില്ലെന്നും യേശുവിന്റെ കുരിശിനോടു യോജി ക്കുവാൻ വേണ്ടി എനിക്കു ലാഭമായിരുന്നതെല്ലാം ഉച്ഛി ഷ്ടംപോലെ ഉപേക്ഷിക്കുകയാണെന്നും' ശ്ലീഹാ പറയുന്നു. യേശു നമ്മെ സ്വായത്തമാക്കി തന്റെ ആഴങ്ങളിലേക്കു യോജിപ്പിക്കുമ്പോഴും കുരിശിലെ വേദനയുടെ ഒരംശം നമുക്കു ലഭിക്കും. നമ്മളും കുരിശിന്റെ ശത്രുക്കളാവുകയും ഉദരം എന്ന ദൈവത്തെ ആരാധിക്കുന്നവരാവുകയും ചെയ്യു



www.malankaralibrary.com

രുതെന്ന് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു.

6. നമുക്ക് വരാവുന്ന അപകടങ്ങൾ ദൈവം മുൻകൂട്ടി കണ്ടിട്ട്, അതിൽ വീഴാതിരിക്കുവാൻ ശക്തിയുപയോഗിച്ച് നമ്മെ വഴി മാററി വിടുമ്പോൾ ചെറിയ വേദനയുണ്ടാകാറുണ്ട്. രോഗങ്ങൾ വരാതിരിക്കാൻ പ്രതിരോധകുത്തിവയ്പ്പ് നടത്തുമ്പോൾ അല്പം വേദനയുണ്ടാകുമല്ലോ. ഭാവിയിൽ പ്രതിബന്ധങ്ങളോട് അടരാടി ജയിക്കാനുള്ള ശക്തി കിട്ടാനായി ചെറിയ പ്രതിബന്ധങ്ങളോ പ്രശ്നങ്ങളോ ദൈവം അനുവദിക്കുന്നു.

7. യേശുവിൽ ഒന്നായി ജീവിക്കുന്നവർക്ക് അവരുടെ ഉപരിമഹത്വത്തിനായി ചില ക്ലേശങ്ങൾ നൽകാറുണ്ട്. മററുള്ളവരുടെ ക്ലേശങ്ങളും വേദനകളും ഏറെറടുത്ത് മററുള്ളവരെ സഹായിക്കാൻ ദൈവം അവസരം അനുവദിക്കുന്നത് ദൈവസ്നേഹത്തിൽ വളരാൻ സൗകര്യം തരികമാത്രമാണ്. പിതൃത്വത്തിലേയ്ക്കോ മാതൃത്വത്തിലേയ്ക്കോ ഒരാളെ ഉയർത്തുമ്പോൾ, ഉത്തരവാദിത്വഭാരങ്ങളും ക്ലേശങ്ങളും വർദ്ധിക്കുന്നു. അത്, അവരെ വേദനിപ്പിക്കുവാനല്ല. മഹത്വത്തിലേയ്ക്ക് ഒരുപടികൂടി ഉയർത്തുവാനാണ്. അതുപോലെ അനേകരുടെ ഭാരങ്ങൾ സഹിക്കുവാൻ ഒരാളെ ദൈവം തെരഞ്ഞെടുത്ത് ഉയർത്തുന്നത്, അയാളെ മഹത്വപ്പെടുത്തുവാനാണ്. വിശുദ്ധർക്ക് അനുഭവിക്കേണ്ടിവന്ന ക്ലേശങ്ങൾ ഈ ഇനത്തിൽപ്പെടുന്നു. (കൊളോ 1:24; എഫേ 3:13).

8. വേറൊരു രീതിയിൽ വേദനകൾ ചിലർക്ക് അനുഭവപ്പെടാം. യേശുവിനെ ധരിക്കുന്നതോടുകൂടി, യേശുവിൻെറ ജീവിതരഹസ്യങ്ങൾ ഓരോന്നോരോന്നായി അവരുടെ ജീവിതത്തിൽ അനുഭവപ്പെടുന്നു. യേശുവിൻെറ പീഡാനുഭവം അവരിൽ സാക്ഷാൽക്കരിക്കുന്നു. അതിനുശേഷം ഉയിർപ്പും മഹത്വവും! (വളർച്ചയുടെ ധ്യാനത്തിൽ ഇതു കൂടുതൽ വ്യക്തമാകും).

ഏതൊരു ജീവിതത്തിൻേറയും വളർച്ചയെന്നത് ജീവിതത്തിൻെറ സത്തയിൽ നിക്ഷിപ്തമായ രഹസ്യങ്ങൾ (Mysteries) ക്രമേണ അനുഭവത്തിലാവുക എന്നതാണ്. ഒരു ആഞ്ഞിലിക്കുരുവിൽ ആഞ്ഞിലിത്തടിയുടെ രഹസ്യങ്ങൾ ഒളിഞ്ഞിരുപ്പുണ്ട്. ക്രമേണ മാത്രമേ, അതു് ആഞ്ഞിലിത്തടിയായി സാക്ഷാത്ക്കരിക്കുകയുള്ളു. യേശുവിൻെറ ജീവൻ ഒരാൾ ആത്മാവിൽ സ്വീകരിച്ച് യേശു



www.malankaralibrary.com

വിനെ ധരിക്കുന്നതോടുകൂടി യേശു തന്റെ സകല രഹസ്യങ്ങളോടുംകൂടി ആ ആളിൽ ജനിക്കുന്നു. ക്രമേണ യേശുവിന്റെ ഓരോ ശക്തിയും ജീവിതരഹസ്യവും ആ ആളിൽ സാക്ഷാത്കരിക്കുന്നു. യേശുവിന്റെ പീഡാനുഭവത്തിന്റേയും ദാരിദ്ര്യത്തിന്റേയും കുരിശിലെ മരണത്തിന്റേയും രഹസ്യങ്ങൾ നമ്മിൽ ക്രമേണ വെളിപ്പെടുമ്പോൾ, അവിചാരിതമായി എന്തോ സംഭവിച്ചു എന്നവിധം പരിഭ്രമിക്കരുതെന്നും യേശു നമ്മിൽ വളരുന്നതിന്റെ അടയാളമായി അതിനെ കണ്ട് അഭിമാനിക്കണമെന്നും വിശുദ്ധ പത്രോസ്ശ്ലീഹാ പറയുന്നു (1പത്രോ 4:12_19).

9. നീതിമാന്മാരെ ഉപദ്രവിക്കുന്ന കഠിനഹൃദയരും ധിക്കാരികളുമായ പാപികളുടെ ആക്രമണത്തിൽ നിന്ന്, നീതിമാന്മാരെ രക്ഷിക്കുവാൻ, ദൈവം തന്റെ നീതിയോടും ശക്തിയോടും കരുണയോടുംകൂടി ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ട് തന്റെ നീതി നടപ്പാക്കുന്നതാണ് വേദനയ്ക്കു കാരണമാകുന്ന ചില സന്ദർഭങ്ങൾ. ദൈവത്തിന് സമർപ്പിതരായവരെ ദൈവം രക്ഷിക്കുന്നു. ദൈവത്തോടു ചേർന്നു ജീവിക്കുന്നവർ ദുഷ്ടരുടെ കൈകളാൽ നശിച്ചുപോകാതിരിക്കുവാൻ അത്ഭുതകരമായ സംരക്ഷണത്തോടുകൂടി ദൈവം കടന്നു വരുന്നു. ചരിത്രത്തിൽ ഈ പരിപാലന കാണാവുന്നതാണ്. ഇതു് അനീതി പ്രവർത്തിക്കുന്നവർക്ക് മാനസാന്തരത്തിനുള്ള അവസരമാകാൻ കാരണമാകുകയും ചെയ്യും. ഈജിപ്റ്റിലെ ബാധകൾ ഇതിനുദാഹരണമാണ്.

10. ഈ ലോകജീവിതത്തിൽ ദൈവത്തോട് ഐക്യപ്പെടുവാനുള്ള എല്ലാ അവസരങ്ങളേയും ഉപേക്ഷിച്ച് തിന്മയിൽ മുഴുകുന്നവർ അന്ത്യനിമിഷം പോലും അവരുടെ പാപത്തിൽ മുറുകെ പിടിച്ച് കഴിയുകയാണെങ്കിൽ, നിത്യമായി ദൈവൈക്യമില്ലാത്ത സ്വയകേന്ദ്രജീവിതത്തിന്, നരകത്തിന്, അവരെ കൈവിടുന്നു. അവർക്കു നൽകിയ സ്വാതന്ത്ര്യത്തെ ദൈവം മാനിക്കുന്നുണ്ട്. അവർക്കു നൽകാവുന്ന കൃപ മുഴുവൻ നൽകുന്നുണ്ട്. യേശുവിലൂടെ സൗജന്യമായ പാപമോചനവും, കൂട്ടായ്മയും എല്ലാം നൽകിയിട്ടും അതെല്ലാം ഉപേക്ഷിക്കുന്നവൻ തന്നിൽത്തന്നെ ഇല്ലായ്മയുടെ നൊമ്പരം അനുഭവിച്ചുകഴിയേണ്ടിവരുന്നു. ദൈവം ആരെയും ശിക്ഷിക്കുന്നതല്ല. മനുഷ്യർ രക്ഷ സ്വീകരിക്കാത്തതിനാൽ തനിയെ അന്ധകാരത്തിലേക്കു പോകുന്നതാണ് (യോഹ 3:16_21).

നമ്മൾ എന്തെങ്കിലും നന്മ അനുഭവിക്കുന്നതു് അസ്ഥി



www.malankaralibrary.com

ത്വത്തിന്റെ വിവിധ രൂപങ്ങൾ നമ്മിൽ പ്രകാശിക്കു വാൻ ദൈവം അനുവദിക്കുന്നതിനാലാണ്, ദൈവത്തോട് നമ്മെ കൂടുതൽ കൂടുതൽ യോജിപ്പിക്കുന്നതിനാലാണ്. അസ്തിത്വത്തിന്റെ ഉടമ ദൈവമാണ്. ദൈവത്തോട് നമ്മെ മുഴുവനായി യോജിപ്പിക്കുവാൻ വിളിക്കുകയും വേണ്ടതെല്ലാം തന്നു വളർത്തുകയും ചെയ്യുന്നതിലാണ് ദൈവത്തിന്റെ സ്നേഹം കാണുക. നന്മകൾ നശിപ്പിക്കുന്നത് മനുഷ്യന്റെ സ്വാതന്ത്ര്യതീരുമാനമോ, പാപികളായ മററുള്ളവരുടെ തെററായ സ്വാധീനമോ മൂലമാണ്. നശിച്ചിടത്തു വീണ്ടും നന്മ വിതച്ച് സ്നേഹിക്കുന്നവനാണു ദൈവം. ''ദൈവം എന്നെ വേദനിപ്പിക്കുന്നു; ദ്രോഹിക്കുന്നു'' എന്ന ചിന്ത അസത്യമാണ്, ''ദൈവം എന്നെ സ്നേഹിക്കുന്നു, അനുഗ്രഹിക്കുന്നു'' എന്നതാണു സത്യം.

നമ്മിലെ നന്മകൾ നശിപ്പിച്ചുകൊണ്ട് നമുക്കു ദുരിതങ്ങൾ വരുത്തുന്നത്,സാത്താനും ദൈവത്തോടുള്ള ബന്ധം കളഞ്ഞ മനുഷ്യരുമാണ്. നമ്മിലെ നന്മകൾ വളരാൻ വേണ്ടി തിന്മകൾ അകററാനുള്ള ശിക്ഷണവും പരിപാലനയും നടത്തുന്നതിലുള്ള വേദന അനുവദിച്ചുകൊണ്ട് നമ്മുടെ ജീവിതത്തിലേക്കു കടന്നു വരുന്നത് ദൈവമാണ്. ''ദൈവമേ, നീ പരിശുദ്ധനാകുന്നു'' എന്നു പറയുമ്പോൾ ദൈവം ചെയ്യുന്നതെല്ലാം നല്ലതാകുന്നു എന്ന് ഏററു പറയുകയാണ്.

## 3. ഭാവനയിലെ പ്രതിബന്ധം

ദൈവസ്നേഹം അനുഭവപ്പെടാതെ പോകുന്നതിനുള്ള മൂന്നാമത്തെ കാരണം ദൈവത്തെപ്പററിയുള്ള വികലഭാവനകളാണ്. മനുഷ്യന് ഭാവനയുള്ളതിനാൽ മുന്നനുഭവങ്ങളെ ആസ്പദമാക്കി ഭാവനാരൂപങ്ങൾ നെയ്തെടുക്കും. ദൈവത്തെപ്പററി പറയുമ്പോഴും ഓരോ ഭാവനകൾ ഉണ്ടാകും, അരൂപിയായ ദൈവത്തെപ്പററി ഭാവനയിൽ രൂപങ്ങൾ നെയ്തെടുക്കരുത് എന്നതാണ് ബിംബങ്ങൾ ഉണ്ടാക്കരുതെന്ന കല്പനയിലൂടെ പറഞ്ഞു തരുന്നത്.

ഒരു പോലീസുകാരനെപ്പോലെ ദൈവത്തെ കരുതുന്നവരുണ്ട്. നാക്കും നീട്ടി മനുഷ്യരക്തം കുടിക്കാനിരിക്കുന്ന രക്തരക്ഷസ്സായി ദൈവത്തെ കരുതുന്നവരുണ്ട്. ഇപ്രകാരം ദൈവത്തെപ്പററിയുള്ള വികൃതഭാവനകൾ നിലനിൽക്കുമ്പോൾ ദൈവത്തെ സ്നേഹനിധിയായി കാണുവാൻ സാധിക്കുകയില്ല.



www.malankaralibrary.com

ഒരിടത്തു് ഞാൻ പ്രസംഗിച്ചു കഴിഞ്ഞപ്പോഠം ഒരു സഹോദരി വലിയ മനോഭാരത്തോടുകൂടി എൻെറ പക്കൽ വന്നു പറഞ്ഞു, ''ദൈവം എന്നെ ശിക്ഷിക്കമെച്ചാ........... ദൈവം എന്നെ നരകത്തിലിടുമെച്ചാ...........'' ദൈവത്തെക്കുറിച്ചോർക്കുമ്പോഠം ആ സഹോദരി ഞെട്ടുന്നു. അവഠംക്കു എന്തുപററിയെന്നോ? അവളുടെ അപ്പൻ ഒരു മദ്യപാനിയായിരുന്നു. അവളുടെ കുട്ടിക്കാലത്തു് ചെറിയ തെററുകഠംക്കുപോലും ആ അപ്പൻ അവളെ കഠിനമായി ശിക്ഷിച്ചിട്ടുണ്ടു്. അവഠംക്കു് രണ്ടുവയസ്സു പ്രായമുണ്ടായിരുന്നപ്പോഠം, ഒരിക്കൽ മുററത്തുനിന്ന ഒരു വെണ്ടയുടെ തണ്ടു് ഒടിച്ചതിനു് അപ്പൻ ഒരു വെട്ടുകത്തിയുമായി, ''നിന്നെ ഞാൻ കൊല്ലുമെടീ...........'' എന്നു പറഞ്ഞു് അവളുടെ നേരെ ചാടിച്ചെന്നു. ആ കുഞ്ഞു് ആകമാനം പേടിച്ചുവിറച്ചു. അമ്മ ഓടി വന്നു്, കുഞ്ഞിനെയെടുത്തു്, ഒരു മുറിയിൽ ആക്കി കതകടച്ചു. അപ്പൻെറ ദേഷ്യം തീരുന്നതുവരെ അവഠം ആ മുറിയിൽ പേടിച്ചു വിറച്ചു കഴിഞ്ഞു. തന്മൂലം അപ്പനെക്കുറിച്ചുള്ള ഒരു ക്രൂരഭാവന ആ കുരുന്നു മനസ്സിൽ പതിഞ്ഞു. നിസ്സാരകാര്യങ്ങഠംക്കുപോലും കഠിനമായി ശിക്ഷിക്കുന്ന ശക്തനായ ഒരുവൻ — സ്നേഹം ഇല്ലാത്ത ക്രൂരൻ. അയാളുടെ കൈയിൽ നിന്നും രക്ഷപ്പെടുവാൻ വഴി ഇല്ലതാനും. ദൈവവും ഒരു പിതാവാണെന്നു കേട്ടു. അപ്പോഠം ദൈവവും ഇതേരൂപത്തിലുള്ള ഭീകരരൂപിയായിരിക്കും. (ഈ ലോകത്തിലെ പിതാവു് വെട്ടുകത്തിയും കൊണ്ടാണു് ചാടി വരുന്നതെങ്കിൽ സ്വർഗ്ഗത്തിലെ പിതാവു് മഴുവും കൊണ്ടായിരിക്കുമോ ചാടിവരിക!). കഠിനമായ ശിക്ഷ തരുന്നവനാണു് ദൈവം. ആ ദൈവത്തെക്കുറിച്ചു് ഓർക്കുമ്പോഠം ഭയംകൊണ്ടു് തളർന്നുപോവുകയാണു്. നോക്കു, ആ സഹോദരിയുടെ ഭാവനയിലെ ബന്ധനം. ഈ ലോകത്തിലെ അപ്പനിൽ നിന്നും ലഭിച്ച അനുഭവത്തോടു് ബന്ധപ്പെടുത്തി ഭാവനയിൽ ദൈവത്തെക്കുറിച്ചു് ഓർത്തപ്പോഠം വന്ന പിശകു്! അവഠം വളർന്നുവന്നപ്പോഠം നരകത്തെക്കുറിച്ചു് പലരും പ്രസംഗിക്കുന്നതു കേട്ടു. പാപമുള്ളവരെ ദൈവം നരകത്തിൽ പിടിച്ചിടും. അവിടെ ആകെ തീയാണു്. പതിനായിരം കൊല്ലം കഴിഞ്ഞാൽപ്പോലും അവിടെ നിന്നും ദൈവം ഇറക്കിവിടുകയില്ല. ചെറിയചെറിയ പാപമുണ്ടെങ്കിൽപ്പോലും, ശുദ്ധീകരണസ്ഥലത്തിലെ തീയ്ക്കകത്തിട്ടു് വറുത്തെടുക്കും. പാപം തീരുന്നതുവരെ അവിടെയിടും. ഇതെല്ലാം കേട്ടു് അവഠംക്കു് ദൈവത്തെപ്പററി വിപരീതഭാവനകളുയർന്നു. ദൈവത്തെ ഭയന്നു.



www.malankaralibrary.com

എന്താണ് നരകം? സ്നേഹാഗ്നിയായ ദൈവത്തിലാണ് എല്ലാവരും വസിക്കുക. എന്നാൽ ഒരുവൻ ആ സ്നേഹാഗ്നിയോടു് യോജിച്ച് ദൈവത്തെയും എല്ലാവരെയും സ്നേഹിക്കാതെ, ആ സ്നേഹാഗ്നിയിൽ ദൈവൈക്യമില്ലാതെ വസിക്കുമ്പോൾ ഉള്ള അനുഭവമാണ് നരകവേദന. കത്തിക്കൊണ്ടിരിക്കുന്ന ദൈവസ്നേഹത്തിൽ ഒന്നായി യോജിച്ച് സ്നേഹിക്കാൻ മനസ്സാകാതെ സ്നേഹാഗ്നിയായ ദൈവത്തിൽ വസിക്കുന്ന സ്ഥിതിയിലെ വേദനയാണ് നരകവേദന. ദൈവത്തിന്റെ സ്നേഹം ഒരുവനും ദൈവം കൊടുക്കാതിരിക്കയില്ല. സ്വർഗ്ഗത്തിലെ തീയും നരകത്തിലെ തീയും ഒരേ തീ തന്നെയാണ്. സ്വർഗ്ഗത്തിലെ തീയെന്നു പറയുന്നത്, പരിശുദ്ധാത്മാവിന്റെ ഈ സ്നേഹാഗ്നിയിൽ നമ്മുടെ ആത്മാവ് യോജിച്ച് സ്നേഹത്തിൽ ഒന്നാവുമ്പോൾ ഉള്ള ആനന്ദമാണ്. സ്നേഹത്തിൽ ഒന്നാവുന്ന അവസ്ഥയാണ്. നരകത്തിലെ തീയെന്നു പറയുന്നത്, ദൈവത്തിന്റെ പരിശുദ്ധ സ്നേഹത്തിന്റെ അഗ്നിയുടെ നടുവിൽ, ആ സ്നേഹത്തോടു യോജിക്കാതെ, സ്വാർത്ഥരായി ശത്രുതയിൽ കഴിയുന്നതിന്റെ വേദനയാണ്. ശുദ്ധീകരണസ്ഥലത്തിലെ തീയെന്താണ്? ദൈവസ്നേഹത്തോട് ഒരളവിൽ യോജിച്ച മനുഷ്യൻ പൂർണ്ണമായി യോജിക്കുവാൻ കഴിയാതെ ക്ലേശിക്കുന്നതാണ്. അതിനു് സ്വയകേന്ദ്രീകൃത ജീവിതം മുഴുവനായി ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അതു ചെയ്യുമ്പോൾ സ്വാർത്ഥത മുഴുവൻ തകരുന്നതിന്റെ വേദനയും മഹത്വവും ഉണ്ടാകും. കർത്താവായ യേശുവിനോടും യേശുവിന്റെ സ്നേഹത്തോടും മനോഭാവങ്ങളോടും ജീവിതത്തോടും പരിശുദ്ധാത്മാവിലൂടെ എന്റെ ഹൃദയം മുഴുവനായി യോജിക്കുമ്പോൾ എന്റെ ശുദ്ധീകരണ സ്ഥലം തീർന്നു. ദൈവം സ്നേഹനിധിയാണ്. ആരെയെങ്കിലും തീയിലിട്ട് വേദനിപ്പിക്കുന്നതിൽ ആനന്ദിക്കുന്നവനല്ല.

ചിലർ ദൈവത്തെ ഭാവനയിൽ കാണുന്നത്, ചില ചിത്രങ്ങളെ ആസ്പദമാക്കിയാണ്. ഒരിടത്തു് ദൈവത്തെ ചിത്രീകരിച്ചിരിക്കുന്നത് വലിയ മീശയുള്ള ഒരു വൃദ്ധന്റെ രൂപത്തിലായിരിക്കാം. മറെറാരിടത്തു് ക്രൂരമുഖമുള്ളവനായിട്ടായിരിക്കാം. ഭാവനയുടെ ലോകത്തിൽ ദൈവത്തെ കാണുന്നവർക്ക് അവർ ഏതിനോട് ബന്ധപ്പെടുത്തി ദൈവത്തെ കണ്ടുവോ, അതിന്റെ സ്വാധീനം മൂലമുള്ള ബന്ധനം അനുഭവപ്പെടും. മനുഷ്യരിൽ വിരൂപ ഭാവനകളുണർത്താൻ വിരൂപ ചിത്രങ്ങൾക്ക് സാധിക്കും. ദൈവത്തിന്റെ രൂപം കാണിക്കുവാൻ യാ



www.malankaralibrary.com

തൊരു ബിംബവും ഉണ്ടാക്കരുതെന്നു് കല്പന തന്ന തിന്റെ സാരം ഇതാണ്. പുറമേയുള്ള ബിംബങ്ങളല്ല പ്രധാനം. ഭാവനയിലെ വിരൂപരൂപങ്ങളാണു മാറേണ്ടതു്. എല്ലാ നന്മയുടേയും അസ്തിത്വത്തിന്റേയും സത്യത്തി ന്റേയും സ്രോതസ്സിനെ ഭാവനകൊണ്ടു് എങ്ങനെ വരച്ചു കാട്ടുവാൻ സാധിക്കും! സ്നേഹം, സത്യം, സന്തോഷം, ജീവൻ മുതലായ യാഥാർത്ഥ്യങ്ങൾ മനുഷ്യൻ അനുഭവി ക്കുന്നുണ്ടല്ലോ. അവയുടെ സ്രോതസ്സിനെ എങ്ങനെ വരച്ചു കാട്ടുവാനാണ്? സ്നേഹത്തെ എങ്ങനെ വരയ്ക്കും? ശക്തിയെ എങ്ങനെ വരയ്ക്കും? സത്യദൈവദർശനം നട ത്താൻ ഭാവനയ്ക്കു് അതീതമായ ഒരു അനുഭവത്തിലേക്കു് കടക്കേണ്ടതുണ്ടു്. ചില സ്ഥലങ്ങളിൽ ദൈവത്തെ കാ ണിക്കുവാൻ വച്ചിരിക്കുന്ന ചിത്രങ്ങൾ തീർത്തും വിരൂ പങ്ങളാണ്. ഈദൃശ വിരൂപബിംബങ്ങൾ തകർക്കേണ്ട താണ്. വിരൂപ ഭാവനകൾ ഉണർത്തുന്ന ചിത്രങ്ങളും മററും ഗുണമല്ല ദോഷമാണു ചെയ്യുക.

ദൈവത്തിന്റെ മുഖം കാണണമോ? ദൈവത്തിന്റെ മുഖം കാണുവാൻ ഒരേ ഒരു മുഖമേയുള്ള – മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ മുഖം! യേശുക്രിസ്തുവിന്റെ മുഖം! 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു'. യേശു വിനെ ശാരീരികമായി കാണുന്നവൻ എന്നല്ല ഇതിനർത്ഥം. സകലവും ക്ഷമിച്ചു്, സകലവും സഹിച്ചു്, പാപികളെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തു്, പാപികൾക്കുവേണ്ടി മരിക്കാൻവരെതയ്യാറാകുന്ന അനന്ത സ്നേഹത്താൽ സ്നേഹി ക്കുന്ന യേശുവിന്റെ മുഖം! ക്രൂശിൽ കിടക്കുന്ന യേശു വിന്റെ മുഖം! അതാണ് പിതാവിന്റെ മുഖം കാണുവാ നുള്ള വഴി. പിതാവിന്റെ മുഖമായി, വെളിപാടായി, യേശുവിനെ അറിയേണ്ടതു് ആവശ്യമാണ്. പിതാവി ന്റെ സകല നന്മയും പൂർണ്ണമായും മനുഷ്യരൂപത്തിൽ പ്രകാ ശിച്ചിരിക്കുന്ന ദൈവപുത്രനായ യേശുവിന്റെ വാക്കുകളി ലും പ്രവൃത്തികളിലും കൂടി ദൈവപിതാവിനെ നമ്മൾ മനസ്സിലാക്കുകയാണ്. ദൈവപിതാവു് ആരാണെന്നും ഏതു സ്വഭാവമുള്ളവനാണെന്നും യേശുവിനെ നോക്കി മന സ്സിലാക്കാം. യേശു മനുഷ്യരുടെ കാലുകൾ കഴുകുവാൻ വരെ താഴുന്നവനാണ്. മററുള്ളവരെ ഉന്നതത്തിലേയ്ക്കു് ഉയർത്തുവാൻ മരണം വരിക്കാൻപോലും തയ്യാറുള്ളവനാ ണ്. അവിടുന്നു സ്നേഹമാണ്; ത്യാഗമാണ്; സമാധാന മാണ്.

യേശുവിന്റെ പ്രതിമകളിലൂടെ പിതാവിനെ കാണാ



www.malankaralibrary.com

മെന്നല്ല പറഞ്ഞത്. യേശുവിന്റെ വചനങ്ങളും പ്രവൃത്തികളും ധ്യാനിച്ച് പഠിക്കുമ്പോൾ ദൈവപിതാവിന്റെ സ്വഭാവം എന്താണെന്ന് മനസ്സിലാക്കാമെന്നാണ് പറഞ്ഞത്. (പ്രതിമകൾ പഠനത്തിനും പ്രാർത്ഥനസ്സും സഹായിക്കുമെങ്കിൽ അതിന് അത്രയും മൂല്യമുണ്ട്). യേശുവിലൂടെ ദൈവപിതാവ് നമ്മോട് എങ്ങനെയാണ് പെരുമാറുന്നതെന്ന് മനസ്സിലാക്കാം.

എന്റെ ജീവിതത്തിൽ വളരെ സ്വാധീനം ചെലുത്തിയ ഒരു സംഭവം ഓർമ്മിക്കുന്നു. യേശുനാഥൻ, ചരിത്രത്തിൽ 2000 വർഷങ്ങൾക്കുമുമ്പ് ചെയ്ത ഓരോ പ്രവൃത്തിയും പറഞ്ഞ ഓരോ വാക്കും, അതിന് മുമ്പും പിമ്പുമുള്ള ഓരോ മനുഷ്യനോടുമായി എന്നേയ്ക്കുമായി പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണെന്ന് ഒരു ധ്യാനത്തിൽ വെച്ച് എനിക്ക് ബോധ്യമായി ''യേശു ഇന്നലെയും ഇന്നും എന്നും ഒരുവൻ തന്നെയാണ്'', (എബ്രാ 13 : 8). അവന്റെ സ്വഭാവത്തിനു മാററമില്ല. ആ ധ്യാനത്തിനിടയിൽ പ്രാർത്ഥനായോഗം നടന്നപ്പോൾ ഞങ്ങൾ എല്ലാവരും കണ്ണടച്ച് പ്രാർത്ഥിക്കുകയായിരുന്നു. ഒരാൾ വേദപുസ്തകം വായിച്ചു. യേശു ശിഷ്യരുടെ കാലുകൾ കഴുകുന്ന ഭാഗമാണ് വായിച്ചത്. മുമ്പൊക്കെ ഇതു കേൾക്കുമ്പോൾ യേശു ശിഷ്യന്മാരുടെ കാലു കഴുകി എളിമയുടെ മാതൃക കാണിച്ചതിനു നന്ദി എന്നുപറഞ്ഞു പ്രാർത്ഥിച്ചിട്ടുണ്ട്. എന്നാൽ അന്ന് അതു കേട്ടപ്പോൾ എനിക്ക് അനുഭവപ്പെട്ടത്, യേശുനാഥൻ എന്റെ കാലു കഴുകുവാൻ എന്റെ മുമ്പിൽ മുട്ടിന്മേൽ നില്ക്കുന്നതായിട്ടാണ്. കാരണം യേശു ചെയ്ത ഓരോ പ്രവൃത്തിയും എല്ലാവരോടും എന്നും ചെയ്യുന്നതാണ്. ഞാൻ വികാരതരളിതനായി പ്രാർത്ഥിച്ചു. ''യേശുവേ, അങ്ങ് എന്റെ കാലു കഴുകുവാൻ എന്റെ മുമ്പിൽ നിൽക്കുകയാണോ? കർത്താവേ, അങ്ങ് ആരാണ്? ഞാൻ ആരാണ്? അങ്ങ് അത്യുന്നതനായ ദൈവപുത്രൻ! ഞാനോ മഹാപാപി! കർത്താവേ, ഈ പാപിയുടെ കാലു കഴുകുവാൻ തക്കവണ്ണം അങ്ങ് താഴ്മയോടെ, എന്നെ സ്നേഹിക്കുന്നുവോ! സ്തോത്രം കർത്താവേ, സ്തോത്രം! ഞാൻ അങ്ങയോടെന്തു പറയാനാണ്''. ഞാൻ വികാരതരളിതനായി പ്രാർത്ഥിച്ചു.

മറെറാരു ധ്യാനത്തിൽവച്ച് ഈ അനുഭവം അല്പം കൂടി ആഴപ്പെട്ടു. അവിടെവച്ചാണ് മനസ്സിലായത്, യേശുവിൽക്കൂടി, ദൈവപിതാവ് എന്റെ കാലുകഴുകുവാൻ വരുകയായിരുന്നു എന്ന്. ''എന്നെ കാണുന്നവൻ പിതാ



www.malankaralibrary.com

വിനെ കാണുന്നു'' 'പിതാവു ചെയ്തു കാണുന്നതല്ലാതെ മറെറാന്നും ചെയ്യുവാൻ പുത്രനു സാദ്ധ്യമല്ല'. ഈ വാക്യങ്ങൾ ആ ധ്യാനസമയത്തു് അനുഭവപ്പെട്ടു. പിതാവുതന്നെയാണു് യേശുവിൽക്കൂടി നമ്മുടെ കാലുകഴുകുവാൻ താണുവരുന്നതു് എന്നു് മനസ്സിലായി. ''ഞാൻ ചെയ്യുന്ന പ്രവൃത്തി പിതാവു് എന്നിൽ വസിച്ചു ചെയ്യുന്നതാണ്'' എന്നു് യേശു പറഞ്ഞിട്ടുണ്ടല്ലോ. ആകയാൽ പിതാവിനെ കാണുവാനുള്ള വഴി യേശുവിൻെറ മുഖമാണ്. സ്നേഹപൂർണ്ണനായി ത്യാഗം സഹിക്കുന്ന യേശുവിൻെറ മുഖം: സർവ്വാധികാരിയായി എല്ലാം നിയന്ത്രിക്കുന്ന യേശുവിൻെറ മുഖം. ദൈവത്തെപ്പററിയുള്ള വിരൂപ ഭാവനകളെല്ലാം ഉപേക്ഷിക്കപ്പെടണം. എൻെറ അപ്പനെപ്പോലെയോ അമ്മയെപ്പോലെയോ, മെത്രാനെപ്പോലെയോ, മാർപ്പാപ്പായെപ്പോലെയോ ഒന്നുമല്ല ദൈവം. അവരിലെല്ലാം ദൈവത്തിൻെറ നന്മകളുടെ ശോഭമായ പ്രകാശനങ്ങൾ ഉണ്ടു്. അവരിൽ ദൈവമുണ്ടു്. പക്ഷേ, അവർ ദൈവമല്ല. യേശുവിൽ ദൈവപിതാവുണ്ടു്. യേശുവിലൂടെ ദൈവപിതാവിനെ പൂർണ്ണമായി കാണാം. യേശു ദൈവമാണ്. ദൈവത്തിൻെറ മുഴുവൻ പ്രകാശനമാണ്.

ചിലർ ചോദിച്ചേക്കാം പഴയനിയമത്തിൽ ഇതിനു വിപരീതമായ നിലയിൽ ദൈവത്തെ വർണ്ണിച്ചുകാണിച്ചിട്ടുണ്ടല്ലോയെന്നു്. ശത്രുക്കളെ കൊല്ലാൻ പറയുന്ന ദൈവം. യുദ്ധം ചെയ്യാൻ പറയുന്ന ദൈവം. പഴയനിയമത്തിലെ വചനങ്ങളല്ല ദൈവത്തിൻെറ പൂർണ്ണവെളിപാട്. ദൈവപുത്രനായ യേശുവിൽക്കൂടിയുള്ള സമ്പൂർണ്ണ വെളിപാടുമായി യോജിക്കാത്തതായി എന്തെങ്കിലും കണ്ടെത്തിയാൽ അതിനെ തള്ളിക്കളയുകയേ നിർവ്വാഹമുള്ളു. പഴയനിയമ ഗ്രന്ഥങ്ങളിൽ മാനുഷികമായ ഭാവനകളോ വ്യക്തികളുടെയോ ജനവിഭാഗങ്ങളുടെയോ ചിന്താശൈലികളോ അവിടവിടെ കടന്നിട്ടുണ്ടു്. പഴയനിയമത്തിൽ ദൈവവെളിപാടായി കരുതിയിരുന്ന ചില വാക്യങ്ങൾ അങ്ങനെയല്ലെന്നു് യേശു തിരുത്തിത്തന്നിട്ടുണ്ടു്. ഭാര്യയെ ഇഷ്ടപ്പെടുന്നില്ലെങ്കിൽ മോചനച്ചീട്ടുകൊടുത്തു് പറഞ്ഞുവിടാമെന്നു് പഴയനിയമത്തിൽ കാണുന്നു (നിയമാ 24:1). യേശു പറയുന്നു, അതു പാടില്ല. അതു ദൈവപിതാവു് നൽകിയ നിയമമല്ല. നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം മോശ എഴുതിത്തന്നതാണ് (മത്താ 5:31–32). 'കണ്ണിനുപകരം കണ്ണ്', പല്ലിനുപകരം പല്ല്', ജീവനുപകരം ജീവൻ' എന്നു് പഴയനിയമത്തിൽ (പുറ 21:24) പറയുന്നെങ്കിൽ എല്ലാം ക്ഷമിക്കാൻ യേശു പഠിപ്പിക്കുന്നു.



www.malankaralibrary.com

(മത്താ 5:38–42). പഴയനിയമത്തിൽ ഒരിടത്തു് ബലി കഴിക്കാൻ കാളയേയും ആടിനേയും കൊണ്ടുവരാൻ പറയുന്നെങ്കിൽ മറെറാരിടത്തു പറയുന്നു, 'ഇങ്ങനെ ബലികഴിക്കാൻ ആരുപറഞ്ഞുവെന്നു'? .... ..... .... ഈ വിധത്തിലുള്ള വ്യത്യാസങ്ങൾ ഒരേ ദൈവത്തിൽ നിന്നു വരുക സാദ്ധ്യമാണോ? ഒരിക്കലുമില്ല. ഇതിനുള്ള മറുപടി ഒരു പണ്ഡിതൻ പറഞ്ഞതു്, പഴയനിയമത്തിലെ ദൈവവെളിപാടുകളുടെകൂടെ മനുഷ്യർ മാനുഷികാംശങ്ങൾ കലർത്തിയിട്ടുണ്ടു്. അങ്ങനെയുള്ളവയെ യേശുനാഥൻ നീക്കിക്കളഞ്ഞു്, പൂർത്തീകരിക്കുന്നു. യേശുനാഥനിൽക്കൂടി ദൈവം മുഴുവനായി തന്നെത്തന്നെ കാണിച്ചുതന്നു. അതിനു വിരുദ്ധമായി പഴയനിയമത്തിൽ എന്തെങ്കിലും കാണുന്നുണ്ടെങ്കിൽ അതു് സ്വീകാര്യമല്ല. യേശുവിലൂടെയുള്ള വെളിപാടിനു വിരുദ്ധമായി സഭയിൽത്തന്നെ ഏതെങ്കിലും സ്ഥലത്തു് എന്തെങ്കിലും കാണുന്നുണ്ടെങ്കിൽ അതും സ്വീകാര്യമല്ല. പഴയനിയമത്തിലെ ആചാരവിധികളുടെ നിയമത്തിൻെറ അടിമത്തത്തിൽ നിന്നു് യേശു മനുഷ്യരെ മോചിപ്പിച്ചു. പഴയനിയമത്തിലെ ധാർമ്മികനിയമങ്ങളെ കൂടുതൽ സൂക്ഷ്മങ്ങളാക്കുകയും ചെയ്തു.

ചുരുക്കത്തിൽ ദൈവത്തെക്കുറിച്ചുള്ള വികൃതഭാവനകൾ പഴയനിയമത്തിൽനിന്നോ, മററു മതങ്ങളിൽനിന്നോ, ജീവിതാനുഭവങ്ങളിൽനിന്നോ, സഭയിലെ ചില വ്യക്തികളിൽനിന്നോ, ഏതെങ്കിലും കലാരൂപങ്ങളിൽനിന്നോ, ലഭിച്ചിട്ടുണ്ടെങ്കിൽ അവയിൽനിന്നു് മോചനം പ്രാപിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഉൾക്കരുത്തു ലഭിക്കുവാൻ പ്രാർത്ഥിക്കുക. ഭാവനയുടെ മണ്ഡലത്തിൽനിന്നു് ആത്മാവിൻെറ ഉന്നത മണ്ഡലത്തിലേക്കു കയറാനുള്ള കൃപാവരം സ്വീകരിക്കുകയും ചെയ്യുക.

''ആബാപിതാവു്'' ആയിട്ടാണ് ദൈവത്തെ യേശുനാഥൻ കാണിച്ചുതന്നതു്. 'ആബാ' എന്ന പദം സൂചിപ്പിക്കുന്നതു് സ്നേഹിക്കുന്ന പിതാവിനെ മക്കൾ 'ഡാഡി' യെന്നു കൊഞ്ചിക്കുഴഞ്ഞു് വിളിക്കുമ്പോൾ എന്തർത്ഥമാകുന്നുവോ അതാണ്. അത്രമാത്രം സ്നേഹാനന്ദത്തോടുകൂടി, സ്വാതന്ത്ര്യത്തോടുകൂടി ദൈവത്തെപ്പററി ചിന്തിക്കണമെന്നാണ് യേശുനാഥൻ പഠിപ്പിച്ചതു്. പരിശുദ്ധാത്മാവു് നമ്മിൽ വന്നു് അതു് അനുഭവമാക്കിത്തരുമെന്നും പറയുന്നു (റോമ 8:14). അതിനാൽ പരിശുദ്ധാത്മാവിൻെറ അഭിഷേകം കിട്ടാൻ പ്രാർത്ഥിക്കുക. അപ്പോൾ ദൈവത്തെപ്പററിയുള്ള ഭീകരവും വിരൂപവുമായ ഭാവനകൾ മാറുകയും സ്നേഹാനന്ദം ലഭിക്കുകയും ചെയ്യും.



www.malankaralibrary.com

## 4. തീരുമാനത്തിലെ തടസ്സം

ദൈവസ്നേഹാനുഭവം ഉണ്ടാകാത്തതിനുള്ള മറെറാരു കാരണം ദൈവത്തിന്റെ കൃപയുടെ സ്നേഹം, മായമില്ലാത്ത സ്നേഹം, നമ്മിൽക്കൂടി മററുള്ളവക്ക് കൊടുക്കുവാൻ നമ്മൾ മടികാണിക്കുകയോ, തടസ്സം നിൽക്കുകയോ ചെയ്യുന്നതാണ്. നമ്മിൽക്കൂടി ദൈവത്തിന്റെ സ്നേഹം എത്രയധികമായി എല്ലാവർക്കും നൽകുന്നുവോ, അത്രയധികമായി നമ്മൾ ദൈവസ്നേഹത്തെ അനുഭവിക്കുന്നു, ദൈവത്തെ അനുഭവിക്കുന്നു. നമ്മൾ ഏതൊരു സ്നേഹനിലവാരത്തിൽ നിൽക്കുന്നുവോ അത്രമാത്രമേ നമ്മൾ സ്നേഹം അനുഭവിക്കുകയുള്ളു. കൃപയുടെ നിറുത്താത്ത, നിലയ്ക്കാത്ത സ്നേഹം തന്റെ ഏകജാതനിലൂടെയും, ഏകജാതൻ വസിക്കുന്ന എല്ലാ വ്യക്തികളിലൂടെയും എല്ലാവർക്കും നൽകിക്കൊണ്ട്, ദൈവം മഹത്ത്വപ്പെടുകയാണ്. തെററുചെയ്യുന്നവരോട് ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കുന്നത്, വിഷമിക്കുന്നവരോട് ദയ കാട്ടി അവരെ ഉയർത്തുന്നത്, സ്നേഹപൂർവ്വം തെററുകൾ തിരുത്തിക്കൊടുക്കുന്നത്, മററുള്ളവരുടെ നന്മയ്ക്കുവേണ്ടി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നത്, അപകടത്തിൽപ്പെട്ടവരെ കൈപിടിച്ചുയർത്തുന്നത്, സ്നേഹപൂർവ്വം ശിക്ഷണം (disciplining) നൽകുന്നത്– എന്നിവയെല്ലാം ദൈവം നമ്മിലൂടെ എല്ലാവർക്കും സ്നേഹം നൽകി നന്മ ചെയ്യുവാൻ തിരുമനസ്സാകുന്ന അവസരങ്ങളാണ്. ഇതിൽ അതിന് ആർക്കെങ്കിലും, എവിടെയെങ്കിലും, കരുണാപൂർവ്വം സ്നേഹം നൽകാൻ നമ്മൾ വിസമ്മതിച്ചപ്പോൾ ദൈവം നമ്മിൽക്കൂടി സ്നേഹം പ്രവഹിപ്പിക്കുന്നതിന് നാം തടസ്സമുണ്ടാക്കി. സ്നേഹം നമ്മിലൂടെ ഒഴുകുന്നതനുസരിച്ചേ നമുക്ക് അനുഭവപ്പെടുകയുള്ളു.

ദൈവസ്നേഹം നമ്മിലൂടെ മററുള്ളവർക്കു നൽകാൻ വിസമ്മതിച്ചപ്പോൾ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അനുഭവം നഷ്ടപ്പെട്ടു. നമ്മോട് തെററുചെയ്തവരോട് നമ്മൾ ക്ഷമിക്കുമ്പോൾ ദൈവത്തോടുകൂടി നമ്മൾ അവരെ സ്നേഹിക്കുകയാണ്. അപ്പോൾ നമുക്കും ദൈവസ്നേഹാനുഭവം കിട്ടും. നിർമ്മലസ്നേഹം ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും ഒഴുക്കാൻ നമ്മൾ അനുവദിച്ചാൽ ആ സ്നേഹം നമ്മിൽക്കൂടി ഒഴുകുമ്പോൾ നമുക്കും ആ സ്നേഹാനുഭവം കിട്ടുന്നു. മറിച്ച് പാപികളുടെ സ്നേഹരീതിയിൽ നമുക്ക് ഇഷ്ടം തോന്നുന്നവരെ മാത്രം സ്നേഹിക്കുകയും മററുള്ളവരുടെ നേരെ ഹൃദയം അടയ്ക്കുകയും ചെയ്താൽ ദൈവത്തിന്റെ വലിയ സ്നേഹത്തിന്റെ അനുഭവം നമുക്ക്



www.malankaralibrary.com

കിട്ടുകയില്ല. നമ്മിലൂടെ വിദ്വേഷമാണ് ഒഴുകുന്നതെങ്കിൽ, ആത്മാവിന്റെ മരണവേദന അനുഭവിക്കും. "നമ്മൾ അളക്കുന്ന അളവുകൊണ്ടുതന്നെ, നമുക്കും അളക്കപ്പെടുന്നു". നമ്മൾ ക്ഷമിച്ചാലെ നമ്മോടും ക്ഷമിച്ചതായി അനുഭവപ്പെടുകയുള്ളൂ. ഒരുപക്ഷേ ഒരാളോട് ക്ഷമിക്കാതിരുന്നതോ, ഒരാളെ സ്നേഹവലയത്തിൽനിന്ന് മാററി നിർത്തിയതോ, കഴിവുണ്ടായിട്ടും ഒരാളെ സഹായിക്കാതിരുന്നതോ ആകാം ദൈവസ്നേഹാനുഭവം നഷ്ടപ്പെടുവാനുണ്ടായ കാരണം. ഈ തടസ്സങ്ങൾ മാററി, ദൈവമേ, അങ്ങ് ആഗ്രഹിക്കുന്നത്രയും എന്നിലൂടെ എല്ലാവരേയും സ്നേഹിക്കാൻ, ശുശ്രൂഷിക്കാൻ, ഞാൻ എന്നെ വിട്ടുതരുന്നു എന്ന തീരുമാനമെടുക്കുമ്പോൾ ദൈവസ്നേഹാനുഭവം ഉണ്ടാകാൻ തുടങ്ങുന്നു. മററുള്ളവർ കുററക്കാരെന്നു കാണുമ്പോൾ അവർക്കു സ്നേഹം നൽകാതിരിക്കുന്നതു ലോകത്തിന്റെ മനോഭാവമാണ്. പാപം വർദ്ധിച്ചിടത്തു കൃപ അതിലധികം നൽകുന്ന ദൈവത്തിന്റെ മനോഭാവമാണ് നമുക്കും വേണ്ടതു്. പാപശക്തി ഏറിയവരെ വിമോചിക്കുവാൻ കഴിവതു പ്രവർത്തിക്കുക; അവരെ ഹൃദയപൂർവ്വം സ്നേഹിക്കുക; കൃപയുടെ സ്നേഹം നമ്മിലൂടെ അവരിലേക്കു നൽകുവാൻ ദൈവത്തെ അനുവദിക്കുക. നമ്മിലൂടെ ദൈവസ്നേഹം ഒഴുകുന്നതിന്റെ അളവനുസരിച്ച് നമുക്കും ദൈവസ്നേഹാനുഭവം ലഭിക്കുന്നു.

ദൈവസ്നേഹാനുഭവം നഷ്ടപ്പെടുത്തുന്ന തടസ്സങ്ങൾ നമ്മുടെ വ്യാപാരങ്ങളിൽ എവിടെയെല്ലാം ഉണ്ടെന്നു സസൂക്ഷ്മം പരിശോധിക്കുക. തടസ്സങ്ങൾ മാററുവാൻ തീരുമാനിക്കുകയും അതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുകയും നമ്മുടെ കഴിവനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാം. ദൈവസ്നേഹാനുഭവം നല്ലണമേയെന്നു് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കാം. പരിശുദ്ധാത്മാവേ, എന്നിൽ വരണമേ എന്നു പ്രാർത്ഥിക്കുക. ദൈവം തക്കസമയത്തു് അനുഗ്രഹം തരും. എല്ലാ നിമിഷവും മാററമില്ലാത്ത സ്നേഹത്താൽ ദൈവം നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ യോഗ്യതയാലല്ല, ദൈവം സ്നേഹമാകയാലാണ് നമ്മെ സദാ സ്നേഹിച്ചുകൊണ്ടിരിക്കുന്നതു് എന്ന സത്യം ദൃഢമായി മനസ്സിൽ ഉറപ്പിക്കുക.

**



www.malankaralibrary.com

# 8

# ദൈവസ്നേഹം അറിഞ്ഞ വിശുദ്ധർ

തിരുവചനങ്ങളിലുള്ള സ്നേഹവാഗ്ദാനങ്ങളിൽ ദൃഢമായി വിശ്വസിച്ചുകൊണ്ട്, ആത്മാർത്ഥമായ ആവശ്യബോധത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നാൽ ദൈവസ്നേഹാനുഭവം ലഭിക്കുമെന്ന് എല്ലാ വിശുദ്ധരും പറയുന്നു. പരിശുദ്ധാത്മാവിൻെറ വരവായിട്ടാണ് ഇതിനെ വർണ്ണിക്കുന്നത്. ഇത് യുക്തിയുടെ കാര്യകാരണചിന്തയാൽ കിട്ടുന്ന ഒരു അവബോധമല്ല, നമ്മുടെ വ്യക്തിത്വത്തെ ദൈവം നിറയാനായി താഴ്ത്തികൊടുക്കുമ്പോൾ ഉള്ളിൽ ദൈവം നിറയുന്നതിൻെറ അനുഭവമാണ്. വി. അഗസ്തീനോസിൻെറ ജീവിതത്തിൽ ദൈവാനുഭവത്തിൻെറ ഓരോ രംഗവും ക്രമേണ വിടർന്നു വരുന്നത്, അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ വർണ്ണിച്ചു പറയുന്നുണ്ട്. ഒടുവിൽ ദൈവദർശനത്തിൻെറ ഭാഗമാകുമ്പോൾ അദ്ദേഹത്തിൻെറ ഭാഷയുടെ ഒഴുക്കും ശക്തിയും വർദ്ധിക്കുന്നു. അദ്ദേഹം പറയുകയാണ്. : ''ഓ ! അനന്തസ്നേഹമേ, അനന്തസൗന്ദര്യമേ, നിന്നെ കണ്ടെത്താൻ ഞാൻ ഇത്രയും താമസിച്ചുപോയല്ലോ....... ...ദൈവമേ, നിനക്കായി നീ ഞങ്ങളെ സൃഷ്ടിച്ചു........... നിന്നെ പ്രാപിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം സ്വസ്ഥമാവുകയില്ല''. അദ്ദേഹം ബാഹ്യലോകത്തിലെ ശരീരസുഖാനുഭവ ജീവിതത്തിന് ഓടിനടന്ന ഒരു കാലമുണ്ടായിരുന്നു. ബുദ്ധിയുടെ കാര്യകാരണ വിചിന്തനത്തിൽ മാത്രം കഴിഞ്ഞ (തത്വജ്ഞാനത്തിൻെറ) ഒരു കാലവും ഉണ്ടായിരുന്നു. അവസാനം ആത്മാവിൻെറ കേന്ദ്രത്തിൽ ദൈവസമ്പർക്കത്തിലുള്ള പ്രാർത്ഥനയുടെയും സ്വയം സമർപ്പണത്തിൻെറയും കാലം വന്നു. അപ്പോൾ അദ്ദേഹം ആന്തരികാനന്ദത്തിൽ മുഴുകി.

യേശുവിൻെറ വാക്യങ്ങൾ വായിക്കുമ്പോൾ അവ നമ്മുടെ അന്തരംഗത്ത് ജീവിക്കുന്ന ദൈവംതന്നെ നമ്മോടു



www.malankaralibrary.com

പറയുന്ന വാക്യങ്ങളായി അനുഭവപ്പെടുമ്പോഴ് ഭാഗ്യമായി. ''എൻെറ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു....... പിതാവേ, അങ്ങ് എന്നെ സ്നേഹിച്ചതുപോലെ ഇവരേയും സ്നേഹിച്ചു എന്നു് ലോകം മനസ്സിലാക്കണമേ... ....'' മുതലായ വാക്യങ്ങൾ എൻെറ ഉള്ളിൽനിന്നു് എന്നോടു പറയുന്നതായി അനുഭവത്തിലെത്തുമ്പോഴ് ഭാഗ്യമായി. വി. കൊച്ചുത്രേസ്യായ്ക്കു് ദൈവസ്നേഹാനുഭവം ലഭിക്കുന്നതിനു് വേദപുസ്തകത്തിലെ തിരുവചനങ്ങൾ അനുഭവത്തിലെത്തിക്കുന്ന ധ്യാനങ്ങളാണു് ഉപകരിച്ചതു്. ദൈവത്തിൻെറ പ്രവർത്തനങ്ങൾ തന്നിൽ നടക്കുവാൻ വ്യവസ്ഥ കൂടാതെ തന്നെത്തന്നെ ദൈവത്തിനു് സമർപ്പിച്ചതുവഴിയാണു് വി. ഫ്രാൻസീസ് അസീസ്സി ദൈവസ്നേഹാനുഭവത്തിൽ എത്തിയതു്. എല്ലാ കാര്യത്തിലും ദൈവതിരുമനസ്സിനുള്ള അനുസരണത്തിലൂടെയാണു് അദ്ദേഹം വളന്നതു്. അദ്ദേഹം ആത്മാവിലുള്ള ദാരിദ്ര്യം അതിൻെറ തികവിൽ അഭ്യസിച്ചു. അതായതു് യാതൊന്നിനോടും attachment കൂടാതെ എല്ലാ ജീവികളെയും ദൈവസ്നേഹത്തിൽ സ്നേഹിച്ചു. വേദപുസ്തകത്തിലെ തിരുവചനത്തിലുള്ള ഉറപ്പും ധ്യാനവും അദ്ദേഹത്തിൻെറ ജീവിതത്തിൽ സദാ നിലനിന്നിരുന്നു. ചാൾസ് ഡഫുക്കോ ഓരോ ദിവസവും യേശുവിനോടുള്ള ഐക്യത്തിൽ, ക്രൂശിതനായ യേശുവിനോടുള്ള ഐക്യത്തിൽ, വളർന്നതു വഴി ദൈവാനുഭവത്തിൽ വളർന്നു വന്നു. എല്ലാ കാര്യങ്ങളിലും യേശുവിനോടു് ഐക്യപ്പെട്ടു് യേശുവിൻെറ ജീവൻ നിറഞ്ഞു യേശുവിനു് അനുരൂപനാകുയെന്നതായിരുന്നു അദ്ദേഹത്തിൻെറ മാർഗ്ഗം. വി. അമ്മത്രേസ്യാ, ആത്മാവിൻെറ കേന്ദ്രഭാഗത്തു് വസിക്കുന്ന യേശുമാത്രം ജീവിക്കുവാൻ, സർവ്വശ്രദ്ധയും യേശുവിൽ ഉറപ്പിച്ചു് അനുദിന ജീവിതം നയിച്ചു, ധ്യാനജീവിതം നയിച്ചു.

ദൈവാനുഭവത്തിലേയ്ക്കു എത്തിയവരുടെ ജീവിതത്തിൽ ലൗകായതിക ചിന്തകളിൽനിന്നും ലക്ഷ്യങ്ങളിൽനിന്നും പിന്മാറുന്ന മാനസാന്തരഘട്ടവും ആത്മാവിൻെറ കേന്ദ്രത്തിൽ ജീവിക്കുന്ന ദൈവത്തിൽ ശ്രദ്ധിച്ചു്, സേവിച്ചു് ജീവിക്കുന്ന വളർച്ചയുടെ ഘട്ടവും കാണാൻ കഴിയും. ദൈവൈക്യ ജീവിതത്തിലേയ്ക്കു നമ്മെ എല്ലാവരേയും ദൈവം ക്ഷണിക്കുന്നു. ദൈവത്തിനു സ്തോത്രം ! □



www.malankaralibrary.com

9

# യേശുവിനെ അടുത്തറിയുന്ന ആറു് ഘട്ടങ്ങൾ

1. യേശു എല്ലാ സൃഷ്ടികളുടെയും അടിത്തറയായ സൃഷ്ടിവചനം. നീ എന്തായിരിക്കുന്നുവോ അതു് ദൈവവചനമായ യേശുവിലും യേശുവിനാലുമാണ്.
2. യേശു മനുഷ്യാവതാരം ചെയ്തു് നിന്റെ സഹോദരനായി സ്നേഹാർദ്രനായി നിന്റെ പക്കലേക്കു വരുന്നു.
3. കുരിശിൽ വെച്ച് യേശു നിന്നെ മുഴുവനായി സ്വീകരിക്കുന്നു. നിന്റെ പാപപരിഹാരവും തിന്മയിൽ നിന്നുള്ള മോചനവും നേടുന്നു.
4. ഉയിർത്തെഴുന്നേററ്, പ്രപഞ്ചത്തിന്റെ നാഥനും ചരിത്രത്തിന്റെ നായകനുമായി അവൻ നിന്റെ സമീപത്തും നിന്റെ ഉള്ളിലും സദാ ജീവിക്കുന്നു.
5. സ്വർഗാരോഹണം ചെയ്തു് തന്റെ മനുഷ്യത്വത്തിൽ ദൈവമഹത്ത്വം മുഴുവൻ നിറഞ്ഞു നിന്നിലേക്ക് അതു നൽകാൻ സദാ വരുന്നു. തന്നോടു ചേർന്നവർക്കു ആ മഹത്ത്വം പകർന്നു കൊടുക്കുന്നു.
6. രണ്ടാമത്തെ വരവിൽ, തന്നിൽ ചേർന്ന എല്ലാവരുടെയും സകല തിന്മകളും മാററപ്പെടുകയും ദൈവമഹത്ത്വം പൂർണ്ണമായി നിറയ്ക്കുകയും ചെയ്യുന്നു.

## കൃപയും സത്യവും യേശുക്രിസ്തുവഴി ഉണ്ടായി

സൂര്യന്റെ പ്രകാശം മനുഷ്യനെ ഒരളവിൽ സന്തോഷിപ്പിക്കുന്നു. കണ്ണിനു കാഴ്ചയില്ലാതാവുമ്പോഴോ അന്ധകാരത്തിൽ കഴിയേണ്ടി വരുമ്പോഴോ മാത്രമേ നാം മനസ്സിലാക്കുകയുള്ളൂ സൂര്യപ്രകാശത്തിന്റെ അനുഭവം എത്ര സന്തോഷപ്രദമായിരുന്നുവെന്നു്. എന്നാൽ പഞ്ചേന്ദ്രിയാനുഭവങ്ങളെക്കാറം കൂടിയ പ്രകാശാനുഭവങ്ങളുണ്ടു്, ബുദ്ധി



www.malankaralibrary.com

ക്ക് പ്രകാശം കിട്ടുന്നത് കൂടുതൽ ആനന്ദപ്രദമാണ്. വസ്തുതകളുടെ യാഥാർത്ഥ്യം (truth) മനസ്സിലാക്കാൻ ബുദ്ധിക്കു പ്രകാശം വേണം. ബുദ്ധിയേക്കാറം പ്രധാനമാണ് ഹൃദയം. സ്നേഹം സ്വീകരിക്കുകയും കൊടുക്കുകയും ചെയ്യുന്ന രംഗം. ആ രംഗം പ്രകാശിക്കുവാൻ ഒരു അനന്തസ്നേഹം തന്നെ വേണ്ടിയിരിക്കുന്നു. ആ പരമസ്നേഹത്തെ സ്വീകരിക്കുകയും മുഴുവനായി സ്നേഹിക്കുകയും ചെയ്യുന്നതുവരെ ഹൃദയം ഇരുണ്ടിരിക്കും. യേശുവിനെ അറിയുന്നതുവരെ ഈ ലോകത്തിൽ എന്തെല്ലാം അറിഞ്ഞാലും ഹൃദയം ശരിയായി പ്രകാശിക്കുകയില്ല. ഈ ലോകത്തിലെ മാനുഷിക സ്നേഹങ്ങളൊന്നും നമ്മുടെ ഹൃദയത്തെ സംതൃപ്തമാക്കുകയില്ല. പ്രകാശം എന്നവാക്ക് ദൈവത്തിലുള്ള സ്നേഹ കൂട്ടായ്മയുടെ ജീവിതത്തിനും അന്ധകാരം എന്നത് സ്വയകേന്ദ്രീകൃത ജീവിതത്തിനും ഉപയോഗിക്കുന്നു.

യേശുവിലൂടെ പിതാവ് നമ്മെ സ്നേഹിച്ചു

ദൈവപിതാവിന് നമ്മോടുള്ള നിലയ്ക്കാത്ത, നിറുത്താത്ത സ്നേഹം – കൃപയുടെ സ്നേഹം – അതിന്റെ തികവിൽ കാണപ്പെട്ടതു് യേശുവിൽക്കൂടിയാണ്. യേശുക്രിസ്തുവിനെ നമുക്കു നൽകിയതുവഴിയാണ്. അതാണ് കൃപ യേശുവിലൂടെ വന്നു എന്നു പറയുന്നത്. സത്യം എന്ന പദത്തിന്റെ അർത്ഥം വിശ്വസ്തത – വാഗ്ദാനങ്ങറം പാലിക്കുന്നതിൽ ദൈവത്തിനുള്ള വിശ്വസ്തത – എന്നാണ്. സത്യം യേശുക്രിസ്തുവിലൂടെ വന്നു എന്നു പറഞ്ഞാൽ പണ്ടുമുതലെ ദൈവം നൽകിയ സകല സ്നേഹ വാഗ്ദാനങ്ങളും യേശുക്രിസ്തുവിലൂടെ ദൈവപിതാവ് നിറവേററിത്തീർത്തു എന്നാണ്. പിതാവിന്റെ കൃപയുടെ സ്നേഹവും എല്ലാ വാഗ്ദാനങ്ങളുടെയും പൂർത്തീകരണവും യേശുവിലൂടെ നൽകിക്കഴിഞ്ഞിരിക്കുന്നു (യോഹ 1:17).

നമ്മുടെ നാഥനായ യേശു എപ്പോഴും പിതാവിന്റെ സ്നേഹമുഖമായും വാഗ്ദാന പൂർത്തീകരണമായും ഭൂമിയിൽ ജീവിച്ചു. പിതാവിന്റെ സ്വയം ദാനമായി യേശു എല്ലാവരുടെയും പക്കലേക്കു വന്നു. എല്ലാവർക്കും കൃപയുടെ സ്നേഹം– വിശ്വസ്തസ്നേഹം– നിറുത്താത്ത, നിലയ്ക്കാത്ത സ്നേഹം– നല്കിക്കൊണ്ട് യേശു ജീവിച്ചു. യേശുവിന്റെ മനുഷ്യഹൃദയത്തിലൂടെ ദൈവസ്നേഹം സദാ ഒഴുകിക്കൊണ്ടിരുന്നു. അവന്റെ മുഖത്തേക്കു നോക്കിയവരാരും ലജ്ജിതരായിട്ടില്ല. പ്രത്യുത അവരുടെ മുഖം പ്രകാശിച്ചു. യേശുവിന്റെ അരികിലേക്കു വന്ന ആരേയും യേശു ഉപേക്ഷിച്ചില്ല. ''എന്റെ അരികിലേയ്ക്കു് വരുന്ന ആരേയും



www.malankaralibrary.com

ഞാനപേക്ഷിക്കയില്ല. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കുകയും ചെയ്യും'' (യോഹ 6:37–40). തന്നെ തന്നെ എല്ലാവർക്കും നൽകിക്കൊണ്ടുള്ള സ്നേഹത്തിൻെറ മുഖമായിരുന്നു യേശുവിൻേറതു്. യേശുവിൻെറ പക്കലേയ്ക്കു് നമ്മുടെ ദൃഷ്ടികൾ ഉയർത്തുമ്പോഴെല്ലാം നാഥൻ അനന്തമായ സ്നേഹസ്വാഗതമാണ് നമുക്കു് നൽകുന്നതു്. തന്നെയുമല്ല, നമ്മിൽ മരണവേദനയുള്ള ഭാഗങ്ങളിലേയ്ക്കു് നാഥൻ സ്വന്ത ജീവനും ശക്തിയും നൽകിക്കൊണ്ടു് നമ്മെ വിമോചിപ്പിക്കുകയും ചെയ്യുന്നു. അവൻെറ മുഖത്തേക്കു നോക്കിയ ആരും ലജ്ജിതരായിട്ടില്ല. എന്താണു കാരണം? ഏതൊരു ചെറിയ സൃഷ്ടിപോലും ദൈവപിതാവു് പുത്രനിൽ സൃഷ്ടിച്ചു് പുത്രനു് സമ്മാനമായി നൽകുന്നതാണ്. നമ്മെ ഓരോരുത്തരേയും, പിതാവു് സൃഷ്ടിച്ചു്, ദൈവപുത്രനു് സമ്മാനമായി നൽകി (യോഹ 17:6). നമ്മൾ സൃഷ്ടിക്കപ്പെട്ടപ്പോൾ അനന്ത സ്നേഹത്തോടെ, ദൈവപുത്രൻ നമ്മെ സ്വീകരിച്ചു. നമ്മിൽ കറുത്തവരും വെളുത്തവരും ഉണ്ടു്. ബുദ്ധികൂടിയവരും കുറഞ്ഞവരും ഉണ്ടു്. രോഗികളും വിരൂപരും ഉണ്ടു്. എന്നാൽ നമ്മെ ഓരോരുത്തരേയും യേശു കാണുന്നതു്, 'പിതാവു് എനിക്കു നല്കിയ സ്നേഹസമ്മാനമായിട്ടാണ്''. പിതാവിൻെറ പക്കൽ നിന്നു് നമ്മെ അനന്ത സ്നേഹത്തോടെ യേശു സ്വീകരിച്ച നിമിഷമാണ് നമ്മുടെ ജനന നിമിഷം! അതേ സ്നേഹത്താൽ തന്നെ നാഥൻ, നമ്മെ എപ്പോഴും സ്നേഹിക്കുകയും തൻെറ ഉള്ളത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. നമുക്കു് അതു് മനസ്സിലാകുമ്പോൾ നമ്മുടെ ഹൃദയം സന്തോഷത്താൽ തുടിക്കും. സത്യമറിയാത്ത മനുഷ്യർ, നമ്മെ നിന്ദിക്കുകയോ തള്ളിക്കളയുകയോ ചെയ്താലും, നാഥൻ ആദ്യ സ്നേഹത്തോടെ നമ്മെ എപ്പോഴും സ്നേഹിക്കുന്നുണ്ടു്. പിതാവു നൽകിയ സ്നേഹസമ്മാനമായി നമ്മെ സ്നേഹിക്കുന്നുണ്ടു്. അതിനാലാണ് നമ്മൾ അവൻെറ പക്കലേക്കു് നമ്മുടെ ആത്മാവിനെ ഉയർത്തുമ്പോൾ അതീവസ്നേഹത്താൽ നമ്മൾ സ്വീകരിക്കപ്പെടുന്നതായി അനുഭവപ്പെടുന്നതു്.

എല്ലാവരേയും സ്വാഗതം ചെയ്യുന്ന കണ്ണുകൾ

ദൈവത്തിൻെറ സ്നേഹം മുഴുവൻ നിറഞ്ഞ മനുഷ്യഹൃദയത്തോടെ പരിശുദ്ധാത്മാവിനാൽ പൂരിതമായ ഹൃദയത്തോടെ, യേശുനാഥൻ എല്ലാവരേയും സ്നേഹിച്ചു. ''അവൻെറ മുഖത്തേയ്ക്കു് നോക്കിയവരാരും ലജ്ജിതരായില്ല. പിന്നെയോ അവരുടെ മുഖം ശോഭിച്ചു.'' യഹോ



www.malankaralibrary.com

വയായ ദൈവത്തിലാശ്രയിച്ചവരാരും നിരാശപ്പെടേണ്ടി വന്നിട്ടില്ല എന്നു് പ്രവാചകൻ പറഞ്ഞ വാക്കു് യേശുവിൽ നിറവേറി (ഏശയ്യാ 40: 29). യേശുവിൽ ആശ്രയിച്ചു് അവൻെറ പക്കലേയ്ക്കു് വന്ന ആരേയും യേശു ഉപേക്ഷിച്ചിട്ടില്ല. യേശുവിൻെറ കണ്ണുകളിലേയ്ക്കു് നോക്കിയപ്പോൾ സ്നേഹസമ്പൂർണ്ണമായ ഒരു സ്വാഗതം മനുഷ്യർ അവിടെ കണ്ടെത്തി. ദൈവപിതാവിൻെറ പരിശുദ്ധ സ്നേഹം യേശുവിൻെറ മാനുഷികമുഖത്തുകൂടി കാണുവാൻ കഴിഞ്ഞു. വിവിധ ആവശ്യങ്ങൾക്കു് വിവിധ ആളുകൾ യേശുവിൻെറ പക്കൽ വന്നു. അവരെല്ലാം യേശുവിൻെറ കണ്ണുകളിൽ കണ്ടതു്, അവരെ ഓരോരുത്തരേയും മുഴുവനായിആഴത്തിൽ അംഗീകരിക്കുന്ന സ്നേഹമാണ്. സ്നേഹപൂർണ്ണമായ ഒരു വലിയ ഹൃദയത്തെയാണ്. ആ വലിയ സ്നേഹം കണ്ടനുഭവിച്ചപ്പോൾ അവരുടെ മുഖം ശോഭിച്ചു.

### യേശുവിൻെറ മുഖത്തേക്കു നോക്കിയ പാപിനി

ഒരിക്കൽ ഒരു പാപിനിയെ എല്ലാവരും കല്ലെറിയുവാൻ ഒരുങ്ങുകയായിരുന്നു. അവൾ ചുററുപാടും നോക്കി. എല്ലാവരുടേയും കണ്ണുകളിൽ നിയമത്തിൻെറ കാർക്കശ്യവും പരിഹാസവും വെറുപ്പും കാണപ്പെട്ടു. അവൾ യേശുവിൻെറ കണ്ണുകളിലേയ്ക്കു നോക്കി. നാഥൻെറ കണ്ണുകളിൽ എന്താണു കണ്ടതു്? ''മകളേ, ഞാൻ നിന്നെ അനാദിമുതലെ സ്നേഹിക്കുന്നു. നിനക്കുവേണ്ടി ഞാൻ വാദിക്കാം. ഞാൻ നിന്നെ രക്ഷിക്കാം'' എന്ന സന്ദേശമായിരുന്നു. യേശു അവൾക്കുവേണ്ടി വാദിച്ചു. അവൾക്കുവേണ്ടി വാദിക്കാൻ തുനിയുന്നവരെപ്പോലും മററുള്ളവർ പരിഹസിക്കുകയും കല്ലെറിയുകയും ചെയ്യുക്കാം. എങ്കിലും യേശു അവളെ സ്നേഹിച്ചു. യേശുവിൻെറ കണ്ണുകളിലേയ്ക്കു നോക്കുന്ന ആരേയും യേശു ഉപേക്ഷിക്കുകയില്ല. യേശു അവൾക്കു വേണ്ടി വാദിച്ചു് കല്ലേറിൽ നിന്നും രക്ഷിച്ചു. അവസാനം അവളോടു പറഞ്ഞു, ''മകളേ...., ഇനി നീ പാപം ചെയ്യരുതു്........'' അവൾ യേശുവിൻെറ കണ്ണുകളിലേയ്ക്കു നോക്കി. അവളുടെ മുഖവും ജീവിതവും ശോഭിച്ചു.

### യേശുവിൻെറ മുഖത്തേക്കു നോക്കിയ സക്കേവൂസ്

ചുങ്കക്കാരനും ദ്രവ്യാഗ്രഹിയും പിടിച്ചുപറിക്കാരനുമായിരുന്ന സക്കേവൂസ് ഒരിക്കൽ യേശുവിനെ കാണുവാൻ കാട്ടത്തിമരത്തിൽ കയറിയിരിക്കുകയായിരുന്നു. യേശു ആ സ്ഥലത്തു വന്നപ്പോൾ അവനെ നോക്കി. അവനെ കണ്ടപ്പോൾ, ''എടാ ചുങ്കക്കാരാ.......പാപീ ... നീ എന്തി



www.malankaralibrary.com

നാടാ എന്നെ നോക്കുന്നത്?'' എന്നല്ല യേശു പറഞ്ഞത്. ''നിന്റെ പാപത്തിനെല്ലാം നീ പരിഹാരം ചെയ്തിട്ട് എന്നെ നോക്കുവാൻ വന്നാൽ മതി........''എന്നുമല്ല യേശു പറഞ്ഞത്. ''ഞാൻ നിന്നെ സ്നേഹിക്കുന്നു'', എന്നായിരുന്നു യേശുവിന്റെ മുഖത്തെ സന്ദേശം. യേശു അവനെ വിളിച്ചു, ''ഇറങ്ങി വരൂ.... ഞാൻ ഇന്നു നിന്റെ വീട്ടിൽ നിന്നോടൊത്തു താമസിക്കാൻ വരികയാണ്.'' അവൻ പാപിയായിരിക്കെയാണ് യേശു അവനോട് ഈ സ്നേഹവാക്യം അരുളിച്ചെയ്തത്, അവന്റെ വീട്ടിൽ താമസിക്കാൻ പോയത്. നീ നല്ലവനായ ശേഷം ഞാൻ നിന്നെ സ്നേഹിക്കാമെന്നല്ല, നീ ആയിരിക്കുന്ന നിലയിൽ ഞാൻ നിന്നെ സ്നേഹിക്കുന്നു. ഇതാണ് ദൈവസ്നേഹത്തിന്റെ നിയമം. ഈ വലിയ സ്നേഹം കണ്ടപ്പോഴാണ് സക്കേവൂസ് പറഞ്ഞത്, കർത്താവേ, ഞാൻ എന്റെ വസ്തുവകകളുടെ നേർപകുതി ദരിദ്രർക്ക് കൊടുക്കുന്നു. പിടിച്ചുപറിച്ചെടുത്തതിന്റെ നാലിരട്ടി തിരികെ കൊടുക്കുന്നു. ദൈവസ്നേഹം ആകർഷിച്ചപ്പോൾ ദ്രവ്യാഗ്രഹം മാഞ്ഞുപോയി. ദ്രവ്യസ്നേഹം കുടികൊണ്ടിരുന്നിടത്ത് ദൈവസ്നേഹം പ്രകാശിക്കുവാൻ തുടങ്ങിയപ്പോൾ താൻമൂലം വേദനിച്ചവർക്ക്, നാലിരട്ടി സ്നേഹം കൊടുക്കുവാൻ തയ്യാറായി. അങ്ങനെ സ്നേഹിക്കുവാൻ കഴിവുണ്ടായിടത്ത്, രക്ഷ കടന്നുവന്നു എന്ന് യേശുനാഥൻ പറഞ്ഞു: ''ഇന്ന് ഈ വീടിനു രക്ഷ കൈവന്നിരിക്കുന്നു. (ലൂക്കാ 19: 9). എല്ലാ പാപികളേയും ദൈവം സ്നേഹിക്കുന്നുണ്ട്. നമ്മൾ ആ സ്നേഹത്തിൽ എല്ലാവരേയും സ്നേഹിക്കാൻ തുടങ്ങുമ്പോഴാണ് രക്ഷയിലാകുന്നത്.

ഒരിക്കൽ കുട്ടികളുടെ ധ്യാനത്തിനു ഞാൻ കുട്ടികളോടു ചോദിച്ചു, ''യേശുവിന്റെ മുഖത്തേയ്ക്കു നോക്കിയ ആരേയും യേശു ഉപേക്ഷിച്ചിട്ടില്ല എന്നതിനു ഉദാഹരണം പറയാമോ'' കുഞ്ഞുങ്ങൾ ഞൊടിയിടകൊണ്ട് ഉദാഹരണങ്ങൾ ഉതിർക്കുവാൻ തുടങ്ങി. ''മാർത്തയെ ഉപേക്ഷിച്ചില്ല, മറിയത്തെ ഉപേക്ഷിച്ചില്ല, കാനായിൽവച്ച് മാതാവു പറഞ്ഞപ്പോൾ ഉപേക്ഷിച്ചില്ല, തളർവാതരോഗിയെ ഉപേക്ഷിച്ചില്ല,വെള്ളത്തിൽ താഴാൻപോയ പത്രോസിനെ ഉപേക്ഷിച്ചില്ല........ ഇങ്ങനെ പലതും പറഞ്ഞു. വേദപുസ്തകത്തിൽ അതിനുള്ള ഉദാഹരണങ്ങൾ അനേകമുണ്ട്. നമ്മുടെ ജീവിതാനുഭവങ്ങളിലും ഉദാഹരണങ്ങൾ അനേകമുണ്ട്.

## യേശുവിന്റെ കണ്ണുകളിലേക്കു നോക്കിയ പത്രോസ്

വേദപുസ്തകത്തിൽ ഈദൃശസംഭവങ്ങൾ പലതുണ്ട്.



www.malankaralibrary.com

ഇവയിൽ എന്റെ ഹൃദയത്തെ വളരെയേറെ സ്പർശിച്ചത് ഒരിക്കൽ പത്രോസ് യേശുവിന്റെ മുഖത്തേയ്ക്കു നോക്കിയ രംഗമാണ്. പത്രോസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു. അതുകഴിഞ്ഞപ്പോൾ യേശു പത്രോസിനെ ഒന്നുനോക്കി. പത്രോസ് യേശുവിനെയും. യേശുവിന്റെ നോട്ടം കണ്ടപ്പോൾ പത്രോസ് പൊട്ടിക്കരയാൻ തുടങ്ങി. പത്രോസ് പൊട്ടിക്കരയുവാൻ തക്കവണ്ണം യേശുവിന്റെ ആ നോട്ടത്തിലൂടെ, ആ കണ്ണുകളിലൂടെ,എന്താണ് സംസാരിച്ചത്? ''എടാ ദ്രോഹീ, നീ എന്നോടിതു് കാണിച്ചോടാ..നിന്നെ ഞാൻ എത്ര ഉയർത്തിയതാടാ..ഗുണം പിടിക്കാത്തവനേ.... നിന്നെ ശിഷ്യനാക്കിയ എന്നെ പറഞ്ഞാൽ മതിയല്ലോടാ....'' ഇതായിരുന്നുവോ ആ നോട്ടത്തിലെ സന്ദേശം? ഒരിക്കലുമല്ല. അങ്ങനെയായിരുന്നെങ്കിൽ പത്രോസ് സ്നേഹജന്യമായ അനുതാപത്താൽ പൊട്ടിക്കരയുകയില്ലായിരുന്നു. യേശുവിന്റെ മുഖത്തു കണ്ട സന്ദേശം ഇതായിരുന്നു. ''മോനെ പത്രോസേ, നിന്റെ ബലഹീനത എനിക്ക് ഇന്നലയേ അറിയാമായിരുന്നു മകനേ. ഇന്നലെ ഞാനിതുപറഞ്ഞില്ലേ കോഴി കൂവുന്നതിനു മുമ്പ് എന്നെ തള്ളിപ്പറയത്തക്കവണ്ണം നീ ബലഹീനനാണെന്നു്. നിന്നെ മുഴുവനായി എനിക്കറിയാം മകനേ. എല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണു മകനേ ഞാൻ നിന്നെ വിളിച്ചത്, സ്നേഹിച്ചത്. വർഷങ്ങൾക്കു മുമ്പുതന്നെ നിന്നെ വിളിച്ചപ്പോഴേ, നീ ആരാണെന്നും, എന്താണെന്നും എനിക്കറിയാമായിരുന്നു മോനെ... അതെല്ലാം അറിഞ്ഞുകൊണ്ടു തന്നെയാണു മോനേ, ഞാൻ നിന്നെ സ്നേഹിച്ചത്. ഞാൻ നിന്നോടുള്ള സ്നേഹം അല്പവും കുറച്ചിട്ടില്ല മോനേ... എന്റെ ആദ്യസ്നേഹത്തിൽ ഞാൻ ഇപ്പോഴും നിന്നെ സ്നേഹിക്കുന്നു മോനേ. ആ യൂദാസു കാണിച്ചതുപോലെ നീ അവിവേകമൊന്നും കാണിക്കരുതേ.... ഞാൻ നിന്നെ സ്നേഹിക്കുന്നു മകനേ'; കൃപയുടെ നിലയ്ക്കാത്ത, നിറുത്താത്ത സ്നേഹം നിറഞ്ഞ ആ കണ്ണുകളിൽ നോക്കിയപ്പോൾ പത്രോസ് സ്നേഹവിവശനായി പൊട്ടിക്കരഞ്ഞുപോയി. കോഴി കൂവുന്നതു കേൾക്കുമ്പോഴെല്ലാം യേശുവിന്റെ സ്നേഹമോർത്തു് പത്രോസ് പൊട്ടിക്കരയുമായിരുന്നു എന്നു കേട്ടിട്ടുണ്ട്.

ഒരിക്കൽ ഒരാൾ ഫലിതഭാവനയിൽ പറഞ്ഞു, ''നമ്മൾ മരിച്ച് സ്വർഗ്ഗത്തിൽ കയറാൻ ചെല്ലുമ്പോൾ പത്രോസ് വാതുക്കൽ നിന്നു്, ''നിന്നെ അകത്തേക്ക് കയററിവിടാൻ പററില്ല, നിനക്ക് യോഗ്യതയില്ല'' എന്നു പറഞ്ഞു തടയുകയാണെങ്കിൽ, ഒരൊററപ്പണിമതി. മാറി



www.malankaralibrary.com

നിന്നു് കോഴികൂവുന്നതുപോലെ, 'കൊക്കൊക്കൂ .... ക്കൂ ....', എന്നൊന്നു കൂവിയാൽ മതി. അപ്പോഴം പത്രോസ് ഓർക്കും താൻ ബലഹീനനായിരിക്കെ ദൈവത്തിൻെറ കൃപയാൽ രക്ഷപ്പെട്ടവനാണെന്നു്, ഉടനെ പറയും, ''എടായെടാ, നീ സ്വർഗ്ഗത്തിൽ കയറിക്കോ. ദയവു ചെയ്തു് ഇവിടെ ഇരുന്നു് കോഴികൂവുന്ന ശബ്ദം കേൾപ്പിക്കാതിരുന്നാൽ മതി. അതുകേൾക്കുമ്പോഴം ഞാൻ തളർന്നു പോകുന്നു. കേറിക്കോ.... കേറിക്കോ....'' പറഞ്ഞതിൻെറ സാരമിതാണ്. സഭയുടെ തലവനായ പത്രോസിനു് തൻെറ ബലഹീനതയെക്കുറിച്ചും മററുള്ളവരുടെ ബലഹീനതയെ കുറിച്ചും ആഴത്തിൽ അവബോധമുണ്ടു്. എൻെറ യേശുവേ, ഞാൻ അയോഗ്യനായിരിക്കെ നീയെന്നെ പിന്നെയും പിന്നെയും ആദ്യസ്നേഹത്തിൽ സ്നേഹിച്ചു് എൻെറ പാപം ക്ഷമിച്ചു് പരിഹരിച്ചതുകൊണ്ടാണല്ലോ ഞാനും രക്ഷപ്പെട്ടതു് എന്നു് പത്രോസിനു് എപ്പോഴും അവബോധമുണ്ടു്. നമ്മുടെ ബലഹീനതകൾ അറിയാവുന്ന, നമ്മുടെ ബലഹീനതകളിൽ സഹതപിക്കാൻ കഴിയുന്ന മദ്ധ്യസ്ഥനായ യേശു എപ്പോഴും നമ്മെ ആദ്യസ്നേഹത്തിൽ സ്നേഹിച്ചു കൊണ്ടിരിക്കുന്നു. എൻെറ ബലഹീനതകളും പാപങ്ങളും ഓർക്കുമ്പോഴം, ഞാൻ യേശുവിൻെറ കണ്ണുകളിലേയ്ക്കു നോക്കും. അപ്പോഴം എന്നേയും യേശുനാഥൻ സ്നേഹപൂർവ്വം വീക്ഷിച്ചുകൊണ്ടു പറയുന്നുണ്ടു്, ''മോനേ, നിന്നെ എനിക്കറിയാം. നിൻെറ ബലഹീനത അറിഞ്ഞുകൊണ്ടു തന്നെയാണ് മോനേ ഞാൻ നിന്നെ വിളിച്ചതു്. ഇപ്പോഴും ആദ്യസ്നേഹത്തിൽ ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടു മോനേ...'' നാഥൻെറ കൃപനിറഞ്ഞ കണ്ണുകളിലേയ്ക്കു നോക്കുമ്പോഴം എനിക്കു് വീണ്ടും ശക്തി ലഭിക്കുന്നു.

## യേശുവിലേക്കു നോക്കാതെ തന്നിലേക്കുതന്നെ നോക്കിയാൽ?

യൂദാസ് യേശുവിനെ ഒററിക്കൊടുത്തു. അപ്പോഴും, 'സ്നേഹിതാ...' എന്നു് അവനെ വിളിച്ചുകൊണ്ടു് യേശു അവനെ സ്നേഹത്താൽ നേടുവാൻ ശ്രമിച്ചു. എന്നാൽ യൂദാസ് യേശുവിൻെറ മുഖത്തേയ്ക്കല്ല നോക്കിയതു്; തന്നിലേയ്ക്കുതന്നെയാണ് നോക്കിയതു്. എനിക്കിതു പററിയല്ലോ എന്നോർത്തു് നിരാശപ്പെട്ടു. തന്നിലേക്കു തന്നെ ആശ്ചര്യപൂർവ്വം നോക്കുന്നതുമൂലം ഉണ്ടാകുന്നതാണ് നിരാശ. അതു് അവനു് നാശത്തിനു് കാരണമായി. പത്രോസ് ആകട്ടെ യേശുവിൻെറ കണ്ണുകളിലേക്കു നോക്കി, അവൻെറ കരുണയിൽ ആശ്രയിച്ചു. യേശു



www.malankaralibrary.com

വിൻെറ കൃപാസ്നേഹം പത്രോസിനെ ധൈര്യപ്പെടുത്തി, വളർത്തി.

## യേശുവിൻെറ കുരിശിൽ എന്തു കാണാം?

യേശുവിൻെറ മുഖത്തേക്കുനോക്കിയ ആരേയും യേശു തള്ളിക്കളഞ്ഞില്ല. രണ്ടു കാര്യത്തിനാണ് ആളുകൾ യേശുവിൻെറ പക്കൽ എത്തിയത്. ഒരു കൂട്ടർ സ്വന്തം കാര്യത്തിനു വന്നു–രോഗശാന്തി വേണം, അപ്പം വേണം. അവർക്കു കിട്ടേണ്ടതു് കിട്ടിക്കഴിഞ്ഞപ്പോൾ അവർ യേശുവിനെ വിട്ടുപോയി. നന്ദിപറയാൻ പോലും പലരും നിന്നില്ല. എന്നാൽ ഒരു കൂട്ടർ യേശുവിൻെറ പക്കൽ അണഞ്ഞതു് നാഥൻെറ കൃപാപൂർണ്ണമായ സ്നേഹത്താൽ ആകർഷിക്കപ്പെട്ടതിനാൽ മാത്രമാണ്. എന്നാൽ മിക്കവരും യേശുവിനെ ഉപേക്ഷിച്ചുപോയ ഒരു അവസരമുണ്ടു്. എപ്പോഴാണെന്നോ? യേശുനാഥൻ കുരിശിൽ വേദനിക്കുന്ന സമയത്തു്. എന്തുകൊണ്ടാണവർ യേശുവിനെ വിട്ടിട്ടുപോയതു്? കുരിശിൽ യേശു പരാജയപ്പെടുകയാണെന്നാണ് അവർ വിചാരിച്ചതു്. പരാജയപ്പെടുന്ന നേതാവിൻെറ പുറകെ പോകാൻ ആരെയും കിട്ടുകയില്ല. യേശു കുരിശിൽ പരാജയപ്പെട്ടെന്നു് വിചാരിക്കുന്നവർ ഇന്നുമുണ്ടു്. എന്നാൽ യേശു കുരിശിൽ പരാജയപ്പെടുകയല്ലായിരുന്നുവെന്നും ഏറ്റവും വലിയ സ്നേഹവും വലിയ വിജയവുമായിരുന്നു കുരിശിലെ യേശുവിൽ കാണാൻ കഴിയുന്നതെന്നും ശ്ലീഹന്മാർക്കുപോലും മനസ്സിലാകുവാൻ ആഴ്ചകൾ വേണ്ടിവന്നു.

യേശു കുരിശിൽ പരാജിതനാവുകയാണെന്നു വിചാരിച്ചു്, നാഥനോടു് അനുകമ്പ കാണിച്ചുകൊണ്ടു് ചില സ്ത്രീകൾ കടന്നുവന്നു. നാഥൻ അവരോടു പറഞ്ഞു, ''എന്നെ ഓർത്തു് നിങ്ങൾ കരയേണ്ട''. ഇന്നും യേശുനാഥൻെറ കുരിശുമരണത്തെ ഓർത്തു് സഹതാപഗാനങ്ങൾ എഴുതുന്നവരുണ്ടു്. യേശുവിൻെറ കുരിശിലെ മഹാ സ്നേഹമോർത്തുള്ള സ്നേഹത്തിൻെറ കണ്ണുനീരിനു വിലയുണ്ടു്. യേശു പരാജയപ്പെട്ടു എന്നോർത്തുള്ള കണ്ണുനീരിനു വിലയില്ല.

## സത്യമറിയാത്തവരുടെ വിപരീത വികാരങ്ങൾ

ചില ക്രിസ്ത്യാനികൾക്കു് രണ്ടിനം വിപരീത വികാരങ്ങളുണ്ടു്. ഭയം – ആകുലത. കർത്താവു് കുരിശിൽ കിടക്കുന്നതു കാണുമ്പോൾ ദുഃഖവും പരാജയ ബോധവും.



www.malankaralibrary.com

''എന്റെ ഉടയതമ്പുരാൻ പോലും കുരിശേൽ കിടക്കുക യാ.... പിന്നെ എന്റെ കാര്യം എന്തു പറയാനാ....'' എന്ന രീതിയിലാണു ചിന്തകൾ. ജീവിതത്തിൽ ഇപ്പോൾ ഉള്ള തും കഴിഞ്ഞകാലത്തുണ്ടായതും വരാനിരിക്കുന്നതുമായ ഏതെങ്കിലും വേദനകളോത്തുള്ള ആകുലചിന്ത. മററൊന്ന് ഭയമാണ്. ഇപ്പോൾ നീ ഇങ്ങനെ നടന്നുകൊള്ളൂ, നിന ക്ക് അന്ത്യവിധിയിൽ ഭീകരമായ പലതും കിട്ടാനിരി ക്കുന്നു. ഭയപ്പെട്ടുകൊള്ളൂ. ചില പ്രസംഗകർ കർത്താ വിന്റെ കുരിശുകാട്ടി ആകുലതയും അന്ത്യവിധി കാട്ടി ഭയവും വളർത്തി മനുഷ്യമനസ്സിനെ വിപരീത വികാര ങ്ങളിൽ ബന്ധിച്ചിടാറുണ്ട്. എന്നാൽ ക്രിസ്ത്യാനിയുടെ ശരിയായ വികാരങ്ങൾ സ്നേഹവും വിജയവും പ്രത്യാശയും ആണ്. കുരിശിൽ യേശു സ്നേഹിച്ചതു് ഓർത്തു് നന്ദി നിറഞ്ഞ സ്നേഹമർപ്പിക്കുക. കുരിശിൽ നേടിയ വിജയം നമുക്ക് പങ്കുവെച്ചുതരുന്നതോർത്തു് ആനന്ദിക്കുക. എല്ലാ തിന്മകളെയും യേശുനാഥൻ ജയിച്ച് നന്മ നിറയ്ക്കുന്ന തോർത്തു് ആനന്ദിക്കുക. ഇപ്പോൾ എന്തെങ്കിലും തിന്മ യുണ്ടെങ്കിൽ അതും യേശു ജയിച്ചു കഴിഞ്ഞിരിക്കുന്നു. ആ ജയത്തിൽ എനിക്കു പങ്കു ലഭിക്കും എന്നോർത്തു് പ്രത്യാശ യിൽ സന്തോഷിക്കുക. സകല തിന്മയിൽനിന്നും മോച നം നേടാൻ യേശുവിന്റെ സ്വന്തമായിത്തീരുക.

കുരിശിലെ സ്നേഹവും വിജയവും

ദൈവം യേശുവിൽക്കൂടി കുരിശിൽവച്ച് ഏററവും വലിയ സ്നേഹവും ഏററവും വലിയ വിജയവും എങ്ങ നെയാണു കാണിച്ചതു്?

മനുഷ്യരുടെ പ്രയാസങ്ങളും ദുഃഖങ്ങളും കണ്ടപ്പോൾ അനുകമ്പ കാണിക്കുന്ന ഒരു സ്നേഹം വ്യക്തമാക്കുക മാത്രമല്ല യേശുനാഥൻ ചെയ്തതു്. ഏതാനും അനുഗ്രഹ ങ്ങൾ നൽകി ആശ്വസിപ്പിക്കുക മാത്രവുമല്ല ചെയ്തതു്. കുരിശിൽവെച്ച് രോഗികളും ദുഃഖിതരും, പാപശിക്ഷ കൾ വഹിക്കുന്നവരുമായ ഓരോരുത്തരേയും യേശു തന്റെ ഭൗതിക ശരീരത്തോട് യോജിപ്പിക്കുവാൻ മനസ്സായി. (കൊളോ 1:22) • അങ്ങനെ യോജിപ്പിച്ചപ്പോൾ എല്ലാവ രുടേയും തലയായി നിന്നുകൊണ്ട് ശാപങ്ങളും പാപ ശിക്ഷകളും തന്റെ ശരീരത്തിൽ അവൻ വഹിച്ചു. മനു ഷ്യരുടെ വേദനകളും ശാപങ്ങളും ശിക്ഷകളും തന്നിലേ യ്ക്കു സ്വീകരിച്ചുകൊണ്ട് തന്റെ ശരീരത്തിൽ ആ തിന്മ കളെ കീഴടക്കുകയും തന്നിൽനിന്നും ജീവനും ശക്തിയും



www.malankaralibrary.com

മഹത്വവും എല്ലാവർക്കും പങ്കുവെച്ചുകൊടുക്കുകയും ചെയ്തു. ആ മഹോന്നത സ്നേഹരംഗമായിരുന്നു ഗാഗുൽത്തായിലെ പരമത്യാഗനിമിഷം. ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും നാഥനാകുവാൻ (തലയാകുവാൻ) അവൻ സമ്മതിച്ചതുകൊണ്ടാണ് ഭാരമേറ്റു മരിക്കേണ്ടി വന്നത് (റോമ 14:9).

ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും നാഥനാകുവാൻ യേശു സമ്മതിച്ചതിനാലാണ് കുരിശിൽ മരിച്ചതും ഉയിർത്തതും എന്ന വാക്യം ഒരു ദിവസം എന്റെ ബോധമണ്ഡലത്തിലേക്ക് ഊന്നിറങ്ങി. ഞാൻ ഒരിക്കൽ മേരികുളം പള്ളിയിൽ ധ്യാനപ്രസംഗം നടത്തുന്നതിനു മുമ്പ് അൾത്താരയുടെ മുമ്പിൽ അല്പസമയം പ്രാർത്ഥിച്ചുനിന്നു. ആ അൾത്താരയിൽ മനോഹരമായ ഒരു കുരിശുരൂപമുണ്ട്. ക്രൂശിതനായ യേശുവിന്റെ മുഖത്ത് വിഷാദമല്ല, സ്നേഹവും വിജയവും വിശുദ്ധിയുമാണ് കാണിച്ചിരിക്കുന്നത്. അവിടെ പ്രാർത്ഥിച്ചുകൊണ്ടു നിന്നപ്പോഴാണ് ഈ വാക്യം എന്നിലേക്ക് ഇറങ്ങിവന്നത്. എല്ലാവരുടെയും നാഥനായി, എല്ലാവരോടും ഒന്നായിത്തീർന്ന് ഭാരമെടുക്കുകയും ശാപം തകർക്കുകയും ചെയ്ത നാഥന്റെ രൂപം. ഏതൊരാൾ ഏതൊരു സമയം ഈ സത്യം അംഗീകരിച്ച് യേശുവിനെ നാഥനായി സ്വീകരിച്ചു ജീവിക്കുവാൻ തുടങ്ങുന്നുവോ, ആ സമയം മുതൽ, യേശു പണ്ടുതന്നെ അയാളെ സ്വീകരിച്ചതിന്റെ ഭാഗ്യം അനുഭവപ്പെടാൻ തുടങ്ങും. ഞാൻ ചിന്തിച്ചു ഞാൻ എന്നാണ് യേശുവിനെ എന്റെ നാഥനായി സ്വീകരിച്ചത്? മരണത്തോട് വളരെ അടുത്ത ഒരു സമയത്ത്. അന്ന് എനിക്ക് 17 വയസ്സ് പ്രായമുണ്ടായിരുന്നു. മാരകമായ ടെററനസ് ബാധിച്ച് മരണത്തോട് അടുത്തപ്പോളാണ് യേശുവിനെ നാഥനായി സ്വീകരിച്ച് യേശുവിനോട് ഒന്നാകുവാൻ എന്നെ സമർപ്പിച്ചത്. അപ്പോൾ യേശുവിനു പറയാമായിരുന്നു; ''എടാ ചെറുക്കാ, നിനക്കു നാണമില്ലല്ലോടാ, ചാകാറായപ്പോൾ എന്നെ വിളിക്കാൻ... നീ മിടുക്കനായി നടന്നപ്പോൾ എന്നെ ഓർത്തില്ലല്ലോടാ'' എന്ന്. യേശു അങ്ങനെയല്ല പറഞ്ഞത്. ''മകനെ നീ ഇപ്പോളെങ്കിലും എന്നെ നാഥനായി സ്വീകരിച്ചല്ലോ.... നിന്റെ ഭാരം എടുത്ത് നിന്നോടു യോജിക്കുവാൻ എന്നെ പണ്ടുതന്നെ നിനക്കു തന്നു കഴിഞ്ഞു മകനേ.... മരണത്തോടടുത്തവരുടെ മാത്രമല്ല, മരിച്ചു കഴിഞ്ഞവരുടെയും നാഥനാകുവാൻ എന്നെ തന്നു കഴിഞ്ഞു മകനേ....'' (യേശു പാതാളത്തിലേക്കിറങ്ങി മരിച്ചുകഴിഞ്ഞവരോടും



www.malankaralibrary.com

സുവിശേഷം അറിയിച്ചു). മരിച്ചു കഴിഞ്ഞവരുടെ നാഥ നാകുവാൻ, അവരോട്ട് ഒന്നാകുവാൻ ആരു സമ്മതിക്കും? മരിച്ചു കഴിഞ്ഞവനെ എത്രയും വേഗം ദൂരത്താക്കി കുഴി ച്ചുമൂടണമെന്നാണ് എല്ലാവരുടേയും ആഗ്രഹം. വീട്ടിൽ അപ്പനോ അമ്മയോ മരിച്ചു കഴിഞ്ഞാൽ വലിയ കര ച്ചിലാണ്. ശവസംസ്കാരത്തിനു അച്ചൻ വരുമ്പോഠം ''അമ്മച്ചിയെ കൊണ്ടുപോകണ്ടായേ....അപ്പച്ചനെ കൊണ്ടു പോകണ്ടായേ .... എന്നു പറഞ്ഞു് വലിയ കരച്ചിൽ. അച്ചൻ അല്പം ദേഷ്യക്കാരനുമാണ്. ''എന്നാൽ കൊണ്ടു പോകുന്നില്ല.... ഇവിടെ ഇരുന്നോട്ടെ'' എന്നു പറഞ്ഞു് അച്ചൻ ഇറങ്ങിയാൽ ഈ കരഞ്ഞവരെല്ലാം എന്തു പറയും? ''അച്ചാ കൊണ്ടുപൊയ്ക്കോ ....കൊണ്ടുപൊയ്ക്കോ'' എന്നു പറയും.

മരിച്ചവരെ കൺമുമ്പിൽനിന്നുപോലും മാററി കുഴി ച്ചുമൂടണമെന്നാണാഗ്രഹം. എന്നാൽ മരിച്ചവരോടുപോലും ഒന്നായിത്തീർന്നു് അവരുടെ മരണം മാററി ജീവൻ നല്കി അവരെ രക്ഷിക്കുന്നതാണ് യേശുവിൻെറ സ്നേഹം. യേശുവിൽ ചേരുന്നവരുടെ മരണം മാറുന്നതെങ്ങനെയെ ന്നു പിന്നീടു പറയാം.

യേശുവിൽക്കൂടി ദൈവപിതാവു് എല്ലാവരേയും തന്നോടു യോജിപ്പിച്ച സമയമാണ് ഗാഗുൽത്തായിലെ രംഗം. 2 കൊറിന്ത്യർ 5-ാം അദ്ധ്യായം 14 മുതൽ 21 വരെ വാക്യങ്ങഠം വായിക്കുക. അവിടെ 19 - ാം വാക്യത്തിൽ പറയുന്നു, ''ദൈവം മനുഷ്യരുടെ തെററുകഠം അവർക്കെതി രായി പരിഗണിച്ചില്ല. ക്രിസ്തുവഴി ലോകത്തെ തന്നോടു യോജിപ്പിച്ചു.'' കുരിശിൽക്കൂടി ദൈവം നല്കുന്ന ഈ വലിയ അനുരഞ്ജനം സ്വീകരിക്കുവാൻ ശ്ലീഹാ ഉൽബോ ധിപ്പിക്കുന്നു. ''നമ്മഠം ക്രിസ്തുവിൽ വിശുദ്ധീകൃതരാകു വാൻ വേണ്ടി, ക്രിസ്തുവിനെ നമുക്കു വേണ്ടി ദൈവം പാപമാക്കി.'' ക്രിസ്തു പാപം ചെയ്തു് പാപിയാ യവനല്ല. എന്നാൽ സകലപാപികളേയും തന്നോടു യോ ജിപ്പിച്ചതിനാൽ എല്ലാവരുടെയും പാപം ഏറെറടുത്തു് പാപമായിത്തീർന്നവനാണ്. അതിനാൽ പാപത്തിൻെറ ശിക്ഷ ഏററവനാണ് (2 കൊറിന്ത്യർ 5: 21). പാപിക ളോടും രോഗികളോടും ഒന്നായിത്തീർന്നതിനാൽ പാപ ത്തിൻെറ ശിക്ഷകഠം എല്ലാം യേശുനാഥൻ വഹിക്കേണ്ടി വന്നു.

**അത്ഭുതങ്ങഠം കുരിശിലെ ബലിയുടെ യോഗ്യതയാൽ**

യേശുവിൻെറ എല്ലാ സ്നേഹപ്രവൃത്തിയുടെയും പരമ



www.malankaralibrary.com

കാഷ്ഠം (climax) കുരിശിൽ കാണാം. കുരിശിലെ മഹായാഗത്തിൻെറ യോഗ്യത മുൻകൂർ നൽകിക്കൊണ്ടാണ് യേശു അത്ഭുതങ്ങൾ ചെയ്തതു്. യേശു രോഗികളെ സുഖപ്പെടുത്തിയതു് എങ്ങനെയാണ്? യേശു രോഗികളുടെ മേൽ കൈകൾവെച്ചു പ്രാർത്ഥിച്ചു. "പിതാവേ, ഞാനും ഇയാളും ഒന്നായിരിക്കുന്നു. ഇവൻെറ രോഗങ്ങളും ശാപങ്ങളും ഞാൻ വഹിച്ചുകൊള്ളാം. എന്നിൽ നിന്നും ജീവനും ശക്തിയും ഇവനിലേയ്ക്കു് കടന്നുപോകട്ടെ" ... (മത്താ 8: 15–17). പാപികളോടും രോഗികളോടും ഒന്നായിത്തീന്നു് അവരിൽ ജീവിച്ചു് തിന്മകളെ കീഴടക്കിയാണ് യേശു രക്ഷിക്കുന്നതു്. യേശു തൻെറ ജീവനും ശക്തിയും എല്ലാവർക്കും നൽകിക്കൊണ്ടു്, എല്ലാവരോടും തന്നെത്തന്നെ യോജിപ്പിച്ചു് ശാപങ്ങളും പാപങ്ങളും പാപശിക്ഷകളും നാഥനെന്ന നിലയിൽ സ്വയം വഹിച്ചു് അവയെ കീഴടക്കി ജയിച്ചാണ് രോഗികളെ സുഖപ്പെടുത്തിയതു്. രോഗികളോടും പാപികളോടും ഒന്നാകാൻ യേശു സമ്മതിച്ചു. ചില രോഗികൾ വിശ്വാസത്തോടെ യേശുവിനെ സ്പർശിച്ചപ്പോൾത്തന്നെ യേശുവിൻെറ ശക്തി അയാളിലേക്കു് പ്രവേശിച്ചു് അയാളെ സുഖപ്പെടുത്തി. നാഥൻ പാപങ്ങൾ മോചിച്ചതിനു ശേഷം സമാധാനത്തോടെ പോകാൻ പറഞ്ഞപ്പോൾ ആ പാപിയോടു് തന്നെത്തന്നെ യോജിപ്പിച്ചു് ആ പാപത്തെ സ്വയം ഏറ്റെടുത്തു് അവയെ ഇല്ലാതാക്കുന്ന യോഗ്യത മുൻകൂർ നൽകുകയായിരുന്നു, (റോമ 8: 3; 1 പത്രോ 2: 24); തൻെറ ഉന്നതജീവിതത്തിൻെറ മഹത്ത്വവും സമാധാനവും അവർക്കു പ്രദാനം ചെയ്യുകയായിരുന്നു.

നാഥൻ അഞ്ചപ്പം വർദ്ധിപ്പിച്ചപ്പോഴും വെള്ളം വീഞ്ഞാക്കിയപ്പോഴും മനുഷ്യരുടെ ഭാരങ്ങൾ ഏറ്റെടുക്കുക തന്നെയായിരുന്നു. എങ്ങനെയാണ് അപ്പം വർദ്ധിപ്പിച്ചതു്? യേശു അഞ്ചപ്പം കൈയിലെടുത്തു് മാജിക്കുകാരൻ ചെയ്യുന്നതുപോലെ മാന്ത്രികവേല കാട്ടുകയല്ലായിരുന്നു. മിശിഹാചരിത്രം സിനിമയിൽ കാണിക്കുന്നതു് ഒരു മാജിക്കുകാരനെപ്പോലെ യേശു അപ്പത്തിന്മേൽ കൈകൾ വച്ചപ്പോൾ അപ്പം പെരുകാൻ തുടങ്ങി എന്നാണ്. ഈ രീതിയിലുള്ള ഒരു മാജിക്കുകാരനായി മാത്രം യേശുവിനെ തരം താഴ്ത്തിയെടുക്കാനാണ് പിശാചു ശ്രമിച്ചതും. ചെപ്പടി വിദ്യകാട്ടി ആളുകളുടെ കൈയടി വാങ്ങാൻ ദേവാലയഗോപുരത്തിൽ നിന്നു് ചാടാനും മററും സാത്താൻ പ്രലോഭിപ്പിച്ചു. ആ പ്രലോഭനത്തെ നാഥൻ പരാജയപ്പെടുത്തി. മനുഷ്യരുടെ ഭാരങ്ങളും ശാപങ്ങളും വസ്തുനിഷ്ഠം



www.malankaralibrary.com

മായി സ്വീകരിച്ചുകൊണ്ടും, അവരുടെ നാഥനായിനിന്നു് തന്നിൽനിന്നു് ജീവനും ശക്തിയും എല്ലാവർക്കും നൽകി ക്കൊണ്ടും ലോകത്തെ കുരിശിലൂടെയും ഉയിർപ്പിലൂടെയും രക്ഷിക്കാനാണു് യേശു നിശ്ചയിച്ചതു്. മാജിക്കുകാരനെ പ്പോലെ അപ്പം വർദ്ധിപ്പിക്കുകയായിരുന്നെങ്കിൽ, ബാക്കി വന്ന കഷണങ്ങൾ ശേഖരിക്കുവാൻ നാഥൻ പറയുകയി ല്ലായിരുന്നു. അപ്പം വേണ്ടപ്പോൾ വേറെ ഒരപ്പം എടുത്തു് പെരുപ്പിച്ചാൽ മതിയായിരുന്നു. യേശു ഭാരമെടുത്തു് ഉണ്ടാ ക്കിയ അപ്പമായതുകൊണ്ടാണു് ഒന്നും കളയാതിരിക്കണ മെന്നു് നിർബന്ധമുണ്ടായതു്. സാധാരണ പ്രകൃതിനിയ മമനുസരിച്ചു് എങ്ങനെയാണു് അപ്പമുണ്ടാക്കുക. അപ്പം ഉണ്ടാക്കാൻ രണ്ടു കാര്യം വേണം. ദൈവത്തിൻെറ അനു ഗ്രഹവും മനുഷ്യരുടെ അദ്ധ്വാനവും. യേശു അപ്പമെടുത്തു പ്രാർത്ഥിച്ചു, ''പിതാവേ, ഇത്രയും പേർക്കു് ആവശ്യമായ അപ്പം ഉണ്ടാക്കുന്നതിനു് എത്രമാത്രം അദ്ധ്വാനഭാരമുണ്ടോ, അതു് എൻെറ ശരീരത്തിൽ ഞാനേൽക്കുന്നു. ഗോതമ്പു വിതച്ചു്, കൊയ്തു്, മെതിച്ചു്, പൊടിച്ചു് അപ്പമാക്കാൻ എത്രമാത്രം അദ്ധ്വാനഭാരമുണ്ടോ അതു് ഞാനേൽക്കുന്നു. പിതാവേ, അനുഗ്രഹം നൽകണമേ'' അങ്ങനെ പ്രാർത്ഥി ച്ചാണു് അപ്പം വർദ്ധിപ്പിച്ചതെന്നു് ഞാൻ കരുതുന്നു. അങ്ങനെ ഉണ്ടാക്കിയ അപ്പമായതിനാലാണു് അതിൽ ഒരു കഷണവും നഷ്ടപ്പെടരുതെന്നു് യേശുവിനു് നിർബന്ധ മുണ്ടായതു്. അദ്ധ്വാനിച്ചു് ഉണ്ടാക്കുന്നതു് നഷ്ടപ്പെടരു തെന്നു് മനുഷ്യനു് ആഗ്രഹമുണ്ടു്. ഒരു വലിയ ധനവാനു് അദ്ധ്വാനം കൂടാതെ തൻെറ അറയിലേയ്ക്കു് പതിനായിര പ്പറ നെല്ലു് വരുന്നു; പോകുന്നു. അതിൽ കുറെ നെല്ലു് കോഴിയോ കാക്കയോ തിന്നാലും സാരമില്ല, ബാക്കി മതി എന്നു കരുതിയേക്കും. എന്നാൽ ഒരു പാവപ്പെട്ടവൻ വൈകുന്നേരംവരെ ശരീരം നൊന്തു് കൂലിപ്പണി ചെയ്തു കിട്ടിയ പത്തുരൂപാ കൊണ്ടു് അരി വാങ്ങി പൊടിച്ചു് അപ്പമുണ്ടാക്കി കുട്ടികൾക്കു കൊടുക്കുമ്പോൾ, ''ഒരു കഷ ണവും കളയരുതേ കുഞ്ഞേ........ ഇതു് ക്ലേശിച്ചു് ഉണ്ടാക്കി യതാണു്'' എന്നു് പറഞ്ഞെന്നിരിക്കും. അദ്ധ്വാനിച്ചു കിട്ടിയ നന്മയുടെ അംശം പോലും നഷ്ടപ്പെടരുതെന്നു് എല്ലാവരും വിചാരിക്കും. യേശു ഇങ്ങനെ മനുഷ്യരുടെ ഭാരമേററാണു് ഉയിർപ്പിൻെറ പ്രകാശനമായ നന്മകൾ വിതരണം ചെയ്തതെന്നു് ഞാൻ കരുതുന്നു. ഓരോ അത്ഭുതം ചെയ്തപ്പോഴും മററുള്ളവരുടെ ഭാരമേല്ക്കുകയും തൻെറ ശക്തി പുറപ്പെട്ടു പോകുകയും ചെയ്തുകൊണ്ടിരുന്നു.

കാനായിലെ ഒന്നാമത്തെ അത്ഭുതത്തിൽവച്ചുതന്നെ



www.malankaralibrary.com

ഇതു വ്യക്തമാക്കുന്നുണ്ടു്. 'മോനേ, അവർക്കു വീഞ്ഞില്ല' എന്നു് മാതാവു് ഈശോയോടു പറഞ്ഞു. അപ്പോൾ ഈശോ പറഞ്ഞതു് 'അമ്മേ, എന്റെ സമയം ആയിട്ടില്ലാ' എന്നാണു്. അതു കേട്ടപ്പോൾ അമ്മ എന്തു പറഞ്ഞു. ''അവൻ നിങ്ങളോടു് പറയുന്നതു് ചെയ്യുക'' എന്നു്. എന്റെ സമയം ആയിട്ടില്ല എന്നു് പറഞ്ഞതിനുശേഷം അഞ്ചുമിനിററു കഴിഞ്ഞപ്പോൾ വെള്ളം വീഞ്ഞാക്കികൊടുത്തു. അതെന്തുകൊണ്ടാണു്? അഞ്ചുമിനിററു സമയംകൂടി ആകാനുണ്ടെന്നാണോ അതിന്റെ അർത്ഥം? അതോ, അമ്മയോടു് സൂത്രം പറയുകയായിരുന്നോ? അല്ല. 'എന്റെ സമയം' എന്ന പദം യേശു ഉപയോഗിക്കുന്നതു് ഒരു പ്രത്യേക അർത്ഥത്തിലാണു്. ലോകത്തിന്റെ പാപങ്ങളും ഭാരങ്ങളും തന്റെമേൽ വഹിച്ചുകൊണ്ടു് ലോകനാഥനായി അവയെല്ലാം സഹിച്ചു കീഴടക്കി ജയിച്ചു് തന്നിൽനിന്നു് ജീവനും ശക്തിയും എല്ലാവർക്കും നല്കുന്ന കുരിശുമരണത്തിന്റെയും ഉയിർപ്പിന്റെയും സമയത്തെപ്പററിയാണു് 'എന്റെ സമയ'മെന്നു് ഈശോ പറയുന്നതു്. എന്റെ സമയം ആയിട്ടില്ലെന്നു് പറഞ്ഞതിന്റെ അർത്ഥം എന്താണു്? അമ്മേ, ഞാൻ ഇവിടെ അത്ഭുതം ചെയ്യണമെങ്കിൽ, വെള്ളം വീഞ്ഞാക്കണമെങ്കിൽ, കുരിശിലെ ബലി അനുഭവിക്കേണ്ടിയിരിക്കുന്നു. ഭാരം എന്റെമേൽ എടുത്തുകൊണ്ടു് ബലിയാകേണ്ടിയിരിക്കുന്നു. അതിനു് പിതാവു് നിശ്ചയിച്ച സമയം ആയില്ല എന്നാണു്. എന്നാൽ അമ്മ പറഞ്ഞതിനാൽ,ഗാഗുൽത്തായിലെ കുരിശുമരണത്തിന്റെ യോഗ്യത മുൻകൂർ നൽകിക്കൊണ്ടു് അനുഗ്രഹത്തിനായി നാഥൻ പ്രാർത്ഥിക്കുകയായി. കുരിശുബലിയിൽ ലോക ഭാരങ്ങൾ ഏറെറടുത്തതിന്റെ ഫലമായ ഒരു അനുഗ്രഹം മുൻകൂർ നൽകി അത്ഭുതം നടത്തുകയും ചെയ്തു.

ലോകത്തിലുള്ള ഓരോരുത്തരുടേയും എല്ലാവരുടേയും ഭാരങ്ങളും പാപങ്ങളുടെ ശിക്ഷകളും വേദനകളും തന്നിലേയ്ക്കു് ഏറെറടുത്ത സ്നേഹത്തിന്റെ പരമകൃത്യമായിരുന്നു ഗാഗുൽത്തായിലെ മരണം. യേശു തന്റെ സ്നേഹത്തിന്റെ ആഴത്താൽ തന്നെത്തന്നെ മുഴുവനായി എല്ലാവർക്കും നൽകുവാനും എല്ലാവരുടേയും ഭാരങ്ങൾ വഹിക്കുവാനും മനസ്സായി. ഓരോ അത്ഭുതം നടന്നപ്പോഴും ഓരോരുത്തരെ രക്ഷിച്ചപ്പോഴും കുരിശുമരണത്തിന്റെ ക്ലേശം കൂടുകയായിരുന്നു. പിശാചിനെ ബഹിഷ്ക്കരിച്ചു് മനുഷ്യർക്കു് സ്വാതന്ത്ര്യം നൽകിയപ്പോഴും യേശുവിന്റെ കുരിശുമരണത്തിന്റെ യോഗ്യതയുടെ അംശം മുൻകൂർ പങ്കുവച്ചു കൊടുക്കുകയായിരുന്നു.



www.malankaralibrary.com

## കുരിശുമരണയോഗ്യത സകല ജനത്തിനും

അന്നു് യേശുവിൻെറക്കൂടെ അന്നാട്ടിൽ ജീവിച്ചിരുന്ന ഏതാനും പേരുടെ ഭാരങ്ങളും പാപങ്ങളും മാത്രമല്ല അവൻ എടുത്തു് ഇല്ലാതാക്കിയതു്. ചരിത്രത്തിൽ അതിനുമുമ്പും പിമ്പുമുള്ള എല്ലാവരുടേയും പാപങ്ങൾ തൻെറ ശരീരത്തിൽ വഹിച്ചു് ഇല്ലാതാക്കുവാൻ നാഥൻ സ്നേഹപൂർവ്വം മനസ്സായി. നാഥൻ അനാദിയിൽ തന്നെ സ്നേഹത്തിൻെറ ആ വലിയ തീരുമാനം നടത്തിയെങ്കിലും അതു് തൻെറ മനുഷ്യശരീരത്തിൽ അനുഭവത്തിലായപ്പോൾ തളർന്നുപോയി. ഗദ്സെമൻ തോട്ടത്തിൽവച്ചു് രക്തം വിയർത്തു കൊണ്ടു്, ''പിതാവേ........ കഴിയുമെങ്കിൽ ഇതു മാററിത്തരണമേ... ....'' എന്നു പ്രാർത്ഥിക്കാൻ തക്കവണ്ണം മനുഷ്യശരീരത്തിലും മനസ്സിലും വേദനയേററുന്ന ഒന്നായിരുന്നു ലോകത്തിൻെറ പാപവും വേദനയും വഹിക്കുകയെന്നതു്. എന്നാൽ പിതാവു് പുത്രനെ ശക്തിപ്പെടുത്തി. സ്നേഹത്താൽ ശക്തിപ്പെടുത്തി. പിതാവിൻെറ മുഴുവൻ സ്നേഹത്തോടുകൂടി എല്ലാവരുടേയും ഭാരങ്ങൾ വഹിക്കുവാൻ യേശുവിൻെറ മനുഷ്യമനസ്സും ശരീരവും സജ്ജമാക്കി. നമ്മുടെ പാപങ്ങൾ സ്വന്തശരീരത്തിൽ വഹിച്ചുകൊണ്ടു് അവൻ കുരിശിലേറി. അതു നാം പാപത്തിനു മരിച്ചു്, നീതിക്കായി ജീവിക്കേണ്ടതിനാണു്. അവൻെറ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു ... .... (1 പത്രോ 2:24-25). യേശുനാഥൻ പാപികളായ നമ്മെ സ്നേഹിച്ചു. തൻെറ ശരീരത്തെക്കാളും സുഖത്തെക്കാളും ഉപരിയായി നമ്മെ സ്നേഹിച്ചു: അവസാനംവരെ സ്നേഹിച്ചു. ആ സ്നേഹം നമ്മിൽ സ്വീകരിക്കുക. യേശു നമ്മുടെ ജീവനാഥനാകുമ്പോൾ യേശുവിൻെറ ശക്തിയും ഉയിർപ്പും മഹത്വവും നമ്മിലേക്കു് വരുന്നതു കാണാൻ കഴിയും. നമ്മുടെ ഭാരങ്ങൾ മാറുന്നതു കാണാം.

## കുരിശിലെ സ്നേഹത്തിൻെറ സുവിശേഷം

കുരിശിലെ മഹാസ്നേഹത്തിൻെറ സുവിശേഷം എല്ലാവരേയും അറിയിക്കുവാൻ യേശു ശിഷ്യന്മാരെ പറഞ്ഞയച്ചു. യേശുവിൻെറ കുരിശുമരണത്തിൽ നടന്ന സത്യം വിശ്വസിക്കുകയും നാഥനോടു് ഒന്നാവുകയും ചെയ്യുന്നവർക്കു് അവരുടെ ബന്ധനങ്ങൾ മാറി ജീവനും ഉയിർപ്പും മഹത്വവും ലഭിക്കുന്നതു് അനുഭവമാകും എന്ന സന്തോഷവാർത്ത അവർ പ്രസംഗിച്ചു.

കർത്താവുതന്നെ, മുമ്പു ജീവിച്ചു മരിച്ചുപോയ ബന്ധനസ്ഥരായ ആത്മാക്കളോടു് സുവിശേഷം അറിയിച്ചു.



www.malankaralibrary.com

പഴയനിയമകാലത്തു ജീവിച്ചിരുന്ന പാപികളായ മനുഷ്യരോട് യേശു സുവിശേഷം പ്രസംഗിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. കുരിശിൽ വച്ച് ഞാൻ എൻെറ ശരീരത്തിൽ നിങ്ങളുടെ ബന്ധനങ്ങൾ കീഴടക്കിക്കഴിഞ്ഞു. നിങ്ങൾ എൻെറ സ്വന്തമായി എന്നോടു യോജിച്ചാൽ മതി. നിങ്ങളുടെ ഭാരവും വേദനയും ഞാൻ ക്രൂശിൽ എടുത്തു മാററിയിരിക്കുന്നത് അനുഭവമാകും. (1 പത്രോ 3:18). അവരിൽ യേശുവിനോട് യോജിച്ചവരേയും കൊണ്ടാണ് നാഥൻ സ്വർഗ്ഗാരോഹണം ചെയ്തത്. (എഫേ 4:8_10).

എവിടെയാണീ പാതാളം

ഒരു സ്ഥലത്ത് ഇക്കാര്യം പറഞ്ഞപ്പോൾ ഒരാൾ ചോദിച്ചു: ''അച്ചാ എവിടെയാ ഈ പാതാളം? മരിച്ചു കഴിയുമ്പോൾ നമ്മുടെ ആത്മാവ് എങ്ങോട്ടാ പോകുന്നത്?'' അതിനു ഞാൻ പറഞ്ഞ ഉത്തരം, ആത്മാവ് എങ്ങോട്ടാ പോകുന്നതെന്നു ചോദിക്കുന്നതിനുമുമ്പ് ആത്മാവ് ഇപ്പോൾ എവിടെയാണ് സ്ഥിതിചെയ്യുന്നതെന്ന് അറിയണം. എല്ലാ സൃഷ്ടികളും ദൈവപുത്രനിലാണ് സ്ഥിതിചെയ്യുന്നത്. ദൈവപുത്രനു വെളിയിൽ ഒന്നും സ്ഥിതിചെയ്യുന്നില്ല (യോഹ 1:2; കൊളോ 1:15_20; എബ്രാ 1:2_3). ദൈവപുത്രനിലാണ് ഓരോരുത്തരുടേയും ആത്മാവുകൾ എന്നും സ്ഥിതിചെയ്യുന്നത്. അവിടെ നിന്ന് ആത്മാവുകളെ മാററാൻ സാധിക്കുകയില്ല. ദൈവപുത്രനോട് മഹത്വത്തിൽ ഒന്നായിത്തീർന്ന ആത്മാവുകൾ പരമഭാഗ്യത്തിലാണ്. ദൈവപുത്രനിൽ സ്ഥിതിചെയ്യുന്നെങ്കിലും ദൈവപുത്രനോട് മഹത്വത്തിൽ ഒന്നായിത്തീരാത്ത ആത്മാവുകളുടെ സ്ഥിതിയാണ് പാതാളം എന്നത്. പഴയനിയമകാലത്ത് ജീവിച്ചു മരിച്ചുപോയ പാപികളായ മനുഷ്യരുടെ ആത്മാവുകളും ദൈവപുത്രനിലാണ് സ്ഥിതിചെയ്തിരുന്നത്. ''ദൈവത്തിൻെറ മഹത്വത്തിൽ ഒന്നാകുവാൻ നിങ്ങളേയും വിളിച്ചിരിക്കുന്നു''. എന്ന സദ്വാർത്ത നാഥൻ അവരുടെ മനസ്സിൽ നിവേശിപ്പിച്ചതാണ് പാതാളങ്ങളിൽ ഇറങ്ങി സുവിശേഷം പ്രസംഗിച്ചു എന്നു പറയുന്നതിൻെറ അർത്ഥമെന്ന് എനിക്കു തോന്നുന്നു.

ഭൂമിയിൽ ജീവിച്ചിരിക്കുന്ന മനുഷ്യരോടും ഈ സദ്വാർത്ത ബാഹ്യമായി പഞ്ചേന്ദ്രിയങ്ങളിലൂടെ അറിയിക്കുവാൻ ശിഷ്യന്മാരെ പറഞ്ഞയച്ചു. മനുഷ്യരോടു തന്നെ



www.malankaralibrary.com

യല്ല സകല സൃഷ്ടികളോടും ഈ സദ്വാർത്ത അറിയിക്കാൻ പറഞ്ഞു വിട്ടു. കാരണം കുരിശിൽവച്ച് പിതാവ് യേശു വിലൂടെ സകല സൃഷ്ടികളെയും തന്നോട്, തന്റെ മഹത്വത്തോട് യോജിപ്പിക്കുകയുണ്ടായി. (കൊളോ 1: 20). ദൈവമഹത്വം നിറയാത്ത ഭാഗങ്ങളിലെ വേദനയും മരണവും തിന്മയും ഇല്ലാതാകുവാൻ അവരെ നാഥന്റെ ശരീരത്തോടു യോജിപ്പിച്ചു മഹത്വം നിറച്ചു. ആ വലിയ സംഭവം നടന്നുകഴിഞ്ഞു. നാഥനോട് ഒന്നാകുവാൻ മനസ്സാകുന്നവർക്കു് ഈ ഭാഗ്യം അനുഭവമാകും. (റോമ 8: 1).

സുവിശേഷം ഭൂമിയിൽ ജീവിച്ചിരിക്കുന്നവക്ക്.

വി. പൌലോസ് ഈ സത്യം അറിയിക്കുവാൻ ഓടി നടന്നു.(കൊറിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഒന്നാം അദ്ധ്യായത്തിൽ 18-ാം വാക്യം മുതൽ 2-ാം അദ്ധ്യായം പകുതിഭാഗം വരെ വായിക്കുക). കുരിശിൽവെച്ച് യേശുനാഥൻ സകല മനുഷ്യരെയും തന്നോടു യോജിപ്പിച്ച് തിന്മകളെ കീഴടക്കിയ മഹാസ്നേഹത്തിന്റെയും വിജയത്തിന്റെയും സന്ദേശം യഹൂദന്മാരോടാണ് വിശുദ്ധ പൌലോസ് ആദ്യം പ്രസംഗിച്ചതു്. അവർ അതു് ഉടനെ സ്വീകരിക്കുമെന്നു് കരുതിക്കാണും. പക്ഷെ യഹൂദന്മാർ സ്വീകരിച്ചില്ല. അവർ പറഞ്ഞു: "ഇതുപോലൊരു നാണം കെട്ട വാർത്ത ഞങ്ങൾ കേട്ടിട്ടില്ല. അവൻ കുരിശിൽ മരിച്ചതു് അവനു് കഴിവില്ലാഞ്ഞിട്ടായിരിക്കാം." യഹൂദന്മാർ ഈ സദ്വാർത്ത സ്വീകരിക്കാതിരുന്നപ്പോൾ പൌലോസ് ഗ്രീക്കുകാരുടെ അടുത്തേയ്ക്കുചെന്നു് ഈ സുവിശേഷം അറിയിച്ചു. തത്വജ്ഞാനികളായ അവക്ക് ഇതു വേഗം മനസ്സിലാകുമെന്നു് പൌലോസ്ശ്ലീഹാ വിചാരിച്ചു കാണും. ഗ്രീക്കുകാർ ഈ സദ്വാർത്ത കേട്ടിട്ടു പറഞ്ഞു: "ഇതുപോലൊരു വിഡ്ഢിത്തം ഞങ്ങൾ മുമ്പെങ്ങും കേട്ടിട്ടില്ല. കുരിശിൽ മരിച്ചു് ലോകത്തെ രക്ഷിച്ചെന്നോ........?" അവരും സുവിശേഷം സ്വീകരിച്ചില്ല. പൌലോസ് നിരാശപ്പെട്ടില്ല. അദ്ദേഹം പിന്നീട് സുവിശേഷം അറിയിക്കാൻ പോയതു് കുറെ പാവപ്പെട്ടവരുടെ അടുക്കലേക്കാണ്. അവർക്കു് വലിയ കുലീനത്വമില്ല, വലിയ പാണ്ഡിത്യമില്ല, ശക്തിയില്ല. കുരിശിലെ വലിയ സ്നേഹത്തിന്റേയും വലിയ വിജയത്തിന്റേയും സുവിശേഷം ശ്ലീഹാ അവരെ അറിയിച്ചു. അവർ അതു സ്വീകരിച്ചു; വിശ്വസിച്ചു. അവരുടെ ജീവിതത്തെ യേശുവിനോടു് യോജിപ്പിക്കുവാൻ സമർപ്പിച്ചു. അപ്പോൾ വലിയ കുലീ



www.malankaralibrary.com

നരെ ലജ്ജിപ്പിക്കുവാൻ കഴിയുന്ന കലിനസ്വഭാവം യേശുവിൽനിന്നു് അവക്കു കിട്ടി. വലിയ ശക്തരെ ലജ്ജിപ്പിക്കുവാൻ തക്കവണ്ണം ശക്തിയുടെ സ്രോതസ്സിനോടു് ചേർന്നതിന്റെ അനുഭവമുണ്ടായി. വലിയ പണ്ഡിതരെ ലജ്ജിപ്പിക്കുവാൻ തക്കവണ്ണം പാണ്ഡിത്യമുണ്ടായി (1കൊറിന്ത്യർ 1: 26_28).

യേശുവിനോടു നമ്മെ യോജിപ്പിച്ചതു് ദൈവകൃപയുടെ പ്രവർത്തനമാണു്. അവനാണു് നമ്മുടെ ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും. (1 കൊറി 1: 30_31). ശ്ലീഹാ തുടർന്നു 2_ാം അദ്ധ്യായത്തിൽ പറയുകയാണു്, കരിശിലെ മഹാസ്നേഹത്തിന്റെയും വിജയത്തിന്റെയും സുവിശേഷം ഞാൻ നിങ്ങളോടു പ്രസംഗിച്ചതു് വലിയ വാഗ്വിലാസത്തോടുകൂടിയോ, വിജ്ഞാനത്തിന്റെ ഭാവരൂപങ്ങളോടുകൂടിയോ അല്ലായിരുന്നു. ഞാൻ നിങ്ങളുടെ മുമ്പിൽ ക്രൂശിതനായ ക്രിസ്തുവിനെ മാത്രം അവതരിപ്പിച്ചു. കാരണം നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം വിജ്ഞാനമല്ല, പ്രത്യുത ശക്തിയുടെ അനുഭവമായിരിക്കണം. യേശുവിനോടു് ഒന്നാകുന്നതിന്റെ ശക്തി നിങ്ങൾക്കു് അനുഭവപ്പെടണം. ഞാൻ എന്റെ ജീവിതത്തെ യേശുവിനോടു് യോജിപ്പിച്ചപ്പോൾ എന്നിലെ തിന്മകൾ യേശു കീഴടക്കിയതു് അനുഭവമായി. യേശുവിന്റെ നന്മകൾ എന്നിലേയ്ക്കു കടന്നുവന്നതു് ഞാൻ അനുഭവിച്ചു, എന്നു പറയാൻ കഴിയണം.

സുവിശേഷം മനഃശാസ്ത്രവിദ്യയോ?

ഒരു സ്ഥലത്തു് ഞാൻ ഈ സത്യം പ്രസംഗിച്ചപ്പോൾ ഒരാൾ എന്നോടു ചോദിച്ചു: ''അച്ചാ ഇതു് ഒരു മനഃശാസ്ത്രപ്രയോഗമല്ലേ? യേശു ഒരിക്കൽ കരിശിൽ എല്ലാവരുടേയും ദുരിതം എടുത്തുമാററിയെന്നു് വിശ്വസിപ്പിച്ചു് ആളുകളുടെ മനസ്സിൽ ഒരു ചലനമുണ്ടാക്കി, ഉണർവ്വുണ്ടാക്കി എന്തോ കാട്ടാനുള്ള ഒരു പണിയല്ലേ? വസ്തുനിഷ്ഠമായി ഇതു യാഥാർത്ഥ്യമാണോ?'' അനുഭവമാണു് ഇതിനു മറുപടി പറയേണ്ടതു്. ബുദ്ധനോ, ഗാന്ധിജിയോ മററാരെങ്കിലുമോ ലോകത്തിന്റെ തിന്മകൾ മുഴുവൻ ലോകനാഥനെന്നനിലയിൽ സ്വയം സ്വീകരിച്ചു് ഇല്ലാതാക്കി എന്നു വിശ്വസിപ്പിച്ചു് ആരുടെയെങ്കിലും ഒരു തിന്മയെങ്കിലും മാററുന്നതായി കാണിക്കാമോ? അങ്ങനെ സാധിക്കുമെങ്കിൽ കരിശിൽവെച്ചു് യേശു രക്ഷിച്ചു എന്നു പറയുന്ന സന്ദേശവും മനഃശാസ്ത്രപ്രയോഗമാണെന്നു് പറയാം.



www.malankaralibrary.com

സമർപ്പണം വഴി യേശുവിനോടൊന്നാവുക. അനുഭവം കിട്ടും.

എൻെറ ജീവിതത്തിൽ ഞാൻ ഇതു് അനുഭവിച്ചറിഞ്ഞതാണു്. എനിക്കു് 17 വയസ്സു പ്രായമായിരുന്നപ്പോഠം ടെററനസ് എന്ന മാരകരോഗം പിടിപെട്ടു. അതിൻെറ അനന്തരഫലമായി, കാലുകഠം രണ്ടും തളന്നു് കിടപ്പിലായി. സൗഖ്യം നല്കണമേയെന്നു് പ്രാത്ഥിച്ചുകൊണ്ടു് പല നേർച്ചകഠം നേർന്നു. മലയാററൂർ മലകയറിക്കൊള്ളാം...........ഇന്ന പള്ളിയിൽ ഇന്നതു കൊടുത്തേക്കാം......., എന്നെല്ലാം നേർന്നു. അതുകൊണ്ടൊന്നും കാലിൻെറ തളർച്ച മാറിയില്ല. ചികിത്സയും നടക്കുന്നുണ്ടായിരുന്നു. പിന്നീടു് നേർച്ച നേർന്നതു്, ''കത്താവേ മാസത്തിലൊരിക്കൽ വിശുദ്ധകുർബ്ബാന കൈക്കൊണ്ടുകൊള്ളാം........സുഖപ്പെടുത്തണമേ........'' എന്നായിരുന്നു. അതുകൊണ്ടും ഫലമുണ്ടായില്ല. ആഴ്ച തോറും ഓരോ നേർച്ച നേർന്നു കാത്തിരുന്നു, ഫലിച്ചില്ല. ദിവസവും വി. കർബ്ബാന കൈക്കൊള്ളാമെന്നു് നേർച്ച നേർന്നു. അപ്പോഴും ഫലമായില്ല. ഒടുവിൽ പറഞ്ഞു: യേശുവേ "എന്നെ ഞാൻ നിനക്കു തരുന്നു. നീ പറയുന്നതെല്ലാം ചെയ്തുകൊള്ളാം." ആ കൊച്ചുവാക്യം,--സമപ്പണവാക്യം—ജീവൻ പകരുവാൻ അടിസ്ഥാനമിട്ടു. അതോടുകൂടി വളരെ വേഗമാണു് ഞാൻ സൗഖ്യം പ്രാപിച്ചതു്. മനസ്സിലും ആത്മാവിലുമുള്ള പ്രശ്നങ്ങഠം മാററുവാനും സാമൂഹ്യപ്രശ്നങ്ങഠം മാററുവാനും, യേശുവിനു് ആഴത്തിലാഴത്തിൽ സമർപ്പിച്ചാൽ സാധിക്കുമെന്നു് എനിക്കു് അനുഭവമായിട്ടുണ്ടു്.

### യേശു മുഴുവൻ തിന്മകളെയും മാററുമോ?

സമർപ്പണത്തോടെ ഞാൻ വേഗം സുഖം പ്രാപിച്ചു് എഴുന്നേററു നടക്കാൻ തുടങ്ങിയെങ്കിലും, എൻെറ ഒരു കാലിനു അരയിഞ്ചു് നീളം കുറവുണ്ടായിരുന്നു. തതു് ഫലമായി ചെറിയ മുടന്തുണ്ടായിരുന്നു. അടുത്തകാലത്തു് ഒരിക്കൽ ഞാൻ ഒരു ധ്യാനത്തിനു പോയപ്പോഠം ഒരാഠം എന്നെ ഒന്നു പരിഹസിച്ചു. ഇത്ര രോഗശാന്തിയൊക്കെ, അവകാശപ്പെടുന്നുണ്ടെങ്കിൽ അച്ചൻെറ കാലൊന്നു് മുഴുവൻ സുഖപ്പെടുത്തട്ടെ'' ആ വാക്യം എൻെറ ഹൃദയത്തിൽ തറച്ചു. മനസ്സിൻെറ ഉന്മേഷം പോയതുപോലെ തോന്നി. അപ്പോഠം ഞാൻ വേദപുസ്തകം എടുത്തു വായിച്ചു. വേദപുസ്തകം തുറന്നപ്പോഠം കണ്ട ഒരു പ്രത്യേക വചനം എന്നെ ശക്തിപ്പെടുത്തുവാൻ മതിയാവുന്നതായി



www.malankaralibrary.com

ുന്നു. യേശു സകല വിപരീതശക്തികളെയും കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ ശക്തിവഴി, നമ്മുടെ ദുർബല ശരീരത്തെപ്പോലും തന്റെ മഹത്വമുള്ള ശരീരംപോലെ ആക്കിത്തീർക്കുന്നതുവരെ നമ്മിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നാണ് ആ വചനം പറയുന്നത്. (ഫിലി 3:21) സ്തോത്രം, ഞാൻ കൂടുതൽ കൂടുതൽ യേശുവിന്റെ സ്വന്തമാകുമ്പോൾ യേശുവിന്റെ ക്രൂശിലെ സ്നേഹവും ഉയിർപ്പിന്റെ വിജയവും കൂടുതൽ കൂടുതൽ അനുഭവപ്പെടുകയും എന്റെ ആത്മാവിലെയും മനസ്സിലെയും ശരീരത്തിലെയും സകല പോരായ്മകളും മാറി ഞാൻ യേശുവിന്റെ മുഴുവൻ പ്രകാശമായിത്തീരുകയും ചെയ്യുമെന്ന സത്യം, എനിക്ക പ്രത്യാശയും നവോന്മേഷവും പകർന്നു.

കുരിശിലെ സ്നേഹമറിയാത്തവർക്ക് ഇതു് ഭോഷത്തം.

യേശു സകല മനുഷ്യരെയും അവസാനംവരെ സ്നേഹിച്ച രംഗമാണ് കുരിശ്. ഈ സത്യം അറിഞ്ഞവർക്ക്, കുരിശ് സ്നേഹത്തിന്റെ ദർപ്പണമാണ്. അതു മനസ്സിലാകാത്തവർക്ക് കുരിശിൽ യേശു രക്ഷിച്ചു എന്ന വാക്യം ഭോഷത്തമായി തോന്നും. ഒരിക്കൽ ഒരു സർവ്വമതസമ്മേളനത്തിൽവെച്ച് ഒരു ഹിന്ദുയുവതി ഒരു ക്രൈസ്തവവൈദികനോട് പറഞ്ഞു: ''എനിക്ക് നിങ്ങളുടെ പള്ളികളിൽ കയറുമ്പോൾ മഹാ വെറുപ്പാണ് തോന്നുക. ദൈവത്തോട് ഒരു സ്നേഹവും തോന്നുകയില്ല. പ്രാർത്ഥിക്കാൻ തോന്നുകയില്ല. കാരണം ഏതു പള്ളിയിൽ കയറിയാലും കാണാം ഒരാളെ തല്ലിക്കൊന്ന് കുരിശിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്നതിന്റെ പടമോ, രൂപമോ. അതു കാണുമ്പോഴേ വെറുപ്പാണു തോന്നുക. സ്നേഹത്തിന്റെ ദർശനമൊന്നും നിങ്ങളുടെ പള്ളികളിൽ ഇല്ല.'' ഇതു കേട്ട് ആ വൈദികൻ പറഞ്ഞു: ''അങ്ങനെയാണോ തോന്നുന്നതു്? എന്നാൽ ഞങ്ങൾക്ക് ക്രൂശിതരൂപം കാണുമ്പോൾ ദൈവത്തിന്റെ സ്നേഹമോർത്ത് അതിരില്ലാത്ത ആത്മീയാനന്ദമാണ് തോന്നുക. യേശു എല്ലാവരുടെയും ദുരിതങ്ങളും പാപങ്ങളും ഏറ്റെടുത്തുകൊണ്ട് മനുഷ്യവർഗ്ഗത്തിന്റെ അടിത്തറയായിത്തീർന്ന് ലോകത്തിന്റെ വേദന മാററുവാൻ സ്വയം ബലിയായിത്തീരുകയും തിന്മകളെ കീഴടക്കി നമുക്ക് നന്മ പങ്കുവച്ചുതരുകയും ചെയ്യുവാൻ കുരിശിൽ മരിച്ചതു് ഓർക്കുമ്പോൾ, ആ സ്നേഹത്തിന്റെ മുമ്പിൽ ഞങ്ങൾ കുമ്പിട്ടാരാധിക്കും. നമ്മുടെ സകല ഭാരങ്ങളും മരണവും ഏറ്റെടുത്ത സഹനബലിയായ സ്നേഹനിധിയാണ് യേശു.''



www.malankaralibrary.com

ഇതു കേട്ടപ്പോൾ ആ യുവതി പറഞ്ഞു: ''കരിശിൽ യേശു നമ്മെസ്നേഹിക്കുകയായിരുന്നു, അല്ലേ? എനിക്കു അതു് മനസ്സിലായില്ലായിരുന്നു.''

പ്രാർത്ഥന

നാഥനായ യേശുവേ, അങ്ങയെ ഞങ്ങൾ കുമ്പിട്ടു് ആരാധിക്കുന്നു. ഞങ്ങൾക്കുവേണ്ടി ക്രൂശിൽമരിച്ചവനേ അങ്ങയെ ഞങ്ങൾ കുമ്പിട്ടാരാധിക്കുന്നു. ഞങ്ങളെ അവസാനം വരെ സ്നേഹിച്ച അങ്ങയെ അവസാനംവരെ സ്നേഹിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങയുടെ സ്നേഹം ഞങ്ങളുടെ ലഹരിയാകണമേ. ആ സ്നേഹത്തിനു് പ്രതിസ്നേഹമർപ്പിക്കുക എന്നതുമാത്രം ഞങ്ങളുടെ ജീവിതമാകണമേ, ദൈവമേ, അങ്ങയുടെ കൃപനിറഞ്ഞ സ്നേഹം, നിറുത്താത്ത നിലയ്ക്കാത്ത സ്നേഹം, യേശുവിലൂടെ ഞങ്ങൾ കണ്ടു. എത്ര മാത്രം വേദന സഹിച്ചു് ലോകമൊരം ഏറ്റു തളർന്നപ്പോഴും ആ സ്നേഹം നിലച്ചില്ലല്ലോ. യേശുവേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ക്രൂശിൽ എല്ലാ വേദനയും സഹിച്ച അങ്ങയുടെ സ്നേഹത്തെ എല്ലാവരേയും അറിയിക്കുവാൻ ഞങ്ങളെ പ്രവർത്തന നിരതരാക്കണമേ. എല്ലാ അധരങ്ങളും അങ്ങേയ്ക്കു് സ്നേഹഗീതം ആലപിക്കട്ടെ. യേശുവേ, അങ്ങയുടെ സ്നേഹത്തിൽ ലയിച്ചു് സ്വയം മറക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ, അങ്ങയുടെ സ്നേഹത്തിനു് പ്രതിസ്നേഹമായി ഏതു ത്യാഗം സഹിക്കാനും ഞങ്ങൾക്കു് ഉന്മേഷം ഉണ്ടാകട്ടെ. അങ്ങയെ സന്തോഷിപ്പിക്കാനായി, അങ്ങേയ്ക്കു സ്നേഹമർപ്പിക്കാനായിമാത്രം, ഞങ്ങൾ ജീവിക്കട്ടെ. ഞങ്ങൾ ജീവിച്ചാലും മരിച്ചാലും അതെല്ലാം അങ്ങയോടുള്ള സ്നേഹത്തിന്റെ ഒരു പ്രതിഫലനം മാത്രമാകട്ടെ. മടികൂടാതെ എല്ലാവരോടും അങ്ങയുടെ ദിവ്യസ്നേഹത്തെ വർണ്ണിച്ചു പറയാൻ ഞങ്ങൾക്കിടയാകട്ടെ. സ്തുതി നാഥാ, സ്തുതി....ആയിരമായിരം സ്തുതി....!

കരിശിൽ ഏററവും വലിയ വിജയം.

കരിശിൽ ഏററവും വലിയ സ്നേഹം മാത്രമല്ല, ഏററവും വലിയ വിജയവും കാണാം. കരിശിൽ യേശു പരാജയപ്പെട്ടു എന്നാണ് പലരും കരുതിയിരുന്നതു്. അതിനാലാണു് ചിലർ കരിശിലെ യേശുവിനു് അനുകമ്പയുടെ വിലാപഗാനങ്ങൾ അർപ്പിക്കുന്നതു്. എന്നാൽ യേശു പരാജയപ്പെടുകയല്ല, കരിശിൽ ജയിക്കുകയായിരുന്നു എന്നറിയുമ്പോൾ ജയഗീതം അർ



www.malankaralibrary.com

പ്പിക്കും. മനുഷ്യർക്ക് കീഴടക്കാൻ കഴിയാത്ത മൂന്ന് മഹാശക്തികളുണ്ട്—പാപം—മരണം—പിശാച്. ഈ ശക്തികളെയാണ് യേശു കുരിശിൽവച്ച് നമുക്കുവേണ്ടി കീഴടക്കിയത്. ഈ ശക്തികൾ മനുഷ്യനെ അടിമപ്പെടുത്തിയത് ലോകചരിത്രത്തിലെവിടെയും കാണാം. ഇവയുടെ അടിമത്തത്തിൽ തകരുന്ന മനുഷ്യരെയാണ് യേശു തന്നോട് യോജിപ്പിച്ചത്. എല്ലാവരുടെയും നാഥനായി നിന്നുകൊണ്ട് ഈ തിന്മകളെ തന്റെ ശരീരത്തിൽ ജയിച്ചു. സകലരുടേയും ഭാരം യേശുവിന് വഹിക്കേണ്ടിവന്നു എന്നത് സത്യമാണ്. പക്ഷേ ജയിച്ചു എന്നതുകൂടി കാണണം. ആ ദുർശക്തികളെ യേശു തന്റെ ശരീരത്തിൽ കീഴടക്കി. അതാണ് കുരിശിലെ വിജയം.

യേശു പാപത്തെ ജയിച്ചു.

ദൈവപിതാവിൽ നിന്ന് വേർപെട്ടു പോകാനുള്ള ദുഷ്ടശക്തിയാണ്, പാപശക്തി. ദൈവത്തിൽ നിന്ന് വേർപെട്ടുള്ള സ്ഥിതിയാണ് പാപസ്ഥിതി-അഥവാ പാപം. യേശു എല്ലാവരെയും തന്നോടു യോജിപ്പിച്ചുകൊണ്ട്, തന്നിലൂടെ പിതാവിനോട് യോജിപ്പിച്ചുകൊണ്ട്, എല്ലാവരുടേയും പാപത്തെ തന്റെ ശരീരത്തിൽ ഇല്ലാതാക്കി. (റോമ. 8:3–4). ദൈവത്തിൽ നിന്ന് വേർപെട്ടുള്ളസ്ഥിതി ഇല്ലാതാക്കി. ഇത് അംഗീകരിച്ച് യേശുവിൽ ഏകശരീരമായിത്തീരുമ്പോൾ പാപം കീഴടങ്ങുന്നതു കാണാം. ആ ദിവ്യശരീരം ദൈവപിതാവിനോട് മനുഷ്യർക്കുള്ള സമ്പൂർണ്ണ യോജിപ്പിന്റെ അടിസ്ഥാനമായിത്തീർന്നു. (എബ്രാ 10:20). (2കോരി 5). ദൈവപിതാവുമായി കാതലായി ഒന്നായിരിക്കുകയും, പാപികളെ തന്നോട് ചേർക്കുകയും ചെയ്യുന്ന ഏക മദ്ധ്യസ്ഥൻ യേശു മാത്രമാണ്. യേശുവിന്റെ ശരീരത്തിൽ ചേർക്കപ്പെട്ടവരുടെ പാപം നിഹനിച്ചിരിക്കുന്നു. ദൈവപിതാവിൽനിന്നുള്ള അകൽച്ച മാററുവാൻ രണ്ടാമതൊരു സ്ഥലമില്ല, മാർഗ്ഗമില്ല. രക്ഷയ്ക്കായി മററൊരു നാമമില്ല. രക്ഷയ്ക്കായി മററൊരു ദേവാലയമില്ല. സകല പാപത്തേയും ദൈവത്തിൽനിന്നുള്ള വേർപാടുകളെയും ആ ശരീരത്തിൽ ശിക്ഷിച്ച് കീഴടക്കി ഇല്ലാതാക്കി. നമ്മുടെ നേരെ നീട്ടിത്തരുന്ന അനുരഞ്ജനം സ്വീകരിച്ച്, ആ ദിവ്യശരീരത്തിൽ ഒന്നായി ജീവിക്കുമ്പോൾ നമ്മിൽനിന്ന് പാപശക്തികൾ മാറുന്നത് അനുഭവപ്പെടും. യേശുവിലൂടെ ദൈവപിതാവിനോടു യോജിക്കുന്നതാണ് പാപമോചനം എന്നു പറയുന്നത്.



www.malankaralibrary.com

യേശു മരണത്തെ ജയിച്ചു.

പാപത്തിൻെറ അനന്തരഫലമാണ് മരണം. ജീവൻെറ സ്രോതസ്സായ ദൈവപിതാവിൽനിന്നുള്ള വേർപാടാണ് പാപമെങ്കിൽ, ജീവനിൽനിന്നു വേർപെട്ടതിൻെറ അനുഭവമാണ് മരണം എന്നതു്. സകല പാപികളേയും ഉള്ളിലെടുത്തു് എല്ലാവരുടെയും പാപമെടുത്തു് പാപമായിത്തീർന്നപ്പോൾ ദിവ്യനാഥന് പാപഫലമായ മരണം അതിൻെറ സകല വേദനകളോടുംകൂടി അനുഭവിക്കേണ്ടിവന്നു. പിതാവിൽനിന്നുള്ള അകൽച്ചയുടെ വേദന—മരണവേദന— ആത്മാവിലും മനസ്സിലും ശരീരത്തിലും യേശുനാഥൻ അനുഭവിച്ചു മരിച്ചു. പാപഫലമായി മൂന്നു മരണവേദനയുണ്ടാകും. ആത്മാവിൻെറയും മനസ്സിൻെറയും ശരീരത്തിൻെറയും മരണവേദനകൾ. മൂന്നു തരത്തിലുള്ള മരണവേദനയും യേശു അനുഭവിച്ചു: 'പിതാവേ, അങ്ങു് എന്നെ കൈവിട്ടതെന്തു്?' എന്നു് പറഞ്ഞതിൽനിന്നു് ആത്മാവിൽ മരണവേദന അനുഭവിച്ചതു മനസ്സിലാകും. ''എൻെറ മനസ്സു് മരണത്തോളം വേദനിക്കുന്നുവെന്നു നാഥൻ ഗെദ്സെമനിൽവച്ചു് പറഞ്ഞതിൽനിന്നു് മനസ്സിൽ മരണവേദന അനുഭവിച്ചതു വ്യക്തമാകുന്നു. യേശു ശരീരത്തിൻെറ മരണവേദന പൂർണ്ണമായി അനുഭവിച്ചു. എന്നാൽ പാപികളോടു് ഒന്നായിത്തീർന്ന യേശുവിൻെറ, മനുഷ്യാത്മാവിനേയും മനുഷ്യമനസ്സിനെയും മനുഷ്യശരീരത്തെയും ദൈവപിതാവു് തൻെറ മഹത്വം കൊണ്ടു നിറച്ചു. യേശുവിനെ ഉയിർപ്പിച്ചുകൊണ്ടു് യേശുവിലൂടെ മനുഷ്യരുടെ മരണത്തെ ദൈവം ഇല്ലാതാക്കി. യേശുവിനോടു് ഐക്യപ്പെടുന്നതുവഴി നമുക്കു് ഈ ഭാഗ്യം അനുഭവമാകും. അങ്ങനെ മനുഷ്യരുടെ പാപങ്ങളെ ഇല്ലാതാക്കിയെന്നും, പാപഫലമായ മരണത്തെ മായിച്ചുവെന്നും ഉള്ള സുവിശേഷമാണ് കർത്താവിൻെറ മരണത്തിൻെറയും ഉയിർപ്പിൻെറയും സുവിശേഷം. ഉയിർത്തെഴുന്നേററു് പിതാവിൻെറ സകല മഹത്വവും നിറഞ്ഞിരിക്കുന്ന ആത്മമനശരീരങ്ങളുള്ള യേശുനാഥൻ ദൈവമഹത്വം നമ്മിലേയ്ക്കു് വരുവാനുള്ള ഉറവിടമായിത്തീർന്നിരിക്കുകയാണ്. മരണത്തെ ജയിച്ച ഉയിർപ്പിൻെറ ശക്തി യേശു നമുക്കു് പങ്കുവച്ചു തന്നുകൊണ്ടു് ജീവിക്കുകയാണ്. നമ്മെ യേശുവിൻെറ ഉള്ളത്തിൽ ഉറപ്പിച്ചുകൊണ്ടു് യേശുവിൻെറ നന്മകൾ നമ്മിലേയ്ക്കു് ഒഴുക്കുകയാണ്. യേശുവിനെ നമ്മുടെ നാഥനായി ജീവിതത്തിൻെറ കേന്ദ്രഭാഗത്തു സ്വീകരിക്കുമ്പോൾ നാഥൻെറ ജയങ്ങൾ ഓരോന്നോ



www.malankaralibrary.com

രോന്നായി നമ്മിൽ പ്രകാശിക്കും. യേശുവിനോട് ഐക്യപ്പെട്ടപ്പോൾതന്നെ ആത്മാവിൻെറയും മനസ്സിൻെറയും ഉയിർപ്പ് ഏതൊരാളും ലഭിക്കുന്നു. (റോമ. 8:10). എന്നാൽ ശരീരത്തിൽ ഉയിർപ്പിൻെറ എല്ലാ നന്മകളും ശരീരപുനരുത്ഥാനദിവസമാണ് പൂർണ്ണമായി കിട്ടുന്നത്. നമ്മുടെ ശരീരങ്ങൾ നമ്മുടെ ജീവകേന്ദ്രമായ യേശുവിൻെറ മഹത്വം മുഴുവനും ഭാവിയിൽ പ്രാപിക്കാനിരിക്കുന്നു. (റോമ. 8:11), (ഫിലി. 3:21). ഓരോരുത്തരും യേശുവിനോട് ഐക്യപ്പെടുന്നതിൻെറ ക്രമമനുസരിച്ചായിരിക്കും യേശുവിൻെറ നന്മകൾ (ഉയിർപ്പും ജീവനും മഹത്വവുമെല്ലാം) പ്രാപിക്കുക. (1 കൊരി. 15:22—23)

യേശു സാത്താനെ ജയിച്ചു.

മനുഷ്യനെ കീഴ്പ്പെടുത്തിയിരുന്ന മൂന്നാമത്തെ ശക്തിയാണ് സാത്താൻ. പിഴച്ചുപോയ മാലാഖമാർ തങ്ങളുടെ ശക്തി അക്രമമായി മനുഷ്യരിലേക്ക് പ്രയോഗിച്ച്, മനുഷ്യരുടെ ആത്മമണ്ഡലങ്ങളേയും അതുവഴി ശരീരത്തെയും കീഴടക്കിയിരുന്നു. അങ്ങനെയുള്ള മനുഷ്യരിലൂടെ സാത്താൻ ലോകത്തെ ഭരിക്കുന്നു. സ്വയകേന്ദ്രീകൃതരായി സ്വാർത്ഥതയിൽ, കഴിയുന്ന മനുഷ്യനെ, അക്രമമായി അധീശത്വം നടത്തുന്ന സ്വഭാവമുള്ള സാത്താൻ നിഷ്പ്രയാസം കീഴടക്കുന്നു. മനുഷ്യൻ ദൈവത്തിൻെറ സ്വന്തമായിരിക്കുമ്പോൾ യേശു ഒരുവൻെറ നാഥനായിരിക്കുമ്പോൾ, അവൻെറമേൽ അധീശത്വം നടത്താൻ അന്ധകാരശക്തികൾക്ക് സാദ്ധ്യമല്ല. ബാഹ്യമായി ഉപദ്രവിക്കാൻ മാത്രം സാധിച്ചേക്കും.

സാത്താൻ ലോകത്തിലെ, ആദിമമനുഷ്യനേയും മനുഷ്യവർഗ്ഗത്തെയും പ്രലോഭനത്താൽ ദൈവത്തിൻെറ നിയന്ത്രണത്തിൽനിന്ന് അകററി സ്വയകേന്ദ്രീകൃത ജീവിതത്തിലാക്കി. അങ്ങനെയായ മനുഷ്യരുടെമേൽ നിഷ്പ്രയാസം അധീശത്വം നടത്തുവാൻ സാത്താനു കഴിഞ്ഞു. പിശാചിൻെറ അധീനതയിലായിരുന്ന മനുഷ്യരെയെല്ലാം യേശു തന്നിലേയ്ക്ക് യോജിപ്പിച്ചു കൊണ്ട് അവരിൽനിന്നും പിശാചിനെ ബഹിഷ്ക്കരിക്കുന്ന വിജയം കുരിശിൽവച്ച് നേടി. ജീവിതം യേശുവിനോട് ഐക്യപ്പെട്ട് യേശുവിൻെറ കർത്തൃത്വത്തിൽ ജീവിക്കുവാൻ സമർപ്പിക്കുന്ന എല്ലാവരിൽനിന്നും സാത്താൻെറ അധീശത്വം അപ്പോഴെ മാറിപ്പോകും.



www.malankaralibrary.com

യേശു അധികാരപൂർവ്വം സാത്താനെ എല്ലാവരിൽനിന്നും ബഹിഷ്ക്കരിച്ചു. എന്നാൽ സ്വയകേന്ദ്രീകൃത ജീവിതം നയിക്കുവാൻ തീരുമാനിക്കുന്ന വ്യക്തിയുടെമേൽ അധികാരം നടത്തുവാൻ സാത്താന് ഇന്നും സാധിക്കുന്നു. യേശു ഗാഗുൽത്തായിൽ നേടിയ വിജയം ഏററു പറഞ്ഞുകൊണ്ട്, സാത്താൻെറ ഭരണത്തേയും സ്വന്തം ഭരണത്തേയും ഉപേക്ഷിച്ച് യേശുവിൻെറ നിയന്ത്രണം സ്വീകരിക്കുന്ന ഓരോരുത്തരിൽ നിന്നും സാത്താൻെറ ഭരണം മാറിപ്പോകുന്നു. സാത്താനെ ഒഴിക്കുന്ന പ്രാർത്ഥനയിൽ ഗാഗുൽത്തായിലെ വിജയവും യേശുവിലുള്ള സമർപ്പണവും ചേർത്തിരിക്കുന്നു. നമ്മൾ യേശുവിൻേറതായി നില്ക്കുമ്പോൾ നമ്മിൽ യേശുവിൻെറ അജയ്യമായ ശക്തി നിറഞ്ഞു നിൽക്കുന്നു. നമ്മൾ സ്വയകേന്ദ്രീകൃത ജീവിതം നയിക്കുമ്പോൾ അറിയാതെ ബലഹീനരും പിശാചിൻെറ അടിമകളുമായി തീരുന്നു. ദേവാലയപ്രവേശനരംഗത്തിൽ അധികാരപൂർവ്വം തിന്മയുടെ ശക്തികളെ യേശു കീഴടക്കി. അതു് ഗാഗുൽത്തായിൽ തുടരുകയായി. അദൃശ്യ ശക്തികളോടുള്ള സമരമായിരുന്നു അതു്. കുരിശിൽവെച്ച് യേശു പൂർണ്ണമായി സാത്താൻെറ ശക്തിയെ കീഴടക്കി. സാത്താൻെറ അധികാരത്തിൽനിന്നു് സകല മനുഷ്യരെയും പിടിച്ചെടുത്തു. യേശുവിനോടു് ഒന്നായിത്തീരുന്ന എല്ലാവർക്കും മനസിലാകും സാത്താനെ ബഹിഷ്ക്കരിച്ച വിജയരംഗമായിരുന്ന ഗാഗുൽത്തായിലെ ബലിയുടെ രംഗം എന്നു്.

നാഥൻെറ സ്നേഹവും ജയവും ഘോഷിക്കുന്ന ഗാഗുൽത്തായെ, പരാജയരംഗമായി ചിത്രീകരിക്കുന്നതുതന്നെ സാത്താൻെറ ഒരു തട്ടിപ്പാണെന്നാണ് എനിക്കു തോന്നുന്നതു്. യേശു യുദ്ധക്കളത്തിൽ നിന്നിട്ടുണ്ടു്. യേശു ഒരിക്കലും പരാജയപ്പെട്ടിട്ടില്ല.

> ''കൊല്ലുന്നമരണത്തിൻ ഘോരതര വിഷ—
> പ്പല്ലുതകർന്നതാകയാൽ— ഇനി
> തെല്ലും ഭയമെന്യേ മൃത്യുവിനെ ഞങ്ങൾ
> വെല്ലു വിളിക്കുകയാം—
> ഹാ! ഹല്ലേലുയ്യാ, ജയം ഹല്ലേലുയ്യാ,
> യേശു കർത്താവു ജീവിക്കുന്നു........''

ഗാഗുൽത്തായിലെ ജയം ഓർത്തുള്ളജയഗീതം പാടുവാൻ, സ്തോത്രഗീതം പാടുവാൻ, നമ്മൾ ശക്തരാകണം. കൊല്ലുന്ന മരണത്തിൻെറ വിഷപ്പല്ലുകൾ തകർത്ത രംഗമായിരുന്നു ഗാഗുൽത്താ. അതിനാൽ



www.malankaralibrary.com

മരണത്തെ ഭയപ്പെടാതെ ജീവിക്കുവാൻ യേശുവിൽ വസിക്കുമ്പോൾ നമുക്കു സാധിക്കുന്നു.

ഉയിർത്തെഴുന്നേററ യേശുവിൻെറ സാന്നിദ്ധ്യം.

ഗാഗുൽത്തായിൽ യേശു പരാജയപ്പെട്ടെന്നു തോന്നിയ ശിഷ്യന്മാർ ദുഃഖാർത്തരായി പിരിഞ്ഞുപോയി. യേശു നാഥൻ ഉയിർത്തെഴുന്നേൽക്കുമെന്നും മരണത്തെ കീഴടക്കുമെന്നും ''നിങ്ങൾക്കു സ്ഥലമൊരുക്കി നിങ്ങളെ ഉന്നതാസ്തിത്വത്തിലേയ്ക്കു ഉയർത്താനാണ്'' താൻ പോകുന്നതെന്നു പറഞ്ഞിരുന്നെങ്കിലും അതൊന്നും അവർക്കു മനസ്സിലായില്ല. വിശ്വസിച്ചില്ല. യേശുവിനെ അടക്കിയിരുന്ന കല്ലറയിലേയ്ക്കു അതിരാവിലെ മഗ്ദലനമറിയം പോയതു് ഉയിർത്തെഴുന്നേററ യേശുവിനെ കാണാനല്ല. ആ മൃതശരീരത്തിൽ അല്പം സുഗന്ധതൈലം പൂശുവാനായിരുന്നു. ഒരിക്കൽ ഒരു പ്രസംഗകൻ പറയുന്നതുകേട്ടു: "മാതാവു് എന്താണ് അന്നു രാവിലെ കല്ലറയിൽ, യേശുവിൻെറ മൃതശരീരത്തിൽ തൈലം പൂശുവാൻ പോകാതിരുന്നതു് ? മാതാവിനു് യേശുവിനോടു് സ്നേഹം ഇല്ലായിരുന്നുവോ ?" അദ്ദേഹം പറഞ്ഞതു്: "മാതാവിനറിയാമായിരുന്നു യേശു ഉയിർത്തെഴുന്നേററു് ഇങ്ങു വരുമെന്നു കല്ലറയിങ്കൽ ചെന്നാൽ യേശുവിൻെറ ശരീരം അവിടെ കാണുകയില്ലെന്നു്."

നമ്മെ ഉൾച്ചേർത്ത യേശു നമ്മുടെ പാപങ്ങളാൽ തകർക്കപ്പെട്ടെങ്കിലും അതിമഹത്വത്തോടെ ഉയിർത്തു. പാപത്തെ തകർത്തു. യേശുവിൽ ലോകത്തിൻെറ പാപവും (ദൈവത്തോടുള്ള ബന്ധം പോയസ്ഥിതി) മരണവും (പാപത്താലുള്ള ദുരിതങ്ങളും) ഇല്ലാതായിരിക്കുന്നു.

യേശുവിൻെറ ഉയിർപ്പു് ലാസറിൻെറ ഉയിർപ്പു പോലെ അല്ലായിരുന്നു. ലാസറിൻെറയും മററും ഉയിർപ്പു്, ഒരു വലിയ രോഗശാന്തി പോലെ മാത്രമാണ്. അവർ പഴയ ശരീരത്തിലാണ് ഉയിർത്തുവന്നതു്. പിന്നീടു മരിക്കുകയും ചെയ്തു. മരണത്തിനു അവരുടെ ശരീരത്തിന്മേലുള്ള ആക്രമണശക്തി എന്നന്നേയ്ക്കുമായി മാററപ്പെട്ടില്ലായിരുന്നു. എന്നാൽ യേശുനാഥൻ ഉയിർത്തതു് ഒരു പുതിയ ശരീരത്തോടുകൂടിയാണ്. മരണത്തിനു് ആ ശരീരത്തിന്മേൽ ഇനി ഒരധികാരവും ഇല്ലാത്തവണ്ണം അക്ഷയത്വമാർന്ന ശരീരത്തോടെയാണ് യേശു ഉയിർത്തതു്. (റോമ. 6:9) നമ്മെ ഉൾച്ചേർത്ത ആ ശരീ



www.malankaralibrary.com

രം പൂർണ്ണമായി ദൈവത്വത്തോടുയോജിച്ചു. വെളിപാടു പുസ്തകത്തിൽ ഉയിർത്തെഴുന്നേററ യേശുവിൻെറ ശരീര യോഗ്യതകൾ വിവിധ രൂപത്തിൽ വർണ്ണിച്ചിട്ടുണ്ട്. മരണശക്തിക്കു് തൊടാൻ വയ്യാത്തവിധം അജയ്യമായ ഒരു ശരീരം ഇപ്പോൾ യേശുവിനുണ്ട്. ആ ശരീരം സൂക്ഷ്മമാണ്. അതായത്് ഏതു സ്ഥലത്തുകൂടിയും കടന്നു പോകാൻ സാധിക്കും. കതകടച്ചിരുന്ന മുറിയിൽ കയറിച്ചെല്ലാൻ സാധിച്ചിരുന്നു. ലഘുത്വവും ദീപ്തിയുമുള്ളതാണ്. തേജസാർന്ന പുതിയ ശരീരത്തോടുകൂടി യേശു എല്ലായിടത്തും എല്ലായ്പ്പോഴും ജീവിക്കാൻ തുടങ്ങി. എമ്മാവോസിലേയ്ക്കു് പോയ ശിഷ്യന്മാരുടെകൂടെ യേശു ഉണ്ട്. ശിഷ്യന്മാർ ഗലീലിയിൽ എത്തുന്നതിനുമുമ്പ് യേശു അവിടെ എത്തിയിരിക്കുമെന്നു് അറിയിച്ചു. ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കുമെന്നു് അരുളിച്ചെയ്തു. ആക്കാര്യം സത്യമാണെന്നു് അവർക്കു് ബോദ്ധ്യമായി. നാഥൻ പുതിയ ശരീരത്തോടുകൂടി, മരണത്തെയും പാപത്തെയും സാത്താനെയും ജയിച്ചശക്തിയോടുകൂടി അവരുടെ കൂടെ എപ്പോഴും ഉണ്ടെന്നു് ബോധ്യമായപ്പോൾ ശിഷ്യന്മാർ സന്തുഷ്ടരും ധീരരുമായിത്തീർന്നു. എല്ലാ സ്ഥലങ്ങളുടേയും നാഥനായി, ചരിത്രത്തിൻെറ നായകനായി, പുതിയ ശരീരത്തോടുകൂടി യേശു ജീവിക്കുവാൻ തുടങ്ങി. ആർക്കും തകർക്കുവാനാവാത്ത ഉന്നതശക്തിയോടെ നാഥൻ ജീവിക്കുകയാണ്; ഭരിക്കുകയാണ്; നയിക്കുകയാണ്. നാഥനോടു് ഒന്നായി നില്ക്കുന്നവർ നാഥനോടുകൂടി മഹത്വപ്പെടുന്നു. നാഥനെതിരായി നില്ക്കുന്നവർ ചിതറിക്കപ്പെടുന്നു.

യേശു മരണത്തെ ജയിച്ച് ഉയിർത്തു എന്നതിൻെറ അർത്ഥം, ഒരു സ്ഥലത്തു്, ഒരു സമയത്തു് ജീവിച്ചിരുന്ന യേശു, എല്ലാ സ്ഥലത്തും എല്ലാ സമയത്തും, തൻെറ അജയ്യമായ പുതിയ ശരീരത്തോടുകൂടി ജീവിക്കുവാൻ തുടങ്ങി എന്നതാണ്. അല്ലാതെ കല്ലറപൊട്ടിച്ചു് റോക്കററു പോകുന്നതുപോലെ മുകളിലേക്കു പോയി എന്നല്ല. മനുഷ്യരെ ഉൾച്ചേർത്തു് മനുഷ്യരുടെ ആത്മാവിൻെറയും മനസ്സിൻെറയും ശരീരത്തിൻെറയും മരണപീഡകളെയെല്ലാം യേശു ജയിച്ചുകഴിഞ്ഞു. യേശുവിൻെറ മനുഷ്യാത്മാവും മനുഷ്യമനസ്സും മനുഷ്യശരീരവും പിതാവിൻെറ മഹത്വത്തോടു് ചേർന്നു. തന്നോടു് ഐക്യപ്പെടുന്നവർക്കു് ഈ യോഗ്യത നൽകാൻ കഴിവുള്ളവനായി. സന്തോഷവും ജീവനും അജയ്യമായ ശരീരശക്തിയും നിറഞ്ഞ പുതിയ



www.malankaralibrary.com

മനുഷ്യത്വത്തിൽ യേശു ജീവിക്കുകയാണ്. പാപത്തിന്റെ എല്ലാ പീഡകളെയും എന്നേക്കുമായി യേശു നിർമ്മാർജ്ജനം ചെയ്തു ഭരിക്കുകയാണ്.

ധ്യാനത്തിനു പോകുന്നിടത്തു് ഞാൻ ഒരു പരീക്ഷയിടാറുണ്ട്. വിശ്വാസമുള്ളവർ എത്രപേർ, വിശ്വാസമില്ലാത്തവർ എത്രപേർ, എന്നറിയാനുള്ള ഒരു പരീക്ഷ. എല്ലാവരും കണ്ണടച്ചിരിക്കുവാൻ ആവശ്യപ്പെടും. ഞാൻ ചിലകാര്യങ്ങൾ പറയാൻ പോകുന്നു. അതു പറഞ്ഞു തീരുന്നതുവരെ ആരും കണ്ണു തുറക്കരുത്. പറഞ്ഞുതീർന്നു കഴിയുമ്പോൾ കണ്ണു തുറക്കാം. അതു കഴിഞ്ഞു് ഏതാനും ചോദ്യങ്ങൾ ചോദിക്കും. അപ്പോളറിയാം വിശ്വാസമുള്ളവർ ആരെല്ലാം, വിശ്വാസമില്ലാത്തവർ ആരെല്ലാം എന്നു്. കണ്ണടയ്ക്കു. നിങ്ങളുടെ വീടിനെക്കുറിച്ച് ഓർക്കുക. വീട്ടിലെ ഏതെങ്കിലും ഒരു ഭാഗം പ്രത്യേകമായി മനസ്സിൽ ഓർക്കുക. അവിടെയുള്ള എല്ലാസാധനങ്ങളും ഓർക്കുക. അവിടെയുള്ള എല്ലാ ജീവികളേയും ഓർക്കുക: പട്ടിയോ പൂച്ചയോ, എന്തെല്ലാമുണ്ടോ അവയെല്ലാം അവിടെ നില്ക്കുന്നതായി ഓർക്കുക. അവിടെയുള്ള എല്ലാ ആളുകളെപ്പററിയും ഓർക്കുക. നിങ്ങളും അവിടെ അവരുടെ നടുവിൽ നിൽക്കുന്നതായി ഓർക്കുക. ഇനിയും കണ്ണു തുറക്കുക. ഉയിർത്തെഴുന്നേററ യേശുവും അവിടെ നില്ക്കുന്നുണ്ടായിരുന്നു എന്നു് ഓർത്തവർ എത്രപേരുണ്ട്? അവിടെയുള്ള എല്ലാ ആളുകളേയും ഓർമ്മിക്കുവാൻ പറഞ്ഞപ്പോൾ ഉയിർത്തെഴുന്നേററ യേശുവും ജീവനോടെ അവിടെയുണ്ട് എന്നോർമ്മിച്ചുവോ?'' ഇതാണ് പരീക്ഷ. മിക്കവരും ഓർമ്മിച്ചുകാണുകയില്ല. യേശുവിന്റെ ഉയിർപ്പ് എന്നു പറയുന്നതു് ഒരിക്കൽ ഒരിടത്തു ജീവിച്ച യേശുനാഥൻ തന്റെ അജയ്യമായ പുതിയ ശരീരത്തോടുകൂടി പിതാവിന്റെ മഹത്വത്തോടുകൂടി എല്ലായിടത്തും എന്നേക്കും ജീവിക്കുവാൻ തുടങ്ങി എന്നതാണ് എന്നു് പലർക്കും ബോദ്ധ്യപ്പെട്ടിട്ടില്ല. വിശ്വാസസത്യങ്ങൾ യാഥാർത്ഥ്യമായി അനുഭവത്തിലേയ്ക്ക് വരുമ്പോഴാണ് ഒരാൾ യഥാർത്ഥ വിശ്വാസിയാകുന്നതു്. യേശു ഉയിർത്തു എന്നതു് അനിഷേധ്യമായ ഒരു വിശ്വാസ സത്യമായി അംഗീകരിച്ചാൽ മാത്രം പോരാ, അതു് അനുഭവതലത്തിൽ വരണം. അതായതു്, വാക്കുകളും പ്രവൃത്തികളും ചിന്തകളും ഭാവനയും അതിനനുസരിച്ചാകണം. നമ്മൾ പോകുന്നിടത്തെല്ലാം അജയ്യനായ യേശു ജീവിച്ചിരിക്കുന്നു എന്ന ബോധ്യവും അതിനനുസരിച്ചുള്ള പ്രവൃത്തിയും ഉണ്ടാകണം. കണ്ണുകൊണ്ട് കാണാൻ വയ്യായെങ്കി



www.malankaralibrary.com

ല്പം യേശു ഇവിടെ നില്ക്കുന്നുവെന്ന ബോധ്യം ഉണ്ടാകണം. അതിനനുസരിച്ചുള്ള പെരുമാററം വേണം. രണ്ടു പേർ സംസാരിക്കുന്നതിനു നടുവിൽ യേശു ഉണ്ടു് എന്ന സാന്നിധ്യബോധം ഉണ്ടാകണം. അതിനനുസരിച്ചുള്ള സംസാരമാകണം. അങ്ങനെയുള്ളവരാണ് വിശ്വാസികൾ.

ചില വീടുകളിൽ എഴുതിവച്ചിട്ടുണ്ടു്, ''യേശു ഈ വീടിന്റെ നാഥൻ'' എന്നു്. വീട്ടിൽ ജീവിക്കുന്ന നാഥനായി യേശു അവിടെ ജീവിക്കുന്നു എന്നാണ് അതിന്റെ അർത്ഥം. യേശു വീട്ടിലെ അതിഥി എന്നു് എഴുതിവച്ചാൽ അതു് പൂർണ്ണസത്യമല്ല. അതിഥി ചില നേരത്തു കയറിവരും. കുറെക്കഴിഞ്ഞു പോവുകയും ചെയ്യും. യേശു അങ്ങനെയല്ല.

ഈ യാഥാർത്ഥ്യങ്ങൾ അനുഭവമാകുന്ന ഒരാളുടെ പ്രാർത്ഥന ജീവിക്കുന്ന യേശുവിനെ മുമ്പിൽ കണ്ടുകൊണ്ടുള്ള സംഭാഷണമായിത്തീരുന്നു. യേശുവേ, എന്നു് വിളിക്കുമ്പോൾ യേശു അടുത്തു നിന്നു് അതു കേൾക്കുന്നു എന്ന ബോധ്യമുണ്ടായിരിക്കും. ഉയിർത്തെഴുന്നേററ യേശു ഉന്നത ശക്തിയോടെ അടുത്തു നില്ക്കുന്നു എന്ന ബോധ്യമുണ്ടാകുമ്പോൾ വ്യർത്ഥഭയങ്ങളും ആകുലചിന്തകളും മാറിപ്പോകുന്നു.

വിശ്വാസഭാവന പരിശീലിച്ചെടുത്താൽ ഭയങ്ങളും ആകുലതകളും മാറിക്കിട്ടും. ലോകത്തിൽ പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ കിട്ടിയ രൂപങ്ങൾ കൂട്ടിച്ചേർത്തും വലുതാക്കിയും ഉണ്ടാക്കുന്നതാണ് സാധാരണ ഭാവന. അതു പലതും യഥാർത്ഥമായിരിക്കയില്ല. പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ ലഭിക്കാത്ത നിത്യ സത്യങ്ങളെ ആസ്പദമാക്കിയുണ്ടാക്കുന്ന ഭാവനയാണ് വിശ്വാസഭാവന. ഉയിർത്തെഴുന്നേററ യേശു എല്ലായിടത്തും സ്ഥിതിചെയ്യുന്നു എന്നതു സത്യമാണു്. എന്നാൽ പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവപ്പെടുകയില്ല. ഉയിർത്തെഴുന്നേററ യേശുവിന്റെ സാന്നിദ്ധ്യം എല്ലാ സ്ഥലത്തും ഉണ്ടെന്നു് ഭാവനയിൽ കാണുന്നതാണ് വിശ്വാസഭാവന. വെറും ഭാവനകൾ പലപ്പോഴും വ്യർത്ഥഭയങ്ങളും മിഥ്യാസന്തോഷങ്ങളും ജനിപ്പിക്കുന്നു. നോവൽ വായിച്ചും മററും മനുഷ്യർ വ്യർത്ഥവികാരങ്ങളിലും മായാലോകങ്ങളിലും കഴിയാറുണ്ടു്. വിശ്വാസഭാവനയാകട്ടെ, മനുഷ്യനെ യാഥാർത്ഥ്യവുമായി ബന്ധിപ്പിക്കുന്നതാകയാൽ മനസ്സിലെ അസ്വസ്ഥതകൾ മാററി ശക്തിയും സമാധാനവും നൽകുന്നതാണ്.



www.malankaralibrary.com

ഒരു സ്ത്രീയുടെ ഭയം മാറിയതു കേൾക്കണമോ? അവർ ഒരു ദിവസം രാവിലെ അടുക്കളയുടെ കതകു തുറന്നപ്പോൾ അതാ തൊട്ടടുത്ത മരത്തിൽ ഒരാൾ തൂങ്ങിച്ചത്തു കിടക്കുന്നു. ഭയപ്പെടുത്തുന്ന വിരൂപ മുഖം. അവർ ഭയന്നുവിറച്ചു. പിന്നീടെപ്പോളെങ്കിലും അവിടേക്കു നോക്കിയാൽ അതു് അവിടെ കിടക്കുന്നതായി തോന്നുന്നു. ഭയന്നുപോകുന്നു. ഈ ഭയം മാറുവാൻ, ഒരു സത്യം ഭാവനയുടെ തലത്തിൽ ഉറപ്പിക്കുവാൻ ഞാൻ പറഞ്ഞുകൊടുത്തു. ആ പ്രേതം അവിടെ കിടക്കുന്നതായി ഓർക്കുക. അതിനപ്പുറത്തായി ഉയിർത്തെഴുന്നേററ യേശു നിൽക്കുന്നതായി ഓർക്കുക. യേശു എന്തു പറയുന്നു എന്നു മാത്രം കേൾക്കുക. ''മോളെ ഈ പ്രേതം ജീവനില്ലാത്ത ശരീരമാണ്. ഞാനാണ് ഇവിടെ ജീവനോടെനിൽക്കുന്നതു്. നീ എൻെറ മുഖത്തേക്കു നോക്കുക. ശവത്തെ നോക്കാതെ എൻെറ മുഖത്തേക്കു നോക്കുക'' എന്നു യേശു പറയുന്നു. പോലീസുകാർ വന്നു് പ്രേതം എടുത്തു് കഴിച്ചിട്ടു. ഇനി അവിടെ ആരു നിൽപ്പുണ്ടു്? കതകു തുറക്കുമ്പോൾ അവിടെ ആരുണ്ടു്? യേശുമാത്രം. ഉയിർത്തെഴുന്നേററ യേശു മാത്രം.യേശുവിൻെറ മുഖത്തേക്കുമാത്രം നോക്കുക. ഭയം മാറും. ഈ വചനങ്ങൾ സ്വീകരിച്ചപ്പോൾ അവരുടെ ഭയം മാറി. യേശു എല്ലാ സ്ഥലത്തും തൻെറ പുതിയ ശരീരത്തോടുകൂടി നിൽക്കുന്നു എന്നതു് ഒരു സത്യമാണ്. ആ സത്യം അനുഭവമാകുമ്പോൾ യാഥാർത്ഥ്യത്തിനു വിരുദ്ധമായി ഉണ്ടാകുന്ന വ്യർത്ഥഭാവനകളെയും അവയിൽനിന്നുണ്ടാകുന്ന ഭയങ്ങളെയും ദൂരീകരിക്കുവാൻ സാധിക്കുന്നു. ഈ ഭാവനയിലെ സത്യം എന്താണ്? ദൈവപുത്രനിലാണ് സകലതും സൃഷ്ടിക്കപ്പെട്ടതു്. ആ ദൈവപുത്രൻ സ്വായത്തമാക്കിയ മനുഷ്യശരീരം എല്ലാ ദൈവിക യോഗ്യതകളും നിറഞ്ഞ് ദൈവപുത്രൻ ആയിരിക്കുന്ന എല്ലായിടത്തും എല്ലാ സൃഷ്ടികളുടെയും അടിത്തറയായി നിറഞ്ഞുനിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. കൊളോ 1:15 മുതൽ 20 വരെയുള്ള വാക്യങ്ങൾ ഇതാണു വ്യക്തമാക്കുന്നതു്. അതാണ് ഉയിർത്തെഴുന്നേററ യേശു എല്ലായിടത്തും ഉണ്ടു് എന്നു പറയുന്നതിൻെറ അർത്ഥം. ശിഷ്യന്മാർ അനുഭവത്തിലൂടെ ഈ യാഥാർത്ഥ്യങ്ങൾ മനസിലാക്കി. അവർ മീൻപിടിക്കാൻ പോയിടത്തു യേശു നിൽക്കുന്നതു കണ്ടു. എമ്മാവോസിലേക്കു പോയിടത്തു് യേശു കൂടെ വരുന്നതു കണ്ടു അവർ ഗലീലയിലെത്തുന്നതിനുമുമ്പു് യേശു അവിടെ എത്തിയിരിക്കുമെന്നു് അറിയിച്ചു. കതകുകൾ അടച്ചിരിക്കുന്ന മുറിയിൽ യേശു വന്നുനിൽക്കുന്നു. നാഥൻ ജീവ



www.malankaralibrary.com

നോടെ എപ്പോഴും തങ്ങളുടെകൂടെയുണ്ടെന്നു് ബോദ്ധ്യമായപ്പോറം അവരുടെ ധൈര്യം വർദ്ധിച്ചു. തോമാശ്ളീഹായോടു് യേശുനാഥൻ പറഞ്ഞു: കാണാതെ വിശ്വസിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാരാണെന്നു്; അതേ,

യേശു എൻ കൂടെയുണ്ടു് യേശു എൻ കൂടെയുണ്ടു്
ഞാനുറങ്ങുമ്പോഴും ഞാനുണരുമ്പോഴും
യേശു എൻ കൂടെയുണ്ടു്;

മരണത്തെയും സകല തിന്മകളെയും ജയിച്ച ശക്തിയോടെ യേശു നമ്മുടെ കൂടെ എപ്പോഴും ഉണ്ടു് എന്ന ബോദ്ധ്യം ഉണ്ടാവുകയാണെങ്കിൽ വിപരീതശക്തികറം എത്രശക്തിയായി അലയടിച്ചാലും ധൈര്യം ലഭിക്കും. അന്നു് യേശുവിനോടുകൂടിയുള്ള സഹവാസത്തിൻെറ മാധുര്യം ശിഷ്യന്മാർക്കു ലഭിച്ചു. ഇന്നു് വിശ്വാസമുള്ള എല്ലാവർക്കും അതു ലഭിക്കുന്നു. ഉയിർത്തെഴുന്നേററ യേശു നമ്മുടെ മുകളിലും താഴെയും വലത്തും ഇടത്തും എല്ലായിടത്തും നിറഞ്ഞുനില്ക്കുന്നതു് ബോദ്ധ്യമായവർ ആണ് യേശുവിൻെറ ഉയിർപ്പിൽ വിശ്വസിക്കുന്നവർ.

ലോകത്തിലെ ഓരോ നഗരങ്ങളും ഉയിർത്തെഴുന്നേററ യേശുവിൻെറ കൈകളിലാണു സ്ഥിതിചെയ്യുന്നതു്. എല്ലാ അധികാരങ്ങളും അധികാരസ്ഥാനങ്ങളും യേശുവിൻെറ കൈകളിലാണു നില്ക്കുന്നതു്. അവനോടു് എതിർത്തു നില്ക്കുന്നവർ തകർക്കപ്പെടുന്നു. അവനോടു് ഐക്യപ്പെട്ടിരിക്കുന്നവർ അവൻെറ മഹത്വത്തിൽ ചേർന്നു് വിജയിക്കുന്നു. ഇതാണു് ലോക ചരിത്രം. ഇതാണു് ഓരോ കുടുംബത്തിൻെറയും ചരിത്രം. ഇതാണു് ഓരോ വ്യക്തിയുടെയും ചരിത്രം. ക്രിസ്ത്യാനികളെ നശിപ്പിക്കാൻപോയ സാവൂളിൻെറ മുമ്പിൽ പ്രത്യക്ഷനായ യേശു ചോദിക്കുകയാണു്— നീ എന്താണു് എന്നെ ഉപദ്രവിക്കുന്നതു്. എന്നെ പീഡിപ്പിച്ചാൽ ഞാൻ തകരുകയില്ല നീ തകരും. മുള്ളുകറംക്കു് എതിരെ ഉതയ്ക്കുന്നതു നിനക്കു നന്നല്ല:—സാവൂറം തൻെറയും ലോകത്തിൽ എല്ലാവരുടെയും അടിത്തറയായ യേശുവിനെ കണ്ടെത്തിയ ദർശനമായിരുന്നു അതു്. ആ ദർശനത്തിലൂടെ സാവൂറം ഒരു കാര്യം മനസ്സിലാക്കി. ഉയിർത്തെഴുന്നേററ യേശു ചരിത്രത്തിൻെറ നായകനായി പ്രപഞ്ചത്തിൻെറ നാഥനായി അജയ്യശക്തിയോടെ വാഴുന്നു, ഭരിക്കുന്നു. വി. പൗലോസ് വളരെയേറെ പീഡകറം ഏററപ്പോഴും തളരാതെ തകരാതെ സുവിശേഷപ്രസംഗത്തിൽ മുന്നേറുവാൻ ശക്ത



www.malankaralibrary.com

നായതു് ഈ ബോദ്ധ്യം കിട്ടിയതിനാലാണ്. യേശുവിനോട് ഐക്യപ്പെട്ടു ജീവിക്കുന്നവർ അവന്റെ ജയത്തിലുംദൈവപുത്രത്വത്തിലും രാജത്വത്തിലും ശുശ്രൂഷകളിലും പൗരോഹിത്യത്തിലും സ്നേഹാർപ്പണത്തിലും ചിന്തകളിലും പ്രാർത്ഥനയിലും ലക്ഷ്യങ്ങളിലും മഹത്വത്തിലും എല്ലാം പങ്കുചേർന്നു് ജയത്തിൽനിന്നു ജയത്തിലേക്കു കുതിക്കുന്നു. ക്രിസ്തുവിനെതിരായിനിന്ന രാജ്യങ്ങളും കുടുംബങ്ങളും വ്യക്തികളും തകർന്നതിന്റെയും ക്രിസ്തുവിൽ ഐക്യപ്പെട്ടവർ ദൈവമഹത്വത്തിൽ ചേർന്നതിന്റെയും സംഭവങ്ങളാണ് ചരിത്രത്തിൽ കാണുവാൻ കഴിയുന്നതു്.

സ്വർഗ്ഗാരോഹണം.

ഉയിർത്തെഴുന്നേററ യേശു സ്വർഗ്ഗാരോഹണം ചെയ്യാൻ പോകുന്നു എന്ന വാർത്ത കേട്ടപ്പോഠം കർത്താവു് ഞങ്ങളെ വിട്ടുപോകുകയാണല്ലോ എന്നോർത്തു് ശിഷ്യന്മാർ കരഞ്ഞില്ല. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിൽ യേശു അവരെ വിട്ടുപോവുകയല്ല, അവരോടു കൂടുതൽ അടുക്കുകയാണ് ചെയ്തതെന്നു് അവർക്കു അനുഭവപ്പെട്ടു. സ്വർഗ്ഗാരോഹണം എന്നതു് യേശു അവരെവിട്ടു ദൂരത്തുകന്നുപോയി തന്നെത്താൻ മഹത്വപ്പെടുന്ന ഒന്നായി അവർ കാണുകയായിരുന്നെങ്കിൽ അവർ അന്നു സന്തോഷിക്കുകയില്ലായിരുന്നു. ഭയപ്പെട്ടു കരയുമായിരുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ 24:50_53 വാക്യങ്ങളിൽ കാണുന്നതു് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിൽ അവർ അത്യന്തം ആനന്ദിച്ചു് സ്തോത്രപ്രാർത്ഥന തുടങ്ങിയെന്നാണ്. എന്താണ് അതിനു കാരണം? എന്താണ് യേശുവിന്റെ സ്വർഗ്ഗാരോഹണം? എല്ലാമനുഷ്യരെയും ഉഠംച്ചേർത്തു് എല്ലാവരുടെയും നാഥനായിരിക്കുന്ന യേശുവിന്റെ മനുഷ്യശരീരത്തിൽ ദൈവപിതാവിന്റെ സകല മഹത്വവും നിറഞ്ഞുകൊണ്ടു്, മനുഷ്യരെ തന്നിൽ ഉറപ്പിച്ചു് എല്ലാവരുടെയും ഉള്ളിലേക്കു യേശു കടന്നു, ആ മഹത്വം തന്റെ ശരീരമായിത്തീർന്നവരിൽ നിവേശിപ്പിക്കാൻ തുടങ്ങിയതാണ് സ്വർഗ്ഗാരോഹണം. . യേശുവിൽ ഉഠംച്ചേർത്തവരുടെ പാപമരണങ്ങളെ തന്റെ ശരീരത്തിൽ ഇല്ലാതാക്കി തകർത്തതു് യേശുവിന്റെ ഉയിർപ്പുവഴിയാണ്. ആ ശരീരത്തിൽ പിതാവിന്റെ സകല മഹത്വവും തേജസ്സും നിറഞ്ഞതും, അതു് തന്നോടു ചേർന്നവർക്കു പങ്കുവച്ചു കൊടുക്കാൻ തുടങ്ങിയതും സ്വർഗ്ഗാരോഹണം വഴി



www.malankaralibrary.com

യാണ്. മർക്കോസിന്റെ സുവിശേഷത്തിൽ 16:19–20 വാക്യങ്ങളിൽ പറയുകയാണ്. "യേശു സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു. ശിഷ്യന്മാർ എല്ലായിടത്തും പോയി സുവിശേഷം പ്രസംഗിച്ചു. കർത്താവ് അവരുടെകൂടെ പ്രവർത്തിച്ച് അടയാളങ്ങൾ കൊണ്ട് വചനം സ്ഥിരീകരിച്ചു".

വലത്തുഭാഗത്ത് ഇരുന്നു എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? പിതാവായ ദൈവത്തിന് വലതുകൈ ഉണ്ടെന്നും ആ വശത്തുള്ള ഒരു കസേരയിൽ യേശുവിനെ ഇരുത്തിയെന്നുമാണോ? ദൈവത്തിന് ഇടത്തും വലതും ഇല്ല. ദൈവത്തിന്റെ സർവ്വശക്തിയും അധികാരവും മഹത്വവും യേശുവിന്റെ മനുഷ്യത്വത്തിൽ നിറഞ്ഞു എന്നതാണ് വലതുഭാഗത്ത് ഇരുന്നു എന്നു പറഞ്ഞതിന്റെ അർത്ഥം. രാജാക്കന്മാർ അവരുടെ അധികാരം നല്കുന്നതു സൂചിപ്പിക്കാനായി വലതുവശത്തു ഇരുത്തുക എന്ന ഒരു പതിവുണ്ടായിരുന്നു. ആ ഭാഷാരീതി ഉപയോഗിച്ചു പറഞ്ഞതാണ് പിതാവിന്റെ വലതുവശത്ത് ഇരുത്തി എന്ന്. ദൈവപിതാവിന്റെ സർവ്വമഹത്വവും നിറഞ്ഞ മനുഷ്യത്വത്തോടു കൂടിയ യേശു അവരുടെ ജീവന്റെ അടിത്തറയായി എപ്പോഴും ചേർന്നു നിൽക്കുന്ന അനുഭവം കിട്ടിയതാണ് സ്വർഗ്ഗാരോഹണാനുഭവം. അവരുടെ അസ്തിത്വത്തിന്റെയും സത്തയുടെയും അടിത്തട്ട് ഈ മഹത്വപൂർണ്ണനായ യേശുവാണെന്ന് അവർക്ക് ബോദ്ധ്യപ്പെട്ട സമയമാണത്. അതിനാലാണ് അവർ സ്വർഗ്ഗാരോഹണത്തിൽ അത്യധികം ആനന്ദിച്ചത്. സ്തോത്രപ്രാർത്ഥന തുടങ്ങിയത്. ഇതൊരു വലിയ സത്യമാണ്. വിശ്വാസമുള്ളവർ ഈ യാഥാർത്ഥ്യത്തിൽ അടിയുറച്ചു ജീവിക്കുന്നു. വിശ്വാസമുള്ളവർ ആരെല്ലാമെന്നു പരീക്ഷിക്കുവാൻ ഞാൻ ഒരു മാർഗ്ഗമുപയോഗിച്ചതു മുമ്പുപറഞ്ഞല്ലോ. എല്ലാവരോടും കണ്ണടക്കാൻ പറഞ്ഞിട്ട് യേശു അവിടെ നിൽക്കുന്നു എന്നുബോദ്ധ്യമുണ്ടോ എന്നു ചോദിക്കുന്നരീതി. വിശ്വാസമുള്ളവർ ആരെന്നു അറിയുവാൻ വി. പൗലോസ് ശ്ലീഹാ ഒരു പരീക്ഷ നടത്തുന്നുണ്ട്. അദ്ദേഹം കണ്ണു തുറന്നുകൊണ്ടുതന്നെ ഓരോരുത്തരോടും ചോദിക്കുകയാണ്: ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത യേശു നിന്റെ ഉള്ളിലുണ്ടെന്ന് നിനക്കു ബോദ്ധ്യമില്ലേ? —ഇല്ലെങ്കിൽ വിശ്വാസത്തിന്റെ പരീക്ഷയിൽ നീ പരാജയപ്പെട്ടിരിക്കുന്നു. 2 കോരി 13:5. യേശു നിന്റെ ഉള്ളിലുണ്ടെന്ന്



www.malankaralibrary.com

വിശ്വാസമുണ്ടോ എന്നല്ല; ബോദ്ധ്യമുണ്ടോ എന്നാണ് ചോദിച്ചത്. വലത്തുകൈയുണ്ട് എന്ന് എനിക്ക ബോദ്ധ്യമാണ്, വെറും വിശ്വാസമല്ല. അതുപോലുള്ള ഒരു ബോദ്ധ്യമാണാവശ്യം. യേശു എന്റെ ഉള്ളിലുണ്ട്. ഞാൻ യേശുവിലാണ്, ആ ബോദ്ധ്യമനുസരിച്ചുള്ള പ്രവൃത്തികളും ചിന്തകളും വചനങ്ങളുമുള്ളവരാണ് വിശ്വാസികൾ. കൊളോസ്യർ 1:26 മുതലുള്ള വാക്യങ്ങളിൽ പറയുകയാണ്, മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിലുണ്ട് എന്ന സദ്വാർത്ത പുറജാതികളോടും പോയി അറിയിക്കുക എത്ര ശ്രേഷ്ഠമാണ്. കർത്താവിന്റെ സ്വർഗ്ഗാരോഹണം നമ്മുടെയെല്ലാവരുടെയും ഭാവിമഹത്വ ത്തിന്റെ അടിസ്ഥാനമാണ്. നമ്മൾ യേശുവിന്റെ സ്വന്തമായി പുരോഗമിച്ചാൽ മതി. ഇപ്പോൾതന്നെ നമ്മൾ യേശുവിലാണ്. നാഥന്റെ മഹത്വങ്ങൾ തന്റെ ശരീരമായ നമ്മിലേക്ക് പടിപടിയായി നിറച്ചുകൊണ്ടിരിക്കും.

പരിശുദ്ധാത്മാവിനെ അയക്കുന്നു.

സ്വർഗ്ഗാരോഹണം ചെയ്ത യേശു നമുക്കായി സമ്പാദിച്ച പരിശുദ്ധാത്മാവിനെ തന്റെ ശരീരമായ നമ്മുടെ ജീവബന്ധങ്ങളിലേക്ക നിവേശിപ്പിച്ച് തന്റെ രാജ്യത്തിൽ നമ്മെ വളർത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. സ്വർഗ്ഗാരോഹണത്തിനുശേഷം അവർക്ക് പരിശുദ്ധാത്മാഭിഷേകം ലഭിച്ചു. ഇനിയും കർത്താവിന്റെ രണ്ടാമത്തെ വരവിനായി നമ്മൾ കാത്തിരിക്കയാണ്. കർത്താവിന്റെ എല്ലാ മഹത്വവും താൻ സ്വന്തമായി സ്വീകരിച്ചവരിൽ, തന്നോട് ഒന്നാകുന്നവരിൽ, പൂർണ്ണമായി നിവേശിപ്പിക്കുന്ന അവസ്ഥയാണ് കർത്താവിന്റെ രണ്ടാമത്തെ വരവ് എന്നത്. എല്ലാ പാപബന്ധനവും മരണബന്ധനങ്ങളും മാറി നമ്മുടെ ശരീരംപോലും യേശുവിന്റെ ഉയിർത്തെഴുന്നേററ ശരീരം പോലെ ആക്കിത്തീർക്കുന്ന സ്ഥിതിയാണത്. (ഫിലി. 3:21). യേശു വാനമേഘങ്ങളിൽ വരും എന്നെഴുതിയിരിക്കുന്നത് ആകാശത്തിലെ കാർമേഘങ്ങളിൽ വരുമെന്നല്ല. ജീവരഹസ്യം (Mystery) എന്ന അർത്ഥത്തിൽ ആണ് മേഘങ്ങൾ എന്ന് പറയുന്നത്. യേശുവിന്റെ സകല ജീവരഹസ്യങ്ങളും നമ്മിലെല്ലാവരിലും സാക്ഷാൽക്കരിക്കപ്പെടുന്നതിനെയാണ് വാനമേഘങ്ങളിൽ വരുന്നു എന്നു പറയുന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. ഇതു് ഒരു മിസ്റ്റിക്കിന്റെ വ്യാഖ്യാനമാണ്.



www.malankaralibrary.com

യേശുനാഥനെ അടുത്തറിയുന്നതും ആഴത്തിൽ അനുഭവിക്കുന്നതും എങ്ങനെയാണെന്ന് ഈ ധ്യാനത്തിൽ നമ്മൾ കണ്ടെത്തുകയായിരുന്നു. നമ്മൾ ഹൃദയംതുറന്ന് ആവശ്യബോധത്തോടെ പ്രാർത്ഥിച്ച് കാത്തിരിക്കുമ്പോൾ, ദൈവം കൃപയാൽ ആന്തരികപ്രകാശം നൽകി ഒരു തലത്തിൽനിന്ന് അടുത്ത തലത്തിലേക്ക നമ്മെ നയിക്കും. യേശുവിനെ അനുഭവിക്കുന്ന ഘട്ടങ്ങൾ ഓരോന്നോരോന്നായി ഒന്നുകൂടി ചുരുക്കി എഴുതട്ടെ.

1. എല്ലാ സൃഷ്ടികളെയും സൃഷ്ടിച്ച ദൈവവചനമായവനെ ചിന്തയാൽ കണ്ടെത്തുന്നു. സ്വല്പമെങ്കിലും ചിന്തിക്കാൻ കഴിയുന്നവൻ താൻ ഇങ്ങനെ ആയിരിക്കുവാൻ കാരണമായ ദൈവവചനത്തെ അവ്യക്തമായെങ്കിലും കണ്ടെത്തുന്നു.

2. ദൈവവചനം മനുഷ്യത്വം സ്വീകരിച്ച് ഈ ഭൂമിയിലൂടെ ഒരു മനുഷ്യനായി നടക്കുകയും എല്ലാവരെയും സ്നേഹിക്കുകയും ചെയ്തു. യേശുവിന്റെ കണ്ണുകളിലേക്ക നോക്കിയ ആരെയും യേശു ഉപേക്ഷിച്ചില്ല. നമുക്ക വെളിയിൽ നില്ക്കുന്ന ഒരു നല്ല സഹോദരനായ ക്രിസ്തുവിനെ അറിയാൻ തുടങ്ങുന്നു.

3. കുരിശിൽവെച്ച് എല്ലാ തിന്മകളെയും തന്റെ ശരീരത്തിൽ വഹിച്ച് പരിഹരിക്കുകയും കുരിശിലെ ജയം എല്ലാവർക്കും കൊടുക്കുകയും ചെയ്ത യേശുനാഥനും എല്ലാ പാപികളുടെയും ദുഃഖിതരുടെയും തലയായി നിന്നുകൊണ്ട്, തന്നിലൂടെ എല്ലാവർക്കും ദൈവപിതാവിനോട് ഒന്നാകുവാനുള്ള വഴിയായിത്തീർന്ന ക്രിസ്തും എന്നെ യേശുവിൽ കണ്ടെത്താൻ ആരംഭിക്കുന്നു. അതോടുകൂടി പാപമോചനത്തിന്റെ സമാധാനം ലഭിക്കാൻ തുടങ്ങുന്നു.

4. ഉയിർത്തെഴുന്നേററ് പ്രപഞ്ചനാഥനായിത്തീർന്ന് എല്ലാസ്ഥലത്തും എല്ലാ സമയത്തും കർത്താവായി (Lord) വാഴുന്ന ക്രിസ്തു തന്നിൽ ഒന്നാകുന്നവർക്ക് പാപമോചനവും ഉയിർപ്പിന്റെ മഹത്വവും പങ്കുവെച്ചു കൊടുക്കുന്നു.

5. സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ സർവ്വമഹത്വവും സ്വന്തമാക്കിക്കൊണ്ട് യേശു തന്നോട് ഒന്നാകുന്നതിന്റെ ക്രമമനുസരിച്ച് (യേശുവിന്റെ ജീവൻ വഹിക്കുന്നവരായിത്തീരുന്നതിന്റെ ക്രമമനുസരിച്ച്) ദൈവമഹത്വം തന്റെ ശരീരമായവരിൽ നിറച്ചുകൊണ്ടിരിക്കുന്നു. അവിടുന്ന പരിശുദ്ധാത്മാവിനെ നൽകി



www.malankaralibrary.com

കൊണ്ടു് തന്നോട്ട് ഒന്നാകാൻ മനസ്സാകുന്നവരിലേക്കു് ദൈവമഹത്വം നിറച്ചുകൊണ്ടിരിക്കുന്നു.

6. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്. യേശുവിന്റെ സകല നന്മകളും തന്റെ ശരീരമായിത്തീർന്നവരിൽ നിറയ്ക്കുകയും അങ്ങനെ മനുഷ്യവർഗ്ഗത്തെ തന്റെ ഏക മഹത്വ ശരീരമാക്കിക്കൊണ്ടു് പിതാവിനു് അവസാനത്തെ സമർപ്പണം നടത്തുകയും ചെയ്യുന്നു. അപ്പോൾ പിതാവ് തന്നെത്തന്നെ പുത്രനു (യേശുവോട്ട് ഒന്നായ എല്ലാവർക്കും) നൽകുന്നു. അപ്പോൾ ദൈവം എല്ലാവർക്കും എല്ലാമായിത്തീരുന്നു. എല്ലാവരിലും ദൈവം പൂർണ്ണമായി പ്രകാശിക്കും.

നമ്മെ യേശുവിനോട്ട യോജിപ്പിച്ചു് യേശുവിലൂടെ പിതാവിനോട്ട് അനുരഞ്ജിപ്പിച്ച കുരിശുമരണത്തെ നന്മാം സ്തോത്രത്തോടുകൂടി ഓർമ്മിക്കുന്നു. ഉയിർത്തെഴുന്നേററ യേശുവിലാണു് നമ്മൾ സ്ഥിതിചെയ്യുന്നതെന്നു് ഏററു പറയുന്നു. കർത്താവിന്റെ പൂർണ്ണമഹത്വത്തിൽ പങ്കുചേരുന്ന രണ്ടാമത്തെ വരവിനായി നോക്കിപ്പാർക്കുന്നു.

നമ്മൾ ക്രിസ്ത്യാനുഭവത്തിൽ ഒരു പടിയിൽനിന്നു് അടുത്ത പടിയിലേക്ക ക്രമേണ പുരോഗമിക്കുകയാണു്. ക്രിസ്തു എല്ലാവരിലും ഉണ്ടു്. എന്നാൽ ക്രിസ്തുവിനെ അറിയുന്നതിലും അംഗീകരിക്കുന്നതിലും അവിടുത്തേക്കു മുഴുവനായി സമർപ്പിക്കുന്നതിലും ഓരോരുത്തരും ഓരോ പടി പുരോഗമിക്കുകയാണു്. അല്പവും സ്വയകേന്ദ്രീകൃതജീവിതവും സ്വാർത്ഥതയുമില്ലാതെ, യേശുവിന്റെ ചിന്തകളും പ്രവൃത്തികളും മാത്രം ഉൾക്കൊണ്ടു് യേശുവിനോട്ട് പൂർണ്ണമായി ഐക്യപ്പെട്ടു് ക്രിസ്തുമാത്രം എന്നിലൂടെ പ്രകാശിക്കുന്നു എന്ന സ്ഥിതിയിലേക്ക നമ്മൾ വളരണം. നാഥനെ കൂടുതൽ കൂടുതൽ അറിയുന്നതിനും, നാഥൻ കൂടുതൽ കൂടുതൽ നമ്മിലൂടെ പ്രകാശിക്കുന്നതിനുമുള്ള അനുഗ്രഹത്തിനായി നമുക്ക പ്രാർത്ഥിക്കാം.

യേശുവേ, ലോകം ഉണ്ടാകുന്നതിനു മുമ്പുതന്നെ, അങ്ങു് ഞങ്ങളെ കണ്ടു് തെരഞ്ഞെടുത്തതിനും അനുഗ്രഹിച്ചതിനും അങ്ങയോട്ട് ഐക്യപ്പെടുത്തിയതിനും നന്ദി പറയുന്നു. അങ്ങയിൽ ആഴത്തിൽ ഐക്യപ്പെട്ടു് ശാന്തമായി ജീവിച്ചു് അങ്ങയുടെ മഹിമയിൽ ജീവിക്കുവാൻ ഞങ്ങൾക്കു് ഇടയാക്കണമേ.



www.malankaralibrary.com

# 10

# ദൈവത്തിന്റെ അനന്ത സ്നേഹം

> ദൈവം മനുഷ്യവേദനകളിൽ മനുഷ്യരോടൊത്തു ചേരുകയും, തന്റെ നന്മകൾ മുഴുവൻ പങ്കുവെച്ചുതരാൻ വരുകയും ചെയ്യുന്നു.

ദൈവത്തിനു നമ്മോടുള്ള പരിശുദ്ധ സ്നേഹവും യേശുവിനെ നൽകിക്കൊണ്ട് പ്രത്യക്ഷമാക്കിയ അത്ഭുതകരസ്നേഹവും നമ്മൾ മനസ്സിലാക്കി. ഇനിയും മനസ്സിലാക്കാനുള്ളത് ഈ ദൈവസ്നേഹത്തിന്റെ അനന്തതയെയാണ്.

ദൈവം നമ്മെ സ്നേഹിക്കുന്നത് അനന്തമായ സ്നേഹത്തിലാണ്; ഒന്നുകൊണ്ടും അളന്നുതീർക്കാനാവാത്ത സ്നേഹം. എങ്ങനെയാണു സ്നേഹം അളക്കുന്നത്? എന്താണ് സ്നേഹത്തിന്റെ അടയാളങ്ങൾ?

(1) സ്നേഹം സകലത്തും സഹിക്കുന്നു.

നമ്മിൽനിന്നുള്ള ഘോരമായ നിന്ദകളും അവഗണനകളും ദൈവം നിസ്സാരമായി കണക്കാക്കുന്നു. ദൈവം നമ്മെ വീണ്ടും അനുഗ്രഹിക്കുന്നു; സ്നേഹിക്കുന്നു.

(2) സ്നേഹം ദീർഘക്ഷമയുള്ളതാണ്.

ദൈവം നമ്മുടെ അപരാധങ്ങൾ വീണ്ടും വീണ്ടും ക്ഷമിക്കുന്നു. സ്നേഹക്കുറവുള്ളവർ രണ്ടോ മൂന്നോ പ്രാവശ്യമേ ക്ഷമിക്കുകയുള്ളു. എന്നാൽ ഏഴ് എഴുപതു പ്രാവശ്യം ക്ഷമിച്ചു സ്നേഹിക്കുവാൻ ദൈവത്തിനു കഴിയുന്നു.

(3) സ്നേഹം ദീർഘശാന്തതയുള്ളതാണ്.

തന്റെ സ്നേഹഭാജനത്തിൽനിന്ന് ഉണ്ടാകുന്ന ഉപദ്രവങ്ങൾ സ്നേഹിക്കുന്നവന്റെ ആത്മശാന്തിയെ തകർക്കുകയില്ല. വിദ്വേഷത്തിൽനിന്ന് കോപം ഉണ്ടാകുന്നു. സ്നേഹം ശാന്തതയുള്ളതാണ്. ദൈവത്തിന്റെ ശാന്തിയെ തകർക്കുവാൻ മനുഷ്യന്റെ പാപങ്ങൾ



www.malankaralibrary.com

ക്ക് കഴിവുണ്ടായില്ല. എല്ലാ മനുഷ്യരുടെയും എല്ലാ പാപങ്ങളും കണ്ടിട്ടും മനുഷ്യരെ അത്യധികം സ്നേഹിച്ചതിനാൽ ദൈവം മനുഷ്യരെ വീണ്ടും അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(4) സ്നേഹം ദയയുള്ളതാണ്.

സ്നേഹിക്കുന്നവൻ തന്റെ സ്നേഹഭാജനത്തിന്റെ പ്രയാസങ്ങളിലും പരീക്ഷകളിലും എപ്പോഴും കൂടെ നില്ക്കുന്നു. നമ്മുടെ പ്രയാസങ്ങളിൽ അനുകമ്പയില്ലാത്തവനല്ല, അറിഞ്ഞനുഭവിച്ച് സഹായിക്കുന്നവനാണ് ദൈവം. (എബ്രാ. 4:14)

(5) അഹംഭാവം കാട്ടുകയില്ല.

സ്നേഹിക്കുന്നവൻ തന്റെ സ്നേഹഭാജനത്തെക്കാൾ ഉയർന്നവനാണെന്ന് കാണിക്കുകയില്ല, ദാസനാണെന്ന് കാണിക്കുകയാണ് ചെയ്യുന്നത്. ദൈവപുത്രനായ യേശുവിൽ കൂടി ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയത് മനുഷ്യന്റെ ദാസനായിട്ടാണ്, സ്നേഹിക്കുന്ന ദാസനായിട്ടാണ്. സ്നേഹിക്കുന്നവരെല്ലാം ദാസന്മാരായിത്തീരും.

(6) അസൂയപ്പെടുന്നില്ല.

തന്റെ സ്നേഹഭാജനം വളരുന്നതുകാണുമ്പോൾ സങ്കടമല്ല. സന്തോഷമാണുണ്ടാകുന്നത്. നമ്മൾ വളരുന്നതു കാണുമ്പോൾ ദൈവം സന്തോഷിക്കുകയാണ്.

(7) സ്വാർത്ഥം അന്വേഷിക്കുന്നില്ല.

തന്റെ സ്നേഹഭാജനത്തിന്റെകൂടെ ഒന്നിച്ചു സന്തോഷിക്കുവാനും വളരുവാനും മാത്രമേ സ്നേഹിക്കുന്നവൻ ആഗ്രഹിക്കുകയുള്ളു. തനിയെ ഉയരാൻ ആഗ്രഹിക്കുകയില്ല. ദൈവം നമ്മെവിട്ട് തനിയെ സന്തോഷിക്കുവാനും ആഗ്രഹിക്കുന്നില്ല. ദൈവം നമ്മോടുകൂടി ഒന്നായി വേദനിക്കുവാനും മഹത്വത്തിൽ ഒന്നിച്ച് ആനന്ദിക്കുവാനും ആഗ്രഹിക്കുന്നു. അതിനാലാണ് തകർന്നുപോയ പാപിയോടൊന്നായി സഹിക്കുവാൻ സ്വയം ശൂന്യനാക്കി യേശു കടന്നുവന്നത്.

സ്നേഹത്തിന്റെ ലക്ഷണങ്ങൾ ഇവയൊക്കെയാണ്. ഈ വിധത്തിൽ നമ്മെ സ്നേഹിക്കുന്ന ഒരു ദൈവപിതാവ് നമുക്കുണ്ട്. ദൈവത്തിന് നമ്മോടുള്ള സ്നേഹം അനന്തമാണ്, അളവില്ലാത്തതാണ്.



www.malankaralibrary.com

## സ്നേഹം അളക്കുന്നവിധം

എങ്ങനെയാണ് സ്നേഹം അളക്കുന്നത്? ഒരു വ്യക്തിയുമായി മറെറാരാൾ എത്രമാത്രം ആഴത്തിൽ ഒന്നാകുന്നുവോ അത്രമാത്രം സ്നേഹിക്കുന്നുണ്ട്. ആഴത്തിൽ ഒന്നാകുന്നത് രണ്ടു രീതിയിലാണ്.

1) സ്നേഹഭാജനത്തിൻെറ എല്ലാ കഷ്ടതയിലും ദുരിതങ്ങളിലും സ്നേഹിക്കുന്നവൻ പങ്കുചേരും. ദൂരത്തുമാറിയിരുന്ന് അനുകമ്പകാണിക്കുകമാത്രമല്ല സ്നേഹിക്കുന്നവൻ ചെയ്യുന്നത്. ദൈവപിതാവിനോട് ഒന്നായിരിക്കുന്ന യേശുവിൻെറ മനുഷ്യത്വത്തിലൂടെ ദൈവം എല്ലാമനുഷ്യരുടെയും വേദനയിലും ദുരിതത്തിലും പങ്കുചേർന്നു. വിണ്ണിലിരുന്ന് ഉറങ്ങുന്ന ദൈവമല്ല, മണ്ണിൽ ഏററവുമധികം ഇഴഞ്ഞു വേദനിച്ചവനാണ് ദൈവം. നാഥനായ യേശു മനുഷ്യനായി ജീവിച്ചുകൊണ്ട്, താൻ സകലമനുഷ്യരോടും ഒന്നായിച്ചേർന്നുവെന്ന് വ്യക്തമാക്കി. യേശുവിൻെറ മനുഷ്യജീവിതം നോക്കിയാൽ ഇതു മനസ്സിലാക്കാം. വീടില്ലാത്തവരുടെ വേദനയിൽ യേശു പങ്കുചേർന്നു. ഇല്ലാത്തകുററങ്ങൾ ആരോപിക്കപ്പെട്ട് ശിക്ഷിക്കപ്പെടുന്നവരുടെ വേദനയിൽ യേശു പങ്കുചേർന്നു. നിന്ദിക്കപ്പെടുന്നവരുടെ വേദനയിൽ യേശു പങ്കുചേർന്നു. ക്ലേശിക്കുന്നവരുടെ എല്ലാ ക്ലേശങ്ങളിലും പങ്കുചേർന്നു. യേശു പാപം ചെയ്യുന്നതിൽ പങ്കുചേർന്നില്ലെങ്കിലും പാപത്തിൻെറ അനന്തരഫലമായ എല്ലാ ദുരിതങ്ങളിലും പങ്കുചേർന്നു. ഹതഭാഗ്യരായ കുഞ്ഞുങ്ങളോടും ഒന്നായിത്തീർന്നു. ചില കുട്ടികൾ ഭൂമിയിൽ ജനിക്കുമ്പോൾതന്നെ ലോകം അവയ്ക്ക് ഒരു വിധിവാചകം നൽകുന്നുണ്ട്. ''നിനക്ക് ഈ ഭൂമിയിൽ കാലുകുത്താൻ ഞങ്ങൾ ഇടം തരുകയില്ല.'' പാവപ്പെട്ട ഭിക്ഷക്കാരുടെ മക്കളായി തെരുവിൽ ജനിക്കുന്ന പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് ലോകം നൽകിയിരിക്കുന്ന വിധി അതാണ്. ആ കുഞ്ഞുങ്ങളുടെ വേദനയിലും യേശു പങ്കുചേർന്നു. അതിനാലാണ് ജനിക്കാനിടം കിട്ടാതെ കാലിക്കൂട്ടിൽ പിറക്കുവാൻ യേശു സമ്മതിച്ചത്. ആ പാവപ്പെട്ട കുഞ്ഞുങ്ങൾ യേശുവിനെ നോക്കുമ്പോൾ പറയും, "ഞങ്ങളോട് ഒന്നുചേർന്നുവന്ന ഒരു ദൈവത്തെ യേശുവിൽ ഞങ്ങൾ കാണുന്നു" എന്ന്.

യേശു എല്ലാവരോടും ഒന്നായിത്തീർന്നുവോ എന്ന് ഒരിക്കൽ എൻെറ ഉള്ളിൽ ഒരു സംശയമുണ്ടായി. ''യേശുവേ, അങ്ങ് എല്ലാവരുടേയും ജീവിതത്തിൽ



www.malankaralibrary.com

പങ്കുചേർന്നുവെന്നു് ഞാൻ കേട്ടിട്ടുണ്ടു്. പക്ഷേ, അങ്ങു് അടിമയായിത്തീർന്നു് അടിമകളുടെ വേദനയിൽ പങ്കുചേർന്നതായി ഞാൻ കേട്ടിട്ടില്ലല്ലോ? അടിമ എത്രയേറെ വേദനിക്കുന്നു. അടിമയെ തല്ലാം കൊല്ലാം, തല്ലിച്ചതച്ചു് ജോലി ചെയ്യിക്കാം. ഭക്ഷണം കൊടുക്കാതിരിക്കാം, വിലയ്ക്കുവാങ്ങാം. അവനു് കോടതിയിൽ കേസുകൊടുക്കാൻ അവകാശമില്ല. മാനുഷികമായ ഒരവകാശവും ലഭിക്കാത്ത പാവങ്ങൾ. ഇന്നുമുണ്ടു് അടിമകൾ. മാനുഷികമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർ. ഞാൻ ചോദ്യം ചോദിച്ചു് രണ്ടുമൂന്നാഴ്ച കഴിഞ്ഞപ്പോൾ ചോദ്യത്തിന്റെ മറുപടി കിട്ടി. എന്റെ കൈയ്യിൽ യേശുവിന്റെ ഒരു ചിത്രം കിട്ടി. ആ ചിത്രത്തിൽ യേശുവിന്റെ കൈകൾ പിടിച്ചു്കെട്ടിയിട്ടുണ്ടു്. തലയിൽ മുൾമുടി വെച്ചിട്ടുണ്ടു്. ചിത്രത്തിനടിയിൽ ഒരു വാക്യം എഴുതിയിട്ടുണ്ടായിരുന്നു. ''ഒരു അടിമയുടെ വിലയായ മുപ്പതു രൂപായ്ക്കു് അവനെ വിലയ്ക്കു വിററു. ആരും ചോദിക്കാനില്ലാത്ത ഒരു അടിമയെപ്പോലെ അവനെ വലിച്ചിഴച്ചു കൊണ്ടുപോയി. അടിമയെ കൊല്ലുന്ന കുരിശിൽ അവനെ തറച്ചുകൊന്നു.'' ചിത്രത്തിലേയ്ക്കു നോക്കിയപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. "യേശുവേ, നീ എന്റെ ചോദ്യത്തിനു മറുപടി പറയുകയായിരുന്നല്ലോ! നീ സകലരോടും യഥാർത്ഥത്തിൽ ഒന്നായിത്തീർന്നുവല്ലോ. എല്ലാവരുടേയും തലയായി, നാഥനായി, ക്ലേശപൂർണ്ണമായ ജീവിതം അങ്ങു് തെരഞ്ഞെടുത്തുവല്ലോ. സ്തോത്രം കർത്താവേ!' എല്ലാവരോടും ഒന്നായുള്ള ഒരു ജീവിതം കുരിശുനിറഞ്ഞ ജീവിതമാകും. ദൈവപിതാവിനോടു് ഒന്നായിരിക്കുന്ന ക്രിസ്തു ദൈവനന്മകൾ എല്ലാവർക്കും നൽകാൻ എല്ലാവരോടും ഒന്നായിത്തീർന്നു. കുരിശിലെ യേശുവിന്റെ സ്ഥിതി അതായിരുന്നു. ഇന്നു് യേശുവിനെ നോക്കുമ്പോൾ, ഏതൊരുവനും പറയാൻ കഴിയും. ''എല്ലാരംഗത്തും എന്നോടൊന്നാകുവാൻ വന്നുകഴിഞ്ഞ യേശുവിനെ ഞാൻ കാണുന്നു.'' പാപകൃത്യത്തിൽ യേശു നമ്മോടു് ചേരുന്നില്ല. എന്നാൽ പാപത്തിന്റെ ശിക്ഷകളിൽ നമ്മോടു് ഒന്നായിത്തീരുന്നു.

## 2 സ്നേഹത്തിൽ ഒന്നായിത്തീരുന്നവർ ചെയ്യുന്ന രണ്ടാമത്തെ കൃത്യം

ഒരുവൻ തന്റെ സ്നേഹഭാജനത്തിനു് തനിക്കുള്ളതെല്ലാം നൽകുവാൻ വളരെയധികം ആഗ്രഹിക്കും. എത്ര നൽകിയാലും സ്നേഹത്തിനു മതിവരികയില്ല. ദൈവ



www.malankaralibrary.com

പിതാവിനു് നമ്മോടു് ഈ വലിയ സ്നേഹം ഉണ്ടെന്നു കാണിക്കുവാൻ, ദൈവം തനിക്കുള്ളതെല്ലാം നമുക്കു തരുമെന്നു് മനസ്സിലാക്കിത്തരാൻ, യേശുനാഥൻ വളരെയേറെ ഉപമകളും വചനങ്ങളും അരുളിച്ചെയ്തു. പ്രവൃത്തികളിലൂടെ വ്യക്തമാക്കി.

കുട്ടികളുടെ ധ്യാനത്തിൽ, അവർക്കു് ഈ സത്യം മനസ്സിലാക്കികൊടുക്കുവാൻ ഞാൻ അവരോടു് ചില ചോദ്യങ്ങൾ ചോദിക്കാറുണ്ടു്. ''കുഞ്ഞുങ്ങളേ ദൈവത്തോടു പ്രാർത്ഥിച്ചാൽ പ്രാർത്ഥിക്കുന്നവയെല്ലാം ദൈവം തരുമോ?'' കുട്ടികൾ പറഞ്ഞു: ''എല്ലാം തരുമെന്നു തോന്നുന്നില്ല. നൂറു കാര്യം ചോദിച്ചാൽ പത്തുകാര്യം തന്നേക്കും. നല്ലനേരം നോക്കി പൈസായുമൊക്കെ നേർച്ചയിട്ടു്, 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്നെല്ലാം പുകഴ്ത്തിപറഞ്ഞു പ്രാർത്ഥിച്ചാൽ ചിലപ്പോൾ കിട്ടിയേക്കും.'' അവരോടു് വീണ്ടും ഞാൻ ചോദിച്ചു. ''കുഞ്ഞുങ്ങളേ, ദൈവത്തിനുള്ളവയെല്ലാം ദൈവം നിങ്ങൾക്കു തരുമോ?'' അതിനു കുഞ്ഞുങ്ങൾ പറഞ്ഞതു് ''ദൈവത്തിനുള്ളതെല്ലാം തരുമെന്നു തോന്നുന്നില്ല'' എന്നാണു്. ഒരിക്കൽ മുതിർന്നവരോടു് ഇതേ ചോദ്യം ചോദിച്ചപ്പോൾ ഒരു സ്ത്രീ പറഞ്ഞു: ''ദൈവത്തിനുള്ളതെല്ലാം നമുക്കു തന്നാൽ നമ്മൾ ദൈവത്തെപ്പോലെയാകുകയില്ലേ? അതു് ദൈവത്തിനിഷ്ടമാകുമോ? അതു ദൈവം സമ്മതിക്കുമോ?'' ഞാൻ ആ സ്ത്രീയോടു ചോദിച്ചു: ''എത്ര ക്ലാസ്സുവരെ സഹോദരി പഠിച്ചിട്ടുണ്ടു്?'' ''ഏഴാം ക്ലാസ്സുവരെ'' ''എത്ര മക്കളുണ്ടു്?'' ''നാലു പേർ'' ''ഈ കുട്ടികൾ ഏഴാം ക്ലാസ്സുവരെ പഠിച്ചെത്തുമ്പോൾ സഹോദരി പറയുമോ: "കുട്ടികളെ ഞാൻ പഠിച്ചത്രയും പഠിച്ചാൽ മതി. എന്നേക്കാൾ പഠിക്കേണ്ട, എന്നേക്കാൾ വളരേണ്ട, പഠനം നിറുത്തികൊള്ളുക,'' എന്നു്. ആ സഹോദരി പറഞ്ഞു: ''ഇല്ല, അവരെ വളർത്താവുന്നത്രയും ഞാൻ വളർത്തും.'' സ്നേഹമുള്ളവൻ തന്റെ സ്നേഹഭാജനം തന്നെക്കാൾ വളരുന്നതിൽ ആനന്ദിക്കുന്നു. ദൈവം തന്റെ മക്കൾ തന്നോളം വളരുന്നതിൽ ആനന്ദിക്കുകയേയുള്ളു. ദൈവത്തേക്കാൾ വളർത്താൻ കഴിയുമായിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നു. പക്ഷെ അതു സാധിക്കുകയില്ലല്ലോ. ദൈവത്തിന്റെ നന്മകളിൽ നമ്മൾ മുഴുവനായി പങ്കുചേരാൻ ദൈവം എപ്പോഴും നമ്മെ വിളിച്ചുകൊണ്ടിരിക്കുകയാണു്. ദൈവത്തെ പ്രാപിക്കുന്നതുവരെ നമ്മുടെ ആത്മാവു സംതൃപ്തമാകയില്ല.



www.malankaralibrary.com

ഈക്കാര്യം നമുക്കു് മനസ്സിലാക്കിത്തരുവാൻ യേശുനാഥൻ അനേകം ഉപമകളും ഉദാഹരണങ്ങളും പറഞ്ഞുതന്നു. ഇക്കാര്യം വ്യക്തമാക്കുന്ന അനേകം വാക്യങ്ങൾ വേദപുസ്തകത്തിലുണ്ടു്. 'വയലിലെ ലില്ലിച്ചെടികളെ നോക്കുവിൻ....അവയെ ഇത്രമേൽ മനോഹരമാക്കിയ ദൈവം നിങ്ങളെ എത്രയധികമായി അണിയിക്കുവാൻ പോകുന്നു.' ലൂക്കോസിന്റെ സുവിശേഷത്തിൽ 12-ാം അദ്ധ്യായം 35 മുതൽ 44വരെയുള്ള വാക്യങ്ങൾ വായിച്ചുനോക്കുക. ദൈവം തന്റെ നന്മകൾ എല്ലാം നമുക്കു് പങ്കുവയ്ക്കാൻ പോകുന്നതിനെപ്പററി ഒരു ഉപമയിലൂടെ യേശു പഠിപ്പിക്കുന്നതാണു് അവിടെ വർണ്ണിക്കുന്നതു്. ഒരുയജമാനൻ(ദൈവം എന്നു് സൂചന)തന്റെ ഭൃത്യനോടു പറഞ്ഞു, 'ഞാൻ വെളിയിലേയ്ക്കു പോവുകയാണു്, ഒരു പക്ഷേ അല്പം വൈകിയേക്കും, കാത്തിരിക്കണം.' ആ ഭൃത്യൻ യജമാനന്റെ ജോലികൾ ചെയ്തുകൊണ്ടു് കാത്തു കാത്തിരുന്നു. രാത്രി വളരെ വൈകിയാണു് യജമാനൻ വരുന്നതു്. അപ്പോഴും യജമാനന്റെ ജോലി ചെയ്തു കൊണ്ടു് കാത്തു കാത്തിരുന്ന ആ ഭൃത്യനോടു് ആ യജമാനൻ എന്തുപറയും? സാധാരണ യജമാനൻ പറയുന്നതു് "എടാ, വെള്ളം ചൂടാക്കിത്തരു—........" "ചോറുവിളമ്പിത്തരു...." "നീ പോയികിടന്നുറങ്ങിക്കൊള്ളൂ —' എന്നൊക്കെയാണു്. എന്നാൽ ഈ യജമാനൻ എന്തു ചെയ്തു? അദ്ദേഹം അവനോടു പറഞ്ഞു, "നീ ഇങ്ങു വരൂ....നീ എന്റെ കസേരയിൽ ഇരിക്കൂ...." അവനെ കസേരയിൽ ഇരുത്തി. യജമാനൻ തന്റെ അരയ്ക്കു് ഒരു കെട്ടുകെട്ടി, ദാസനായിനിന്നു. അനന്തരം അവന്റെ മുമ്പിൽ പ്ലേററുകൾ നിരത്തി, യജമാനൻ അവനു് ഭക്ഷണം വിളമ്പി കൊടുത്തു ശുശ്രൂഷിക്കാൻ തുടങ്ങി. (ലൂക്കാ. 12:37). യജമാനൻ ദാസനായി. ദാസനെ യജമാനന്റെ സിംഹാസനത്തിൽ ഇരുത്തി. ഇത്രയും പറയുന്നതുകേട്ടപ്പോൾ പത്രോസ് ഇടയ്ക്കുകയറി ചോദിച്ചു. 'കർത്താവേ നീ എന്തൊക്കെയാണു് പറഞ്ഞു പിടിപ്പിക്കുന്നതു്? ദൈവം ഇങ്ങനെ എല്ലാവരുടേയും ദാസനാകാൻ പോവുകയാണോ....അതോ ശിഷ്യന്മാരായ ഞങ്ങളുടെ മാത്രം ദാസനാകുമോ? (ലൂക്കാ.12:41) ഇതു കേട്ടപ്പോൾ യേശു പറഞ്ഞു. "പത്രോസേ, ഇതു മാത്രമല്ല ദൈവം ചെയ്യുന്നതു്; ദൈവം തന്റെ സകല സ്വത്തിന്മേലും അവനു് അവകാശവും നല്കും" അതായതു്, ദൈവം തന്റെ സകല നന്മകളും കൊണ്ടു്. അവനെ അനുഗ്രഹിക്കും. (ലൂക്കോസ് 12:44)



www.malankaralibrary.com

അനേകം വാക്യങ്ങളിലൂടെ യേശുനാഥൻ ഈ സത്യം നമ്മെ പഠിപ്പിക്കുന്നുണ്ട്. "പിതാവേ നീ എന്നെ സ്നേഹിച്ചതുപോലെതന്നെ ഇവരേയും സ്നേഹിച്ചുവെന്ന് ലോകം മനസ്സിലാക്കട്ടെ. പിതാവേ, അനാദിമുതലെ നീ എനിക്കു തന്ന മഹത്വം ഇവരും കാണുവാൻ (അനുഭവിക്കുവാൻ) ഞാൻ ആയിരിക്കുന്നിടത്ത് ഇവരും ആയിരിക്കട്ടെ."

യോഹന്നാൻ ശ്ലീഹാ എഴുതിയ ഒന്നാം ലേഖനത്തിൽ മൂന്നാം അദ്ധ്യായത്തിൽ പറയുന്നു. "കണ്ടാലും, എത്ര വലിയ സ്നേഹമാണ് ദൈവപിതാവ് നമ്മോട് കാണിച്ചത്. പിതാവ് നമ്മെ 'മക്കളേ' എന്ന് വിളിച്ചു. നാം അങ്ങനെയാണുതാനും. ലോകം നമ്മെ അറിയുന്നില്ല. കാരണം ലോകം ദൈവത്തെ അറിഞ്ഞിട്ടില്ല. പ്രിയപ്പെട്ടവരേ നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാം അറിയുന്നു. അവിടുന്ന് പ്രത്യക്ഷപ്പെടുമ്പോൾ നാം ദൈവത്തെപ്പോലെയാകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം ദൈവത്തെ കാണുകയും ചെയ്യും. ഈ പ്രത്യാശയുള്ളവൻ, അവിടുന്ന് പരിശുദ്ധനായിരിക്കുന്നതുപോലെ തന്നെത്തന്നെ വിശുദ്ധീകരിക്കുന്നു." (1 യോഹ, 3:1–3).

പിതാവു നമ്മെ മക്കളേ എന്നു വിളിച്ചതിൽ ഇത്ര സ്നേഹമെന്താണ് എന്നു ചോദിച്ചേക്കാം. ദൈവം ഏതൊന്നിനെ എങ്ങനെ വിളിക്കുന്നുവോ, അതു് അങ്ങനെയായിത്തീരും. ദൈവം 'കരങ്ങ്' (കരങ്ങിന്റെ സത്ത) എന്നു വിളിച്ചതിനാലാണ് കരങ്ങ് കരങ്ങായിത്തീർന്നത്. 'പൂച്ച'യെന്നു വിളിച്ചതു് പൂച്ചയായിത്തീർന്നു. ദൈവം നമ്മെ വിളിച്ചതു് ദൈവമക്കൾ എന്നാണ്. നമ്മുടെ സത്ത അതാണ്. ദൈവപിതാവിന്റെ നന്മകളെല്ലാം പ്രകാശിക്കുവാൻ വിളിച്ചവരെയാണ് ദൈവപുത്രന്മാർ എന്ന് പറയുന്നതു്. ദൈവപിതാവിന്റെ നന്മകളെല്ലാം പ്രകാശിക്കുവാനുള്ളവരായി, ആത്മാവുള്ളവരായി നമ്മെ ദൈവം വിളിച്ചിരിക്കുന്നു. സൃഷ്ടിച്ചിരിക്കുന്നു. ആ പദവിയിലേയ്ക്കു് വളർത്തിക്കൊണ്ടിരിക്കുന്നു. നമ്മൾ ആ പദവിയിലുള്ളവരാണെന്നുള്ള ആത്മബോധം നമുക്കുണ്ടായിരിക്കണം. മററുള്ളവർ നമ്മെ വിളിക്കുന്ന പദങ്ങൾ കേട്ട് നമ്മൾ തെററായ ആത്മബോധത്തിൽ വീഴരുതു് മററുള്ളവർ നമ്മെ തരംതാഴ്ത്തി വിളിച്ചേക്കും.



www.malankaralibrary.com

ആ വിളിമൂലം തെററായ ധാരണ നമുക്കുണ്ടാകാൻ ഇടയുണ്ട്. അതു് മാനസിക ബന്ധനത്തിനു കാരണമാകും. ദൈവസ്നേഹത്തെപ്പററി സംശയിക്കാൻ ഇടയാകും. ഞാൻ ആരാണ്. എന്താണ് എന്ന് ആരാണ് പറയേണ്ടതു്? എന്നെസ്സൃഷ്ടിച്ചവൻ പറയട്ടെ. മററുള്ളവർ നമ്മുടെ കണ്ണുകളിലേയ്ക്കു നോക്കി ''നീ അതാണ്-ഇതാണ്'' എന്നൊക്കെപ്പറയുന്ന വചനങ്ങൾ കേട്ട് തെററായ സ്വയസങ്കല്പം (self image) ഉണ്ടാകുവാൻ ഇടയുണ്ട്. അവ ഉപേക്ഷിക്കണം. ഒരിക്കൽ ഒരു കോളേജു വിദ്യാർത്ഥിനി അവളുടെ ഒരു മനഃപ്രയാസം പറഞ്ഞു. അവൾ കറുത്തതാണെന്ന്. അവൾ പാടാൻ മിടുക്കിയാണ്, പഠിക്കാൻ മിടുക്കിയാണ്. എന്നിട്ടും കറുത്തതാണെന്നോർത്തു മനഃപ്രയാസം. കറുത്തതിനെന്താണിത്ര പ്രയാസപ്പെടാൻ. അവൾക്ക് തെററായ ബോധം ഉണ്ടായതു മൂലം സംഭവിച്ച പിശകാണതു്. കുട്ടിക്കാലത്തു് ആരോ അവളോടു പറഞ്ഞു. ''എടീ കറമ്പീ....നീ അകത്തങ്ങാനും കയറി നില്ക്കെടീ....നിന്നെ ആരും കാണാതിരിക്കട്ടെ.'' അതു് അവളുടെ ഉള്ളിൽ പതിഞ്ഞു. സ്കൂളിൽ വച്ച് ആരോ അവളെ 'black monkey' എന്നു വിളിച്ചു. അങ്ങനെ അവൾക്ക് അവളെപ്പററി തെററായ ബോധം കിട്ടി. ''ഞാൻ കറമ്പി''...''black monkey'' ''ആരും കാണാതെ ഒളിക്കേണ്ടവൾ....'' അവൾക്കു ശരിയായ ആത്മബോധം ഉണ്ടാകുവാൻ പറഞ്ഞുകൊടുത്തു: ''മോളെ മററുള്ളവർ നിന്നെ നോക്കിപ്പറഞ്ഞ വാക്കുകളെല്ലാം മറക്കുക. ദൈവം നിന്നെ നോക്കി പ്പറഞ്ഞ വാക്കു മാത്രം ഓർക്കുക. ദൈവം നിന്നെ നോക്കി എന്താണ് വിളിച്ചതു് ? ദൈവപുത്രിയെന്നാണ്. ആതാണ് നിന്റെ നിത്യമായ പേരു്. കറപ്പും വെളുപ്പും സ്ത്രീയും പുരുഷനും പണക്കാരനും പണമില്ലാത്തവനും എല്ലാം താല്ക്കാലികമാണ്. നിന്റെ സത്ത അതൊന്നുമല്ല. നീ ദൈവപുത്രിയാണെന്നുള്ള സത്യം അംഗീകരിക്കുക. നിന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രഭാഗം നിന്റെ ബോധത്തിൽ ഉണർന്നു നില്ക്കട്ടെ.

നമുക്ക് ഈ ആത്മബോധം ഉണ്ടായാലും ലോകം നമ്മെ ദൈവമക്കളായി കാണുകയില്ല എന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. ലോകം നമ്മെ കാണുന്നതു് കൂലിക്കാരനായും പണക്കാരനായും മററുമാണ്. ദൈവത്തോടു യോജിക്കാത്ത മനുഷ്യരെയാണ് 'ലോകം' എന്നു വിളിക്കുന്നതു്. ലോകത്തിലുള്ളവരെല്ലാം നമ്മെ ദൈവമക്കളെന്ന് വിളിക്കുമെന്ന് പ്രതീക്ഷിക്കുകയും വേണ്ട.



www.malankaralibrary.com

ദൈവപുത്രനാണെന്നുള്ള സത്യബോധം കിട്ടിക്കഴിഞ്ഞതിനുശേഷം നമ്മൾ ട്രാൻസ്പോർട്ട് ബസ്സിൽ കയറാൻ ചെല്ലുമ്പോൾ കണ്ടക്ടർ നമ്മോട്, ''ഹല്ലോ ദൈവപുത്രാ കയറിവന്നാലും. ഫ്രണ്ട് സീററിൽ ആസനസ്ഥനായാലും'' എന്നു പറയുമെന്ന് പ്രതീക്ഷിക്കേണ്ട. ലോകം നമ്മെ പുച്ഛിക്കുകയും തരം താഴ്ത്തിപറയുകയും ചെയ്തേക്കാം. ദൈവമക്കളാണെന്നുള്ള യഥാർത്ഥബോധം നമ്മിൽ നിന്നും മാററിക്കളയുവാൻ ലോകം സദാ ശ്രമിച്ചു കൊണ്ടിരിക്കും. എന്നാൽ ഒരിക്കൽപോലും സത്യമായ ആ ബോധം, നാം ദൈവമക്കളായി വിളിക്കപ്പെട്ടവരാണെന്ന ബോധം, കളയരുത്. ആ ബോധത്തിനനുസരിച്ചു ജീവിക്കുകയും വേണം. യേശുനാഥനിൽ നിന്നു പോലും ഈ ബോധം നഷ്ടപ്പെടുത്തുവാൻ സാത്താൻ പരീക്ഷിച്ചുനോക്കി. സാത്താൻ ചോദിക്കയാണ്. ''നീ ദൈവപുത്രനാണെങ്കിൽ '' സംശയം ദ്യോതിപ്പിക്കുന്ന ഒരു വ്യവസ്ഥ ''ആണെങ്കിൽ'' എന്ന്. കുരിശിൽ കിടക്കുമ്പോഴും ഇതേവാക്യം പറഞ്ഞു സാത്താൻ പരീക്ഷിച്ചു. ''നീ ദൈവപുത്രനാണെങ്കിൽ .... താഴെയ്ക്ക് ഇറങ്ങിവാ....'' വീശന്നാലും ക്രൂശിൽ കിടന്നാലും താൻ ദൈവപുത്രൻ തന്നെയാണെന്ന് യേശു വ്യക്തമാക്കിക്കൊടുത്തു. നമ്മുടെ ജീവിതത്തിൽ വിപരീത സാഹചര്യങ്ങൾ ഒന്നിനു പുറകെ ഒന്നായി വന്നെന്നിരിക്കാം. എന്നാൽ ദൈവപുത്രൻ എന്ന സ്വയബോധം നഷ്ടപ്പെടുത്തരുത്. എന്റെമേൽ താല്പര്യവും ഉത്തരവാദിത്വവുമുള്ള പിതാവായ ദൈവം എന്നെ ദൈവപുത്രൻ എന്നു വിളിച്ചിരിക്കുന്നു. ഈ സത്യത്തെപ്പററി പൂർണ്ണ ബോധ്യമുണ്ടാകണം. ''മക്കളെങ്കിൽ ദൈവത്തിനുള്ളതിനെല്ലാം അവകാശികളും ആണ്. യേശുമിശിഹായുടെ കൂടെ കൂട്ടാവകാശികളുമാണ്'' എന്ന് വി. പൗലോസ് ശ്ലീഹാ പറയുമ്പോൾ [റോമ 8:17] ദൈവം ദൈവത്തിനുള്ളതെല്ലാം തരുമെന്നു മാത്രമല്ല, നമ്മൾ അവയ്ക്കെല്ലാം അവകാശികളാണെന്നു കൂടി വ്യക്തമാക്കുന്നു. ദൈവപുത്രൻ എന്നു വിളിക്കപ്പെട്ടവർ അങ്ങനെ ആയിത്തീരുന്നതെങ്ങനെയെന്ന് തുടർന്നുള്ള അദ്ധ്യായങ്ങളിൽ കാണാം.



www.malankaralibrary.com

യോഹന്നാൻ ശ്ലീഹാ തുടരുന്നു. [1 യോഹ 3:2] ''പ്രിയപ്പെട്ടവരേ നാമിപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരുകാര്യം നാമറിയുന്നു, ദൈവം നമ്മിൽ മുഴുവനായി പ്രകാശിക്കുമ്പോൾ [പ്രത്യക്ഷപ്പെടുമ്പോൾ] നമ്മൾ ദൈവത്തെപ്പോലെയാകും''. ഇപ്പോൾ ക്രിസ്തു നമ്മിലുണ്ട്, എന്നാൽ ക്രിസ്തു തന്റെ പൂർണ്ണമഹത്വത്തിൽ നമ്മിൽ പ്രകാശിച്ചു കഴിഞ്ഞിട്ടില്ല. ദൈവം തന്റെ പൂർണ്ണമഹത്വത്തിൽ നമ്മിൽ പ്രകാശിച്ചു കഴിയുമ്പോൾ നമ്മൾ ദൈവത്തെപ്പോലെയാകും. ''ദൈവം ആയിരിക്കുന്നതുപോലെ ദൈവത്തെകാണുകയും ചെയ്യും.'' ദൈവത്തെ കാണുകയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ദൈവത്തെ അനുഭവിക്കുകയെന്നാണ്. നമ്മൾ ഇപ്പോൾ ദൈവത്തെ കണ്ണാടിയിലെന്നപോലെ കാണുന്നുണ്ട്, അനുഭവിക്കുന്നുണ്ട്. ദൈവം ആയിരിക്കുന്നതുപോലെ കാണുകയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ദൈവം ഏതെല്ലാം നന്മകൾ ആയിരിക്കുന്നുവോ, അനുഭവിക്കുന്നുവോ, അവയെല്ലാം ദൈവത്തിൽ ദൈവത്തോടുകൂടി നമ്മളും അനുഭവിക്കുമെന്നാണ്. ദൈവത്തിന്റെ സ്നേഹവും. ആനന്ദവും. ജ്ഞാനവും എല്ലാം ദൈവത്തിൽ ദൈവത്തോടുകൂടി നമ്മളും അനുഭവിക്കുന്നതിനാണ് ദൈവത്തെ കാണുക എന്നു പറയുന്നത്. ''ഈ പ്രത്യാശയുള്ളവൻ, ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ തന്നെത്തന്നെ ശുദ്ധീകരിക്കുന്നു'' [1 യോഹ, 3;3]. ഒന്നാമതായി ദൈവത്തെ പ്രാപിക്കുകയെന്ന ലക്ഷ്യം നമുക്കുണ്ടാകണം. ആ ലക്ഷ്യത്തിൽ ജീവിക്കണം. മറ്റെന്തെങ്കിലും പ്രത്യാശയാണ് നമ്മെനയിക്കുന്നതെങ്കിൽ നമ്മൾ പരമഭാഗ്യത്തിൽ എത്തുകയില്ല. കുറച്ച് പണം വേണമെന്നോ, കുറച്ചു കീർത്തി വേണമെന്നോ, കുറച്ചു സുഖം വേണമെന്നോ, മാത്രം ലക്ഷ്യം വെയ്ക്കുമ്പോൾ ചെറുതും താല്ക്കാലികവുമായ ലക്ഷ്യമാണ് നമ്മെ നയിക്കുന്നത്. അങ്ങനെ ജീവിച്ചാൽ നമ്മൾ പരമഭാഗ്യത്തിൽ എത്തുകയില്ല. താല്ക്കാലിക ലക്ഷ്യം ലഭിച്ചാലും നമ്മുടെ മനസ് തൃപ്തിപ്പെടുകയില്ല.



www.malankaralibrary.com

ഞങ്ങൾ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു വല്യച്ചൻ പറഞ്ഞുതന്നു. ''കുഞ്ഞുങ്ങളേ, നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ചെറിയ കാര്യത്തിനുവേണ്ടി ലക്ഷ്യം വെച്ചു പ്രാർത്ഥിക്കരുത്. ചെറിയകാര്യത്തിനു വേണ്ടി ലക്ഷ്യം വെച്ചു ജീവിച്ചാൽ നമ്മൾ മഠയരായിത്തീരും. ''പത്തുപവൻ സ്വർണ്ണം തരണമെ'' എന്നു സ്വർണ്ണഖനികൾ മുഴുവൻ സൃഷ്ടിച്ച ദൈവത്തോടു പ്രാർത്ഥിച്ചാൽ ദൈവം പത്തുപവൻ സ്വർണ്ണം തന്നെന്നിരിക്കും. അപ്പോളാണോർക്കുന്നതു് ഇരുപതു പവൻ ചോദിക്കേണ്ടതായിരുന്നുവെന്നു്. അതിനാൽ ചോദിക്കുമ്പോൾ, ലക്ഷ്യം വെക്കുമ്പോൾ കുറഞ്ഞു പോകരുതു്. "ദൈവമേ, എനിക്കു ദൈവത്തെകിട്ടണം. ദൈവത്തിനുള്ള സകലതും കിട്ടണം. അതാണെന്റെ ലക്ഷ്യം. അതിനുവേണ്ടി ഇപ്പോൾ എന്തെങ്കിലും തരുകയോ എടുക്കുകയോ ചെയ്തു കൊള്ളുക." എന്നു് പ്രാർത്ഥിക്കണം. നമ്മുടെ ലക്ഷ്യം ചെറുതായിപ്പോകരുതു്. ചെറിയ ലക്ഷ്യം പ്രാപിച്ചാൽ നമ്മൾ അതൃപ്തരാകും. ദൈവത്തെ പ്രാപിക്കുകയെന്നതായിരിക്കണം പരമലക്ഷ്യം. ആ ലക്ഷ്യം പ്രാപിക്കാൻ മുന്നേറുമ്പോൾ ഒരു വലിയ ശുദ്ധീകരണം നടക്കാനുണ്ടു്. നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും ദൈവത്തിനൊത്ത വിശുദ്ധി ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ, നമ്മൾ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പരിശുദ്ധരായിരിക്കണം. ദൈവത്തിന്റെ എല്ലാ നന്മകളിലും പങ്കുതരാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ വിശുദ്ധിയിലും പങ്കുതരാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ വിശുദ്ധിയും സ്നേഹരീതിയും സ്വീകരിക്കാതെ ദൈവത്തിന്റെ ശക്തിയിൽ മാത്രം പങ്കുകിട്ടാൻ ആഗ്രഹിക്കുകയും അതുവഴി മറ്റുള്ളവരെ കീഴ്പ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്താൽ അതു് സാധിക്കയില്ല. ദൈവത്തിന്റെ രാജ്യവും നീതിയും സ്വീകരിക്കുന്നവർക്കു മറ്റെല്ലാം ദൈവം നൽകുന്നു. ദൈവത്തിന്റെ രാജ്യം എന്നതു് ദൈവം നമ്മിൽ ഒരോ സ്ഥാനത്തു ജീവിച്ചു നയിച്ചുകൊണ്ടു് നമുക്കു തരുന്ന ദൈവജീവൻ എന്നതാണു്. ദൈവത്തിന്റെ നീതി എന്നതു് ദൈവസ്വഭാവത്തിലുള്ള പെരുമാറ്റം എന്നതാണു്.



www.malankaralibrary.com

# 11

# നിത്യജീവനായ സ്വർഗരാജ്യം

ദൈവപുത്രനോടു പരിശുദ്ധാത്മാവു വഴി ലഭിക്കുന്ന ഐക്യത്താൽ മനുഷ്യാത്മാവിനു ലഭിക്കുന്ന ആത്മജീവനാണ് നിത്യജീവനും സ്വർഗഭാഗ്യവും.

ദൈവം ദൈവത്തിനുള്ളതെല്ലാം നമുക്ക് തരുമോയെന്ന് പല സ്ഥലങ്ങളിലും പലരോടും ഞാൻ ചോദിച്ചിട്ടുണ്ട്. മിക്കയിടത്തും കിട്ടിയ മറുപടി, ദൈവത്തിനുള്ളതെല്ലാം തരുമെന്ന് തോന്നുന്നില്ല എന്നാണ്. ഒരിക്കൽ ഒരു അനാഥശാലയിൽ അപ്പനുമമ്മയുമില്ലാത്ത പാവപ്പെട്ടകുട്ടികളുടെ പക്കൽ ഞാൻ പോയി. അവക്കു സന്തോഷം ഉണ്ടാകാൻ പാട്ടുപാടി കഥപറഞ്ഞു. അതിനശേഷം അവർക്കു പ്രത്യാശ വളരാനായി ഞാൻ അവരോടുചോദിച്ചു, ''കുഞ്ഞുങ്ങളേ, ദൈവം ദൈവത്തിനുള്ളതെല്ലാം നിങ്ങൾക്കു തരുമോ?'' അതുകേട്ട് അവിടെയുണ്ടായിരുന്ന പത്തു പന്ത്രണ്ടു വയസ്സുള്ള ഒരു പെൺകുട്ടി എഴുന്നേറ്റു നിന്ന് എന്നോടൊരു ചോദ്യം, ''അച്ചാ, ദൈവത്തിനുള്ളതിൽ എന്താണ് ഇനിയും തരാനുള്ളത്. ഈശോയെ തന്നപ്പോൾ ദൈവം ദൈവത്തിനുള്ളതെല്ലാം തന്നുകഴിഞ്ഞില്ലേ? പിന്നെ തരുമോ തരുമോ എന്ന് അച്ചൻ ചോദിക്കുന്നതെന്താണച്ചാ?'' നോക്കണേ? ദൈവം ദൈവത്തിനുള്ളതെല്ലാം തരുമെന്ന് ബോധ്യപ്പെടുത്തി കുട്ടികൾക്ക് വിശ്വാസവും പ്രത്യാശയും വളർത്താനാണ് ഞാൻ ചെന്നത്. കുട്ടി തിരിച്ചടിച്ചതെന്താണ്? യേശുവിനെ തന്നത് എന്താണെന്ന് അച്ചൻ അറിഞ്ഞു വിശ്വസിക്കാഞ്ഞിട്ടല്ലേ, ദൈവത്തിനുള്ളതെല്ലാം തരുമോ തരുമോ എന്ന് ചോദിച്ചുകൊണ്ടു നടക്കുന്നതെന്ന്. ഞാൻ ആ കുട്ടിക്ക് രണ്ടു രൂപാ കൊടുക്കാമെന്നു പറഞ്ഞു. കുട്ടി വാങ്ങിയില്ല. യേശുവിനെ കിട്ടിയ കുട്ടിക്ക് രണ്ടു രൂപാ വലിയ കാര്യമല്ല. സത്യം പറയാമല്ലോ, ദൈവം ദൈവത്തിനുള്ളതെല്ലാം എങ്ങനെയാണു നമുക്കു തരുന്നതെന്ന് ആ കുട്ടിയാണ് എന്നെ പഠിപ്പിച്ചത്. നമ്മുടെ അധീനതയിൽ കുറെ സ്വർണ്ണ



www.malankaralibrary.com

മോ കൃപയോ തന്നുകൊണ്ടല്ല, ദൈവം ദൈവത്തിനുള്ളതെല്ലാം നമുക്കു തരുന്നതു്. തൻെറ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം നമ്മെ സ്നേഹിച്ചു. അവനെ സ്വീകരിച്ചവർക്കു് ദൈവമക്കളാകാൻ അവകാശം നൽകി. ദൈവവചനം – ദൈവപുത്രൻ – ആരുടെ ഉള്ളിൽ വസിക്കുന്നുവോ, അവരെ മററൊരു ദൈവമെന്നുപോലും വിളിക്കാൻ യഹോവാ മനസ്സായി. [യോഹ: 10:34-36]

നമ്മിൽ ദൈവനന്മകൾ നിറച്ചു് നമ്മൾ ദൈവമഹത്വത്തിൽ ആനന്ദിക്കുവാൻ ദൈവം ഒരുക്കിയ പദ്ധതി, നമ്മിലൂടെ പ്രകാശിക്കുവാൻ ദൈവവചനമായ യേശുവിനെ നമുക്കു തരിക എന്നതാണു്. യേശു നമ്മിൽ തൻെറ പ്രകാശജീവിതം ജീവിക്കുമ്പോൾ നമ്മിൽ ദൈവനന്മകൾ നിറയുവാൻ തുടങ്ങും. യേശു നമ്മിൽ പൂർണ്ണമായി പ്രകാശിക്കുമ്പോൾ എല്ലാം കിട്ടിക്കഴിഞ്ഞു. എഫേ. 5:14, 4:15, 3:19–20, കൊലൊ. 3:4, 2:19, 2:9–10.

പ്രായം ചെന്ന ഒരു സിസ്റ്റർ ഒരിക്കൽ എന്നോടു ചോദിച്ചു. ''അച്ചാ ഉയിർപ്പു് എന്താണെന്നു് അച്ചനറിയാമോ?'' ചോദ്യം കേട്ടപ്പോൾ ഞാനോർത്തു ആ സിസ്റ്റർ മരണത്തെ ഭയപ്പെട്ടിരിക്കയാണെന്നു്. ഞാൻ പറഞ്ഞു: ''നമ്മൾ കല്ലറയിൽ നിന്നു് പുതിയ ശരീരത്തോടെ എഴുന്നേററു വരും.'' അതു കേട്ടു് സിസ്റ്റർ പറയുകയാണു്: ''അച്ചാ ഉയിർപ്പെന്നു പറഞ്ഞാൽ അതൊന്നുമല്ല. ഉയിർപ്പെന്നു പറഞ്ഞാൽ യേശുക്രിസ്തു എന്നാണർത്ഥം. "ഞാൻ ജീവനും പുനരുത്ഥാനവുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്നു് കർത്താവു പറഞ്ഞിട്ടുണ്ടല്ലോ. യേശുക്രിസ്തു ആകുന്ന ജീവൻെറ പേരാണു് പുനരുത്ഥാനജീവൻ എന്നതു്. ആ ജീവൻ വന്നതിൻെറ ഒരു അടയാളം മാത്രമാണു് ശരീരത്തിനും പുതുജീവൻ കിട്ടുന്നതു്.'' സിസ്റ്റർ ബോധ്യപൂർവ്വം പറഞ്ഞ വാക്കുകൾ എൻെറ ഉള്ളിൽ തട്ടി.

യേശു നമ്മുടെ ഉള്ളിൽ വന്നു ജീവിക്കുമ്പോൾ എല്ലാം കിട്ടുമെന്നും യേശു നിത്യജീവനും ഉയിർപ്പുമാണെന്നും ഞാൻ ഒരു സ്ഥലത്തു പ്രസംഗിച്ചു. കേട്ടിരുന്ന ഒരു എം. എ.ക്കാരൻ എന്നോടുപറഞ്ഞു ''അച്ചൻെറ പ്രസംഗമൊക്കെ ഇഷ്ടപ്പെട്ടു. പക്ഷെ, യേശു ഉള്ളിൽ



www.malankaralibrary.com

വരണമെന്നു് പറയുന്നതുകേട്ടിട്ടു് ഓക്കേർഡു് ആയി തോന്നുന്നു. യേശു ഉള്ളിൽ വന്നു് എവിടെ ഇരിക്കാനാ? വയററിൽ കയറി ഇരിക്കുമോ? യേശുവിനെ സ്നേഹിക്കണമെന്നും അനുകരിക്കണമെന്നും പറയുന്നതു കേൾക്കുവാൻ എനിക്കിഷ്ടമാണു്.'' യേശു ഉള്ളിൽ വന്നു് എവിടെയാണിരിക്കുന്നതെന്നു് ഉടനെ പറഞ്ഞു കൊടുക്കാൻ എനിക്കു് അറിവില്ലായിരുന്നു. അന്നുവൈകിട്ടു വേദപുസ്തകം തുറന്നപ്പോൾ അതിന്റെ മറുപടി കിട്ടി. 1യോഹ.5:10–14 വായിക്കുക. ആത്മാവിന്റെ ജീവനായിട്ടാണു് യേശുവരുന്നതു്. ഉള്ളം എന്നു പറയുന്നതു് ആത്മാവു് എന്ന അർത്ഥത്തിലാണു്. ദൈവം നമുക്കു് നിത്യജീവൻ നൽകിയതു് ദൈവപുത്രനെ നൽകികൊണ്ടാണു്. 'ഈ ജീവൻ അവിടുത്തെ പുത്രനിലാണു്. ദൈവപുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കി. ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവൻ ഇല്ല.' ജീവൻ ഇല്ല എന്നു പറഞ്ഞാൽ ശരീരജീവൻ ഇല്ല എന്നല്ല അർത്ഥം. മനുഷ്യർക്കു് ആത്മാവു് മനസ്സു് ശരീരം എന്ന മൂന്നു മണ്ഡലങ്ങളുണ്ടു്. ശരീരത്തിനു് ചലനശക്തിയുണ്ടെങ്കിൽ ശരീരജീവൻ ഉണ്ടെന്നുപറയാം. മനസ്സിനു ചിന്തിക്കാൻ കഴിവുണ്ടെങ്കിൽ മനസ്സിനു ജീവൻ ഉണ്ടെന്നു പറയാം. ആത്മാവിന്റെ ജീവൻ യേശുക്രിസ്തു ആകുന്നു. ദൈവവചനമായ–ദൈവപുത്രനായ–യേശുക്രിസ്തു ആത്മാവിനോടു് പരിശുദ്ധാത്മാവിലൂടെ ഒന്നായി ചേർന്നിരിക്കുമ്പോൾ ആത്മാവിനു ജീവനുണ്ടു്. ഇല്ലെങ്കിൽ ആത്മാവു ചത്തിരിക്കുന്നു. ആത്മാവിനു ജീവൻ ഇല്ലാതെ ശരീരത്തിനും മനസ്സിനും മാത്രം ജീവനുള്ളവർ ഉണ്ടു്. ഒരു ചാക്കോയെ പച്ചയ്ക്കു കൊന്നു് ചുട്ടുകരിച്ച സുകുമാരക്കുറുപ്പിനു് ശരീരത്തിനും മനസ്സിനും ജീവനുണ്ടായിരുന്നു. ആത്മാവിനു ജീവനുണ്ടായിരുന്നെങ്കിൽ അതു ചെയ്യാൻ തോന്നുമോ? ഇല്ല.

ആത്മാവിന്റെ ജീവൻ നിറഞ്ഞു നില്ക്കുന്ന ഭാഗ്യസ്ഥിതിക്കു് സ്വർഗ്ഗം, നിത്യഭാഗ്യം, നിത്യജീവൻ, പ്രകാശജീവൻ, പിതാവിന്റെ ഭവനം, കുഞ്ഞാടിന്റെ വിരുന്നു്, ക്രിസ്തുജീവൻ, എന്നെല്ലാം പറയുന്നു. വേദപുസ്തകത്തിൽ ചില സ്ഥലത്തു് ഇതു സൂചിപ്പിക്കാൻ ജീവൻ എന്നും പറയാറുണ്ടു്. ദൈവപുത്രനായ–ദൈവവചനമായ–ക്രിസ്തു ആത്മാവിൽ ജീവിച്ചു പ്രകാശിക്കുന്ന സ്ഥിതിയാണു് സ്വർഗ്ഗമെന്നു് വേദപുസ്തകത്തിൽ വിവിധ ഭാഗങ്ങളിൽ വ്യക്തമാക്കുന്നുണ്ടു്.



www.malankaralibrary.com

വി. പൌലൊസ് ശ്ളീഹാ,1കോരി 2:9ൽ പഴയ നിയമം ഉദ്ധരിച്ചു പറയുകയാണ്, ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവം ഒരുക്കിയിരിക്കുന്ന മഹാ ഭാഗ്യം കണ്ണുകണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, മനസ്സുകൊണ്ടു് ഗ്രഹിച്ചെടുക്കാനും സാദ്ധ്യമല്ല. ഈ ഭാഗ്യം എന്താണ്? ചിലർ പറയും നമ്മൾ മരിച്ചുകഴിഞ്ഞു ചെല്ലുമ്പോൾ ദൈവം തരാനിരിക്കുന്ന ഭാഗ്യമാണെന്ന്. പക്ഷെ,ഈ ഭാഗ്യം 'യേശുക്രിസ്തു' തന്നെയാണെന്ന് ആ വാക്യത്തിന്റെ മുമ്പും പിമ്പുമുള്ള വാക്യങ്ങൾ നോക്കിയാൽ മനസ്സിലാകും. ഈ ഭാഗ്യം എന്താണെന്ന് പരിശുദ്ധാത്മാവ് നമുക്ക മനസ്സിലാക്കിത്തരുന്നു എന്ന് 2:10ൽ പറയുന്നു. ഇതു മനസ്സിലാക്കാൻ ലോകവിജ്ഞാനികൾക്കു സാധിച്ചില്ല. സാധിച്ചിരുന്നെങ്കിൽ മഹത്വത്തിന്റെ നാഥനെ അവർ ക്രൂശിക്കയില്ലായിരുന്നു എന്ന് 2:8ൽ പറയുന്നു. മഹത്വത്തിന്റെ നാഥനായ യേശുക്രിസ്തു തന്നെയാണ് ഒരു മനുഷ്യനു ലഭിക്കുവാനുള്ള പരമഭാഗ്യം. പരിശുദ്ധാത്മാവു വഴി മാത്രമെ ഈ സത്യം മനസ്സിലാവുകയുള്ളു. യേശുവാണ് ജീവൻ. സത്യം. വഴി. നിത്യ സന്തോഷമായ ജീവനും, സത്യവും, അതു പ്രാപിക്കാനുള്ള വഴിയും ക്രിസ്തുമാത്രമാണ്. യേശു– സ്വർഗ്ഗം–ഒരു ജീവനാണ്. ഒരു മഹാനന്മയുടെ (യാഥാർത്ഥ്യത്തിന്റെ)അനുഭവാത്മകമായ വെളിപാട് (സത്യം) ആണ്. ആ ജീവൻ പ്രാപിക്കുവാനുള്ള വഴിയുമാണ്. യേശു നമ്മിൽ ജീവിച്ചു ജീവിച്ചാണ് ആ ജീവന്റെ പൂർണ്ണതയിൽ നാം എത്തുന്നതു്.

വി. യോഹന്നാൻ ശ്ളീഹായുടെ സുവിശേഷം തുടങ്ങുന്നതു തന്നെ, ''ആദിയിൽ വചനം ഉണ്ടായിരുന്നു....... അവനിൽ ജീവനുണ്ടായിരുന്നു........ ആ ജീവനാണ് മനുഷ്യരുടെ യഥാർത്ഥ ജീവൻ.... (നിത്യജീവൻ–ആത്മജീവൻ) ആ ജീവനെ കീഴ്പ്പെടുത്തുവാൻ അന്ധകാരശക്തിക്ക സാദ്ധ്യമല്ല എന്നു പറഞ്ഞുകൊണ്ടാണ്. നമ്മിലെ ശരീരജീവനെ കീഴ്പെടുത്തുവാൻ അന്ധകാര ശക്തിക്ക സാധിക്കും. ഇരുമ്പു വടികൊണ്ടു് ഒരടികൊടുത്താൽ മതി. മാനസിക ജീവനെ കീഴപ്പെടുത്താൻ സാധിക്കും. എന്നാൽ യേശുനാഥൻ തന്നെത്തന്നെ നമ്മോടുയോജിപ്പിച്ചുകൊണ്ടു് നമ്മുടെ ആത്മാവിനു നൽകുന്ന ദൈവജീവൻ തകർക്കുവാൻ പീഡനങ്ങൾക്കൊന്നിനും സാദ്ധ്യമല്ല. ഈ ആത്മ



www.malankaralibrary.com

ജീവനും അതിന്റെ ചലനങ്ങളും ശക്തികളും മഹത്വവും സ്നേഹവും സന്തോഷവും എല്ലാമാണ് നമ്മുടെ നിത്യാരോഗ്യം. യേശുവിന്റെ തികവിൽ നിന്ന് പരിശുദ്ധാത്മാവുവഴി നമ്മുടെ ആത്മാവിലേക്കും, ആത്മാവിൽ നിന്ന് മനസ്സിലേക്കും, ശരീരത്തിലേക്കും നന്മകൾ പ്രവഹിച്ചുകൊണ്ടിരിക്കയാണ്.

ഈ ഉന്നത ജീവൻ സ്വീകരിച്ച് അതിന് പ്രഥമ സ്ഥാനം നൽകാത്തവർ മനസ്സിന്റെയും ശരീരത്തിന്റെയും ജീവൻ മാത്രം വളർത്താൻ ശ്രമിച്ച് സ്വയ കേന്ദ്രീകൃത ജീവിതം നയിക്കുന്നു. സ്വന്തജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവർ അതു നഷ്ടപ്പെടുത്തും. യേശു ജീവിച്ചു പ്രകാശിക്കാനായി സ്വന്ത ജീവിതത്തെ താഴ്ത്തിക്കൊടുക്കുന്നവർ ജീവനെ പ്രാപിക്കുന്നു. ക്രിസ്തുജീവൻ സ്വീകരിച്ചു കഴിയുമ്പോൾ ക്രിസ്തുജീവൻ സ്വീകരിച്ച എല്ലാവരോടും ജീവന്റെ ബന്ധം ആത്മാവിൽ പ്രാപിച്ചു കഴിഞ്ഞു. അങ്ങനെ ജീവബന്ധം പ്രാപിച്ചവരുടെ കൂട്ടായ്മയാണ് സഭ. ഏക ക്രിസ്തു ജീവിക്കുന്നവരുടെ കൂട്ടായ്മയാണ സഭയെങ്കിൽ ഒരു സഭയെ ഉണ്ടാകാൻ പാടുള്ളു. ആ ജീവബന്ധത്തിന്റെ ബാഹ്യ ദൃശ്യരൂപഭാവങ്ങളും പ്രവൃത്തികളുമാണ് സഭയുടെ ബാഹ്യഘടനകളും ബാഹ്യപ്രവർത്തനങ്ങളും ആയിരിക്കേണ്ടതു്.

യേശുക്രിസ്തുവിനെ നേടാനായി എന്തെങ്കിലും ഉപേക്ഷിക്കുന്നവർ ഉപേക്ഷിക്കുന്നതിന്റെ നൂറിരട്ടിയാണ് നേടുന്നതു്. ക്രിസ്തുവിനെ നേടുക എന്നതു് അത്രമേൽ ഉന്നതമാണ്. ക്രിസ്തു നമ്മിൽ ജീവിക്കുവാനായി നമ്മിലെ താണ ജീവമണ്ഡലങ്ങളെ താഴ്ത്തി സമർപ്പിക്കുമ്പോൾ നമ്മൾ ജീവനിൽ അനന്തതയോളം വളരുകയാണ്. ക്രിസ്തു നമ്മിലൂടെ ജീവിക്കുവാനായി നമ്മെ താഴ്ത്തി സമർപ്പിക്കുന്നതിലാണ് വിശ്വാസത്തിന്റെ കാതൽ അടങ്ങിയിരിക്കുന്നതു്. ❁



www.malankaralibrary.com

# 12

# യേശുവിന്റെ രക്ഷാകരശക്തി സ്വീകരിച്ചാൽ മാത്രമേ, തിന്മകളിൽനിന്ന് രക്ഷപ്പെടുകയുള്ളൂ

> മനുഷ്യാത്മാവിലും മനസിലും ശരീരത്തിലും മനുഷ്യബന്ധങ്ങളിലുമുള്ള തകർച്ചകളും ദുരിതങ്ങളും പിശാചിന്റെ ഉപദ്രവങ്ങളും യേശു തന്റെ അജയ്യമായ ദൈവശക്തിയാൽ കീഴ്പ്പെടുത്തി. നമുക്ക ദൈവീക സ്വാതന്ത്ര്യം നൽകാൻ മനുഷ്യ ജീവിതത്തിലെ ഓരോ മണ്ഡലങ്ങളിലേക്കും കടന്നു വരുന്നു.

യേശുവിലൂടെ ദൈവപിതാവു നമുക്ക നൽകുന്ന രക്ഷാകര സ്നേഹത്തെപ്പററിയാണ് ഇനിയും ധ്യാനിക്കവാനുള്ളത്. യേശു നമ്മെ നമ്മുടെ ദുരിതങ്ങളിൽനിന്നു വീണ്ടെടുക്കുന്നു. ദുരിതങ്ങളില്ലാത്തതും സന്തോഷവും സമൃദ്ധിയും നിറഞ്ഞതുമായ സ്ഥിതിയിലേക്ക് പ്രവേശിപ്പിക്കുന്നു. ഏതെങ്കിലും ദുരിതം നമ്മെ മഥിക്കുകയോ, ആനന്ദത്തിന്റെ തികവിൽ എത്താതിരിക്കുകയോ, ചെയ്താൽ രക്ഷ പൂർണ്ണമായിട്ടില്ല. നമ്മിലേക്ക് നന്മകരം നിറച്ചു നിറച്ച് ആനന്ദത്തിന്റെ തികവിലെത്തിക്കുന്ന വലിയ പ്രവൃത്തി യേശു തുടർന്നുകൊണ്ടിരിക്കുന്നു. ദുരിതങ്ങളിൽനിന്നു രക്ഷപ്പെടുവാൻ മനുഷ്യർ മാനുഷികമായ പല വഴികളും പരീക്ഷിച്ചു നോക്കാറുണ്ട്. അവയൊന്നും പ്രശ്നവിമുക്തിക്കുള്ള ശാശ്വത പരിഹാരമാകുന്നില്ല. ലോകത്തിന്റെ രക്ഷയ്ക്കായി ദൈവം നൽകുന്ന ഏകമാർഗ്ഗം യേശു എന്ന ഒരുവൻ മാത്രമാണ്. യേശുവിനു മാത്രമേ നമ്മെ പൂർണ്ണമായി രക്ഷിക്കാൻ സാധിക്കൂ.



www.malankaralibrary.com

പ്രധാനമായി അഞ്ചിനം ദുരിതങ്ങളാണ് മനുഷ്യനെ മഥിക്കുന്നത്.

1) ആത്മാവിലെ ദുരിതം. (പാപം; പാപശക്തി; പാപശിക്ഷ; പാപസ്ഥിതി) മനുഷ്യാത്മാവ് സദാ ദൈവത്തോട് ഐക്യപ്പെട്ട് ഒന്നായിരിക്കണം എന്നതാണ് ആത്മീക ജീവന്റെ നിയമം. ഈ ഐക്യത്തിൽ എത്ര മാത്രം കുറവുണ്ടോ അത്രമാത്രം ആത്മാവ് പാപ സ്ഥിതിയിലാണ്, പാപത്തിലാണ്. യേശുവിന്റെ ജീവനോട് പരിശുദ്ധാത്മാവുവഴി ഒന്നായിച്ചേർന്നുകൊണ്ട്, യേശുവിലൂടെ ദൈവപിതാവിനോട് ഐക്യപ്പെട്ടുകൊണ്ട് മനുഷ്യർ പാപത്തിൽനിന്ന് മോചിതരായിത്തീരുന്നു.

2) മനസ്സിന്റെ ദുരിതം– (വിപരീത വികാരങ്ങൾ) ആത്മാവ് ദൈവത്തോട് ഐക്യപ്പെട്ട് ജീവനുള്ള സ്ഥിതിയിലായിരിക്കുമ്പോൾ മനസ്സിൽ പ്രോത്സാഹന വികാരങ്ങൾ നിറയുന്നു. സ്നേഹം, ഉൽസാഹം, ഉൽക്കർഷേച്ഛ, സന്തോഷം, ധൈര്യം മുതലായവയാണ് നല്ല വികാരങ്ങൾ. എന്നാൽ ആത്മാവിലെ ജീവൻ നശിക്കുകയും ജീവിതാനുഭവങ്ങളിൽനിന്ന് ലഭിച്ച നീറുന്ന മുറിവുകൾ മനസ്സിൽ ഉണങ്ങാതെ കിടക്കുകയും ചെയ്യുമ്പോൾ, ആ മുറിവുകളിൽനിന്ന് ഉയരുന്ന വിപരീത വികാരങ്ങൾ മനുഷ്യനെ ഭരിക്കുന്നു. ഈ വിപരീത വികാരങ്ങൾ സ്വന്തജീവിതവും മററുള്ളവരുടെ ജീവിതവും കയ്പേറിയതാക്കുന്നു; കോപം, ഭയം, നിരാശ അപകർഷബോധം, കുററബോധം, തെററായ ലൈംഗിക താല്പര്യം, മദ്യപാനാസക്തി, മടി, മററുള്ളവരെ അഭിമുഖീകരിക്കുവാൻ പ്രേരിപ്പിക്കുന്ന ലജ്ജാശീലം, മനസ്സിലമർത്തിയ വെറുപ്പുകൾ, മുതലായ വിപരീത വികാരങ്ങൾ ശരിയായ സ്നേഹജീവിതത്തിനും ആത്മീയ ജീവിത വളർച്ചയ്ക്കും തടസ്സമായി നില്ക്കുന്നു. യേശു നമ്മുടെ നാഥനായിവന്ന് കൃപനൽകി, ആത്മാവിൽ ജീവൻ ശക്തിപ്പെടുത്തുകയും, മനസ്സിലെ മുറിവുകളെ മാററി, വിപരീത വികാരങ്ങളുത്ഭവിക്കുന്ന ഉറവിടം നശിപ്പിക്കുകയും ചെയ്യുന്നു.

3) ശരീരത്തിന്റെ ദുരിതം.. (വേദനകൾ—രോഗങ്ങൾ—മരണം) നാഥൻ ആത്മാവിലും മനസ്സിലും ജീവൻ നിറയ്ക്കുമ്പോൾ അത് ശരീരത്തിൽ ലഭിക്കുന്നു. ശരീരം



www.malankaralibrary.com

ഉൽസാഹവും ശക്തിയും ജീവനും ഉള്ളതായിത്തീരുന്നു. രോഗശാന്തി ലഭിക്കുന്നു.

4) സാമൂഹ്യദുരിതം. മനുഷ്യർ പല വ്യക്തികളാണെങ്കിലും, അവരിലെ ആത്മാവിന്റെ ജീവൻ ഒന്നു തന്നെയാകയാൽ ആത്മാവിലൂടെ എല്ലാവർക്കും ആഴമേറിയ ഐക്യമുണ്ട്. എന്നാൽ പാപം ഉണ്ടാവുകയും ആരെങ്കിലും ആത്മജീവൻ തകർന്നു് ജീവിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ ആന്തരികമായ കൂട്ടായ്മ നശിക്കുന്നു. അതിന്റെ വേദന മാറ്റുള്ളവരും ഒരളവിൽ അനുഭവിക്കാൻ ഇടയാകും. മനുഷ്യവർഗ്ഗത്തിലെ ആന്തരികമായ ശിഥിലത ബാഹ്യതലത്തിൽ സാമൂഹ്യ ശിഥിലതകളായി അനുഭവപ്പെടുന്നു. യുദ്ധങ്ങൾ, ഭിന്നതകൾ, ചൂഷണങ്ങൾ, മുതലെടുപ്പുകൾ, വിഭാഗീയ ചിന്തകൾ, കക്ഷിമാത്സര്യങ്ങൾ, മുതലാളി തൊഴിലാളി മനോഭാവങ്ങൾ, മുതലായ വിവിധ ദുരിതങ്ങൾ മനുഷ്യവർഗ്ഗത്തെയും ഓരോ വ്യക്തിയേയും വേദനിപ്പിക്കുന്നു. നാഥനായ യേശു ഓരോ വ്യക്തിയിലും കടന്നുവന്നു് ജീവിച്ചു് പ്രകാശിച്ച് ആന്തരികമായ ജീവൈക്യം ഉണ്ടാക്കുകയും വേർതിരിക്കുന്ന മതിലുകൾ തകർക്കുകയും ചെയ്യുന്നു. (എഫേ. 2: 14–22). ഏകസഭ ഉണ്ടാകുന്നതു് ഇങ്ങനെയാണു്. എന്നാൽ ഇന്നു സഭയിൽ പോലും ഭിന്നതകൾ മുഴച്ചു നിൽക്കുന്നു. ഭിന്നിത സഭകൾ മുളയെടുക്കുന്നു. സ്വന്തക്കൂട്ടായ്മയിൽ മററു ചില വർഗ്ഗത്തിലുള്ളവരെ ചേർക്കുകയില്ല എന്ന നിലയിൽവരെ അടഞ്ഞു പോയ സമൂഹങ്ങളുണ്ടു്. എവിടെ ക്രിസ്തു പ്രകാശിക്കാതിരിക്കുന്നുവോ അവിടെ കക്ഷിമാത്സര്യങ്ങളും വിഭാഗീയ ചിന്തകളും ഭിന്നതകളും അതിന്റെ ദുരിതങ്ങളും കൂടിക്കൂടിവരുന്നു. യേശുനാഥനെ സ്വീകരിക്കാൻ മനസ്സാകുന്നവരിൽ നാഥൻ പ്രകാശിച്ചുകൊണ്ടു് ഭിന്നതകൾ തകർത്തു് ലോകസമാധാനം വളർത്തിക്കൊണ്ടിരിക്കുന്നു. യേശുവിന്റെ ശരീരത്തിൽ ഭിന്നതകളെല്ലാം തകർക്കപ്പെട്ടെങ്കിലും മനുഷ്യവർഗ്ഗത്തിൽ അതു് അനുഭവമാകേണ്ടിയിരിക്കുന്നു. എത്രമേൽ കൂടുതൽ ആളുകൾ യേശുവിനെ ജീവനാഥനായി സ്വീകരിച്ചു് ആത്മാവിൽ ജീവൻ പ്രാപിക്കുന്നുവോ അത്രയേറെ ലോകസമാധാനം ഉണ്ടാകുന്നു.

5) സാത്താന്റെ ഉപദ്രവങ്ങൾ. അരൂപികളായ പിശാചുക്കൾ മനുഷ്യനെ ബാഹ്യമായും ആന്തരികമായും ഉപദ്രവിക്കാറുണ്ടു്. ഈ ഉപദ്രവങ്ങളിൽനിന്നു് യേശു



www.malankaralibrary.com

നാഥൻ നമ്മെ രക്ഷിക്കുന്നു. താൽക്കാലികമായ എന്തെങ്കിലും ഉപദ്രവങ്ങൾ ഉണ്ടാകാൻ അനുവദിച്ചാൽ, അതിലുപരി മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

യേശുവിന്റെ രക്ഷാകരശക്തിയും സ്നേഹവും സ്വീകരിക്കാൻ മനസ്സാവുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും യേശുനാഥൻ രക്ഷ നൽകുന്നു. മനുഷ്യൻ അനുഭവിക്കുന്ന ഓരോ ഉപദ്രവങ്ങളെപ്പററിയും അതിൽ നിന്ന് യേശു നമ്മെ രക്ഷിക്കുന്ന രീതിയെപ്പററിയും തരംതിരിച്ച് വിശദമായി അടുത്ത അദ്ധ്യായങ്ങളിൽ പഠിക്കാം.

MALANKARA
LIBRARY



www.malankaralibrary.com

# 13

# യേശു സാത്താന്റെ ഉപദ്രവങ്ങളെ കീഴടക്കുന്നു

ആന്തരികമായി മൂന്നു രീതിയിലും ബാഹ്യമായി മൂന്നു രീതിയിലും സാത്താൻ ഉപദ്രവിക്കുന്നു. അഞ്ചു രീതിയിൽ മനുഷ്യനിൽ സ്വാധീനം ചെലുത്തുന്നു. യേശുവിനു സമർപ്പിതരായവരെ യേശു സദാ രക്ഷിക്കുന്നു.

പിഴച്ചുപോയ മാലാഖമാരെയാണ് പിശാചുക്കൾ എന്നു പറയുന്നത്. (യൂദാ 6). അവർ അരൂപികളായ ആത്മീയ ജീവികളാണ്. ചില മനുഷ്യർ ഭാവനയിൽ കാണുന്നതുപോലെ അവയ്ക്ക് വാലും കൊമ്പുമുള്ള രൂപങ്ങളില്ല. അതുപോലെ,ശവക്കോട്ടയിൽ സാത്താൻ കുടിയിരിക്കുകയാണെന്ന ചിന്തയും മനുഷ്യന്റെ ഭാവനയിൽ മാത്രം ഉടലെടുത്തതാണ്. പിശാചുക്കൾ ഒരിക്കൽ മീററിംഗു കൂടിയപ്പോൾ ഒരു പിശാച് ഇങ്ങനെ പ്രസംഗിച്ചതായി ഒരാൾ പറയുന്നതുകേട്ടു. ''ഈ മനുഷ്യരൊക്കെ വെറും മണ്ടന്മാരാണ്. അവരു വിചാരിച്ചിരിക്കുന്നത് നമ്മൾ ശവക്കോട്ടയിൽ ഇരിക്കുകയാണെന്ന്. നമ്മൾ എന്തിനാണ് ശവക്കോട്ടയിൽ ഇരിക്കുന്നത്. നമ്മൾ ആ മദ്യഷാപ്പിന്റെ പടിക്കലും സിനിമാശാലകളുടെ പടിക്കലും ഒക്കെ നടന്ന് ജോലിയെടുക്കുകയാണ്. മണ്ടന്മാരായ മനുഷ്യർ വിചാരിക്കുന്നത്. നമ്മൾ ശവക്കോട്ടയിലിരിക്കുകയാണെന്നാണ്.'' ഇതും ഭാവന തന്നെ. ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തിയ അരൂപികളാണവർ. സ്നേഹഗുണം നഷ്ടമായതിനാൽ, അവയ്ക്കു കിട്ടിയ ശക്തികളെല്ലാം നാശത്തിനായി ഉപയോഗിക്കുന്നു. തലതിരിഞ്ഞതും തലതിരിക്കുന്നതുമായ ദുഷ്ടാരൂപികളാണവ. (അവയ്ക്ക് തല ഉണ്ടെന്നല്ല അർത്ഥം)



www.malankaralibrary.com

## പിശാചുക്കൾ വ്യക്തികളാണോ?

ആധുനിക മനഃശാസ്ത്രങ്ങൾ പഠിച്ച ചിലർ, പിശാചുക്കൾ ഇല്ല എന്നു പറയാറുണ്ട്. മനുഷ്യമനസ്സിന്റെ തോന്നലുകളെയും അബോധമനസ്സിന്റെ പ്രവർത്തനങ്ങളെയും പിശാചായി മനുഷ്യർ പരിഗണിക്കയാണെന്ന് അവർ പറയുന്നു. എന്നാൽ പിശാചിനെ ബഹിഷ്ക്കരിക്കുന്നതിനെപ്പററിയും പിശാചു പരീക്ഷിക്കുന്നതിനെപ്പററിയും പിശാചിന്റെ പതനത്തെപ്പററിയും നമ്മുടെ കർത്താവു വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. അതിന് ചിലർ നൽകുന്ന വ്യാഖ്യാനം, അന്നത്തെ ആളുകളുടെ ധാരണയ്ക്കനുസരിച്ച് യേശു പറഞ്ഞതാണെന്നാണ്. എന്നാൽ മനുഷ്യരുടെ ധാരണകൾ തെററാണെങ്കിൽ അതു വ്യക്തമായി തിരുത്തി കൊടുക്കുവാൻ യാതൊരു മടിയുമില്ലാതെ ദൈവത്തിന്റെ പൂർണ്ണസത്യവെളിപാടായി ജീവിച്ചയാളാണ് യേശു എന്ന കാര്യം മറക്കരുത്. പഴയനിയമവാക്യങ്ങളിൽ ദൈവവെളിപാടല്ലാത്തവ നാഥൻ തിരുത്തിപ്പറഞ്ഞു. ദൈവപിതാവിനെപ്പററിയുള്ള മനുഷ്യരുടെ ധാരണ തിരുത്തിക്കൊടുത്തു. അപസ്മാരം പോലെയുള്ള മാനസിക രോഗങ്ങളെയാണ് പിശാചുബാധയായി വേദപുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്നതെന്ന് ചിലർ പറയുന്നു. രോഗികളെ സുഖപ്പെടുത്തുവിൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുവിൻ എന്ന് കർത്താവു തിരിച്ചു തിരിച്ചു പറഞ്ഞിട്ടുണ്ട്. രോഗവും പിശാചുബാധയും രണ്ടാണ്. ഒരേ ലക്ഷണങ്ങൾ കാണിച്ചതിൽ ചിലതു രോഗമായും ചിലതു പിശാചുബാധയായും വേർതിരിച്ചറിയുന്നതും ഒന്ന് രോഗശാന്തിക്കുള്ള പ്രാർത്ഥനയാലും മറേറതു് പിശാചിനെ ബഹിഷ്ക്കരിക്കുന്ന ആജ്ഞയാലും യേശു സുഖപ്പെടുത്തുന്നതും നമ്മൾ വായിക്കുന്നു. മർക്കോസ് 7:31, 9:14. പിശാചു ബാധയും രോഗവും വേർതിരിച്ചറിയാൻ യേശുവിനെങ്കിലും സാധിച്ചിരുന്നു എന്നു സമ്മതിക്കണം. പിശാചുക്കൾ വ്യക്തികളാണെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. യേശു ദൈവപുത്രനാണെന്ന് പിശാചുബാധിതൻ ഏററുപറഞ്ഞതായി കാണുന്നു. വെറും മാനസിക അസുഖം മാത്രമാണ് ആ മനുഷ്യനെ ബാധിച്ചിരുന്നതെങ്കിൽ, ഈ സത്യം മനസ്സിലാക്കി വിളിച്ചു പറയാൻ അവനു് എങ്ങനെ സാധിക്കും? അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ നമ്മൾ വായിക്കുന്നുണ്ട്, പിശാചു ബാധിച്ച ഒരു അടിമപ്പെണ്ണ് സുവിശേഷത്തിനു സാക്ഷ്യം നൽകുന്നതു്. (അ



www.malankaralibrary.com

റോമ. 16:16). പിശാചുണ്ടെന്നതു് യാഥാർത്ഥ്യമാണെന്നു് ഇവയിൽനിന്നു മനസ്സിലാക്കാം. മനുഷ്യന്റെ ആത്മാവിനെയും മനസ്സിന്റെ മണ്ഡലങ്ങളെയും ഉപദ്രവിക്കുന്ന അദൃശ്യജീവികളാണു് പിശാചുക്കൾ. മനസ്സിന്റെ രോഗങ്ങളും പിശാചിന്റെ ഉപദ്രവങ്ങളും വേർതിരിച്ചു് മനസ്സിലാക്കണം. ചിലപ്പോൾ അവ രണ്ടും കൂടി ചേർന്നു വരാറുണ്ടു്. മനുഷ്യന്റെ ഉള്ളിലേക്ക കയറി മൂന്നു രീതിയിലും, മനുഷ്യന്റെ വെളിയിൽനിന്നു് മറ്റു മനുഷ്യരിൽക്കൂടി മൂന്നു രീതിയിലും സാത്താൻ ഉപദ്രവിക്കാറുണ്ടു്.

1) ആന്തരികമായ ഉപദ്രവങ്ങളിൽ ഒന്നാമത്തേതാണു് പ്രലോഭനം. ദൈവത്തെക്കാളും ദൈവത്തോടുള്ള ഐക്യത്തേക്കാളും ദൈവത്തെ സേവിക്കുന്നതിനെക്കാളും ആകർഷകമായി ഏതെങ്കിലും സൃഷ്ടികളെ പൂജിക്കുവാൻ പ്രേരണയുണ്ടാകുമ്പോൾ അതു് പ്രലോഭനമാണു്. ബുദ്ധിയുടെ പ്രകാശനം കുറയുകയും ഭാവനയിലും ഓർമ്മയിലും വ്യാമോഹങ്ങൾ സൃഷ്ടിച്ചു് ഇല്ലാത്ത നന്മകൾ ഉള്ളതായി തോന്നിക്കുകയും ചെയ്യുന്നതാണു് പ്രലോഭനം. ബുദ്ധി പ്രകാശിച്ചിരിക്കുമ്പോൾ മനുഷ്യൻ മനസ്സിലാക്കും എല്ലാററിനും ഉപരി ദൈവത്തെ സ്നേഹിക്കുകയും ദൈവനന്മകൾ ആസ്വദിക്കുകയും ദൈവത്തെ സേവിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിലാണു് മനുഷ്യന്റെ പരമഭാഗ്യമെന്നു്. അപ്പോൾ ദൈവത്തിന്റെ ഓരോ പ്രവർത്തനങ്ങളിലുമുള്ള നന്മയെ ആസ്വദിച്ചു് സ്തോത്രം ചെയ്യുന്നു. ദൈവം അനുവദിക്കുന്ന ഏതൊന്നിലുമുള്ള ദൈവത്തിന്റെ സ്നേഹത്തെ ആസ്വദിച്ചു് സ്തോത്രം ചെയ്യുന്നു. പാപശക്തിമൂലം ബുദ്ധിപ്രകാശം കുറയാൻ ഇടയുണ്ടു്. എന്നാൽ പെട്ടെന്നു് ബുദ്ധിയെ മയക്കി ഓർമ്മയിലും ഭാവനയിലും വികാരങ്ങൾ സൃഷ്ടിച്ചു് വ്യാമോഹത്തിൽ എത്തിച്ചു് ദൈവത്തെ മറക്കുവാൻ ഇടയാക്കുന്നതു് സാത്താനാണു്. അപ്പോൾ ദൈവത്തെ മറന്നു ധാർമ്മിക നിയമങ്ങൾ ലംഘിച്ചും മനസ്സിന്റെയോ ശരീരത്തിന്റെയോ ഇഷ്ടവസ്തുവിലേക്കു് ഹൃദയം ഓടിപ്പോകുന്നു. പ്രലോഭനത്തിനു് മനസ്സു കീഴ്പ്പെട്ടു കഴിയുമ്പോൾ പാപത്തിൽ വീഴുന്നു. മരണശക്തി വളരുന്നു.

ഒരിക്കൽ ഒരു യുവതി അധാർമ്മികമായ ഒരു വിവാഹത്തിനു് ആഗ്രഹിച്ചു. അതിൽ നിന്നു പിന്തിരിയാൻ ഉപദേശിച്ചപ്പോൾ അവൾ പറയുകയാണു്: ''ഞാൻ അവനെപ്രതി എത്ര തല്ലുകൊണ്ടതാണെന്നറിയാമോ?



www.malankaralibrary.com

ഇതിൽ നിന്നു പിന്മാററുവാൻ എന്റെ അപ്പൻ എന്നെ എത്ര തല്ലിയതാണെന്നറിയാമോ? എല്ലാം അവനെപ്രതി ഞാൻ സ്നേഹിക്കുകയായിരുന്നു.'' അവളുടെ ഹൃദയം അത്രമേൽ അക്കാര്യത്തിൽ ഉറച്ചുപോയി. അവരം രണ്ടിലൊന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു. ഒന്നുകിൽ യേശുവിനെ ഉപേക്ഷിച്ചിട്ട്, അവനെമതിഎന്നു പറയണം. അല്ലെങ്കിൽ യേശുവിനെ ഉപേക്ഷിച്ചിട്ട എനിക്കു യാതൊന്നും വേണ്ടാ എന്നു പറയണം. അവരം ആരെ ഉപേക്ഷിക്കും എന്നു ചോദിച്ചപ്പോഠം പറയുകയാണു്: ''ഇപ്പോഠം യേശുവിനെ ഉപേക്ഷിക്കുകയേയുള്ളു''. ദൈവത്തിന്റെ പരമസ്നേഹത്തെക്കാഠം ആകർഷകമായ നിലയിൽ ഏതെങ്കിലും സൃഷ്ടിയെപ്പററി ചിന്തിക്കുമ്പോഠം ബുദ്ധി അന്ധമായിരിക്കയാണു്. ഒന്നുകിൽ അവരം പാപശക്തിയുടെ അടിമയായിത്തീർന്നിരിക്കാം. അല്ലെങ്കിൽ അവളുടെ ഭാവനയിൽ സാത്താൻ സ്വാധീനം ചെലുത്തുകയാണു്. ഒരു ലഘുപാപമെങ്കിലും ചെയ്യുവാൻ തീരുമാനിച്ചപ്പോഠം നമ്മരം ഇതുതന്നെയാണു പറഞ്ഞതു്. ''ദൈവം പോകട്ടെ, എനിക്കിതാണു പ്രധാനം.''

മനുഷ്യരിൽ പ്രലോഭനമുണ്ടാക്കി ദൈവത്തിൽ നിന്നകററുവാൻ സാത്താൻ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആകയാൽ പ്രലോഭനത്തിൽനിന്നു രക്ഷപെടുവാൻ നിരന്തരം പ്രാർത്ഥിക്കണം. ദൈവത്തെയും ദൈവതീരുമാനങ്ങളെയും ദൈവപദ്ധതികളെയും ആസ്വാദിച്ചുകൊണ്ടു് നിരന്തരം സ്തോത്രപ്രാർത്ഥന നടത്തുന്നതു് പൈശാചിക ശക്തിയിൽ നിന്നു രക്ഷപെടുവാൻ നല്ലതാണു്. യേശുനാഥൻ കുരിശിൽവെച്ചു നമ്മെ തന്നോടു് യോജിപ്പിച്ചതു് ഏററുപറഞ്ഞുകൊണ്ടു്, യേശുവിനെ നാഥനായി അംഗീകരിച്ചുകൊണ്ടു്, കുരിശിലെ വിജയത്തെ സ്വാംശീകരിച്ചുകൊണ്ടു്, യേശുവിന്റെ നാമത്തിൽ സാത്താനോടു് ദൂരെപ്പോകാൻ ആജ്ഞാപിക്കുക. ഇതു മനസ്സിൽ പറഞ്ഞാൽ മതി. യേശുവിനെ നാഥനായി അംഗീകരിക്കുമ്പോഠംതന്നെ സാത്താന്റെ ശക്തികഠം കെട്ടടങ്ങാൻ തുടങ്ങും. കുമ്പസാരവും വി. കുർബ്ബാന സ്വീകരണവും വളരെ ഉപകാരപ്രദമാണു്. ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന പ്രാർത്ഥന കൂടെക്കൂടെ ചൊല്ലുക. പിശാചിനെ അകററുവാൻ രഹസ്യമായി ചൊല്ലുവാനുള്ള ഒരു പ്രാർത്ഥന താഴെ ചേർക്കുന്നു.

യേശുവേ, അങ്ങയെ എന്റെ നാഥനായി ഞാൻ



www.malankaralibrary.com

സ്വീകരിക്കുന്നു. പാപത്തെ ഉപേക്ഷിക്കുന്നു. എന്റെ എല്ലാ പാപങ്ങളെപ്പററിയും അനുതപിക്കുന്നു. എന്നോടു ദ്രോഹം ചെയ്ത എല്ലാവരോടും ഹൃദയപൂർവ്വം ക്ഷമിക്കുന്നു. അവരെ സ്നേഹിക്കുവാൻ തീരുമാനിക്കുന്നു. യേശുവേ, അങ്ങു കുരിശിൽ ചിന്തിയ രക്തത്തിന്റെ യോഗ്യതയാലും കുരിശിലെ ജയത്താലും, അങ്ങയുടെ നാമത്തിൽ ഞാൻ പിശാചിനെ ബഹിഷ്ക്കരിക്കുന്നു. ദുഷ്ടപിശാചേ, യേശുവിന്റെ നാമത്തിൽ, നിന്നെ ഞാൻ ബഹിഷ്ക്കരിച്ച് ബന്ധിച്ച് യേശുവിന്റെ പാദങ്ങളിൽ വെയ്ക്കുന്നു. യേശുവേ അങ്ങയുടെ നീതിയനുസരിച്ചു അതിനോടു പെരുമാറുക എന്നെ (ഈ ആളിനെ) ഇനി ഉപദ്രവിക്കാൻ അനുവദിക്കരുതേ. അങ്ങയുടെ പരിശുദ്ധാത്മാവിനെ എനിക്കു (ഇയാൾക്കു) നൽകണമേ.

ഈ പ്രാർത്ഥന നമുക്കുവേണ്ടിയും മററുള്ളവർക്കു വേണ്ടിയും രഹസ്യമായി ഉപയോഗിക്കാം. എന്നാൽ പരസ്യമായി ഔദ്യോഗിക പ്രാർത്ഥന ചൊല്ലി പിശാചിനെ ഇറക്കുവാൻ മെത്രാന്റെ അനുവാദം വാങ്ങിയിരിക്കണം. പിശാചിന്റെ ഉപദ്രവങ്ങൾ എത്ര നിസ്സാരമാണെങ്കിലും അതിൽനിന്നു രക്ഷപ്പെടേണ്ടതുണ്ട്. ഒരു മനുഷ്യൻ സ്വയകേന്ദ്രീകൃതജീവിതത്തിലായിരിക്കുമ്പോളാണ് സാത്താന് അയാളെ വളരെയേറെ ഉപദ്രവിക്കാൻ സാധിക്കുക. നമ്മൾ യേശുവിന്റെ ദാസരായിരിക്കുമ്പോൾ നമ്മെ കീഴ്പ്പെടുത്തുവാൻതക്കവണ്ണം ഉപദ്രവിക്കാൻ സാത്താനു സാധിക്കുകയില്ല. ഒരാൾ തന്നെത്തന്നെ വ്യവസ്ഥ കൂടാതെ യേശുനാഥനു സമർപ്പിക്കുമ്പോൾ സാത്താന്റെ ശക്തികൾ കെട്ടടങ്ങാൻ തുടങ്ങും.

2) പ്രലോഭനങ്ങളുമായി വരുന്ന പിശാചിനെ കീഴടക്കാതിരുന്നാൽ അവൻ ഒന്നു കൂടി ശക്തിയായി നമ്മുടെ ഉള്ളിലേക്കു കയറി ചില മാനസിക മണ്ഡലങ്ങളെ സ്വായത്തമാക്കും. ചില ആന്തരിക കഴിവുകൾ (faculties) സാത്താന്റെ നിയന്ത്രണത്തിലായിത്തീരുന്നു. ഈ ഉപദ്രവത്തിന് പീഡനം [oppression] എന്നു പറയുന്നു. ചിലരുടെ ഭാവനയിൽനിന്ന് പാപചിത്രങ്ങൾ മാറാതെ നില്ക്കും. ചില പാപാസക്തികൾ മനസ്സിൽ മാറാതെ നില്ക്കും. ചിലരോടുള്ള വിദ്വേഷം മറയാതെ നിൽക്കും. മനുഷ്യന് സ്വന്ത മനഃശക്തികൊണ്ടു് ഇതിൽനിന്ന് സ്വാതന്ത്ര്യം പ്രാപിക്കാൻ വയ്യാത്തവിധം ആന്തരികഇന്ദ്രിയങ്ങളെ സാത്താൻ അധീനതയിലാക്കുന്നു. ഇങ്ങനെയുള്ള മനുഷ്യരിൽക്കൂടി സാ



www.malankaralibrary.com

ത്താൻ ലോകത്തെ ഭരിക്കുന്നു. 'ലോകം മുഴുവൻ സാത്താൻെറ കരവലയത്തിലാണ്'' എന്ന് 1യോഹ:5:19ൽ പറയുന്നുണ്ടല്ലോ.

ആന്തരികശക്തികളിൽ സാത്താൻെറ നിരന്തര സ്വാധീനം അനുഭവപ്പെടുന്നെങ്കിൽ വളരെ ബോധപൂർവ്വം യേശുവിനെ നാഥനായി സ്വീകരിച്ച് പ്രാർത്ഥിക്കണം. കുമ്പസാരവും വി. കുർബ്ബാന സ്വീകരണവും നടത്തി യേശുവിൻെറ കുരിശുമരണത്തിൽ പങ്കുചേർന്ന് ശക്തി സമ്പാദിക്കണം. സാത്താനെ ഉപേക്ഷിക്കുന്ന പ്രാർത്ഥന കൂടെക്കൂടെ ചൊല്ലുക. ഉപവാസവും പ്രാർത്ഥനയും വേദപുസ്തകവായനയും എല്ലാം സഹായകമാണ്.

3) പീഡനംവരെയായിട്ടും മോചനം നേടാതെ കഴിഞ്ഞാൽ, ആ വ്യക്തി കൂടുതൽ കൂടുതൽ പാപങ്ങൾ ചെയ്തുകൂട്ടുന്നു. ബന്ധനം വർദ്ധിച്ചു വരുന്നു. അപ്പോൾ മനസ്സിലെ ഇച്ഛാശക്തിയുടെമേൽ സാത്താൻ മിക്കവാറും സമ്പൂർണ്ണ സ്വാധീനം ചെലുത്തിക്കൊണ്ട് ആവാസം (Possession) എന്ന സ്ഥിതിയിലേക്ക് എത്താറുണ്ട്. ആ സ്ഥിതിയിലായ മനുഷ്യർ സാത്താൻെറ കാൽക്കീഴിലാണ്. അവരെക്കൊണ്ട് പലതും ചെയ്യിക്കാൻ സാത്താനു സാധിക്കും. സാത്താനോട് എതിർത്തുനിൽക്കാനും നന്മ പ്രവർത്തിക്കാനും ഈ ആളിന് നേരിയ സ്വാതന്ത്ര്യമേ അവശേഷിക്കുന്നുള്ളു. അതിനാൽ ഈ തരത്തിലുള്ള ആളുകളെ രക്ഷിക്കാൻ മററുള്ളവരുടെ സഹായം ആവശ്യമാണ്. ഇങ്ങനെയുള്ളവരിൽക്കൂടി തന്ത്രപൂർവ്വമായ പ്രവചനവും വിരൂപമായ ഭാഷാവരപ്രകടനവും നടത്താനും അയാൾ പഠിച്ചിട്ടില്ലാത്ത ഭാഷയിൽ സംസാരിക്കുവാനും, ചില അടയാളങ്ങൾ അത്ഭുതരൂപത്തിൽ കാണിക്കാൻവരെയും സാത്താനു സാധിക്കും. ചിലർ സ്വയം പീഡിപ്പിക്കുകയും മററുള്ളവരെ ഉപദ്രവിക്കുകയും ചെയ്യും ചിലർ ബുദ്ധിഭ്രമം വന്നവരെപ്പോലെ പലതും കാണിക്കും. ഇങ്ങനെയുള്ളവരെ വിമോചിക്കുവാൻ യേശുവിൽ ജീവിതം അർപ്പിച്ചവരുടെ നിരന്തരമായ പ്രാർത്ഥന ആവശ്യമാണ്. മെത്രാൻെറ അനുവാദത്തോടുകൂടി സഭയുടെ ഔദ്യോഗിക പ്രാർത്ഥന ചൊല്ലി സാത്താനെ ബഹിഷ്ക്കരിക്കണം. പിശാചു ബാധിതനെക്കൊണ്ടു സംസാരിപ്പിക്കരുത്. സാത്താൻെറ സ്വാധീനം അയാളിൽ ഇല്ലാതായിത്തീരുന്നതുവരെ പ്രാർത്ഥനയിൽ മുഴുകണം. നമ്മൾ ഉപവാസത്തോടുകൂടി സ്തോത്രപ്രാർത്ഥനയിൽ മുഴുകി ദൈവമഹത്വത്തിൽ നിറഞ്ഞു ദൈവശ



www.malankaralibrary.com

ക്തി പിശാചുബാധിതരിലേക്ക് എത്തിക്കണം. നമ്മൾ യേശു നിറഞ്ഞവരായിത്തീരുന്നതിന്റെ അളവനുസരിച്ച് നമ്മുടെ പ്രാർത്ഥനകൾ സാത്താന്റെ ശക്തി കെടുത്തുവാൻ കൂടുതൽ പര്യാപ്തമായിത്തീരും. ചിലർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ സംഘം ചേർന്ന് ദിവസങ്ങളോളം പ്രാർത്ഥിക്കേണ്ടത് ആവശ്യമാകും. നമ്മുടെ ശക്തിയാലല്ല, യേശുനാഥന്റെ കുരിശിലെ വിജയ പ്രതാപത്താലാണ് സാത്താനെ ബഹിഷ്ക്കരിക്കുന്നതെന്ന് ഓർമ്മ വേണം. അതിനാൽ അതിവിനീതരായും, എന്നാൽ യേശുവിന്റെ ജയത്തിൽ ഉറപ്പുള്ളവരായും, വിശ്വാസമുള്ളവരായും, യേശുവിന്റെ നാമത്തിലും യേശുവിന്റെ അധികാരത്തിലും ആജ്ഞാപിക്കുക. പ്രാർത്ഥനയിൽ മുഴുകുക. ബന്ധനസ്ഥനായ ആൾ യേശുവിനു സമർപ്പിതനാകാൻ കഴിവുകിട്ടുമ്പോൾ സമർപ്പണം നടത്തിക്കുകയും പാപത്തെയും പിശാചിനെയും ഉപേക്ഷിപ്പിക്കുകയും പരിശുദ്ധാത്മാവിന്റെ നിയന്ത്രണം ലഭിക്കാൻ പ്രാർത്ഥിക്കുകയും ചെയ്യുക. വീണ്ടും സാത്താന്റെ ഉപദ്രവമുണ്ടാകാതിരിക്കാൻ സദാ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ജീവിക്കണം.

മനുഷ്യന്റെ ഉള്ളിലേക്കു കയറിക്കയറി മനുഷ്യനെ സാത്താൻ ഉപദ്രവിക്കുന്ന ഈ മൂന്നു രീതികളിൽനിന്ന് (പ്രലോഭനം, പീഡനം, ആവാസം) മനുഷ്യർ മോചിതരായാൽ എല്ലാം സുരക്ഷിതമായെന്നു വിചാരിച്ചുകൂടാ. വീണ്ടും മനുഷ്യന്റെ ഉള്ളിലേക്കു കയറി മനുഷ്യനെ കീഴടക്കാനായി വെളിയിൽ നിന്നുകൊണ്ട് മൂന്നു വിധം ഉപദ്രവം തുടങ്ങും. സാത്താന്റെ അധീനതയിലുള്ള മനുഷ്യരിൽക്കൂടിയും അവരുടെ അധീനതയിലുള്ള ശക്തികളിൽക്കൂടിയുമാണ് യേശുവിനു സമർപ്പിതരായവരെ ബാഹ്യമായി ഉപദ്രവിച്ചു കീഴടക്കാൻ സാത്താൻ ശ്രമിക്കുന്നത്. പാപപ്രേരണ, മനസ്സിടിവു വരുത്തുക, ശരീരപീഡനവും മരണവും ഇവയാണ് ആ ഉപദ്രവങ്ങൾ.

1. പാപപ്രേരണ. പാപങ്ങൾ ഉപേക്ഷിച്ച് യേശുവിന്റെ സ്വന്തമാകാൻ ആഗ്രഹിക്കുന്നവരെ, സാത്താന്റെ അധീനതയിലുള്ള മനുഷ്യരുടെ ദുർമ്മാതൃകവഴിയും, വശ്യവാക്കുകൾവഴിയും, അശ്ലീല സിനിമ, പ്രസിദ്ധീകരണങ്ങൾ മുതലായ മാദ്ധ്യമങ്ങൾവഴിയും പാപത്തിനു പ്രേരിപ്പിക്കുന്നു. ആകയാൽ സദാ ജാഗ്രൂകരായി യേശുകേന്ദ്രീകൃതമായ ജീവിതം നയിക്ക



www.malankaralibrary.com

ണം. യേശുവിൽ ആയിരുന്നു് യേശുവിനോടൊത്തു് ചിന്തിക്കുകയും പ്രാർത്ഥിക്കുകയും യേശുവിന്റെ സന്തോഷത്തിലും സ്നേഹത്തിലും നിമഗ്നരാവുകയും ചെയ്യണം. മററുള്ളവരെ പ്രീതിപ്പെടുത്താൻവേണ്ടി ഒന്നു കുടിക്കാനോ തെററായി കൂട്ടുകൂടാനോ പോയാൽ അവസാനം തകർച്ചയുടെ ആഴത്തിൽ എത്തിച്ചേർന്നേക്കാം. മാനസാന്തരത്തിലേക്കു് വന്നവർതന്നെ പിന്നെയും വീണു പോയിട്ടുണ്ടെന്നു് ഓർക്കുക.

2. മനസ്സിടിവു വരുത്തുക. പാപപ്രേരണ എന്ന ഒന്നാമത്തെ ബാഹ്യ ആക്രമണങ്ങളെ നമ്മൾ ചെറുത്തു നിന്നാൽ, സാത്താന്റെ അധീനതയിലുള്ള മനുഷ്യരിൽ കൂടി നമുക്കു മനസ്സിടിവുവരുത്തുന്ന സംഭാഷണങ്ങളും പ്രവൃത്തികളും നടത്തി നമ്മെ കീഴടക്കാൻ ശ്രമിക്കും. ഉള്ള കുററമോ ഇല്ലാത്ത കുററമോ പറഞ്ഞു പരത്തുക; അവ അവിടെയും ഇവിടെയും എഴുതിവയ്ക്കുക; ശാപവാക്കുകളും അസഭ്യകാര്യങ്ങളും പറയിക്കുക; നിരാശ വരുത്തുക; മുതലായവ സാത്താന്റെ തന്ത്രങ്ങളാണു്. ഇങ്ങനെ മനസ്സിടിവുവന്നു് നിരാശയിലാകുന്ന മനുഷ്യനെ സ്വാധീനിക്കുവാൻ സാത്താന സാധിക്കും. നിരാശരും അസ്വസ്ഥരുമാകുന്നവർ സന്തോഷമന്വേഷിച്ചു് പാപങ്ങൾ ചെയ്തുകൂട്ടാൻ സാദ്ധ്യതയുണ്ടു്. ആകയാൽ ആരെന്തുപറഞ്ഞാലും യേശുവിലുള്ള പ്രത്യാശയിലും സന്തോഷത്തിലും ഉറച്ചു നിന്നു് യേശു ആവശ്യപ്പെടുന്നതു ചെയ്തു് ധീരമായി മുന്നേറണം. നിരുന്മേഷരാക്കുന്ന വാക്കുകൾ കുട്ടികളോടു പറയരുതെന്നു് വി. പൌലൊസ് ശ്ളീഹാ ഉപദേശിക്കുന്നു. ശപിക്കുന്നവരെ അനുഗ്രഹിക്കുവാൻ കർത്താവു പറഞ്ഞുതരുന്നു. മററുള്ളവരുടെ ശാപവാക്കുകൾ നമ്മുടെ ഉള്ളിൽ നിറഞ്ഞു് വിദ്വേഷവും നിരാശയും കൊണ്ടു് മനസ്സ് ഇടിയാതിരിക്കാൻ കരിശിലെ യേശുവിനോടുകൂടി അവർക്കുവേണ്ടി പ്രാർത്ഥിക്കണം. നമ്മിൽ നിന്നു് യേശുവിന്റെ സ്നേഹത്തിന്റെ പ്രവാഹം അവരിലേക്കു് ഒഴുകണം. ശാപ വാക്കുകൾ പറയിക്കുന്നതു് സാത്താന്റെ ഒരു അമ്പാണു്. തിരിച്ചുശാപവാക്കുകൾ പറയുമ്പോൾ നമ്മൾ സാത്താന്റെ അധീനതയിലാകും.

3) ശരീരപീഡനവും മരണവും. സാത്താൻ ബാഹ്യമായി ഉണ്ടാക്കുന്ന ഉപദ്രവങ്ങളിൽ അടിപതറാതെ നമ്മൾ പിടിച്ചുനിന്നാൽ ശരീരപീഡനങ്ങളും മർദ്ദനങ്ങളും മരണവും കൊണ്ടു് നമ്മെ കീഴടക്കി പിശാചിന്റെ പിടി



www.malankaralibrary.com

യിലാക്കുവാൻ അന്തിമ ശ്രമം നടത്തും. വളരെയേറെ മർദ്ദനങ്ങളോ പീഡകളോ ഉണ്ടാകുമ്പോൾ മനുഷ്യൻ നിരാശനാവുകയോ മർദ്ദകരെ വെറുക്കുകയോ ദൈവത്തെ ഉപേക്ഷിക്കുകയോ ചെയ്യാൻ ഇടയുണ്ട്. അങ്ങനെ സാത്താന് അവന്റെ ഉള്ളിൽ കയറാൻ സാധിക്കുന്നു. ക്രൂരമർദ്ദനങ്ങളും കൊലപാതകവുമെല്ലാം സാത്താന്റെ കുതന്ത്രങ്ങളാണെന്ന് മനസ്സിലാക്കണം. ആ സമയത്തും നഷ്ടധൈര്യനാകാതെ ക്രൂശിതനായ യേശുവിൽ നിന്ന് സഹിക്കാനും ക്ഷമിക്കാനും സ്നേഹിക്കാനുമുള്ള ശക്തിപ്രാപിച്ച് ജയം നേടാവുന്നതാണ്.

ഒരു ധ്യാനാവസരത്തിൽ ഒരു സാധു യുവതി കരഞ്ഞുകൊണ്ട് എന്നോട് പറഞ്ഞു; "എനിക്കു ക്ഷമിക്കാൻ സാധിക്കുന്നില്ലച്ചാ....'' മോളേ എന്താണെങ്കിലും ക്ഷമിക്കണമെന്ന് ഞാൻ ഉപദേശിച്ചപ്പോൾ അവൾ പറയുകയാണ്, "അച്ചൻ ഇതൊന്നു കേട്ടിട്ടു പറയൂ എങ്ങനെ ക്ഷമിക്കാൻ സാധിക്കുമെന്ന്. ഞങ്ങൾ പാവങ്ങളാണച്ചാ. അപ്പൻ മരിച്ചു പോയി. ഞാനും അമ്മയും ഒരു സഹോദരനും കൂടിയാ ജീവിച്ചു വന്നത്. അവന് ഒരു ചെറിയ ജോലി കിട്ടിയതുകൊണ്ട് ഉപജീവനം നടന്നു വന്നു. ഒരു ദിവസം അവൻ ജോലി കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ, അയൽപക്കത്തുള്ള രണ്ടു മൂന്നുപേർ അവിടെ കയറിവന്നു. അവൻ അവരോട് എന്തോ മര്യാദകേടായി സംസാരിച്ചു എന്നു പറഞ്ഞ് എന്റെയും അമ്മയുടെയും മുമ്പിൽ വെച്ച് അവനെ കുത്തിക്കൊന്നച്ചാ... അന്നുമുതൽ എന്റെ അമ്മ ഭ്രാന്തു പിടിച്ചു നടക്കുകയാണച്ചാ...എനിക്കവരോടു ക്ഷമിക്കാൻ വയ്യച്ചാ''. ....അവൾ കരയാൻ തുടങ്ങി. ക്ഷമിക്കാൻ ഉപദേശിച്ച ഞാൻ അല്പസമയം മിണ്ടാതിരുന്നു പോയി. എത്ര വലിയ ഹൃദയഭാരമാണ് അവൾ അനുഭവിക്കുന്നത്. അവൾക്കു തുണയായി ഭൂമിയിൽ ആരുണ്ട്? അവൾ എവിടെയെങ്കിലും കൂലിപ്പണി ചെയ്യണം ഭ്രാന്തു പിടിച്ച അമ്മയെ പോറ്റാൻ. നോക്കൂ, ഒരു കൊലപാതകം എത്രപേരുടെ ഉള്ളിൽ സാത്താന്റെ രാജ്യം സ്ഥാപിക്കാൻ ഇടയാക്കി. ആ മരിച്ച ചെറുപ്പക്കാരൻ ക്ഷമിക്കാതെയായിരിക്കാം മരിച്ചത്. കൊന്നവൻ അനുതപിക്കാതെ നടക്കുകയായിരിക്കാം. തള്ളയുടെ സ്ഥിതി ഏതുവിധം? മകളുടെ ഹൃദയഭാരം എത്ര വലുത്? ക്ഷമിക്കാൻ സാധിക്കാത്തവണ്ണമുള്ള ഭാരങ്ങൾ. ഒരു അടിപിടിയോ, വഴക്കോ കൊലപാതകമോ നടക്കുന്നിടത്ത് സാത്താൻ അത്രമാത്രം ജയിക്കുകയാണ്. അവളോടുപറയാൻ ദൈവം എന്റെ ഉള്ളിൽ ഒരു



www.malankaralibrary.com

വാക്യം തോന്നിച്ചു. ഞാൻ അവളോടു പറഞ്ഞു. ''മോളേ, നിനക്കു ക്ഷമിക്കാൻ കഴിവു കിട്ടുന്നില്ലെങ്കിൽ, കുരിശി ന്റെ താഴെ നിൽക്കുന്ന മാതാവിനോടു പ്രാർത്ഥിക്കു ''അമ്മേ, അമ്മ കുരിശിന്റെ താഴെ നിന്നപ്പോൾ, ഈ ശോയെ അടിക്കുകയും കുത്തുകയും കൊല്ലുകയും ചെയ്യു ന്നതു കണ്ടപ്പോൾപോലും എല്ലാവരോടും ക്ഷമിക്കാനും എല്ലാവരെയും അനുഗ്രഹിക്കാനും എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാനും സാധിച്ചല്ലോ. എത്രയധികമായി ദൈവ കൃപ കിട്ടിയതുകൊണ്ടാണ് അമ്മയ്ക്കതു സാധിച്ചതു്. അമ്മയ്ക്കു കിട്ടിയ ആ കൃപ എനിക്കുകൂടി പങ്കുവെച്ചു തരു അമ്മേ....'' എന്നു പ്രാർത്ഥിക്കു. കുരിശിന്റെ താഴെ നി ല്ക്കുന്ന മാതാവ് സാത്താനെ കീഴടക്കുകയായിരുന്നു. സാ ത്താന്റെ എല്ലാ അമ്പുകളെയും ദൈവശക്തിയാൽ യേശു വിന്റെ കൂടെനിന്നു് തകർക്കുകയായിരുന്നു യേശുവിന്റെ പീഡാനുഭവസമയത്തു് അമ്മയുടെ ഹൃദയം ദൈവസ്നേഹ ത്തിൽ നിന്നു് അകന്നു് ശാപവും വിദ്വേഷവും കൊണ്ടു നിറഞ്ഞിരുന്നെങ്കിൽ സാത്താൻ മാതാവിനെ കീഴടക്കു മായിരുന്നു. എന്നാൽ മാതാവു് യേശുവിന്റെ ഹൃദയ ത്തോടു് ആഴത്തിൽ യോജിച്ചു് ക്രൂശിച്ചവർക്കുവേണ്ടി യേശു പ്രാർത്ഥിച്ചതിന്റെകൂടെ പ്രാർത്ഥിച്ചുകൊണ്ടു് സഹ രക്ഷകയായിസാത്താനെ കീഴടക്കി.

ഒരു പ്രസംഗത്തിനിടയിൽ ഞാൻ ഒരിക്കൽ മാതാ ക്കളോടു ചോദിച്ചു; ''നിങ്ങളുടെ ഒരു നല്ല മകനെ മറ്റു ള്ളവർ വെട്ടുകയും കുത്തുകയും കൊല്ലുകയും ചെയ്യുന്നതു കണ്ടാൽ മാതാവു ചെയ്തതുപോലെ നിങ്ങൾ ഒരു ദ്വേഷ വും കൂടാതെ അവർക്കുവേണ്ടി പ്രാർത്ഥിക്കുമോ?'' അതു കേട്ടു് ഒരു അമ്മ പറയുകയാണു്, ''എന്റെ കൈയ്യിൽ ഒരു കത്തികിട്ടിയാൽ ഒരുവനെയെങ്കിലും ഞാൻ അരി ഞ്ഞു വീഴ്ത്തും.'' അതു പറയാൻ എളുപ്പമാണ്. എന്നാൽ ക്ഷമിച്ചു സ്നേഹിക്കുമെന്നു് പറയണമെങ്കിൽ ദൈവീക ജീവൻ നമ്മിലേക്കു് നിവേശിപ്പിച്ചു് പാപസ്വഭാവത്തെ തകർക്കണം. കൃപവഴി നൽകുന്ന ദിവ്യസ്വഭാവം നമ്മൾ സ്വീകരിക്കണം. ആ യുവതി സ്വല്പസമയം പ്രാർത്ഥി ച്ചതിനുശേഷം പറഞ്ഞു. ''ഞാൻ ക്ഷമിക്കുന്നു.''

ദൈവം നമുക്കു ദിവ്യസ്വഭാവം തരുമ്പോൾ പാപ ശക്തികളും പാപസ്വഭാവവും പിശാചിനെയും ഉപേ ക്ഷിച്ചു ദൈവസ്നേഹത്താൽ ക്ഷമിക്കാൻ സാധിക്കും. സാത്താന്റെ ശക്തിയേറിയ ഉപദ്രവങ്ങളിൽനിന്നും രക്ഷ പെടുവാൻ നമ്മൾ ആഴമുള്ള ആഗ്രഹത്തോടെ ദൈവസ്വ



www.malankaralibrary.com

ഭാവം ലഭിക്കാനായി—കൃപലഭിക്കാനായി—പ്രാർത്ഥിക്കണം. ഈ ഭൂമിയിൽ അവസാന നിമിഷംവരെയും സാത്താൻ ഉപദ്രവിച്ചുകൊണ്ടിരിക്കും. രക്തസാക്ഷികൾ ക്രൂരമായ ശരീരപീഡനങ്ങളുടെയും അപമാനത്തിൻെറയും തെററുധാരണയുടെയും നേരത്തും ദൈവസ്നേഹത്തിൽ എല്ലാവരെയും അനുഗ്രഹിച്ചുകൊണ്ടിരുന്നു. അങ്ങനെ അന്തിമസമരത്തിലും അവർ സാത്താനെ തോല്പിച്ചു. ഈ ജയം നമ്മുടെ മനഃശ്ശക്തികൊണ്ടോ തപശ്ശക്തികൊണ്ടോ ലഭിക്കയില്ല. പ്രത്യുത യേശുനാഥൻ കുരിശിൽവച്ച് സാത്താൻെറ എല്ലാ പരീക്ഷകളെയും ജയിച്ച് നമുക്കുവേണ്ടിനേടിയ വിജയത്തിൽ പങ്കുചേരുകയും യേശുവിനെ നാഥനായി സ്വീകരിച്ച്, ദൈവികജീവനിൽ ജീവിക്കുകയും ചെയ്യുന്നതുവഴി മാത്രമെ ലഭിക്കുകയുള്ളു. നമ്മൾ യേശുവിൽ നിന്ന് അകന്ന് ജീവിക്കുന്തോറും നമ്മുടെ പഴയ സ്വഭാവം മാത്രമേ നമുക്കുണ്ടായിരിക്കയുള്ളു. അപ്പോൾ സാത്താനു നമ്മെ വേഗം കീഴടക്കാൻ സാധിക്കും. യേശുവിൽ ഐക്യപ്പെട്ടുജീവിക്കുമ്പോഴാകട്ടെ ദൈവികജീവനും ജയശക്തിയും നമുക്ക് ഉണ്ടായിരിക്കുന്നതാണ്. അതിനാൽ യേശുനാഥൻെറ തിരുശരീരത്തിൻെറ അവയവങ്ങളായി ജീവിക്കുവാനുള്ള സമർപ്പണം സദാ നടത്തികൊണ്ടിരിക്കണം. അനുസരണത്തിൻെറ അടിമകളായി വ്യാപരിക്കണം. (റോമ. 6:16)

**സാത്താൻെറ താവളങ്ങൾ :**

സ്വയകേന്ദ്രീകൃത ജീവിതം നയിക്കുന്ന മനുഷ്യരുടെ ആന്തരികതലങ്ങളിൽ പലഭാഗത്തും സാത്താൻ സ്വാധീനം ചെലുത്തി താവളമടിക്കുന്നു. നമ്മുടെ അന്തർഭാഗത്ത് അടിച്ചുവാരാതെ കിടക്കുന്നഭാഗത്ത് ചപ്പിൻെറയും ചവറിൻെറയും അടിയിൽ സാത്താൻ കുടിയിരിക്കും. പ്രധാനമായി അഞ്ചുഭാഗത്ത്.

1. പശ്ചാത്തപിക്കാത്ത പാപങ്ങൾ. കഴിഞ്ഞ കാല പാപങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് അനുതപിക്കാതെ, ആ പാപകൃത്യത്തെ നീതീകരിച്ചും, കുററം മററുള്ളവരുടെമേൽ ചുമത്തിയും, സാരമില്ല എന്നു ചിന്തിച്ചും, എല്ലാവരും ഇങ്ങനെയൊക്കെയാ എന്നുപറഞ്ഞും അതിനോട് മനസ്സിനെ വീണ്ടും താദാത്മ്യപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ ആ ഭാഗം സാത്താനിരിക്കുവാൻ ഒരു താവളമായിത്തീരും. ആ തെററിൽ വീണ്ടും വീഴിക്കുവാൻ സാത്താനു സാധിക്കും. എന്നാൽ എനിക്കു തെററുപററിപ്പോയി, ഞാൻ പാപത്തെ ഉപേക്ഷിക്കുന്നു, ദൈവമേ, ക്ഷമിക്കണമേ, യേശുവേ, ജീവൻ



www.malankaralibrary.com

തരണമേ,' എന്നിങ്ങനെ അനുതപിച്ച് വിനീത ഹൃദയം പുലർത്തിയാൽ സാത്താന്റെ താവളം തക രും. കഴിഞ്ഞ കാലത്തുണ്ടായ എല്ലാ പാപങ്ങളെപ്പ റ്റിയും അനുതാപമുള്ള വിനീതഹൃദയം സദാ പുലർത്ത ണം. അങ്ങനെ ചെയ്താൽ ആ വീഴ്ചപോലും നമ്മുടെ വിനയത്തിലും പുണ്യത്തിലും വളരാൻ കാരണമായി ത്തീരും. ദൈവരാജ്യം നമ്മിലേക്ക് വരാൻ പശ്ചാ ത്തപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യണമെന്നാ ണ് കർത്താവ് അരുളിച്ചെയ്തിട്ടുള്ളത്.

2. മററുള്ളവർ നമ്മോടു ചെയ്ത തെററുകൾ ക്ഷമി ക്കാതെ ഉള്ളിലടക്കിയതാണ് സാത്താന്റെ മറെറാരു താവളം. മററുള്ളവർ ചെയ്ത തെററുകൾ സൂര്യൻ അസ്ത മിക്കുന്നതിനുമുമ്പ് ക്ഷമിക്കണമെന്നും സാത്താന് ഇരി ക്കാൻ ഇടം കൊടുക്കരുതെന്നും എഫേ. 4:26-27ൽ വാ യിക്കുന്നു. ക്ഷമിക്കാതെ ഉള്ളിൽ അടക്കുക എന്നു പറയു ന്നത് വിദ്വേഷം ഉപബോധമനസിലേക്ക് താഴ്ത്തിവെ യ്ക്കുകയാണ്. അപ്പോൾ ആ ഭാഗം സാത്താന്റെ നിയ ന്ത്രണത്തിലാകും. അതേ രീതിയിലുള്ള തെററുകൾ ക്ഷമി ക്കാതിരിക്കാനും അതേ തെററുകൾ ചെയ്യാനുമുള്ള ദുസ്വഭാ വം നമ്മിൽ വളർന്നുവരും. ഉപബോധമനസിൽ അടക്കി യവയെല്ലാമാണ് പലപ്പോഴും മനുഷ്യന്റെ പെരുമാററരീ തിയായിത്തീരുന്നത്. ക്ഷമിക്കുക എന്നാൽ സ്നേഹം കൊണ്ടു ജയിക്കുകയും, ആ ആളിന് സ്നേഹം നല്കുക യും ചെയ്യുക എന്നാണ് അർത്ഥം. സ്നേഹം നല്കു മ്പോൾ അപരനെ ബന്ധനത്തിൽനിന്നു മോചിക്കുകയും നമ്മുടെ മുറിവു മാഞ്ഞുപോകുകയും ചെയ്യുന്നു. സാത്താ ന്റെ താവളം തകരുന്നു. ക്ഷമിക്കുക എന്നു കേൾക്കു മ്പോൾ ഞാൻ സാധാരണ ഓർക്കാറുള്ള ഒരു സംഭവമുണ്ട്. എന്റെ കുട്ടിക്കാലത്ത് ഞാൻ ഒരു പട്ടിയെ എറിഞ്ഞു. പട്ടി ഏററുകൊള്ളാതെ ഓടിപ്പോയി. എറിഞ്ഞ കല്ല് ചെന്നുകൊണ്ടത് എന്റെ അമ്മയുടെ കാലിനാണ്. കാലുപൊട്ടി, ചോരവന്നു. ഞാൻ വിഷണ്ണനായി നിന്നു. അപ്പോൾ അമ്മ എന്തുപറഞ്ഞു? എന്നെ ആശ്വസിപ്പിച്ചു കൊണ്ടു പറയുകയാണ് "സാരമില്ല മോനേ....ഇനി എന്തെങ്കിലും ചെയ്യുന്നതു സൂക്ഷിച്ചുവേണം." അമ്മയ്ക്കു നൊമ്പരമുണ്ടായി, ഒരാഴ്ച കാലു കെട്ടിക്കൊണ്ടു നടന്നു. എന്നാൽ എന്നെ വെറുത്തില്ല. ആ നൊമ്പരത്തേക്കാളേ പരി സ്നേഹമുണ്ടായിരുന്നതിനാൽ നൊമ്പരം നിസ്സാര മാക്കി. സ്നേഹം ഒഴുകാൻ തുടങ്ങുമ്പോൾ ഉള്ളിൽ ഒതുക്കി വയ്ക്കുന്ന ദ്വേഷ്യം അതിൽ കുടിയിരിക്കുന്ന സാത്താനും



www.malankaralibrary.com

ഒഴകിപ്പോകും.

3. തെററായ ആദർശവാക്യങ്ങൾ നമ്മുടെ ഉള്ളിൽ കടന്നിട്ടുണ്ടെങ്കിൽ, അതും സാത്താനിരിക്കുന്ന ഒരു താവളമാണ്. ദൈവവചനത്തിന്—സത്യവചനത്തിന്—ചേരാത്ത ആദർശവാക്യങ്ങളെയാണ് പാഴ്‌വചനങ്ങൾ (വിഷവചനങ്ങൾ) എന്നു പറയുന്നതു്. 'ശത്രുവിനെ സ്നേഹിക്കുക' എന്നതു ദൈവവചനമാണെങ്കിൽ, 'ഓരോതുള്ളിച്ചോരയ്ക്കും പകരം ചോദിക്കും' എന്നതു് വിഷവചനമാണ്. വിഷവചനങ്ങൾ ആദർശവാക്യമായി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവിടെ പിശാചിന്റെ താവളം ഉണ്ട്. ഓരോ വ്യർത്ഥവചനത്തിനും കൂടി കണക്കു കൊടുക്കണമെന്നു യേശു പറഞ്ഞിട്ടുണ്ടല്ലോ. ഒരു ശിശുവിനു് ഉതപ്പു വരുത്തുകവെന്നും പെരുമാറുന്നതിനേക്കാൾ ആത്മഹത്യ ചെയ്യുകയാണ് നല്ലതെന്നു അവിടുന്നു നിർദ്ദേശിച്ചിരിക്കുന്നു. പാഴ്‌വചനങ്ങൾ പറഞ്ഞു പ്രചരിപ്പിക്കുന്നതിന്റെ പാപം എത്ര വലുതാണെന്നു് കണ്ടാലും. ശിശുക്കളെ സാത്താനു് അടിമയാക്കികൊടുക്കുകയാണതു്. നമ്മുടെ ഉള്ളിൽ പതിഞ്ഞിരിക്കുന്ന എല്ലാ നിഷിദ്ധവചനങ്ങളെയും തള്ളിക്കളയണം. മററു മനുഷ്യരിൽ നിന്നോ, കഥകളിൽനിന്നോ, നാടകത്തിൽനിന്നോ, ദുർമാതൃകകളിൽനിന്നോ, ലോകത്തിന്റെ ജീവിതരീതിയിൽനിന്നോ, പരസ്യങ്ങളിൽനിന്നോ, നമ്മുടെ ഉള്ളിൽ കടന്നിട്ടുള്ള പാഴ്‌വചനങ്ങളെ തള്ളിക്കളഞ്ഞു് ദൈവവചനം ഉറപ്പിക്കണം. അതിനു് ദിവസവും വേദപുസ്തകം വായിക്കുന്നതു സഹായകമാണ്.

നമ്മുടെ ഉള്ളിൽ പാഴ്‌വചനങ്ങൾ നിറയ്ക്കാൻ ഈ നൂററാണ്ടിൽ വിവിധ മാദ്ധ്യമങ്ങളിലൂടെ സാത്താൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ചില പള്ളികളിൽ പെരുനാളിനു് നടത്തുന്ന നാടകങ്ങൾപോലും തിരുവചനത്തിനു് എതിരായുള്ളതാണ്. പെരുനാളിനു് ആളു കൂട്ടാനും പണം പിരിക്കാനുമായി തികച്ചും ക്രൈസ്തവവിരുദ്ധമായ അശ്ലീലനാടകങ്ങൾ വരെ നടത്തിയ പള്ളികളുണ്ട്. ഇന്നത്തെ ചില പെരുനാളുകളെക്കുറിച്ചു് പറയുന്നതിങ്ങനെയാണ്: മൂന്നു ദിവസം പ്രസംഗം (അതു കേൾക്കാൻ പ്രായംചെന്ന കുറെ സ്ത്രീകൾ) പിന്നെ ഒരു പ്രദക്ഷിണം. അതിനു് കൊട്ടും കുരവയും മേളവും. (അതിനു് കുട്ടികളും യുവാക്കളും സ്ഥലത്തെ പ്രധാന കുടിയന്മാരും). പിന്നെ ആഘോഷമായ വി. കുർബ്ബാന. ഒടുവിൽ ഒരു കലാപരിപാടി. അതിനു് ആളുമുഴുവൻ



www.malankaralibrary.com

വരും. കലാപരിപാടിയിൽ പലപ്പോഴും ദൈവവചനത്തിന് നിരക്കാത്ത ആദർശങ്ങൾ കലാപരമായി അവതരിപ്പിച്ച് സാത്താന്റെ താവളം ഉറപ്പിക്കും. പെരുനാളുകൾ തിരുനാളുകളായി മാറണം. ദൈവൈക്യത്തിനുപകരിക്കുന്ന പരിപാടികൾ മാത്രം ആയിരിക്കണം. വിഷവചനങ്ങളുള്ള കലാപരിപാടികൾ പള്ളിമുറ്റത്തു നടത്താതിരിക്കാൻ സർവ്വശക്തിയോടുംകൂടെ ശ്രദ്ധിക്കണം. എല്ലാരംഗത്തും സാത്താൻ താവളം ഉറപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു വ്യക്തമായി മനസ്സിലാക്കി അതിനെതിരായി ബോധപൂർവ്വം പ്രവർത്തിക്കണം.

പത്രങ്ങളാണ് പാഴ്‌വചനങ്ങളിലൂടെ മനുഷ്യനെ ബന്ധിക്കുന്ന ഒരു വലിയ മാദ്ധ്യമം. പല പത്രങ്ങളെയും നയിക്കുന്നതു് സത്യമല്ല, സ്വാർത്ഥതയും പണവും രാഷ്ട്രീയ ചേരിത്തിരിവുമാണ്. അതനുസരിച്ചായിരിക്കും ആ പത്രങ്ങളിൽ വരുന്ന വാർത്തകളും ലേഖനങ്ങളുമെല്ലാം. അതു മനുഷ്യനെ ബന്ധിക്കുന്നു. പാഴ്‌വചനം നിറഞ്ഞ സിനിമ മനുഷ്യനെ ബന്ധിക്കുന്നു. എവിടെനിന്ന് എന്തു ലഭിച്ചാലും വിവേചിച്ച്, ദൈവവചനത്തിനു ചേരാത്തവ ഉപേക്ഷിക്കാൻ കഴിയണം.

ചിലപ്പോൾ വേദപുസ്തക വചനങ്ങൾ സന്ദർഭത്തിൽനിന്ന് അടർത്തിമാറ്റിയും പകുതിമാത്രമായി എടുത്തും പാഴ്‌വചനങ്ങളാക്കി മനുഷ്യഹൃദയങ്ങളിൽ വിതയ്ക്കാറുണ്ട്. യേശുനാഥന്റെ പക്കൽ സാത്താൻ പരീക്ഷിക്കാൻ ചെന്നതു് ആ വിധമാണ്. കർത്താവായ യേശുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും കൂടിയാണ് ദൈവവചനം പൂർണ്ണമായി വെളിപ്പെട്ടിരിക്കുന്നതു്. അതിനു വിരുദ്ധമായ വചനങ്ങൾ അബദ്ധങ്ങളാണ്. ഉപബോധമനസിന്റെ ആഴത്തിൽവരെ പതിഞ്ഞിട്ടുള്ള തെറ്റായ ആദർശവാക്യങ്ങളിൽ നിന്നു മോചനം നേടുമ്പോൾ സാത്താന്റെ ഒരു കോട്ട തകരുകയാണ്.

4 മനസ്സിൽ ഏറ്റ മുറിവുകൾ ഉണങ്ങാതെ കിടക്കുന്നതു് സാത്താന്റെ ഒരു താവളമാണ്. മാനസിക സൗഖ്യത്തെപ്പറ്റി വിശദമായി പിന്നീടു പറയുന്നുണ്ട്.

5 കർത്താവായ യേശുവിന്റെ നിയന്ത്രണത്തിലാകാത്ത എല്ലാ മണ്ഡലങ്ങളിലും സാത്താന്റെ നിയന്ത്രണം അല്പമായിട്ടെങ്കിലും ഉണ്ട്. യേശുനാഥന് നിരന്തരമായി ജീവിതം സമർപ്പിച്ച് ശക്തിപ്പെടുമ്പോൾ നമ്മുടെ ആത്മാവിന്റെ കേന്ദ്രഭാഗത്തു ദൈവഭരണം ഉണ്ടാകും. അതു് മനസ്സിലും ശരീരത്തിലും വസ്തുവകകളിലും ചെന്നെത്തും. എന്നാൽ സ്വന്തം നിയന്ത്രണത്തിലാ



www.malankaralibrary.com

യിരിക്കുമ്പോൾ ജഡവും ബുദ്ധിയും ഭാവനയും എല്ലാം നന്നാവഴിക്ക വലിഞ്ഞുകീറാൻ ഇടയുണ്ട്. സാത്താൻ അവയിൽ ഭരിക്കുകയും ചെയ്യും.

സാത്താനെതിരെ സമരക്കളത്തിൽ

എഫേ. 6:10 മുതലുള്ള വാക്യങ്ങളിൽ വ്യക്തമാക്കുന്നുണ്ട് എങ്ങനെയാണ് സാത്താനെതിരായി സമരം ചെയ്യേണ്ടതെന്ന്. 6:10– യുദ്ധക്കളത്തിൽ കരുത്തുള്ളവരായി നിൽക്കണം. ജഡത്തിന്റെയോ ബുദ്ധിയുടെയോ കരുത്തല്ല. യേശുവിന്റെ ശക്തി പ്രഭാവത്തിലുള്ള കരുത്താണ്. അതിന് യേശുവിനോടുള്ള സമ്പൂർണ്ണ ഐക്യമാണാവശ്യം. 6:11—സാത്താൻ കുടിലതന്ത്രങ്ങളുമായി നാനാവഴികളിലൂടെ എപ്പോഴും ഉപദ്രവിക്കാൻ വരും. അതിനാൽ എപ്പോഴും ദൈവികമായ ആയുധങ്ങൾ ധരിച്ച് തയ്യാറായി നിൽക്കണം. 6:12- നമ്മുടെ മാംസവും രക്തവും തിന്മയല്ല. യേശുവിനാൽ നയിക്കപ്പെടുമ്പോൾ അവ പ്രകാശിക്കയും രൂപാന്തരപ്പെട്ട് നിത്യമഹത്വം പ്രാപിക്കയും ചെയ്യും. ആകയാൽ ശരീരത്തെയും രക്തത്തെയും വെറുക്കരുത്. നമ്മുടെ വ്യക്തിത്വങ്ങളുടെമേൽ ആധിപത്യം നടത്തി നശിപ്പിക്കുന്ന അന്ധകാരശക്തികളോടാണ് സമരം ചെയ്യാനുള്ളത്. അവ തിന്മയുടെ ദുരാത്മാക്കളാണ്. ആ ദുരാത്മാക്കളുടെ നിയന്ത്രണത്തിലുള്ള മനുഷ്യരും നമ്മെ ഉപദ്രവിക്കും. യേശുവിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ജീവിച്ച്, ക്ഷമിച്ചും സഹിച്ചും ദൈവമഹത്വത്തിനായി മാത്രം നിരന്തരം പ്രവർത്തിച്ച് സാത്താനെ കീഴടക്കണം. 6:13–എല്ലാ തിന്മകളും പരീക്ഷകളും (പ്രലോഭനം, തെററിദ്ധാരണ, ശരീരപീഡകൾ മുതലായവ) ഒന്നിച്ച് ആക്രമിക്കുന്ന ഭീകരദിവസങ്ങളിൽ പോലും ദൈവം നല്കിയ ദൗത്യം ചെയ്തുകൊണ്ട് പിടിച്ചുനിൽക്കാൻ ദൈവികമായ എല്ലാം ആയുധങ്ങളും ധരിക്കണം. 6:14—സത്യം (യേശുവിലൂടെവെളിപ്പെട്ട നിത്യസത്യങ്ങൾ) കൊണ്ട് അരമുറുക്കുന്ന ബലം പ്രാപിക്കണം. യേശു നൽകിയ വെളിപാടുകൾ സ്വീകരിക്കുകവഴി ആത്മശക്തി വളരട്ടെ. നേരെ നിൽക്കാൻ അരമുറുക്കിയവന് കഴിയുന്നതുപോലെ സത്യാധിഷ്ഠിതമായി ജീവിക്കുന്നവന് അതു സാധിക്കും. നീതി (ദൈവസ്വഭാവാനുസൃതമായ ജീവിതം, ചിന്തകൾ പ്രവൃത്തികൾ) നമ്മെ മൂടി നിൽക്കണം. അപ്പോൾ സാത്താന്റെ വെട്ട് ഏലക്കുകയില്ല. 6:15– കർത്താവിന്റെ രക്ഷാസുവിശേഷം എല്ലാവരെയും അറിയിക്കാ



www.malankaralibrary.com

നുള്ള പ്രവൎത്തനങ്ങളിൽ സദാ വ്യാപൃതരായിരിക്കണം. അതൊരു സമര ജീവിതമാണ്. സാത്താന്റെ താവളങ്ങളെ കീഴടക്കണം. യുദ്ധക്കളത്തിൽ യുദ്ധം ചെയ്തുകൊണ്ടുതന്നെ വ്യാപരിക്കണം 6:16ൽ സാത്താന് ചില എരിയുന്ന അമ്പുകൾ ഉണ്ട്. അവ ഉള്ളിൽക്കടന്നാൽ ഉള്ള് എരിഞ്ഞുകൊണ്ടിരിക്കും. കാമം, ക്രോധം, തുടങ്ങിയ ദുർവ്വികാരങ്ങൾ എല്ലാം അതിൽ പെടുന്നതാണ്. വിശ്വാസത്തിന്റെ പരിചകൊണ്ടാണ് ഈ അമ്പുകളെ തടയുന്നത്. യേശുവിനുള്ള ആഴമുള്ളസമർപ്പണമാണ് വിശ്വാസം. യേശുവിന്റെ അവയവമായി ഞാൻ ഇവിടെ എന്തു ചെയ്യണം എന്നു മാത്രം ഓരോ നിമിഷവും ചിന്തിക്കുകയും ആ പ്രവൃത്തികളിൽ സർവ്വശ്രദ്ധയും ചെലുത്തി വ്യാപരിക്കുകയും ചെയ്യുക. അതാണ് വിശ്വാസ ജീവിതം. വിശ്വാസ ജീവിതം നയിക്കുകയാണെങ്കിൽ സാത്താന്റെ എരിയമ്പുകൾ കെട്ടടങ്ങിപ്പോകും. 6:17. യേശു നേടിത്തരുന്ന രക്ഷയിൽ ഹൃദയം ഉറച്ചു നിൽക്കണം. സാത്താൻ പാഴ്വചനങ്ങൾ പറഞ്ഞുകൊണ്ടു വരുമ്പോൾ ദൈവവചനംകൊണ്ട് അവയെ വെട്ടി വീഴ്ത്തണം. യേശുവിനെ പരീക്ഷിച്ചപ്പോൾ (മനുഷ്യബുദ്ധിയിൽ സാത്താൻ കൊണ്ടുവന്ന പരീക്ഷകളിൽ) ദൈവവചനത്തിനെതിരായ വചനങ്ങളെ നാഥൻ ദൈവവചനംകൊണ്ടു വെട്ടി വീഴ്ത്തിയതു വായിച്ചിട്ടുണ്ടല്ലോ.

നാഥനായയേശു മുന്നണി പടയാളിയായി എല്ലാം ജയിച്ചു. നാഥന്റെ ഓരോ വാക്കും അനുസരിച്ച് ചിട്ടയുള്ള പടയാളികളായി മുന്നേറാം. നാഥന്റെ ജയം നമ്മിൽ സാക്ഷാൽക്കരിക്കും.

MALANKARA
LIBRARY



www.malankaralibrary.com

# 14

# പാപമോചനം യേശുവിൽമാത്രം

> പാപത്താൽ ദൈവബന്ധം നഷ്ടപ്പെട്ട് സാത്താന്റെ അടിമത്ത വേദനയും ദുരിതവും അനുഭവിക്കുന്ന മനുഷ്യരെ രക്ഷിക്കുവാൻ യേശു തന്റെ ശരീരത്തിൽ പാപപരിഹാരവും മോചനവും സാക്ഷാൽക്കരിച്ചുകൊണ്ട് ഓരോരുത്തർക്കും അതു നൽകുവാൻ കടന്നു വരുന്നു. ഈ മോചനം സ്വീകരിച്ചാൽ മാത്രമെ ദൈവജീവനിൽ പ്രവേശിക്കാൻ സാധിക്കു.

പാപം മനുഷ്യനെ തകർച്ചയിലേക്കു നയിക്കുന്നു.

മനുഷ്യനെ അവന്റെ ഉന്നത പദവിയിൽനിന്ന് താഴ്ത്തുന്നതും നശിപ്പിച്ച് തകർക്കുന്നതുമായ വലിയ തിന്മയാണ് പാപം. യേശു ഒരുവനാണ് പാപത്തിൽനിന്ന് നമ്മെ രക്ഷിക്കുന്നത്. പശ്ചാത്തപിച്ച് മാനസാന്തരപ്പെടുവിൻ ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന സന്ദേശവുമായി യേശുനാഥൻ കടന്നുവന്നു. പാപംമൂലം ഉണ്ടാകുന്ന അതിനാശം വ്യക്തമായി കാണുന്ന യേശുനാഥൻ, പാപികളെ സ്നേഹിച്ചതിനാൽ, പാപത്തിൽനിന്ന് മനുഷ്യരെ രക്ഷിച്ച് ജീവനിലെത്തിക്കുവാൻ വേണ്ടി ഏതു കഠിന ത്യാഗം ചെയ്യുവാനും തയ്യാറായി.

പാപം എന്താണെന്നും പാപത്തിന്റെ അനന്തര ഫലം എന്താണെന്നും അറിയാത്ത മനുഷ്യൻ പാപത്തിൽനിന്നു പാപത്തിലേക്കും മരണത്തിൽനിന്നു മരണത്തിലേക്കും വീഴുകയാണ്. 'ഏതായാലും മരിക്കും എന്നാൽപിന്നെ കുറെ പാപംചെയ്തിട്ടു മരിച്ചാലെന്താ?' എന്നു ചോദിക്കുന്നവരുണ്ട്. ''ദൈവത്തെ വിളിച്ചു നടക്കുന്നവർക്കാണു ദുരിതം, അഴിമതിക്കാർക്കും കൈക്കൂലിക്കാർക്കും പണം ധൂർത്തടിക്കുന്നവർക്കുമാണു സുഖം' എന്നു പറയുന്നവരുമുണ്ട്. പാപമാണു ഭാഗ്യം എന്ന സിദ്ധാന്തമാണ് ലോകവും പിശാചും നൽകുന്നത്. എന്നാൽ പാപത്തിൽ മുഴുകുന്നവർ തകർച്ചയിലേക്കും



www.malankaralibrary.com

നാശത്തിലേക്കും നീങ്ങുന്നതും, തകരുന്നില്ലെങ്കിൽ സ്വയം മരിച്ചു തകർക്കുന്നതും സദാ കണ്ടുകൊണ്ടിരിക്കുന്നു. ഓരോ പാപവും മരണം (ദൈവിക ജീവൻ നഷ്ടപ്പെട്ട സ്ഥിതി) വരുത്തിക്കൂട്ടുന്നു. പാപം വർദ്ധിക്കുന്തോറും മരണവും വർദ്ധിച്ചു വരുന്നു. നിത്യനരകം ഒരേ സ്ഥിതിയിലുള്ള ദുരിതമല്ല, നാശത്തിൽനിന്ന് അധികനാശത്തിലേക്കുള്ള തകർച്ചയാണ്. സ്വർഗ്ഗവാസികളുടെ ജീവനിൽനിന്ന് അധികജീവനിലേക്കുള്ള വളർച്ചയാണ്. ഒരു മരണംകൊണ്ട് എല്ലാ വേദനയിൽനിന്നും രക്ഷപെടാമെന്നു കരുതുന്നവർ അതിനേക്കാൾ വലിയ മരണവേദനയിലേക്കാണ് വീഴുന്നത്. ശരീരത്തിൽ ഒരു ഭാഗത്തു അല്പം വേദന വരുന്നതു് മരണത്തിന്റെ ഒരു ചെറിയ നൊമ്പരമാണ്. രണ്ടു ഭാഗത്തു വേദനയാകുമ്പോൾ കുറെക്കൂടി ദുർഘടസ്ഥിതി. അതോടുകൂടി മനോവേദന കൂടി വന്നാൽ സ്ഥിതി ഒന്നുകൂടി ദുർഘടം. ശരീരം മരിച്ചാലും അവയവങ്ങൾക്ക് അല്പനേരത്തേക്ക് ബാഹ്യമായ ബന്ധമെങ്കിലും കാണും. മരണം അതിന്മേൽ പിന്നെയും ആക്രമിക്കുമ്പോൾ ആ ബന്ധംപോലും നശിക്കും. മരണം മനസ്സിനെ ബാധിക്കുമ്പോൾ തകർച്ചകൾ ഒന്നിനൊന്ന് കൂടിക്കൂടി വരുന്നതു കാണാം. ആത്മാവിന്റെ മരണവും ഇതുപോലെ കൂടിക്കൂടി വരുന്നതാണ്. മരണത്തിന്മേൽ അധികാരമുള്ള സാത്താന്റെ അടിമയായി കഴിയുന്നവനാണ് പാപി. (Heb : 2: 14–15) സാത്താൻ നാശത്തിൽ നിന്നു നാശത്തിലേക്ക് പടിപടിയായി അധഃപതിച്ച് ഇല്ലായ്മയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. II Thes 2 : 7–12. സാത്താന്റെ അടിമയുടെ സ്ഥിതിയും അതുതന്നെ. ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ മരിച്ചു മരിച്ച് ഒരോ നന്മയും നഷ്ടപ്പെട്ട് നഷ്ടപ്പെട്ട് ഇല്ലാതാകാൻ നിത്യതയോളം മരിക്കേണ്ടതുണ്ടാകാം. നിത്യമരണമാണ് പാപത്തിന്റെ ശിക്ഷ. പല നന്മകളും നഷ്ടപ്പെട്ടാലും അല്പമെങ്കിലും അസ്തിത്വമുണ്ടെങ്കിൽ അത്രയും നല്ലതാണല്ലോ.

**യേശു മനുഷ്യനെ ജീവനിലേക്കു നയിക്കുന്നു.**

യേശുവിനോടു യോജിക്കുന്ന നിമിഷം മുതൽ ജീവനിൽ പടിപടിയായി വളരാൻ തുടങ്ങും. യേശുവിനോടുള്ള ഐക്യത്തിന്റെ അളവനുസരിച്ചാണ് മരണത്തിൽനിന്നും പാപത്തിൽ നിന്നുമുള്ള മോചനവും ജീവനിലുള്ള വളർച്ചയും. തകർച്ചയിൽനിന്നു തകർച്ചയിലേ



www.malankaralibrary.com

ക്കുള്ള പാപമരണ സ്ഥിതിയിൽ നിന്നു മാറി, യേശുവിലുള്ള ഐക്യത്തിൽ ജീവനിൽനിന്നു ജീവനിലേക്കുള്ള വഴിയിൽ പ്രവേശിക്കുന്നതു് മാനസാന്തരത്തോടുകൂടിയാണു്; രണ്ടുവഴി മാത്രമേയുള്ളു. ഒരു വഴിവിട്ടാൽ മാത്രമേ മറ്റെവഴിയിൽ ചെന്നെത്തുകയുള്ളു. പാപത്തിലും പിശാചിന്റെ അടിമത്ത ത്തിലും ഒരാൾ എത്രമാത്രം തകർന്നുവോ മാനസാന്തരപ്പെടുമ്പോൾ അത്രയും താഴെ നിന്നു് യേശുവിലുള്ള ജീവിതം തുടങ്ങേണ്ടതുണ്ടു്. പാപത്തിൽനിന്നും മരണത്തിൽനിന്നും സാത്താന്റെ അടിമത്തത്തിൽനിന്നും രക്ഷിച്ചു് നമ്മെ ജീവനിലേക്കു് എത്തിക്കാനാണു് യേശുനാഥൻ നമ്മെ തന്നോടു് ആഴത്തിൽയോജിപ്പിച്ചതു്. ഈ കരുണ സ്വീകരിച്ച് യേശുവിൽ ഒന്നായിത്തീന്നു് ജീവനിൽ പുരോഗമിക്കാത്തവർ മരണത്തിൽനിന്നു മരണത്തിലേക്കു് വീണുകൊണ്ടിരിക്കുയാണു്. പാപത്തിൽവീണു തകർന്നുകൊണ്ടിരിക്കുന്നവർക്കു് അധിക കൃപ കൊടുത്തുകൊണ്ടും പാപത്തിന്റെ ശാപങ്ങൾ അവരുടെമേൽ വീഴാതെ തടഞ്ഞു് അനുഗ്രഹിച്ചുകൊണ്ടും അനുതപിച്ചു ജീവനിലേക്കു കടക്കുവാൻ ദൈവം അവർക്കു് അവസരം നൽകുന്നു. എന്നാൽ ഈ ഔദാര്യം ദുരുപയോഗിച്ചു് വീണ്ടും പാപത്തിൽ കഴിയാൻ തീരുമാനിക്കുന്നവർക്കു്, ദൈവം കൊടുക്കുന്ന അവസാനത്തെ കൃപപോലും തള്ളിക്കളയുന്നവക്കു്, പാപത്തിന്റെ അർഹമായ അനന്തരഫലം വന്നുചേരുന്നു. (Rm. 2. 1–5) യേശുവിൽ—ജീവനിൽ—മുന്നേറാൻ ഒരു മാനസാന്തരം ആവശ്യമാണു്. മാനസാന്തരത്തിൽ പല ഘടകങ്ങൾ അടങ്ങിയിട്ടുണ്ടു്. ദൈവം നീട്ടിയ വലിയ സ്നേഹത്തെയും ഔദാര്യത്തെയും ഉപേക്ഷിച്ചു് അവിടത്തെ അവഗണിക്കുകയും അവഹേളിക്കുകയും ചെയ്തതിനെപ്പറ്റിയുള്ള അനുതാപം, പാപവഴിവിട്ടു് യേശുവിൽ ഐക്യപ്പെട്ടുള്ള ജീവനിൽ പുരോഗമിക്കാനുള്ള ദൃഢനിശ്ചയം, യേശു പറയുന്നതെല്ലാം അനുസരിച്ചു് യേശുവിന്റെ സ്വന്തമായി ജീവിക്കാനുള്ള സമർപ്പണം, എന്നിവ മാനസാന്തരത്തിൽ അടങ്ങിയിരിക്കുന്നു.

പാപവഴിയിൽ കുറെ നടന്നുകഴിയുമ്പോളെങ്കിലും, പാപത്തിന്റെ ഫലമായ മരണക്കെടുതികൾ ഒന്നൊന്നായി വരുമ്പോളെങ്കിലും, ഈ മരണക്കെടുതികൾ പാപത്തിന്റെ അനന്തരഫലമാണെന്നു മനസ്സിലാക്കി, ആ നാശപാതയിൽ നിന്നു പിന്മാറി യേശുവിലുള്ള ജീവപാതയിൽ പ്രവേശിച്ചാൽ നന്നു്. ചിലരാകട്ടെ അന്ധരായി,



www.malankaralibrary.com

പാപത്തെ നിസ്സാരമായി കണക്കാക്കി നാശത്തിൽനിന്ന നാശത്തിലേക്ക തകരുകയാണ്. ഒരു പാപത്തിൻെറ ഫലമായ നാശം വരുമ്പോൾ അതിനെ മറെറാരു പാപം കൊണ്ട് ഇല്ലാതാക്കാൻ ശ്രമിക്കും; ഇരട്ടി നാശം ഉണ്ടാകുകയും ചെയ്യും. ഒരു വലിയ പണക്കാരൻെറ കഥ കേട്ടിട്ടുണ്ട്. അയാൾക്ക ധാരാളം വസ്തുവകകളും ഒരു നല്ല ഉദ്യോഗവും ഉണ്ടായിരുന്നു. ഈ പണം മുഴുവൻ മദ്യപിച്ചും ചൂതുകളിച്ചും ധൂർത്തടിച്ചുകൊണ്ടിരുന്നു. അയാളുടെ ഭാര്യ, പള്ളിയിലെ അച്ചനോട പറഞ്ഞു; "അച്ചാ, ഒന്ന് ഉപദേശിക്കണേ........" അച്ചൻ പറഞ്ഞു: ഇപ്പോൾ ഉപദേശിച്ചാൽ സ്വീകരിക്കുമെന്ന തോന്നുന്നില്ല. യേശുവിനെ വേണമെന്ന് ഇപ്പോൾ തോന്നുകയില്ല. ഏതായാലും പറഞ്ഞുനോക്കാം...." അച്ചൻ അദ്ദേഹത്തോട് എന്തോ അല്പം പറയാൻ തുടങ്ങിയപ്പോൾ അയാൾ പറഞ്ഞു: "അച്ചാ ഉപദേശം ഒന്നും ഇങ്ങോട്ടു വേണ്ട. ഞാൻ ഉണ്ടാക്കിയ പണം എങ്ങനെ ഉപയോഗിക്കണമെന്ന് എനിക്കറിയാം." അയാൾ പഴയ ജീവിതം തുടർന്നു. ഇതാ ഒരിക്കൽ ചൂതുകളിച്ച് വീടും വസ്തുവും നഷ്ടമായി. അപ്പോൾ അദ്ദേഹത്തിൻെറ ഭാര്യ കൂടുതൽ സങ്കടപ്പെട്ട് അച്ചനോട പറഞ്ഞു; "അച്ചാ എല്ലാം തകർന്നു ഇനിയെങ്കിലും നന്നായി ജീവിക്കാൻ ഒന്ന് ഉപദേശിക്കണമേ...." അച്ചൻ പറഞ്ഞു: "സമയമായില്ല. യേശുവിനെ ആവശ്യമുണ്ടെന്ന് ഇപ്പോൾ തോന്നുകയില്ല." അയാൾ അത്രമാത്രം പാപത്തിൽ കടുത്തുപോയിരുന്നു. ഒരു ഉദ്യോഗമുണ്ടായിരുന്നതിനാൽ വലിയ പ്രയാസം കൂടാതെ കഴിഞ്ഞുകൂടി.മദ്യപാനവും ചൂതുകളിയും തുടന്നു. ഒരു ദിവസം മദ്യപിച്ച് ലക്കില്ലാതെ, വസ്ത്രംപോലുമില്ലാതെ ഓഫീസിൽ കടന്നുചെന്നു. അന്ന് അയാളെ ഉദ്യോഗത്തിൽ നിന്ന് പിരിച്ചുവിട്ടു. തകർച്ചയിൽ നിന്ന തകർച്ചയിലേക്ക്. അന്നും അയാളുടെ ഭാര്യ അച്ചനോട പറഞ്ഞു; "ഒന്ന് ഉപദേശിക്കണമേ...." കുറെ നാളുകൾ കഴിഞ്ഞപ്പോൾ അയാൾക്ക് മാരകമായ ഒരു അസുഖമുണ്ടായി. ആശുപത്രിയിലായി അപ്പോൾ അച്ചൻ അയാളെ സന്ദർശിച്ചു. അച്ചൻ പറഞ്ഞു ഇപ്പോളെങ്കിലും യേശുവിനോട അനുരഞ്ജനപ്പെട്ടാൽ യേശു ജീവൻ തന്ന് താങ്കളെ രക്ഷിക്കും. ജീവിതം യേശുവിനു സമർപ്പിക്കാമോ....?" അപ്പോൾ അയാൾ പറഞ്ഞു: എന്തുവേണമെങ്കിലും ചെയ്യാമച്ചാ. ഒന്ന സുഖപ്പെട്ടാൽ മതിയായിരുന്നു." തകർന്നുതകർന്ന് എവിടെ എത്തിയെന്ന മനസ്സിലായി.



www.malankaralibrary.com

അന്നു് ജീവിതം യേശുവിനു സമർപ്പിച്ചു. യേശു അയാ ാംക്കു് രോഗശാന്തി നൽകി. മനഃശാന്തി നൽകി. പാപമോചനം നൽകി. അയാാം ജീവൻെറ പാതയിൽ പുരോഗമിക്കാൻ തുടങ്ങി. മാന്യമായി ജീവിച്ചു തുടങ്ങി. ഒരു ചെറിയ ജോലി കിട്ടി. ഭവനത്തിൽ സമാധാനവും സ്നേഹവും ഐശ്വര്യവും ഉണ്ടായി. അയാളുടെ മാനസാന്തര ദിവസം—പുതുജീവൻ തുടങ്ങിയ തീയതി—എല്ലാ വർഷവും ജന്മദിനമായി ആഘോഷിക്കാൻ തുടങ്ങി. അയാാം,തകർച്ച തുടങ്ങിയപ്പോാംതന്നെ മാനസാന്തരപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു. വളരെ താഴെ വീണു കഴിഞ്ഞു കയറാൻ തുടങ്ങുമ്പോാം അത്രയും ആഴത്തിൽ നിന്നു് കയറേണ്ടിവരുന്നു.

പാപത്തിൻെറ കാതൽ എന്തു്?

പാപം എന്താണെന്നു് വിവിധ മതക്കാർ വിവിധ രീതിയിലാണു കാണുക. ചില ദിവസങ്ങളുടെ ആചരണമോ ആചാരവിധികളോ ലംഘിക്കുന്നതാണു് പാപമെന്നു കരുതുന്ന മതമുണ്ടു്. യാതൊന്നിനെയും കൊല്ലാതിരിക്കുക. എന്തിനെയെങ്കിലും കൊല്ലുന്നതാണു് പാപത്തിൻെറ കാതൽ എന്നു കരുതുന്ന മതമുണ്ടു്. ഏതെങ്കിലും വികാരം—ചിരിയോ കരച്ചിലോ—വന്നാൽ പാപമായിപ്പോയി എന്നു കരുതുന്നവരുണ്ടു്. മററുള്ളവർ ചിരിക്കുമ്പോാം സ്നേഹത്താൽ പ്രേരിതമായി ചിരിക്കുകയും മററുള്ളവർ കരയുമ്പോാം സ്നേഹത്താൽ അവരുടെ സങ്കടത്തിൽ പങ്കുചേരുകയും ചെയ്യാതിരുന്നാലാണു പാപമെന്നു കരുതുന്നവരുണ്ടു്. പാപമെന്താണെന്നു ചോദിച്ചാൽ സാധാരണ കിട്ടുന്ന മറുപടി ദൈവകല്പനകളുടെ ലംഘനമാണു് പാപം എന്നാണു്. കല്പനകാം തരുന്നവരെ ഇഷ്ടമാണോ? നമ്മുടെ സ്വാതന്ത്ര്യം തടയാൻ അധികാരികാം നടത്തുന്ന ഒരു വേലയല്ലേ കല്പനകാം എന്നു ചോദിച്ചാൽ, ഇഷ്ടമല്ല, പിന്നെന്തു ചെയ്യാനാ എന്നാണു മറുപടി. ദൈവം ആദത്തെയും ഹവ്വായെയും സൃഷ്ടിച്ചു. പരമാനന്ദസ്ഥിതിയിലാക്കി. ഒരു കല്പനയും കൊടുത്തു. അതു കൊടുക്കാതിരുന്നെങ്കിൽ അവർ പാപം ചെയ്യാതെ കഴിയുമായിരുന്നില്ലേ? എന്തിനാണു് ആ കല്പന നൽകിയതു്? എന്തുകല്പനയാണു നൽകിയതു്? തോട്ടത്തിൻെറ നടുവിൽ നിൽക്കുന്ന നന്മതിന്മകളുടെ തിരിച്ചറിവിൻെറ മരത്തിലെ പഴം തിന്നരുതു്? ആ ഇനത്തിലുള്ള മരം വല്ലയിടത്തും ഉണ്ടോ?



www.malankaralibrary.com

തോട്ടത്തിന്റെ നടുവിൽ മറെറാരു മരം ഉണ്ടായിരുന്ന തായി പറയുന്നു. ജീവന്റെ മരം. ആ ഇനം മരം കണ്ടിട്ടുണ്ടോ? ആ മരത്തിലെ പഴം തിന്നുന്നതു തട ഞ്ഞുമില്ല.

ആദത്തിന്റെയും ഹൗവ്വായുടെയും കഥയിലൂടെ നൽ കപ്പെട്ട വെളിപാടു ഒരു യാഥാത്മ്യമാണ്. ആ വെളി പാടു വിശദമാക്കാനുള്ള ഉപാധിയാണ് കഥ. ഇതിലൂടെ പാപത്തിന്റെ കാതൽ എന്തെന്നു പറഞ്ഞു തരുകയാണ്. ദൈവം കല്പനതരുന്നതു് മുതലാളി തൊഴിലാളിക്കു കല്പന കൊടുക്കുന്നതുപോലെയല്ല. ''നീ പോയി പണിയൂ'' എന്നു തൊഴിലാളിയോടു പറഞ്ഞതിനു ശേഷം മുതലാളി കസേരയിൽ ചാരിയിരിക്കും. മുത ലാളി പണിയണമെന്നില്ല. എന്നാൽ ഒന്നു പറഞ്ഞിട്ട് മറെറാന്നു ചെയ്യാൻ ദൈവത്തിനു സാധിക്കയില്ല. ദൈവ ത്തിനു് ഘടകങ്ങളും ഇല്ല. (Most simple), നമുക്ക് ഘടകങ്ങളും ഉണ്ട് ബുദ്ധി—ഹൃദയം—പഞ്ചേന്ദ്രിയങ്ങളും മുത ലായവ. അതിനാൽ ഒന്നു ചിന്തിച്ചിട്ട് മറെറാന്നു പറയു കയും, ഒന്നു പറഞ്ഞിട്ട് മറെറാന്നു പ്രവർത്തിക്കുകയും ചെയ്യാൻ മനുഷ്യനു കഴിയും. ദൈവത്തിനു സാദ്ധ്യമല്ല. ദൈവം ചിന്തിക്കുന്നതും പറയുന്നതും സ്നേഹിക്കുന്നതും പ്രവത്തിക്കുന്നതും ആയിരിക്കുന്നതും ഒന്നു തന്നെയാണ്. ദൈവം ആയിരിക്കുന്നതിൽനിന്നു് മാറിയ രീതിയിൽ തന്നെത്തന്നെ വെളിപ്പെടുത്താനോ കല്പിക്കാനോ സാദ്ധ്യ മല്ല. ആയിരിക്കുന്നവനായ-ഞാൻ ഇങ്ങനെയാണു ആയി രിക്കുന്നതു്. ആയിരിക്കാൻ—ജീവിക്കാൻ-നിങ്ങൾ ഇഷ്ട പ്പെടുന്നെങ്കിൽ എന്റെ ജീവിതശൈലിയിൽ എന്നോ ടൊത്തു് ജീവിക്കണം. അതാണു ദൈവകല്പനയുടെ കാതൽ. ഞാൻ നന്മയായി കണക്കാക്കുന്നതു നിങ്ങളും നന്മയായി കണക്കാക്കണം. ഞാൻ തിന്മയായി കണ ക്കാക്കുന്നതു് നിങ്ങളും തിന്മയായി കണക്കാക്കണം. മറെറാരു വിധമുള്ള ചിന്തയോ പരിഗണനയോ നിങ്ങൾ ക്കു് ഉണ്ടാകരുതു്. ആകയാൽ ''നന്മതിന്മയുടെ തിരി ച്ചറിവിന്റെ മരത്തിലെ പഴം തിന്നരുതു്'' എന്നു പറ ഞ്ഞതിന്റെ സാരം, എന്നിൽ നിന്നു് അകന്നു മാറി മറെറാരു രീതിയിൽ ചിന്തിക്കുകയോ തീരുമാനിക്കു കയോ ചെയ്യുന്നതിന്റെ രുചി — മരണരുചി— നിങ്ങൾ ആസ്വദിക്കരുതു് എന്നാണു്. ദൈവവചനമനുസരിച്ച് ജീവിക്കണം. ദൈവത്തോടുകൂടി ദൈവം പരിഗണിക്കു ന്ന രീതിയിൽ ഓരോന്നിനും പരിഗണന നൽകണം.



www.malankaralibrary.com

ദൈവം കൂടുതൽ നന്മയായി കണക്കാക്കുന്നതിനെ നമ്മളും കൂടുതൽ നന്മയായി കണക്കാക്കണം. ദൈവം കുറഞ്ഞതായി വിലവെയ്ക്കുന്നതിനെ നമ്മൾ കുറഞ്ഞതായി വിലവയ്ക്കണം. ദൈവം പരിഗണിക്കുന്നതിൽ നിന്ന് വേർതിരിച്ച് ചിന്തിക്കരുത്. ദൈവത്തോട് ഒന്നായി ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും പരിഗണിക്കുകയും ആദരിക്കുകയും ചെയ്യണം. ഇതാണ് നന്മതിന്മയുടെ തിരിച്ചറിവിന്റെ മരത്തിലെ പഴം തിന്നരുത് എന്നു പറയുന്നതിന്റെ സാരം.

നമ്മൾ ഈ കനി തിന്നിട്ടുണ്ടോ? നൂറു റാത്തൽ സ്വർണ്ണത്തിനാണോ ഒരു കുഷ്ഠരോഗിക്കാണോ ദൈവത്തിന്റെ ദൃഷ്ടിയിൽ കൂടുതൽ വില? എല്ലാവരും പറയും 'കുഷ്ഠരോഗിക്കാണെന്ന്'. ഒരിടത്ത് നൂറു റാത്തൽ സ്വർണ്ണമിരിക്കുന്നു; ഭിക്ഷക്കാരനായ ഒരു കുഷ്ഠരോഗിയുമിരിക്കുന്നു. ഏതായിരിക്കും മനുഷ്യനെ കൂടുതൽ ആകർഷിക്കുക. മനുഷ്യൻ ഏതു തെരഞ്ഞെടുക്കും? മിക്കവരും സ്വർണ്ണം എടുക്കും. അങ്ങനെ നന്മതിന്മയുടെ തിരിച്ചറിവിന്റെ പഴം തിന്നും. നമ്മുടെ ആത്മരംഗം ദൈവത്തോട് എല്ലാ കാര്യത്തിലും ഐക്യപ്പെടാതിരിക്കുന്ന സ്ഥിതിയാണ് പാപത്തിന്റെ കാതൽ. സാത്താൻ പറഞ്ഞുകൊടുത്തത്, ''നിന്റെ അന്തരംഗം ദൈവത്തോട് ഐക്യപ്പെടാത്ത നിലയിൽ തീരുമാനമെടുക്കാൻ നിനക്കു സ്വാതന്ത്ര്യമുണ്ട്. എങ്ങനെ ആയിരിക്കണമെന്നു തീരുമാനിക്കാൻ നിനക്ക് കഴിവുണ്ട്. ആ സ്വാതന്ത്ര്യം അതിന്റെ തികവിൽ ഉപയോഗിക്കുമ്പോഴാണ് നീ ദൈവതുല്യനാകുന്നത്. നീ നിന്നെത്തന്നെ, ദൈവത്തിൽ നിന്ന് അടർത്തി സ്ഥാപിക്കുക [self assertion] യാണ് നിനക്കു നേടാവുന്ന പരമോന്നത പദവി'' എന്നതാണ് പിശാചു നൽകുന്ന പ്രലോഭനം. ഞാൻ എങ്ങനെ ദൈവവചനം നിറഞ്ഞ ആൾ ആയിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ, അത് അവഗണിച്ച്, ഞാൻ ആഗ്രഹിക്കുന്ന നിലയിൽ എന്നെ രൂപപ്പെടുത്താൻ ശ്രമിക്കുമ്പോൾ പാപമായി. നമ്മുടെ അസ്തിത്വം ഏതൊരു ദൈവത്തിൽ നിന്ന് എപ്പോഴും വന്നുകൊണ്ടിരിക്കുന്നുവോ ആ ദൈവം ആയിരിക്കുന്നതിനോടൊന്നായി നമ്മുടെ അന്തരംഗം എപ്പോഴും ചേർന്നുനില്ക്കണം, അല്ലെങ്കിൽ മരണം, [ഇല്ലായ്മ] അനുഭവിക്കും എന്നാണ് ദൈവം പറഞ്ഞുതന്നത്. നമ്മളെ എവിടെ എങ്ങനെ സൃഷ്ടിച്ചിരിക്കുന്നുവോ,



www.malankaralibrary.com

അതംഗീകരിച്ച്, അവിടെ നമ്മിലൂടെ ദൈവം പ്രകാശിക്കാൻ സമ്മതിക്കണം.

ആദവും ഹൗവ്വായും പാപം ചെയ്തു എന്നു പറയുന്നതിന്റെ അർത്ഥമെന്താണ് ? അവർ തീരുമാനിച്ചു: ''ആത്മാവു് ദൈവത്തോടു് യോജിച്ചിരുന്നില്ലെങ്കിലും പ്രശ്നമില്ല. പ്രപഞ്ചം മുഴുവൻ നമ്മുടെ കാൽക്കീഴിലാണ്. എനിക്കു നീയും നിനക്കു ഞാനും മതി. നമ്മൾ രണ്ടുപേരും കൂടി നമുക്കിഷ്ടമുള്ളതു ചെയ്തു ജീവിച്ചാൽ പരമഭാഗ്യം കിട്ടും.'' തീരുമാനങ്ങളിൽ ദൈവത്തിനു് ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും നൽകിയില്ല. ദൈവത്തിന്റെ സ്ഥാനത്തു് തന്നെത്തന്നെ സ്ഥാപിച്ചു (self assertion). അങ്ങനെ അവർ ദൈവം പ്രകാശിക്കാത്തവരും സ്വയം പ്രകാശിക്കാൻ ശ്രമിക്കുന്നവരുമായിത്തീർന്നു.

പാപത്തിന്റെ അനന്തരഫലങ്ങൾ

പാപം ചെയ്താൽ മരിക്കുമെന്നു പറഞ്ഞിട്ടു് മരിച്ചോ? ശരീരം ഉടനെ മരിച്ചതായി കാണുന്നില്ല. എന്നാൽ ആത്മാവു മരിച്ചതിന്റെ അടയാളങ്ങൾ കണ്ടു. അവർക്കു് ലജ്ജ അനുഭവപ്പെട്ടു. എന്തുകൊണ്ടാണ് ആദത്തിനും ഹൗവായ്ക്കും നേരത്തെ ലജ്ജ അനുഭവപ്പെടാതിരുന്നതു്. അവർ ആത്മാവിൽ ദൈവത്തോടു് ഐക്യപ്പെട്ടുകഴിഞ്ഞിരുന്നപ്പോൾ അവരുടെ ഓരോ ചിന്തകളും വാക്കുകളും പ്രവൃത്തികളും ദൈവത്തെ കാണിക്കുന്നതായിരുന്നു. ഹൗവ ആദത്തെ നോക്കുമ്പോൾ ഒന്നാമതു ദൈവത്തെയാണു കണ്ടിരുന്നതു്. രണ്ടാമതു മാത്രമേ ആദത്തെ കണ്ടിരുന്നുള്ളു. ആദം ഹൗവായെ നോക്കുമ്പോൾ ഒന്നാമതു് കാണുന്നതു ദൈവത്തെയായിരുന്നു. രണ്ടാമതു മാത്രമേ ഹൗവായെ കാണുമായിരുന്നുള്ളു. അവരിരുവരും ദൈവം സുതാര്യമായി പ്രകാശിക്കുന്നവരായിരുന്നു. അവരുടെ ബുദ്ധിയാകട്ടെ സത്യം വ്യക്തമായി കാണുവാൻ തക്കവണ്ണം തമോരഹിതവുമായിരുന്നു. അവരിരുവരും അവരിലും സൃഷ്ടിമുഴുവനിലും ദൈവത്തെ ആസ്വദിച്ചിരുന്നു. ദൈവത്തോടുള്ള ആന്തരികൈക്യം രണ്ടുപേർക്കും നഷ്ടപ്പെട്ടപ്പോൾ ഇരുവരും ദൈവം പ്രകാശിക്കാത്തവരും അവരുടെ ബുദ്ധി തമോപൂർണ്ണവുമായിത്തീർന്നു. ആദം ഹൗവായെ നോക്കിയപ്പോൾ ദൈവത്തെ കാണാനില്ല, ഒരു സ്ത്രീയെമാത്രം കണ്ടു. ഹൗവാ ആദത്തെ നോക്കിയപ്പോൾ ദൈവത്തെ



www.malankaralibrary.com

കാണാനില്ല, ഒരു പുരുഷനെമാത്രം കണ്ടു. ദൈവം നന്നായിക്കണ്ടത്തു് ദൈവത്തോടുകൂടി നന്നായികാണാൻ കഴിയാതെപോയി. അവർ ലജ്ജിതരായി. ഇലകൊണ്ടു വസ്ത്രമുണ്ടാക്കി ധരിച്ച് ഓടിഒളിച്ചു. ദൈവം അവരുടെ പുറകെ ചെന്നു വിളിച്ചു. ''ആദം...ആദം...'' അവർ ഓടിയതിന്റെ പുറകെ ദൈവം ഓടിച്ചെന്നു എന്നല്ല ഇതിന്റെ അർത്ഥം. ദൈവത്തിൽനിന്നു് ഓടി ഒളിക്കാൻ മനുഷ്യനു സാദ്ധ്യമല്ല എന്നറിയിച്ചു. ദൈവത്തോടു ഐക്യപ്പെടാതെ മനുഷ്യനു കുറെനാൾ ജീവിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ ദൈവത്തിൽ നിന്നു് ദൂരെ മാറി ജീവിക്കാൻ സാധ്യമല്ല എന്ന് ദൈവം അവരെ അറിയിച്ചു. ദൈവത്തോടു് ഐക്യപ്പെടാത്തവനും ദൈവത്തിൽ തന്നെ. ദൈവമാണു് അവനും ജീവൻ നൽകുന്നതു്. എന്റെ പെട്ടി ഭാരമാണെന്നു പറഞ്ഞു ഒരു സ്ഥലത്തു വെച്ചിട്ടു് മറെറാരിടത്തു പോയി വന്നശേഷം പെട്ടി എടുത്തുകൊണ്ടു പോകാം. എന്നാൽ എന്റെ തല ഭാരമാണെന്നു പറഞ്ഞു് അടർത്തി മാററി ഒരിടത്തു വെച്ചിട്ടു് മറെറാരിടത്തു പോയി വന്നശേഷം തലയെടുത്തു വെക്കാൻ സാധിക്കുമോ? ഒരു പക്ഷേ, അതു സാധിച്ചാൽ പോലും എന്റെ ഉള്ളിൽ ജീവൻ തന്നുകൊണ്ടിരിക്കുന്ന ദൈവത്തെ മാററിവെച്ചശേഷം എനിക്കു് മറെറാരിടത്തു് പോയി വന്നു് ദൈവത്തെ വീണ്ടും എടുക്കാൻ സാദ്ധ്യമല്ല. ഞാൻ പോകുന്നിടത്തെല്ലാം എന്റെ ഉള്ളിൽ ഇരുന്നു് ദൈവം ജീവൻ തന്നുകൊണ്ടിരിക്കണം. ദൈവത്തിന്റെ ചിന്തകളോടും സ്നേഹത്തോടും ആത്മാവു് ഐക്യപ്പെടാതെ ജീവിക്കാൻ സാധിച്ചേക്കാം. എന്നാൽ ജീവൻ തരുന്ന ദൈവത്തെക്കൂടാതെ ജീവിക്കാൻ സാധിക്കയില്ല. ''ആദമെ, ഹൗവായെ, നിങ്ങൾ എന്നിൽ നിന്നു മറയുവാൻ എവിടെ ഓടി ഒളിച്ചാലും ഞാനാണു് നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്കു ജീവൻ തന്നുകൊണ്ടു വസിക്കുന്നതു്'' എന്നു് ദൈവം അവരെ അറിയിച്ചതാണു് 'ആദം ആദം' എന്നു വിളിച്ചുകൊണ്ടു ദൈവം അവരുടെ പുറകെ ചെന്നു എന്നു പറയുന്നതിന്റെ അർത്ഥം. ദൈവത്തോടുള്ള ആന്തരികൈക്യം ഇല്ലാതെ ദൈവത്തിൽനിന്നു് അസ്തിത്വം സ്വീകരിച്ചു് ദൈവത്തിൽ വസിക്കുന്നതാണു് ആത്മാവു മരിച്ച സ്ഥിതി. ആത്മാവു മരിച്ചതിന്റെ ഒരു അനന്തര ഫലമാണു് മാന



www.malankaralibrary.com

സികവും ശാരീരികവുമായ മരണം.

ആത്മീയ മരണത്തോടുകൂടി അവർക്കു് പരസ്പരം സ്നേഹിക്കാനുള്ള കഴിവു് നഷ്ടപ്പെട്ടു. ദൈവൈക്യത്തിൽ ആയിരുന്നപ്പോൾ ആദം ഹൗവായെ കണ്ടു് ''നീ എന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമാണെന്നു പറഞ്ഞു. അതായതു് നീയും ഞാനും ഒന്നാണെന്നു്. അതു് സ്നേഹത്തിന്റെ പ്രഖ്യാപനം ആയിരുന്നു. പാപം ഉണ്ടായപ്പോൾ അതേ വായ്കൊണ്ടു പറഞ്ഞു: കർത്താവേ, നീ ഒരുത്തിയെ എനിക്കു തന്നില്ലേ. അവളാണു് ഈ ദുരിതത്തിനെല്ലാം കാരണം.'' അവർ രണ്ടാണെന്നു പ്രഖ്യാപിച്ചു. ആത്മാവിൽ ഒരേ ദൈവികജീവനുള്ളപ്പോഴെ ഐക്യമുണ്ടായിരിക്കു. ആന്തരികമായ ദൈവൈക്യത്തിനു് ആനുപാതികമായി മാത്രമേ ബാഹ്യമായി മാനുഷിക സ്നേഹം ഉണ്ടാവുകയുള്ളൂ.

പാപം വന്നതോടുകൂടി ദൈവം നിശ്ചയിച്ചിരുന്ന ക്രമത്തിലും സന്തോഷത്തിലുമെല്ലാം ദുഃഖവും ക്രമക്കേടും വന്നുകൂടി. പ്രപഞ്ചം അവർക്കെതിരായി. ദൈവത്തോടുകൂടി സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നതിൽ സ്നേഹവും സന്തോഷവും അഭിമാനവും ഉണ്ടായിരുന്നിടത്തു് വേദനയും കഷ്ടപ്പാടും ലജ്ജയും വന്നു. ദൈവം ആദത്തോടു പറഞ്ഞു ''നീ നെററിയിലെ വിയർപ്പാലെ വേണം കുഞ്ഞുങ്ങളെ പോററാൻ.'' ഹൗവ്വായോടു പറഞ്ഞു ''വേദനയോടെയാണു് നീ കുഞ്ഞുങ്ങളെ പ്രസവിച്ചു വളർത്തിക്കൊണ്ടു വരേണ്ടതു്.'' പ്രപഞ്ചം അവർക്കെതിരാകാൻ തുടങ്ങി. മക്കൾ പരസ്പരം സ്നേഹമില്ലാത്തവരായി. ആത്മീയജീവൻ മക്കളിലേക്കു പകരാൻ മാതാപിതാക്കന്മാർക്കു കഴിവില്ലാതായി. ദൈവം അവരെ പറുദീസായിൽനിന്നു ബഹിഷ്ക്കരിച്ചു. എന്തിനു്? അവർ കൈനീട്ടി ജീവന്റെ മരത്തിലെ പഴം പറിച്ചു തിന്നാതിരിക്കുവാൻ. എന്താണു് ജീവന്റെ മരം. (ഈ മരത്തിലെ പഴം തിന്നുവാൻ അവരെ അനുവദിച്ചിരുന്നതാണു്.) ദൈവത്തോടു് ദൈവീക ജീവനിലുള്ള കൂട്ടായ്മ അനുഭവിക്കുന്നതിനാണു് ജീവന്റെ മരത്തിലെ പഴം ആസ്വദിക്കുക എന്നു പറയുന്നതു്. (വെളിപാടു പുസ്തകത്തിൽ പറയുന്നുണ്ടു് യേശുക്രിസ്തു വഴി ഇനിയും ജീവന്റെ മരത്തിലെ പഴം തിന്നുവാൻ സാധിക്കുമെന്നു്.) ദൈവത്തോടു് ആന്തരികമായി



www.malankaralibrary.com

ഐക്യപ്പെട്ട് ദൈവത്തിന്റെ ജീവിതശൈലിയിൽ ജീവിക്കുവാൻ സമ്മതിക്കുന്നവനുമാത്രമേ [നന്മതിന്മകളുടെ തിരിച്ചറിവിന്റെ പഴം തിന്നാത്തവനുമാത്രമേ] ജീവന്റെ മരത്തിലെ പഴം തിന്നുവാൻ [ദൈവത്തോട് ഐക്യപ്പെട്ട് കൂട്ടായ്മയിൽ ഒന്നായി കഴിയുവാൻ] ദൈവം അനുവാദം കൊടുക്കുകയുള്ളു. ദൈവത്തോട് നമ്മുടെ ആത്മാവിനുള്ള കൂട്ടായ്മയുടെ ആന്തരികൈക്യം നഷ്ടപ്പെട്ട സ്ഥിതിയാണ് പാപത്തിന്റെ കാതൽ. അതാണ് ഈ കഥയിലൂടെ പറഞ്ഞു തരുന്നത്.

പാപത്തിൽനിന്ന് മനുഷ്യരെ രക്ഷിച്ച് ദൈവത്തോടുള്ള ഐക്യം നേടിത്തരുവാൻ 'സ്ത്രീയുടെ മകൻ' സർപ്പത്തെ [സാത്താനെ] തകർക്കുവാൻ വരുമെന്നുള്ള പ്രത്യാശയുടെ ശബ്ദവും അന്നുകേട്ടു. ഈ രക്ഷകനെ മനുഷ്യവർഗ്ഗം കാത്തുകാത്തിരുന്നു. പാപത്തിൽനിന്നു മോചനം നേടുവാനും ദൈവൈക്യം നേടുവാനുമുള്ള മാനുഷികപരിശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു.

ദൈവൈക്യ ജീവിതത്തിനുള്ള അകന്ന ഒരുക്കം എങ്ങനെയാണു നടത്തേണ്ടതെന്ന് ദൈവം മോശയിലൂടെ പറഞ്ഞുകൊടുത്തു. മോശക്കു കിട്ടിയ ദൈവദർശനവും വെളിപാടും അടിസ്ഥാനമാക്കി പുറകോട്ടുള്ള ചരിത്രം എഴുതിയതാണ് ആദത്തിന്റെ കഥയെന്ന് വേദപുസ്തക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. [ആദത്തിന്റെയും ഹൗവായുടെയും കാലത്ത് ചരിത്രം എഴുതാൻ അവിടെ ആരും ഇല്ലായിരുന്നല്ലോ.] മോശ ഒരു ദർശനം കണ്ടു. മുൾപ്പടർപ്പ് അഗ്നിജ്വാലയിൽ ജ്വലിച്ചു നില്ക്കുന്നു. എന്നാൽ മുൾപ്പടർപ്പ് കരിയുന്നില്ല. ഒരുപക്ഷേ, ദൈവത്തിന്റെ മഹാഅസ്തിത്വമാകുന്ന അഗ്നിയിൽ സൃഷ്ടികൾ നിൽക്കുന്നതു വ്യക്തമായി കാണുവാനുള്ള ഒരു കൃപ ലഭിച്ചതാകാം ഈ ദർശനം. ദർശനത്തിന്റെ ആഴത്തിലേക്കു ചുഴിഞ്ഞുനോക്കുവാൻ തുടങ്ങിയപ്പോൾ, ''ഞാൻ ഇവിടെയാകുന്നു—ഇനി അടുക്കരുത്''—എന്നു ദൈവം അരുളിച്ചെയ്തു. ദൈവം അനുവദിക്കുന്നത്രയുമല്ലാതെ, ഒരല്പംപോലും കൂടുതൽ പരീക്ഷണം നടത്തി കണ്ടെത്താവുന്നതല്ല ദൈവദർശനം. 'ആയിരിക്കുന്നവൻ'—അസ്തിത്വമായിരിക്കുന്നവൻ—മോശയുടെകൂടെ ആയിരുന്നുകൊള്ളാം എന്ന ഉറപ്പു നൽകിക്കൊണ്ട് മോശയെ ഒരു വലിയ ദൗത്യത്തിനു പറഞ്ഞുവിടുന്നു.

പത്തു കല്പനകൾ നൽകിയ ദർശനസമയത്തു്



www.malankaralibrary.com

ദൈവവെളിപാടു നൽകുന്ന മലയുടെ അരികിലേക്കു വരുവാൻ ജനങ്ങളെ അനുവദിച്ചില്ല. ഓരോരുത്തർക്കും ഓരോ പരിധി നൽകി, വെളിപാടിന്റെ വലിയ ഒരനുഭവം മോശക്കു മാത്രം നൽകി. ദൈവവുമായി ഉടമ്പടിയുടെ ബന്ധത്തിൽ—അകന്ന ഒരു കൂട്ടായ്മയിൽ—കഴിയുവാൻ മനുഷ്യന്റെ ഭാഗത്തു് എന്തെല്ലാം ചെയ്യണമെന്നാണ് പത്തു കല്പനയിൽ പറയുന്നതു്. പത്തുകല്പനകൾ ദൈവൈക്യജീവിതത്തിന്റെ അകന്ന പത്തുകല്പനകൾ ദൈവത്തിലുള്ള ജീവിതശൈലിയുടെ രൂപരേഖ മാത്രമേ ആകുന്നുള്ളു. ഒരു ചിത്രം വരയ്ക്കുമ്പോൾ ആദ്യം രൂപരേഖ [out line] വരയ്ക്കുന്നു. പിന്നീടാണ് ചായവും ഷെയിഡും ഇടുക. ഇതുപോലെ ദൈവൈക്യജീവിതത്തിന് മനുഷ്യൻ നടത്തേണ്ട അകന്ന ഒരുക്കമാണ് പത്തുകല്പനകളിൽക്കൂടി ലഭിച്ചതു്.

കർത്താവായ യേശുക്രിസ്തു വന്നപ്പോൾ പറഞ്ഞു: ഈ പത്തു പ്രമാണങ്ങൾ പാലിച്ചതുകൊണ്ടുമാത്രം ആരും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. കർത്താവ് പ്രമാണങ്ങളെ പൂർണ്ണമാക്കിക്കൊണ്ടു പറഞ്ഞു. ''നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ.'' ദൈവത്തോടുള്ള ഐക്യത്തിൽ എത്തുവാൻ നമ്മൾ ഇത്രമേൽ ഉന്നതമായ ലക്ഷ്യത്തിൽ ജീവിക്കണം. 'നിങ്ങൾ കേട്ടിട്ടുണ്ടല്ലോ 'കൊല്ലരുതു്'' എന്ന്. ഞാൻ നിങ്ങളോടു പറയുന്നു ഒരാളെ 'റാക്കാ' (ചീത്തവാക്കു്) എന്നു വിളിച്ചാൽ നീ തീനരകത്തിൽ വീഴും. 'എന്തെന്നാൽ നീ ആന്തരികമായി ദൈവത്തോടു് ഐക്യപ്പെട്ടിരിക്കയാണെങ്കിൽ, ഒരു സഹോദരനെ റാക്കാ എന്നു വിളിക്കാൻ നിനക്കു സാദ്ധ്യമല്ല. ദൈവപിതാവ് ഒരുവനെ റാക്കാ എന്നു വിളിക്കയില്ല. നീ ഒരു സ്ത്രീയെ ദുരുദ്ദേശ്യത്തോടെ നോക്കിയാൽ തീനരകത്തിൽ വീഴും എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നിന്റെ ഉള്ളിൽ വസിക്കുന്ന ദൈവത്തോടു് ഐക്യപ്പെട്ടു് ദൈവം വീക്ഷിക്കുന്ന ബഹുമാനത്തിന്റെ കണ്ണുകളോടെ വേണം വീക്ഷിക്കുവാൻ എന്നാണ്. അങ്ങനെയല്ലാതെയാണു വീക്ഷിക്കുന്നതെങ്കിൽ, നീ ആന്തരികമായി ദൈവത്തോടു് ഐക്യപ്പെട്ട സ്ഥിതിയിലല്ല, പാപത്തിലാണ്, തീനരകത്തിലാണ്. പഴയ പ്രമാണങ്ങളെ യേശുനാഥൻ പൂർത്തീകരിക്കുന്നു, ധാർമ്മികനിയമങ്ങൾ എടുത്തുകളയാനല്ല, പൂർത്തീകരിക്കാനാണ് യേശുനാഥൻ വന്നതു്.



www.malankaralibrary.com

ദൈവികജീവൻ തരാൻ കഴിവില്ലാത്ത ആചാരനിയമങ്ങളെ യേശു നീക്കിക്കളയുകയും ചെയ്തു.

പിതാവു് പരിശുദ്ധനായിരിക്കുന്നതു പോലെ നമുക്കു പരിശുദ്ധരാകാൻ സാധിക്കുമോ? നമ്മുടെ സ്വന്ത ശക്തികൊണ്ടു സാധിക്കയില്ല. അത്രമേൽ പാപശക്തി നമ്മെ ഭരിക്കുന്നുണ്ടു്. എന്നാൽ നമ്മുടെ ലക്ഷ്യം പിതാവിന്റെ പൂർണ്ണതയിൽ എത്തുക, പിതാവിനോടു് ഐക്യപ്പെടുക എന്നതായിരിക്കണം. അതിനുള്ള വഴിയെന്തു്? യേശുമാത്രം. നമ്മുടെ ഇപ്പോഴത്തെ സ്ഥിതി എന്തു്? യേശു എങ്ങനെയാണ് നമ്മെ രക്ഷിക്കുന്നതും പൂർണ്ണരാക്കുന്നതും?

പാപത്തിന്റെ വിവിധവശങ്ങൾ :

പാപം എന്ന വാക്കു് വേദപുസ്തകത്തിൽ ഉപയോഗിക്കുന്നതു് മൂന്നു് അർത്ഥത്തിലാണ്. പാപപ്രവൃത്തികളെ പാപങ്ങൾ എന്നു പറയുന്നു. ഈ പാപപ്രവൃത്തികൾ ചെയ്യുവാൻ മനുഷ്യനെ നിർബ്ബന്ധിക്കുന്ന ഒരു പാപശക്തി മനുഷ്യന്റെ അവയവങ്ങളിൽ അനുഭവപ്പെടുന്നു. അതിനെ പാപം എന്നു പറയുന്നു. ഈ പാപശക്തി ഉണ്ടാകാൻ കാരണം ആത്മാവു് ആന്തരികമായി ദൈവത്തോടുള്ള ഐക്യത്തിൽ നിന്നു് (ജീവനിൽ ഒന്നായിരിക്കുന്ന സ്ഥിതിയിൽ നിന്നു്) വേർപെട്ടു പോയതാണ്. അങ്ങനെ വേർപെട്ടു നിൽക്കുന്ന സ്ഥിതിയെ പാപം എന്നു വിളിക്കുന്നു. പാപസ്ഥിതിയാണ് പാപശക്തികൾക്കു കാരണം. പാപശക്തികളാണ് പാപപ്രവൃത്തികൾക്കു കാരണം. അതിനാൽ പാപശക്തിയുടെയും പാപപ്രവൃത്തികളുടെയും മൂലകാരണം പാപസ്ഥിതിയാണ്, പാപം എന്നു പറയുന്നതിന്റെ ആഴത്തിലുള്ള അർത്ഥം ആത്മാവു് ദൈവത്തോടു് ഐക്യപ്പെടാതിരിക്കുന്ന സ്ഥിതി—പാപസ്ഥിതി— എന്നാണു്.

പാപസ്ഥിതിയിൽ നിന്നും പാപശക്തിയിൽ നിന്നും മോചനം നേടാതെ പാപപ്രവൃത്തിയിൽ നിന്നു് മോചനം നേടാൻ സാദ്ധ്യമല്ല. അതു് ആഗ്രഹിക്കാൻ സാധിക്കും. പാപശക്തി ഒരുവനെ കീഴ്പ്പെടുത്തിയിരിക്കുന്നു എന്നതിന്റെ അടയാളം മാത്രമാണ് ബാഹ്യമായി ചെയ്യുന്ന പാപപ്രവൃത്തികൾ. പാപശക്തിമാറാതെ പാപപ്രവൃത്തികൾ മാററിയെടുക്കാൻ ശ്രമി



www.malankaralibrary.com

ച്ചാൽ, ഒരു പക്ഷേ, പാപപ്രവൃത്തികൾക്കുള്ള താല്പര്യം ഭയംകൊണ്ടോ, മനഃശക്തികൊണ്ടോ ഉള്ളിൽ അടക്കിപ്പിടിക്കാൻ ((Suppressed sin) കുറെ നാളത്തേക്കു സാധിച്ചേക്കും. ഉള്ളിൽ അടക്കിയ പാപങ്ങളും (Suppressed sins) പാപമാണ്. സാഹചര്യം ലഭിക്കാതിരുന്നതിനാൽ അവ പ്രവൃത്തിയിലുള്ള പാപങ്ങളായി (expressed sin) പുറമെ പ്രത്യക്ഷപ്പെട്ടില്ല എന്നേയുള്ളു. അകത്തെ പാപശക്തി മാറ്റാതെ ബാഹ്യമായ പാപപ്രവൃത്തി മാറ്റാൻ ശ്രമിക്കുന്നത് രോഗം മാറ്റാൻ ശ്രമിക്കാതെ രോഗലക്ഷണങ്ങൾ മാത്രം മാറ്റാൻ ശ്രമിക്കുന്നതുപോലെയാണ്. ഒരു കുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോയി ''ഡോക്ടറെ, കുട്ടിക്ക് ദേഹത്താകമാനം വലിയ ചൂടുണ്ട്, ചുമയുണ്ട്'' എന്നു പറയുമ്പോൾ ഡോക്ടർ 'ചുമ മാറ്റാൻ വായ് തുന്നിക്കെട്ടിയേക്കാം— ചൂടുമാറ്റാൻ പച്ചവെള്ളത്തിൽ പിടിച്ചിടൂ ....' എന്നാണോ പറയുന്നത്. രോഗകാരണമായ രോഗാണുക്കളെ നശിപ്പിക്കാനുള്ള മരുന്നുകൊടുക്കും. രോഗം മാറുമ്പോൾ രോഗലക്ഷണങ്ങൾ (ചൂടും, ചുമയും) താനെ മാറും.. ഇതുപോലെ നമ്മിലെ പാപപ്രവൃത്തികൾക്കു കാരണമായ പാപശക്തിയെ മാറ്റാനുള്ള ചികിത്സയാണ് യേശു നടത്തുന്നത്. അകത്തുനിന്ന് പാപകാരണത്തെ മാറ്റുകയാണ് യേശുവിന്റെ ചികിത്സ. പാപപ്രവൃത്തികളെ മാറ്റിയെടുക്കാനുള്ള മാർഗ്ഗങ്ങളും ഉപദേശങ്ങളും തപശ്ചര്യകളുമാണ് മറ്റു പലയിടത്തും കാണുക. പാപശക്തി മാറ്റാത്തതുമൂലം ശാശ്വത പരിഹാരം നൽകാൻ ആ മാർഗ്ഗങ്ങൾക്കു കഴിവില്ല.

നമ്മുടെ പാപങ്ങളെ കണ്ടുപിടിക്കുക.

നമ്മിലെ പാപസ്ഥിതി മനസ്സിലാക്കുവാൻ ദൈവസ്നേഹം പ്രകാശിപ്പിച്ചിരുന്ന വിശുദ്ധരുടെ ജീവിതരീതിയുമായി നമ്മുടെ ജീവിതത്തെ താരതമ്യപ്പെടുത്തുക. മോശ അഗ്നിയിൽ കണ്ട മുൾപ്പടർപ്പുപോലെ, ഈ വിശുദ്ധരുടെ ജീവിതം ദൈവസ്നേഹാഗ്നിയിൽ ശോഭിച്ചിരുന്നു. ദൈവത്തിന്റെ പരിശുദ്ധ സ്നേഹമായിരുന്നു അവരുടെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ശരീരത്തിലും മനസ്സിലും ജ്വലിച്ചു നിന്നിരുന്നത്. സ്വയസ്നേഹമോ മാനുഷികാകർഷണസ്നേഹമോ, വിദ്വേഷമോ, ഐഹികതാല്പര്യങ്ങളോ ഒന്നുമല്ല, ദൈവസ്നേഹമായിരുന്നു അവരിൽ കത്തിജ്വലിച്ചു നിന്നത്. സേവന കൃത്യങ്ങളാലും, ക്ഷമയാലും, സാഹ



www.malankaralibrary.com

നത്താലും എല്ലാം, ദൈവസ്നേഹത്തിൽ കൂടുതൽ കൂടുതൽ ജ്വലിക്കുന്നവരായിത്തീരുവാൻ അവർക്കു സാധിച്ചു. കുരിശിൽക്കിടക്കുന്ന യേശുവിന്റെ ശരീരമാകെ ദൈവസ്നേഹാഗ്നിയിൽ ജ്വലിക്കുന്നതായി കാണാമല്ലോ. ആ ശരീരത്തിന്റെ തുടർച്ചയായി വിശുദ്ധർ ജീവിച്ചു.

നമ്മുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും ശരീരത്തിലും മനസ്സിലും ആത്മാവിലുമെല്ലാം ദൈവ സ്നേഹാഗ്നിയാണോ ജ്വലിക്കുന്നത്. അതോ സ്വയസ്നേഹവും, സഹോദര വിദ്വേഷവും, സുഖലോലുപതയും മററുമാണോ ? നമ്മൾ എത്രമേൽ പാപത്തിലാണെന്ന് വേഗം കണ്ടുപിടിക്കാം.

ദൈവം നമ്മുടെ ആത്മാവിന്റെ ജീവനായി നമ്മിലൂടെ ജീവിക്കുവാൻ സമ്മതിച്ചാൽ ദൈവത്തിന്റെ ആ പരിശുദ്ധ സ്നേഹവും സത്യവും മാത്രം നമ്മുടെ ജീവിതമാകെ നിറഞ്ഞുനില്ക്കും. ദൈവസ്നേഹം ആത്മാവിന്റെ കേന്ദ്രഭാഗത്തു നിറഞ്ഞു പ്രവഹിച്ച് നമ്മുടെ മനസ്സിലൂടെ ഒഴുകാത്തപ്പോൾ മൂന്നു പാപ വിഷച്ചാലുകൾ നമ്മുടെ മനസ്സിൽ ഉത്ഭവിച്ച് ഒഴുകാറുണ്ട്. 1 യോഹ 2:15 മുതൽ 17 വരെ വായിക്കുക. ''ആരെങ്കിലും ലോകത്തെ സ്നേഹിക്കുന്നെങ്കിൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കയില്ല. എന്തെന്നാൽ മാംസത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല. പ്രത്യുത ലോകത്തിന്റേതാണ്. ലോകവും മോഹങ്ങളും കടന്നുപോകും. ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവൻ എന്നേക്കും നിലനില്ക്കും.'' നമ്മിലൂടെ ദൈവപിതാവിന്റെ സ്നേഹത്തിന്റെ ഒഴുക്ക് ഇല്ലാതിരിക്കുമ്പോൾ, സ്നേഹമെന്ന പേരിൽ നമ്മുടെ മനസ്സിലൂടെ ഒഴുകുന്നതു് മൂന്നു വിഷച്ചാലുകളാണ്. ലോകം അവയെ സ്നേഹമെന്നും മഹത്വമെന്നും വിളിക്കുന്നു. വലിയ സ്നേഹാകർഷണമായി ലോക വസ്തുക്കളിലേക്ക് ഹൃദയം ഒട്ടിച്ചേരുകയും അവ ജീവിതത്തിന്റെ പരമ ലക്ഷ്യമായി തോന്നിക്കുകയും ചെയ്യും. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി തീരുമാനം എടുക്കുമ്പോളാണ് പാപങ്ങൾ ഉണ്ടാകുന്നതു്. കണ്ണിന്റെ ദുരാശ, മാംസത്തിന്റെ ദുരാശ, അഹന്ത ഈ വിഷച്ചാലുകൾ ഉത്ഭവിക്കുന്നതു്, ദൈവൈക്യം ഇല്ലാത്ത മനുഷ്യന്റെ സ്വയനിഷ്ഠമായ മനസ്സിൽ നിന്നാണ്.



www.malankaralibrary.com

ഓരോ വിഷച്ചാലും അനേക പാപങ്ങൾക്ക കാരണമായി ത്തീരും.

1 മാംസത്തിൻെറ ദുരാശ: ശരീരത്തിൻെറ സുഖമാണ് പരമ പ്രധാനമെന്ന മനോഭാവം. ആത്മാവിൽ ദൈവജീവൻ നിറഞ്ഞു്, ദൈവസ്നേഹം ഒഴുകുമ്പോൾ, ശരീരത്തിൻെറ വളർച്ചയ്ക്കാവശ്യമായവിധം ശരിയായ ആശകൾ ക്രമീകൃതമായ നിലയിൽ നിറവേററുന്നു. ദൈവജീവൻ ഇല്ലാത്തപ്പോൾ ശരീരത്തിൻെറ സുഖം എന്നതു പരമലക്ഷ്യം ആയിത്തീരുന്നു. ദുരാശകൾ മനുഷ്യനെ കീഴടക്കുന്നു. ആ ദുരാശമൂലം എന്തെല്ലാം പാപങ്ങൾ ഉണ്ടാകും? അലസ സ്വഭാവം ജോലിചെയ്യാൻ മടി, അമിതഭോജനം, മദ്യപാനം, പുകവലി, കോപം, ക്രമംതെററിയ ലൈംഗികാഗ്രഹങ്ങൾ മുതലായവ. ചുരുക്കത്തിൽ ശരീരസുഖം പരമലക്ഷ്യം ആക്കിയാൽ എന്തെല്ലാം വരാമോ അതെല്ലാം. യേശുനാഥനെ നോക്കുക. ശരീരത്തോടുകൂടി ഭൂമിയിൽ ജീവിച്ചു. ദൈവപിതാവിൻെറ സ്നേഹം നൽകാനും സേവിക്കാനും അവസാനം ദൈവഹിതമനുസരിച്ച് സ്നേഹത്തിൻെറ ബലിവസ്തുവാകുവാനും ശരീരത്തെ ഉപയോഗിച്ചു. നമ്മൾ പാപം ഇല്ലാത്തവരാകുമ്പോൾ ശരീരം ദൈവസ്നേഹാഗ്നിയിൽ ജ്വലിക്കുന്നതാകും; സേവനനിരതമാകും.

2 കണ്ണിൻെറ ദുരാശയിൽനിന്നു വരുന്ന പാപങ്ങൾ: എൻെറ കണ്ണിനു് ഇമ്പകരമായി തോന്നുന്നതെല്ലാം എനിക്ക സ്വന്തമാക്കണം എന്ന ദാഹമാണിതു്. ഇതിലാണ് പരമലക്ഷ്യവും ഭാഗ്യവും കണ്ടെത്തുക. ഈ ദുരാശമൂലം വരുന്ന പാപങ്ങൾ: ആഭരണഭ്രമം, വസ്ത്രഭ്രമം, തെററായ പണസമ്പാദനം, കടം വീട്ടാതിരിക്കുക, മോഷണം, ധൂർത്ത്, ലുബ്ധ്, വേലക്കൂലി കൊടുക്കാതിരിക്കുക, മററുള്ളവരുടെ കഷ്ടപ്പാടുകൾ കണ്ടിട്ടും മനസ്സലിയാതെ പിന്നെയും പിന്നെയും സമ്പാദിച്ചു കൂട്ടുക, സുഖസാമഗ്രികളുടെ പുറകെയുള്ള പരക്കം പാച്ചിൽ, പങ്കുവെയ്ക്കാൻ മടി, കൈക്കൂലി, മുതലായവ. വസ്തുവകകൾ ദൈവസ്നേഹം കൈപ്പകരാനും, ജീവൻ വളർത്താനും ദൈവനിയന്ത്രണത്തിൽ ഉപയോഗിക്കാനുമുള്ളതാണ്. എന്നാൽ അവ അവയിൽത്തന്നെ ലക്ഷ്യമാക്കുമ്പോൾ പാപമായി. ദൈവസ്നേഹം ഉള്ളിൽ നിറഞ്ഞു ധനം പങ്കുവയ്ക്കുന്നതുമൂലം നിരന്തരം ദരിദ്രരായിത്തീരുകയും നിരന്തരം അധ്വാനിച്ച് എല്ലാവരു



www.malankaralibrary.com

ടെയും നന്മയ്ക്കായി സമ്പാദിക്കുകയും വേണം. ഈ പങ്കുവയ്ക്കലിൽ, ആദ്യം സ്വന്തം കുടുംബത്തോടുള്ള ഉത്തരവാദിത്വം വരുന്നു. നസ്രത്തിലെ യേശുനാഥന്റെ ഭവനം നിരന്തരമായ അദ്ധ്വാനത്തിന്റെയും സ്നേഹത്തിന്റെയും വിളനിലമായിരുന്നു. യേശു എല്ലാം ദരിദ്രർക്കു കൊടുത്തതിനുശേഷം പരസ്യജീവിതത്തിനിറങ്ങി. അതുപോലെ ജീവിക്കുവാൻവേണ്ടി തന്നെ അനുഗമിക്കാൻ ശിഷ്യരോടു പറഞ്ഞു. ദൈവപിതാവിന്റെ സ്നേഹത്തിൽ എല്ലാവസ്തുക്കളെയും ഈശോ സ്നേഹിച്ചിരുന്നു. എന്നാൽ ആഡംബര പ്രിയനായിരുന്നില്ല. പിതാവിനെ പരമമായി സ്നേഹിക്കുകയും, പിതാവിന്റെ സ്നേഹത്തിൽ എല്ലാവരെയും എല്ലാററിനെയും സ്നേഹിക്കുകയുമായിരുന്നു യേശുവിന്റെ ജീവിതം.

3 ജീവിതത്തിന്റെ അഹന്ത—അഹന്ത എന്നതു് സ്നേഹത്തിനു കടക വിരുദ്ധമായ സ്ഥിതിയാണ്. സ്നേഹിക്കുന്നവൻ, സ്നേഹഭാജനത്തെ തന്റെ ഹൃദയസിംഹാസനത്തിൽ ഇരുത്തിക്കൊണ്ടു് അയാളുടെ ദാസനാവുകയാണ്. ചിന്തയും പ്രവൃത്തിയും ശുശ്രൂഷയും തന്റെ സ്നേഹഭാജനത്തിന്റെ നന്മയ്ക്കുവേണ്ടി മാത്രമായിരിക്കും. സ്നേഹം ശുശ്രൂഷയിലാണ് പ്രത്യക്ഷപ്പെടുക. എന്നാൽ എന്റെ ഹൃദയത്തിൽ ഒന്നാം സ്ഥാനത്തു് എന്നെ ഇരുത്തി, മററുള്ളവരെ എന്റെ ദാസരാക്കി അവരിൽനിന്നു ശുശ്രൂഷമാത്രം സ്വീകരിച്ചു കഴിയുന്നതാണ് അഹന്ത. സ്നേഹിക്കുവാൻ തുടങ്ങുമ്പോൾ, സ്വയം പരിത്യജിക്കുകയും സ്നേഹഭാജനത്തിന്റെ ഭാരങ്ങൾ വഹിക്കുകയും കുരിശെടുക്കുകയും ചെയ്യണം. അഹന്തയുള്ളവൻ തന്റെ ഭാരം മററുള്ളവരുടെമേൽ വയ്ക്കുന്നു. സ്നേഹത്തിൽ നിലനില്ക്കണമെങ്കിൽ ദിവസവും കുരിശെടുക്കണം, ഭാരം വഹിക്കണം. കുറച്ചുകാലം മുമ്പ് പത്രത്തിൽ ഒരു വാർത്ത കണ്ടു. കാനഡായിൽ സമ്പന്നയായ ഒരു യുവതിക്കു് ഒരു ആഗ്രഹം. അവളാണ് ലോകത്തിലേക്കും സ്നേഹം ഉള്ളവൾ എന്നു പേരു കിട്ടണം. അതിനവൾ എന്തു ചെയ്തു? ഇൻഡ്യയിൽ ബീഹാറിൽ ചെന്നു് ഒരു റിക്ഷാക്കാരനെ കല്യാണം കഴിച്ചു. അവൻ ഒരു ക്ഷയരോഗിയാണുതാനും. അവൻ റിക്ഷാ വലിച്ചു് സമ്പാദിക്കുന്ന അഞ്ചോ പത്തോ രൂപയുംകൊണ്ടു് അവന്റെ ദാരിദ്ര്യത്തിൽ പങ്കുചേർന്നു് ഒരു കുടിലിൽ താമസമായി. രോഗിയായ ദരിദ്രനെ ഹൃദയസിംഹാസനത്തിൽ ഒന്നാം സ്ഥാനത്തു വെച്ചു പൂജിച്ചു ജീവിക്കാൻ തുടങ്ങിയപ്പോൾ ദാരിദ്ര്യ



www.malankaralibrary.com

ത്തിൻെറയും രോഗത്തിൻെറയും ഭാരങ്ങൾ ഒന്നൊന്നായി അനുഭവിക്കാൻ തുടങ്ങി. ഒരുമാസം കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: ''എന്നെക്കൊണ്ടു് ഈ പണി പററുകയില്ല. താൻ ഇവിടെ കഴിഞ്ഞുകൊള്ളൂ.'' ബന്ധം വിടർത്തി അവൾ കാനഡായ്ക്കു മടങ്ങി. ആരെ സ്നേഹിക്കുന്നുവോ അവരുടെ ഭാരം വഹിക്കണം. പാപികളെ സ്നേഹിച്ച യേശു എല്ലാ പാപഭാരവും വഹിച്ചു. അഹന്തക്കാരൻ തൻെറ നന്മയ്ക്കുവേണ്ടി മററുള്ളവരെ ഉപയോഗിക്കയാണു്. തൻെറ ഭാരം മററുള്ളവരുടെ മേൽ വെയ്ക്കുകയാണു്. അഹന്തയുള്ള രണ്ടു പേർ വിവാഹിതരാകുന്നതും, സ്നേഹമുള്ളവർ വിവാഹിതരാകുന്നതും രണ്ടു രീതിയിലാണു്. സ്നേഹമുള്ള ചെറുക്കനും പെണ്ണും കല്ല്യാണത്തിനു വന്നു നില്ക്കുമ്പോൾ അവരുടെ മനോഭാവം എന്താണു്. ചെറുക്കൻ ചിന്തിക്കും: ഇത്രയും നാൾ ഞാൻ യേശുവിനെ എൻെറ ഹൃദയസിംഹാസനത്തിൽ ഒന്നാം സ്ഥാനത്തുവെച്ചു് ഞാൻ എപ്പോഴും ദാസനായി ജീവിച്ചു. ഇന്നു ദൈവം എനിക്കു തന്നെ സഖിയെക്കൂടി എൻെറ ഹൃദയത്തിൽ സിംഹാസനത്തിൽ ഇരുത്തി സേവനത്തിനായി എന്നെ സമർപ്പിക്കുന്നു. പെണ്ണും ചിന്തിക്കുന്നതു് ആവിധമാണു്. ഇത്രയും നാൾ എൻെറ ഹൃദയസിംഹാസനത്തിൽ യേശുവിനെ ഒന്നാം സ്ഥാനത്തുവെച്ചു് ശുശ്രൂഷിച്ചു ജീവിച്ചു. ഇന്നു് ദൈവം എനിക്കു തന്ന കൂട്ടുകാരനെയും എൻെറ ഹൃദയസിംഹാസനത്തിൽവെച്ചു ശുശ്രൂഷിക്കുവാൻ എന്നെ ഒന്നുകൂടി സ്നേഹദാസിയായി സമപ്പിക്കുന്നു. അവർ വിവാഹത്തോടുകൂടി അല്പംകൂടി വിനീതരായിത്തീരുന്നു. ദൈവം അവർക്കു നല്കുന്ന മക്കളെ രണ്ടു പേരുടെയും ഹൃദയസിംഹാസനത്തിൽ വെച്ചു് അവർ ഒന്നുകൂടി സ്നേഹദാസരായിത്തീരുന്നു. അഹന്തയുള്ളവരുടെ വിവാഹം മറെറാരു രീതിയിലാണു്. ചെറുക്കനും പെണ്ണും വന്നു നില്ക്കുന്നതുതന്നെ അഹന്തയിലാണു്. ചെറുക്കൻ ചിന്തിക്കുന്നതു് ഇങ്ങനെയാവാം. ''ഇത്രയും നാൾ ഞാൻ എന്നെപൂജിച്ചു ജീവിച്ചു. ഇന്നുമുതൽ എന്നെ പൂജിക്കുവാനും ശുശ്രൂഷിക്കുവാനും ഒരുവളെ കിട്ടി. കൊള്ളാം. എൻെറ ഇഷ്ടത്തിനൊത്തു് നിന്നാൽ ഞാൻ സ്നേഹം കാണിക്കാം. അല്ലെങ്കിൽ എൻെറ വിധം മാറും.'' അവളും ചിന്തിക്കുന്നതു് ആ വിധംതന്നെ. ''ഇത്രയും നാൾ ഞാൻ എന്നെ പൂജിച്ചു് എൻെറ ഇഷ്ടം ചെയ്തു ജീവിച്ചു. ഇന്നുമുതൽ എൻെറ ഇഷ്ടം ചെയ്തു തരാൻ ഒരാളെക്കൂടി കിട്ടിയിട്ടുണ്ടു്. കൊള്ളാം. എൻെറ ഇഷ്ടം



www.malankaralibrary.com

എല്ലാം ചെയ്താൽ ഞാൻസ്നേഹിക്കാം അല്ലെങ്കിൽ എന്റെ വിധം മാറും,'' അവർ ഒന്നിച്ചു ജീവിക്കാൻ തുടങ്ങി. അല്പം അഹന്ത പൊട്ടാൻ തുടങ്ങുമ്പോൾ കരച്ചിലും പഴിപറച്ചിലും പിണങ്ങിപ്പോക്കും അടിയും പിടിയും എല്ലാം ആകും. അഹന്തമുഴുവൻ തകർന്നു കഴിയുമ്പോൾ പാകതയാകും.

ദൈവൈക്യമില്ലാതെ സ്വയം പൂജിച്ചു കഴിയുന്നവന്റെ സ്വഭാവമായ അഹന്തയിൽനിന്നു് എന്തെല്ലാം പാപങ്ങളാണു് ഉണ്ടാവുക. വൈരാഗ്യം, വിദ്വേഷം, കോപം, നിരാശ, ഏഷണി, ദൂഷണം, പ്രാക്കു്, അപകർഷബോധം, സ്വാനുകമ്പ, ദുരഭിമാനം, ഔദ്ധത്യം, മററുള്ളവരെ താഴ്ത്തിക്കെട്ടുക, പരിഹാസം, അഹങ്കാരം, ധിക്കാരം, അധികാരമോഹം, അധികാരനിഷേധം, ഉൽക്കർഷബോധം, അസൂയ, അക്ഷമ, തൊട്ടാവാടിസ്വഭാവം, ഭയം, കലഹം, തർക്കങ്ങൾ, യുദ്ധങ്ങൾ, നിരാശ, സൂത്രങ്ങൾ, കാപട്യം, തട്ടിപ്പു്, പ്രതികാരേച്ഛ മുതലായവ.

എല്ലാ വസ്തുക്കളെക്കാൾ ദൈവപിതാവിനെ സ്നേഹിക്കുകയും, ദൈവസ്നേഹത്തിൽ എല്ലാവരെയും സ്നേഹിക്കുകയും, ചെയ്ത യേശുനാഥന്റെ ജീവിതം നോക്കുക. അഹന്ത അല്പവും ഇല്ലായിരുന്നു. യേശു മററുള്ളവരെ ഉപയോഗിക്കാനല്ല, താൻ എല്ലാവർക്കും സ്നേഹദാസനും ബലിവസ്തുവും ആകാനാണു് വന്നതു്, ജീവിച്ചതു്, മരിച്ചതു്. നമ്മിൽ പാപത്തിന്റെ വിഷച്ചാൽ ഒഴുകാതെപ്പോൾ, ആത്മാവിൽനിന്നു് ദൈവസ്നേഹം നിറഞ്ഞു കവിയുന്നവരാകുമ്പോൾ നമ്മളും ഇതേ രീതിയിൽ ജീവിക്കും. അനേകരുടെ ദാസരായി ജീവിച്ച വിശുദ്ധരെ നോക്കുക. നമ്മിലെ പാപങ്ങളും അവയുടെ ഉറവിടവും വ്യക്തമായി മനസ്സിലാക്കുക.

പാപമോചനത്തിന്റെ ആവശ്യകത:

പാപത്തിൽനിന്നു് രക്ഷപ്പെടേണ്ടതു് അത്യാവശ്യമാണോ? പുറമെ മാന്യമായി പെരുമാറിയാൽ പോരേ? ലോകത്തിൽ സാമൂഹ്യമായ അച്ചടക്കവും ക്രമവും ഉണ്ടാക്കി മനുഷ്യൻ സുഖമായി ജീവിച്ചാൽ പോരേ? കുറെയൊക്കെ ആത്മനിയന്ത്രണവും മാനസിക ശുചിത്വവും (Mental Hygiene) പാലിച്ചാൽ പോരേ? ഇവയുണ്ടെങ്കിൽ നല്ലതുതന്നെ. പക്ഷേ ഇതുകൊണ്ടു മാത്രം മനു



www.malankaralibrary.com

ഷ്യൻ അവൻെറ പരമഭാഗ്യത്തിൽ എത്തുകയില്ല. (റോ: 1:18 മുതലുള്ള വാക്യങ്ങൾ വായിക്കുക.) ദൈവത്തെ അംഗീകരിക്കാൻ വിസമ്മതിച്ച് ദൈവബന്ധം നിസ്സാരമായി കണക്കാക്കി ജീവിച്ചവരെ ദൈവം കൈവിട്ടു. ദൈവം ആത്മാവിൽ നൽകുന്ന നിയന്ത്രണം അവർക്ക് കിട്ടാതെ പോയി. ദൈവികജീവൻ സ്വീകരിച്ച് ദൈവത്തോടൊന്നായി ഏകജീവനിൽ മനുഷ്യൻ ജീവിക്കുമ്പോൾ ദൈവം ആവശ്യമായ നിയന്ത്രണത്താൽ അവൻെറ ആത്മാവിൻെറ കേന്ദ്രഭാഗം മുറുകെ പിടിച്ചിരിക്കും. ദൈവത്തെ ദൈവമായി അംഗീകരിക്കാത്തവർ യഥേഷ്ടം പോകുവാൻ ദൈവം കൈവിടുന്നു. ദൈവനിയന്ത്രണം ഇല്ലാതായപ്പോൾ പാപശക്തികൾ അവരെ നിയന്ത്രിക്കുകയും എല്ലാ പാപങ്ങളിലേക്കും നയിക്കുകയും ചെയ്യും. ബ്രെയിക്കില്ലാത്തവാഹനത്തിൽ യാത്രചെയ്യുന്നതുപോലെയാണത്. ചലനശക്തിയുണ്ട്. പക്ഷേ നിയന്ത്രണമില്ലാത്തതിനാൽ എവിടെയെങ്കിലും ചെന്നിടിക്കും. ദൈവം കൈവിട്ട മനുഷ്യർ മനുഷ്യപ്രകൃതിയുടെസ്വാഭാവിക നിയമംപോലും ലംഘിച്ച് എല്ലാതിന്മകളും ചെയ്തുകൂട്ടി, അതാണ ഭാഗ്യമെന്ന് മററുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നു. ഓരോ പാപത്തിൻെറയും അനന്തരഫലമായ വേദനയിൽ അവൻ തകരുകയും ചെയ്യും. ആകയാൽ മനുഷ്യന് പാപശക്തിയിൽനിന്നുള്ള മോചനം ആവശ്യമാണ്.

പാപമോചനം നേടുന്നില്ലെങ്കിൽ മനുഷ്യൻ പാപത്തിൻെറ ശിക്ഷകൾ അനുഭവിക്കും. ഓരോ പാപത്തിനും അതാതിൻെറ അനന്തരഫലമുണ്ട്. അനുതപിക്കാതെ നടന്നവർക്കും പുറമെ ഭക്തിനടിച്ചു നടന്നവർക്കും കഠിനമായ താക്കീതാണ് യേശുനാഥൻ നൽകിയത്. ദൈവാരാധന ഉപേക്ഷിച്ച് സൃഷ്ടികളെ ആരാധിക്കാൻ പോയ ഇസ്രായേൽക്കാർക്ക് പ്രവാചകന്മാർ നൽകിയ താക്കീത് അനുസരിക്കാതിരുന്നപ്പോൾ വന്ന ദുരിതങ്ങൾ പഴയനിയമത്തിൽ വർണ്ണിച്ചിരിക്കുന്നു. നമ്മുടെ ചുററുപാടും ഇതു് ഇന്നു് കാണാം. പല കൊലക്കേസ് പ്രതികളും അവർ ചെയ്ത കൊലയുടെ വലിപ്പമനുസരിച്ചുള്ള ദുരിതങ്ങൾ പിൽക്കാലത്തു് അനുഭവിക്കാനിടയാകുന്നു. ഒരു പണക്കാരൻ ഒരിക്കൽ ഒരു പാവപ്പെട്ടവനെ കാലുമടക്കി അടിച്ചുകൊന്നു. അയാൾക്ക പണവും രാഷ്ട്രീയസ്വാധീനവുമുണ്ടായിരുന്നതിനാൽ ശിക്ഷ ഒന്നും വാങ്ങാതെ മിട



www.malankaralibrary.com

ക്കനായി നടന്നു. കൃത്യം ഒരു വർഷം കഴിഞ്ഞു. അയാൾ മോട്ടോർ സൈക്കിളിൽ വരികയായിരുന്നു. പാവപ്പെട്ടവനെ കൊന്ന സ്ഥലത്തു വന്നപ്പോൾ മോട്ടോർ സൈക്കിൾ മറിഞ്ഞു. അയാളുടെ കാൽ ഒടിഞ്ഞു. അവിടെ ക്കിടന്നു മരിച്ചു. അനുതപിക്കാൻ അയാൾക്കു ഒരു വർഷം നൽകി. അനുതപിച്ചു ജീവനിലേക്കു വന്നിരുന്നെങ്കിൽ നന്നു. പാവങ്ങളുടെ വസ്തുവകകൾ പിടിച്ചെടുത്ത സമ്പന്നർക്കു ഒരു തലമുറ കഴിയുന്നതിനു മുമ്പുതന്നെ സമ്പത്തു നഷ്ടപ്പെടുകയോ, മക്കളില്ലാതെ പോകുകയോ, ദുർവ്യയം മൂലം സ്വത്തു നശിക്കുകയോ ചെയ്യാറുണ്ടു. ദൈവത്തിന്റെ അതിസൂക്ഷ്മമായ നീതിയെ അതിലംഘിക്കാൻ ആർക്കും കഴിവില്ല.

പാപശക്തിയിൽനിന്നും ശിക്ഷകളിൽനിന്നും മോചനം നേടാൻ മനുഷ്യന്റെ പരിശ്രമംകൊണ്ടു മാത്രം സാധിക്കുകയില്ല. വിജ്ഞാനം, കല്പന, സന്യാസം, സ്വയനിഗ്രഹം, തപസ്, യോഗാഭ്യാസം, മുതലായവ കൊണ്ടു മാത്രം പാപമോചനം നേടുകയില്ല. അവയെല്ലാം മാനസാന്തരത്തിനു വഴിതെളിച്ചേക്കാം. (കൊളോസ്യർ 2:23 വായിക്കുക) തീവ്രമായ ഭക്തിയും ശാരീരികപീഡനവും ആത്മനിന്ദനവും പ്രകടമാക്കുന്നതിനാൽ വിജ്ഞാനത്തിന്റെ പ്രതീതി ഉളവാക്കുമെന്നല്ലാതെ. പാപമോചനം നൽകാൻ ഇവയ്ക്കു കഴിവില്ല. ഏറെനാൾ എല്ലാ പാപത്തിൽനിന്നും മാറിനിൽക്കാൻ മനഃശക്തി കൊണ്ടു മാത്രം സാദ്ധ്യമല്ല.

മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെപ്പററി ഒരാൾക്കു പറഞ്ഞുകൊടുത്തപ്പോൾ അയാൾ പറയുകയാണു; ''മദ്യപാനം മൂലം ഇതിലേറെ ദൂഷ്യങ്ങളുണ്ടാകുമെന്നു എനിക്കറിയാം'' ''പിന്നെന്താ മദ്യപാനം നിറുത്താത്തതു്?'' ''മദ്യപാനം നിറുത്തണമെന്നു ഞാൻ തീരുമാനിച്ചതാണു. എന്റെ ഈ പിഴച്ച സൈക്കിളാണു കുഴപ്പം വരുത്തുന്നതു്. മദ്യപിക്കരുതെന്നു കരുതിയാണു വീട്ടിൽനിന്നു യാത്ര തുടങ്ങുന്നതു്. പക്ഷേ, ഷാപ്പിന്റെ പടിക്കലെത്തുമ്പോൾ ഈ സൈക്കിൾ തനിയെ ഷാപ്പിലേക്കു തിരിഞ്ഞു കയറുകയാണു. ഞാനെന്തു ചെയ്യും നാ....''. അയാൾ പറഞ്ഞതിന്റെ സാരമെന്താണു? എന്റെ ആഗ്രഹത്തെയും തീരുമാനത്തെയും അറിവിനെയും വെല്ലുന്ന ഒരു പാപശക്തിയാണു എന്നെ ഭരിക്കുന്നതു്. ഒരിക്കൽ ഒരു യോഗാഭ്യാസിയോടു ഞാൻ



www.malankaralibrary.com

പറഞ്ഞു. ''താങ്കൾക്ക് ഈ യോഗാഭ്യാസംമൂലം പാപ ത്തെ കീഴടക്കി ജീവിക്കാൻ സാധിച്ചിട്ടില്ലേ....എന്തു പറയുന്നു?'' അദ്ദേഹം അദ്ദേഹത്തിന്റെ പാപങ്ങൾ ഏററുപറഞ്ഞതിനു ശേഷം പറയുകയാണ് 'അച്ചാ, ഇ തെല്ലാം വെറും അഭ്യാസം മാത്രമല്ലേ....ഇതുകൊണ്ടു പാപം മാറുമോ....?''

പഴയ ഉടമ്പടിയോ കല്പനകളോ പാപത്തെ മാററു വാൻ പര്യാപ്തമായില്ല. എന്താണു പാപമെന്നു ബോ ധ്യം വരുത്താനും മനുഷ്യർ പാപികളാണെന്ന് അവ ബോധമുണ്ടാക്കുവാനും മാത്രമേ പഴയനിയമം കൊണ്ടു സാധിച്ചിട്ടുള്ളു. ഈ സത്യം റോമ 4 വരെയുള്ള അദ്ധ്യാ യങ്ങളും 7 ഉം വ്യക്തമാക്കുന്നു. നിയമം കിട്ടിയപ്പോൾ പാപം പാപമാണെന്ന് അറിഞ്ഞുകൊണ്ടു പാപം ചെയ്ത് പാപത്തിന്റെ ഉത്തരവാദിത്വം സ്വായത്ത മാക്കി എന്നുമാത്രം. എന്നാൽ നിയമം വരുന്നതിനു മുമ്പും മനുഷ്യൻ പാപത്തിന്റെ അടിമയായിരുന്നു. പാപത്തിന്റെ അനന്തരഫലമായ മരണം അവർക്കു വന്നു കൂടിയതിൽ നിന്നാണ് അവരും പാപത്തിലായിരുന്നു എന്ന് മനസ്സിലാകുന്നത്. അറിയാതെ വിഷം കഴി ച്ചാലും മരിക്കുമല്ലോ. പാപം എന്താണെന്ന് അറിയാ തെ പാപം ചെയ്താലും അതിന്റെ അനന്തരഫലം വന്നു കൂടുന്നു. നിയമം വന്നപ്പോൾ, പാപത്തെപ്പററി അറിവു കിട്ടിയപ്പോൾ, അറിഞ്ഞു കൊണ്ടുതന്നെ പാപം ചെയ്തു പോവുകയും കൂടുതൽ പാപിയാവുകയും ചെയ്തു. ദൈവേ ഷ്ടമനുസരിച്ചുള്ള ജീവിതം എന്താണെന്നു പറഞ്ഞുതരാൻ മാത്രമെ പഴയനിയമത്തിനു കഴിവുള്ളു. ദൈവസ്വഭാ വമോ ദൈവജീവനോ മനുഷ്യനിൽ ജനിപ്പിച്ച് പാപ ശക്തിയെ ഇല്ലാതാക്കാൻ പഴയനിയമത്തിനു കഴിവില്ല. തളർന്നുകിടക്കുന്ന കുട്ടിയോട് നേരെ നടക്കാനുള്ള നിയ മങ്ങൾ പറഞ്ഞുകൊടുത്താൽ കുട്ടി എഴുന്നേററു നടക്കുമോ? ഇല്ല. എഴുന്നേററു നടക്കാനുള്ള ജീവൻ കിട്ടിയാൽ നട ന്നുകൊള്ളും. പിന്നെ അതിനുള്ള നിയമം ഒന്നും പഠി പ്പിക്കേണ്ടതില്ല. അത് അവന്റെ ജീവനിൽ നിന്നു തന്നെ ഉദിക്കുന്നു. തളർന്നു കിടക്കുന്ന കുട്ടിക്ക് എഴുന്നേ ററു നടക്കാനുള്ള നിയമംമാത്രം നൽകിയതു സ്വീകരി ച്ച്, അവൻ അതനുസരിച്ച് കാലുവെയ്ക്കാൻ ഒരുങ്ങു മ്പോൾ ഓരോ കാലടിയും തളർന്നു വീഴും. കാരണം അകത്ത് ജീവൻ കിട്ടിയിട്ടില്ല. അവനു കിട്ടിയ നിയ മാവലി അവനെ അടിമപ്പെടുത്തുകയും ഭാരപ്പെടുത്തുകയും മറിച്ചിടുകയും ചെയ്യുന്നതായി അനുഭവപ്പെടും. ഇതു



www.malankaralibrary.com

പോലെ, ദൈവിക ജീവൻ ലഭിക്കാതെ, ദൈവിക ജീവന്റെ അകന്ന ഒരുക്കമായ നിയമാവലി കിട്ടിയപ്പോൾ, മനുഷ്യൻ അറിഞ്ഞുകൊണ്ടു പാപം ചെയ്യുകയും, നിയമം അവരെ അടിമപ്പെടുത്തുന്നതായി അനുഭവപ്പെടുകയും ചെയ്തു. യേശുനാഥൻ ദൈവിക ജീവൻ പകർന്നു തരുമ്പോൾ ദൈവസ്വഭാവം മനുഷ്യരുടെ സ്വന്ത സ്വഭാവമാകുമ്പോൾ പിന്നെ വെളിയിൽനിന്നു നിയമം വേണ്ടാ. അതു് സ്വതസിദ്ധമാകും. മനുഷ്യർ ബാഹ്യനിയമത്തിന്റെ അടിമത്തത്തിൽനിന്നു് മോചിതരാവുകയും പാപത്തിന്റെ അടിമത്തത്തിൽനിന്നു് രക്ഷപ്പെടുകയും ചെയ്യുന്നു. പഴയനിയമം കിട്ടിയതു മൂലം മനുഷ്യർ പാപികളാണെന്നുള്ള അവബോധം ഉണ്ടാവുകയും, ദൈവികജീവൻ ലഭിക്കാൻ യേശുവിനെ സ്വീകരിക്കണമെന്ന മനസ്സിലാവുകയും ചെയ്തു.

പരിശീലനംകൊണ്ടു പാപമോചനം കിട്ടുകയില്ല. അഭ്യസനംകൊണ്ടു് ബാഹ്യനടപടികൾ എത്രമാത്രം ക്രമീകരിച്ചാലും അകത്തു് പാപശക്തി കിടക്കുന്നതിനാൽ തക്കസമയത്തു തനിസ്വഭാവം കാണിക്കും. മദാമ്മ പന്നിക്കുട്ടിയെ പരിശീലിപ്പിച്ചതുപോലെ സംഭവിക്കും. മദാമ്മമാർ പട്ടിക്കുട്ടിയെ വളർത്തി പരിശീലിപ്പിച്ച് ഉദ്യാനത്തിൽ കൊണ്ടുവന്നു് അവയുടെ കളി കാണിക്കുമായിരുന്നു. ഒരു മദാമ്മ ഒരു പന്നിക്കുട്ടിയെ പരിശീലിപ്പിച്ച് പട്ടിക്കുട്ടിയെപ്പോലെ കളി കാണിക്കുവാൻ ഉദ്യാനത്തിൽ കൊണ്ടുവന്നു. പന്നിക്കുട്ടിയുടെ അഭ്യാസങ്ങൾ കണ്ടു് എല്ലാവരും ആ മദാമ്മയെ അഭിനന്ദിച്ചു. അങ്ങനിരിക്കെ, അവിടൊരുമഴ പെയ്തു. ഒരിടത്തു് അല്പം ചെളിവെള്ളം കെട്ടികിടന്നു. പന്നിക്കുട്ടി ഓടിച്ചെന്നു് ചെളിവെള്ളത്തിൽ കിടന്നുരുണ്ടതിനുശേഷം മദാമ്മമാരുടെ നടുവിൽ വന്നുനിന്നു് ഒന്നു കുടഞ്ഞു. മദാമ്മയുടെ അഭിമാനമെല്ലാം തകർന്നു. പന്നിക്കുട്ടിയെ എത്ര പരിശീലിപ്പിച്ചാലും പന്നിക്കുട്ടി തക്കസമയത്തു് അതിന്റെ പന്നിത്തരം കാണിക്കും. എപ്പോഴും പട്ടിക്കുട്ടിയെപ്പോലെ പെരുമാറണമെങ്കിൽ അതിന്റെ പ്രകൃതിയിലെ പന്നിത്തരം എടുത്തുമാററി പട്ടിത്തരം അവിടെ ചേർക്കണം. എങ്കിലെ പട്ടിയുടെ സ്വഭാവം കിട്ടുകയുള്ളു. പ്രകൃതി (nature) മാറുന്ന ഓപ്രേഷൻ നടത്തണം. ഇതുപോലെ ആദാമിന്റെ വംശജരായ നമ്മുടെ ഉള്ളിൽനിന്നു് ആദാമിന്റെസ്വഭാവം മാററി ദൈവസ്വഭാവം ഉൾച്ചേർക്കണം. യേശുവിനു മാത്രമേ



www.malankaralibrary.com

അതു സാധിക്കു. അതു് ദൈവം കൃപാപൂർവ്വം ചെയ്യുന്ന ഒരു വലിയ ഔദാര്യപ്രവൃത്തിയാണ്. യേശു നമ്മുടെ ഉള്ളിൽ നാഥനായി വന്നു് അതു ചെയ്തുതരുവാനായി പ്രാർത്ഥിക്കുക. വിമർശനം കൊണ്ടും അഭ്യസനം കൊണ്ടും വിജ്ഞാനം കൊണ്ടും ഒന്നും പാപമോചനം നടക്കുകയില്ല.

യേശു എങ്ങനെയാണു രക്ഷിക്കുന്നതു്?

യേശു നമുക്കുവേണ്ടി ചെയ്തതും നമ്മെ ഉൾച്ചേർത്തു കൊണ്ടുചെയ്തതുമായ പ്രാർത്ഥനയും വിലാപവും പരിഹാരബലിയുമാണ്, പാപക്ഷമയ്ക്കും പാപമോചനത്തിനും നിദാനമായിരിക്കുന്നതു്. യേശു നമുക്കുവേണ്ടി ചെയ്തതും നമ്മെ ഉൾച്ചേർത്തുകൊണ്ടു് ചെയ്തതും അംഗീകരിച്ചു്, യേശുവിൽ നിലനിന്നുകൊണ്ടു് യേശുവിനോടുകൂടിയുള്ള പരിഹാര കൃത്യത്തിൽ പങ്കെടുക്കുന്നതു വഴിയാണു് പാപമോചനം ലഭിക്കുന്നതു്. യേശുവിലൂടെ ലഭിക്കുന്ന ക്ഷമയേയും പാപമോചനത്തെയും പററി നമുക്കു അവബോധമുണ്ടാകാൻ യേശു കുരിശുമരണത്തിലൂടെ നേടിയതു് എന്താണെന്നു് അറിയേണ്ടിയിരിക്കുന്നു, കുരിശുമരണത്തിലെ സ്നേഹ സന്ദേശം പഠിക്കേണ്ടിയിരിക്കുന്നു. വിളംബരം ചെയ്യേണ്ടിയിരിക്കുന്നു.

പാപങ്ങൾ ക്ഷമിക്കപ്പെടുന്നു.

ദൈവ പിതാവു് തന്നെത്തന്നെ മുഴുവനായി നമുക്കു നൽകുന്ന നിത്യസ്നേഹം സദാ പാലിക്കുന്നു. ഈ അനന്തസ്നേഹത്തിനു് നമ്മൾ മുഴുവനായ പ്രതി സ്നേഹം നൽകണം. എങ്ങനെ ? പിതാവിന്റെ മുഴുവൻ സ്നേഹം സ്വീകരിക്കുന്നതുവഴിയും സ്നേഹപൂർവ്വമായ അനുസരണത്താൽ നമ്മെ മുഴുവൻ ദൈവത്തിനു നൽകുന്നതു വഴിയും. അങ്ങനെ ചെയ്യാതിരുന്നവർക്കു വേണ്ടി പരിഹാരമായി ദൈവ പിതാവിനു് പരിപൂർണ്ണ സ്നേഹാപ്പൂർണം യേശുനാഥൻ നടത്തി—മരണത്തോളമുള്ള അനുസരണം, ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും പൂർണ്ണമായ അനുസരണം. ദൈവത്തെയും ദൈവസ്നേഹത്തെയും നിരസിക്കുകയും പാപങ്ങൾമൂലം ദൈവത്തെയും മനുഷ്യരെയും വേദനിപ്പിക്കുകയും ചെയ്യതിനു പരിഹാരമായി യേശുനാഥൻ പാപിയുടെ സ്ഥാനത്തു് പാപികൾക്കുവേണ്ടി സ്വയം സമർപ്പിച്ചുകൊണ്ടു്, അനുസരിച്ചുകൊണ്ടു് പ്രാർത്ഥിച്ചുകൊണ്ടു് ക്ഷമവാങ്ങി.



www.malankaralibrary.com

പാപക്ഷമകിട്ടാൻ നമ്മുടെ ഭാഗത്തുനിന്നു് എന്തെല്ലാം ചെയ്യണം? യേശു നമുക്കവേണ്ടി നടത്തിയ പരിഹാരത്തിന്റെ യോഗ്യതയാൽ പിതാവു നൽകുന്ന (ക്ഷമയുടെ സ്നേഹം) സ്വീകരിക്കാൻ വിനീത ഹൃദയരായി പ്രാർത്ഥിക്കണം. യേശുവിലൂടെയാണു് പിതാവു് ലോകത്തോടുക്ഷമിച്ചതു്. അതു് യേശുവിൽനിന്നു് സ്വീകരിക്കണം. യേശുവിനോടുകൂടി നമ്മളും പിതാവിന്റെ അനന്തസ്നേഹത്തിനു് പ്രത്യുത്തരമായ പൂർണ്ണമായ അനുസരണത്തിന്റെ സ്നേഹം നൽകി ജീവിക്കണം. കഴിഞ്ഞ കാലത്തെ പാപങ്ങളെപ്പററി അനുതപിക്കണം. അവ ഉപേക്ഷിക്കണം.

പാപക്ഷമ കിട്ടുന്നതിന്റെ സമാധാനം അനുതാപം കൊണ്ടുമാത്രം അനുഭവപ്പെടുകയില്ല. എനിക്കുവേണ്ടി യേശു ചെയ്ത മഹാപരിഹാരം അറിഞ്ഞംഗീകരിച്ചു് യേശുവിനോടു യോജിക്കുകകൂടിവേണം. ചിലർ ചോദിക്കും, ഞാൻ ദൈവത്തോടു നേരേ പ്രാർത്ഥിച്ചാൽ പോരയോ? പള്ളിയിൽ വരണമോ? ദൈവത്തിന്റെയും എന്റെയും ഇടയ്ക്കു് മറെറാരാളെ ആവശ്യമുണ്ടോ? ഞാൻ അനുതപിച്ചു പ്രാർത്ഥിച്ചാൽ ദൈവം ക്ഷമിക്കയില്ലേ....? ക്ഷമിക്കും. നീ അനുതപിച്ചു പ്രാർത്ഥിക്കുന്നതിനു മുമ്പു തന്നെ ദൈവം നിന്നോടു ക്ഷമിച്ചു് അനുരഞ്ജനത്തിനായി നിന്റെ പക്കലേക്കു് യേശുവിലൂടെ വരുകയാണു്. നീ അതു സ്വീകരിക്കണം 2. കോരി. 5: 19 മുതലുള്ള വാക്യങ്ങൾ വായിക്കുക. എന്നാൽ യേശുവിലൂടെയുള്ള ക്ഷമ അറിഞ്ഞു് അംഗീകരിച്ചു് ജീവിക്കുന്നതുവരെ നിന്റെ അന്തരംഗത്തു് സമാധാനം അനുഭവപ്പെടുകയില്ല. യേശുവിൽചേർന്നു് ഒന്നാകുന്നതുവരെ പാപമോചനം ലഭിക്കുകയില്ല.

പരമവിശുദ്ധിയും നിത്യസ്നേഹജ്വാലയുമായ ദൈവത്തെ പാപികളോടു് അനുരഞ്ജിപ്പിക്കുവാൻ (യോജിപ്പിക്കുവാൻ) പാപികളുടെ ഏതെങ്കിലും ദിവസത്തെ ഉപവാസത്തിനോ പ്രായശ്ചിത്തകൃത്യങ്ങൾക്കോ കഴിവില്ല. ദൈവപിതാവിനോടു് സത്തയിൽ ഒന്നായിരിക്കയും, മനുഷ്യത്വത്തിൽ എല്ലാ പാപികളെയും തന്നോടു യോജിപ്പിക്കുകയും ചെയ്ത ദൈവമനുഷ്യനായ യേശുവിന്റെ പരിഹാരകൃത്യങ്ങൾക്കു മാത്രമെ അതിനു കഴിവുള്ളു. എന്റെ സ്ഥാനത്തു് പാപപരിഹാരമായി നിന്ന യേശുവിനെ ഉയർത്തി സ്തുതിക്കുകയും, എനിക്കു ലഭിച്ച പാപ



www.malankaralibrary.com

ക്ഷമയിലും അനുരഞ്ജനത്തിലും എന്റേതായി അഭിമാനിക്കാൻ ഒന്നുമില്ലെന്നു് സദാ സമ്മതിക്കുകയും വേണം. അങ്ങനെ ചെയ്യുമ്പോൾ അന്തരംഗത്തു് ദൈവീക സമാധാനം ലഭിക്കുന്നു. റോമർ 5: 1 മുതലുള്ള വാക്യങ്ങൾ വായിക്കുക. എന്നാൽ പലരും സ്വന്ത പ്രവൃത്തികളുടെ യോഗ്യതയാൽ പാപക്ഷമ ലഭിക്കാനായി ആഗ്രഹിച്ചു പ്രവർത്തിക്കയും അതു സാധിക്കാത്തതിനാൽ ഹൃദയഭാരത്തോടെ കഴിയുകയും ചെയ്യുന്നു. ഞാൻ തനിയെ ചെയ്യുന്ന ഏതു സൽപ്രവൃത്തിക്കും ഒരു ചെറിയ പാപത്തെ ഇല്ലാതാക്കാനുള്ള കഴിവുപോലുമില്ല. യേശുവിൽ ആയി യേശുവിനോടുകൂടി ചെയ്യുന്ന പരിഹാരത്തിനു വിലയും കഴിവും ഉണ്ടു്.

ഞാൻ ഒരിക്കൽ ഒരു വല്യപ്പനെ കണ്ടു. വല്യപ്പൻ സദാ കരയുകയാണു്. ഞാൻ ചോദിച്ചു: "വല്യപ്പാ, ഒന്നു ചിരിക്കാമോ?" "എങ്ങനെ ചിരിക്കാനാ........ ഞാൻ ചെയ്ത പാപത്തിനു് ഞാൻ പരിഹാരം ചെയ്തുതീർത്തോ എന്നു് എങ്ങനെ അറിയാൻ സാധിക്കും? ഞാൻ മരിച്ചു് അങ്ങു ചെല്ലുമ്പോൾ ദൈവം എന്നെ പിടിച്ചു് നരകത്തിലിട്ടാൽ ഞാനെന്തുചെയ്യും? അതല്ല, പരിഹാരം തീരാൻ ശുദ്ധീകരണ സ്ഥലത്തു് ഏറെനാൾ കിടക്കാൻ പറഞ്ഞാൽ ഞാൻ എന്തു ചെയ്യും?". വല്യപ്പനു് എന്താണു സംഭവിച്ചതു്? ചെറുപ്പത്തിൽ ഒരു പാഠം പഠിച്ചു. "നീ ചെയ്ത പാപത്തിനു് നീ പരിഹാരംചെയ്യണം. അല്ലെങ്കിൽ ശിക്ഷാവിധി കിട്ടും" പാപത്തിനു് പരിഹാരം ചെയ്യണം എന്നതു ശരിയാണു്. പക്ഷേ, നീ തന്നെ പരിഹാരം ചെയ്തുതീർക്കണമെന്നതു് അസാദ്ധ്യമാണു്. യേശു നിനക്കുവേണ്ടി ചെയ്ത പരിഹാരത്തോടുകൂടി നീ ചെയ്യാൻ ആവശ്യപ്പെടുന്നതു ചെയ്തു് സമാധാനത്തിൽ കഴിയണം.

ഞാൻ ഒരാളെ തല്ലിയെന്നു സങ്കല്പിക്കുക. ഞാൻ ചെയ്തതു ഇല്ലാതാക്കാൻ സാധിക്കുമോ? ക്ഷമ ചോദിച്ചാലും തല്ലിയതു തല്ലിയതു \ തന്നെയല്ലേ. എന്നാൽ ഒരു മാർഗ്ഗമുണ്ടു്. ഞാൻ എന്നേക്കുമായി യേശുവിന്റേതായി തീർന്നുകൊണ്ടു് ഈ പാപത്തിനു യേശുനാഥൻ പരിഹാരം ചെയ്യണമേ എന്നു് പ്രാർത്ഥിക്കണം. യേശുനാഥൻ എന്തുചെയ്യും? ഞാൻ തല്ലിയതുമൂലം അയാളുടെ മാംസപേശികൾ തകർന്നതു് യേശു രണ്ടാമതു സൃഷ്ടിച്ചു കൊടുക്കും. മനസ്സിനുണ്ടായ ആഘാതം മാററി സന്തോഷവും ശക്തിയും നൽകും. എന്നെ പ്രതി അയാൾക്കു്



www.malankaralibrary.com

നൂറിരട്ടി അനുഗ്രഹവും നൽകും. അങ്ങനെ പാപത്തിന്റെ പാടുപോലും മാറും. നിത്യതയിൽ ഞങ്ങൾ ഒന്നിച്ചിരിക്കുമ്പോൾ അയാൾ എപ്പോഴെങ്കിലും ''താൻ എന്നെ പണ്ടു തല്ലിയതാണെ''ന്നു പറഞ്ഞാൽ അപ്പോൾ യേശുനാഥൻ പറയും ''മോനേ, ഇവനെതിരായി എന്തെങ്കിലും പറയാൻ നിനക്കു് ഇനി അവകാശമില്ല. ഇവൻ എന്തെങ്കിലും നശിപ്പിച്ചെങ്കിൽ, അതിന്റെ നൂറിരട്ടി ഞാൻ നിനക്കുതന്നുകഴിഞ്ഞു!'' യേശുവിന്റെ യോഗ്യതയാൽ ദൈവസന്നിധിയിൽ നിൽക്കാൻപോലും നമുക്കു് ധൈര്യം ലഭിക്കുന്നു.

''കുററം കൂടാതെയെന്നെ തേജസ്സിൻ മുമ്പാകെ
മുററും നിറുത്താൻ കഴിവുള്ളവനേ........'' എന്നു് യേശുവിനെ സ്തുതിച്ചു പാടുന്നു. നമ്മൾ പിതാവിനെ നിന്ദിച്ചതിനു പകരമായി യേശു നമുക്കുവേണ്ടി പിതാവിനെ വന്ദിച്ചു് അനുസരിച്ചു. നമ്മുടെ പാപങ്ങൾ ദൈവസന്നിധിയിൽ എത്രയെല്ലാം മഹത്വം നശിപ്പിച്ചുവോ, യേശു അവയ്ക്കെല്ലാം പരിഹാരമായി. യേശു ചെയ്ത പരിഹാരം അംഗീകരിച്ചു് യേശുവിനോടു് ഒന്നായി നിൽക്കുമ്പോൾ ദൈവത്തോടു് സമാധാനത്തിലായി.

രണ്ടു കുട്ടികൾ സ്കൂളിൽ ബഞ്ചു തല്ലിയൊടിച്ചു. രണ്ടു പേരെയും സസ്പെൻഡു ചെയ്തു. രക്ഷാകർത്താക്കളെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. ഒരാൾ വന്നു പറഞ്ഞു: '' അവൻ കുററം ചെയ്തെങ്കിൽ അവനാണു് ഉത്തരവാദി. അവനെ ശിക്ഷിച്ചുകൊള്ളൂ '' അവനുവേണ്ടി മദ്ധ്യസ്ഥം നിന്നു് പരിഹാരം ചെയ്യാൻ രക്ഷാകർത്താവില്ലാതിരുന്നതിനാൽ അവൻ സ്കൂളിൽനിന്നു് ബഹിഷ്കൃതനായി. മറേറക്കുട്ടിയുടെ രക്ഷകർത്താവു വന്നു പറഞ്ഞു: ''സാറേ, ഇവനെ ശിക്ഷിക്കരുതേ.......ഇവന്റെ തെററു് സർട്ടിഫിക്കേററു ബുക്കിൽ എഴുതരുതേ ....ഇവൻ ഒരു ബഞ്ചു് ഒടിച്ചെങ്കിൽ ഞാൻ രണ്ടു് ബഞ്ചു് ഉണ്ടാക്കിത്തരാം!'' ആ രക്ഷകർത്താവു് അവനുവേണ്ടി മദ്ധ്യസ്ഥനും പരിഹാരം ചെയ്യുന്നവനുമായി നിന്നതിനാൽ അവൻ ശിക്ഷിക്കപ്പെട്ടില്ല. നമുക്കുവേണ്ടി ദൈവപിതാവിന്റെയും മനുഷ്യരുടെയും ഇടയ്ക്കു് പാപപരിഹാരവും മദ്ധ്യസ്ഥനുമായി യേശു വന്നതു് ഓർത്തു് നന്ദി പറയാം. യേശുവിനോടുകൂടി നമ്മൾ എന്തെല്ലാം ചെയ്യണമെന്നു് ആവശ്യപ്പെടുന്നുവോ അവ ചെയ്തു് തൃപ്തിയടയാം.



www.malankaralibrary.com

ഒരു ചെറുപ്പക്കാരൻെറ കഠിനവേദനയെപ്പററി ഒരു വൈദികൻ എന്നോടു പറഞ്ഞു, അവൻ രാത്രിയിൽ ഉറങ്ങാൻ തുടങ്ങുമ്പോൾ ഒരു കാഴ്ച കണ്ടു് ഞെട്ടിവിറച്ചു് കരഞ്ഞു കൊണ്ടു് ഉണരും. എന്തുപററി എന്നു് വീട്ടിലുള്ളവർ ചോദിക്കുമ്പോൾ ഒന്നുമില്ല എന്നു പറഞ്ഞു് വീണ്ടും ഉറങ്ങും. പിന്നെയും അതേ കാഴ്ചകണ്ടു് ഉണരും. ഒരു സ്ത്രീ പല്ലിളിച്ചു് കൈയ്യും നീട്ടി ''നിന്നെ ഞാൻ കൊല്ലുമെടാ'' എന്നു പറഞ്ഞു് മുമ്പിൽ വന്നു നിൽക്കുന്നു. അവൻ മുഖാന്തിരം ഒരു യുവതി ആത്മഹത്യ ചെയ്തു. ആ കുററബോധം എപ്പോഴും ഉള്ളിൽ കിടന്നു് തിളയ്ക്കുകയാണു്. അതുമൂലമാണു് ദുസ്വപ്നം എപ്പോഴും കാണുന്നതു്. ഇതിൽനിന്നു് രക്ഷപ്പെടുവാൻ എന്തുചെയ്യണമെന്നു് അച്ചനോടു ചോദിച്ചു. അച്ചൻ പറഞ്ഞു ''നീ ചെയ്ത പാപത്തിൻെറ പരിഹാരമായി കുറെ ത്രുപയുണ്ടാക്കി സാധു യുവതികളുടെ വിവാഹത്തിനു സഹായിക്കുക.'' അവൻ അതു ചെയ്തു. പക്ഷേ ദുസ്വപ്നം മാറുന്നില്ല. അവനു സമാധാനം കിട്ടുവാൻ എന്തുചെയ്യണം. അവൻെറ പാപത്തിനുവേണ്ടിയും അവളുടെ പാപത്തിനുവേണ്ടിയും യേശു ക്രൂശിന്മേൽ ചെയ്ത പരിഹാരം അംഗീകരിക്കുകയും യേശുവിൻെറതായി ജീവിക്കുവാൻ എന്നേക്കുമായി ജീവിതം സമർപ്പിക്കുകയും വേണം. അവൻ ഏതെല്ലാം നന്മകൾ നശിപ്പിച്ചുവോ അവയെല്ലാം വീണ്ടും നൽകണമേ എന്നു് യേശുവിനോടു് പറയണം. യേശുവിനുമാത്രം അതുസാധിക്കും. യേശുവിൻെറ ദാസനായി ഇനിയുള്ള കാലം ജീവിച്ചു് യേശു ആവശ്യപ്പെടുന്നവ ചെയ്തു് സമാധാനത്തിൽ കഴിയുക.

പാപക്ഷമയ്ക്കും പാപക്ഷമയിൽനിന്നുള്ള സമാധാനത്തിനും യേശുവിൻെറ പരിഹാരമാണു് ഏകവഴി എന്നു് അറിയാത്ത മനുഷ്യർ, വ്യർത്ഥപ്രവൃത്തികളിൽ വ്യാപൃതരായി സമാധാനത്തിനു ശ്രമിക്കുന്നു. ചിലർ പാപത്തിന്മേൽ പാപം വലിച്ചുകൂട്ടുന്നു. സിനിമ, മദ്യപാനം, അശ്ലീല കഥാപാരായണം മുതലായവയിൽക്കൂടി സമാധാനം കണ്ടെത്താൻ നോക്കുന്നു. അതു വഴി അല്പംകൂടി ഹൃദയഭാരം വർദ്ധിക്കുന്നു. പഴയനിയമകാലത്തു് പാപക്ഷമകിട്ടാൻ മൃഗബലി നടത്തിയിരുന്നതുപോലെ ഇക്കാലത്തു് ചിലർ സ്വന്ത പദ്ധതിയനുസരിച്ചു് തീർത്ഥാടനമോ ശരീര പീഡനമോ നടത്തുന്നു. ഒരിടത്തു് ഒരാൾ കള്ളക്കേസു നടത്തി



www.malankaralibrary.com

മററൊരാളുടെ അരയേക്കർ സ്ഥലം കൈവശപ്പെടുത്തി. അതിന്റെ പാപം പരിഹരിക്കുവാനായി നിത്യക്കർബ്ബാന ചൊല്ലാൻ 1000 രൂപാ പള്ളിയിൽ കൊടുത്തു.

അയാളും കണക്കു കൂട്ടിയപ്പോൾ 1000 രൂപായ്ക്ക് കബ്ബാന ചൊല്ലിച്ചൊല്ലി ആത്മാവു സ്വർഗ്ഗത്തിൽ കയറും. വസ്തു മക്കൾക്കു ലഭിക്കും. കണക്കു കൊള്ളാം. പക്ഷേ, അങ്ങനെ സംഭവിക്കുകയില്ല. അയാൾക്ക് മോചനം കിട്ടണമെങ്കിൽ. അയാളുടെ പാപത്തിനു പരിഹാരമായി യേശു നടത്തിയ കരിശുബലിയെ അംഗീകരിച്ചുകൊണ്ട്, അയാൾ ആദ്യമായി യേശുവിന്റെ സ്വന്തമാകണം. പാപത്തെപ്പററി അനുതപിക്കണം, യേശുവിനോടുകൂടി എന്തു പരിഹാരം ചെയ്യുവാൻ യേശു ആവശ്യപ്പെടുന്നുവോ അതെല്ലാം ചെയ്യണം. കവർന്നെടുത്ത വസ്തു തിരികെക്കൊടുക്കാൻ യേശു ആവശ്യപ്പെടും. കള്ളക്കേസ്സ് നടത്തിയപ്പോൾ അപരനുണ്ടായ നഷ്ടം നികത്താൻ യേശു ആവശ്യപ്പെടും. അവനു ഹൃദയത്തിനുണ്ടായ വേദന മാറുവാൻ അവനോടു ക്ഷമ പറയാൻ ക്രിസ്തു ആവശ്യപ്പെടും. തുടർന്ന് യേശുവിന്റെ സ്വന്തമായി ജീവിച്ച് എന്തെല്ലാം ചെയ്യുവാൻ യേശു ആവശ്യപ്പെടുന്നുവോ അതെല്ലാം ചെയ്യണം. അപ്പോൾ കർത്താവിന്റെ കുരിശിലെ ബലിയുടെ യോഗ്യതയാലുള്ള സമാധാനം അയാൾക്കു ലഭിക്കും.

യേശു പാപമോചനം തരുന്നതെങ്ങനെ?

പാപമോചനം എന്നത് പാപത്തിന്റെ അടിമത്തത്തിൽനിന്നുള്ള വിടുതലാണ്. പാപശക്തി ഇല്ലാതാക്കുക എന്നതാണ്. മുമ്പുചെയ്ത പാപങ്ങളുടെ ക്ഷമ നൽകുന്നതിനെക്കാൾ ഉന്നതവും അടിസ്ഥാനപരവുമായ ഒരു അനുഗ്രഹമാണ് പാപമോചനം എന്നത്. ഒരിക്കൽ പാപക്ഷമ കിട്ടിയാലും, ഞാൻ ഞാനായിരുന്നാൽ വീണ്ടും പാപം ചെയ്യും. യേശു എന്റെ നാഥനായി വന്ന്, യേശു മാത്രം എന്നിലൂടെ ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഭാഗ്യസ്ഥിതിയിൽ എത്തിയാൽ മാത്രമേ പാപമോചനമുണ്ടാകൂ. (ഒരു മനുഷ്യന്റെ ഏററവും വലിയ ഭാഗ്യസ്ഥിതിയാണ് യേശുവിന്റെ ദാസനായി—സജീവ അവയവമായി—തീരുക എന്നത്.) അങ്ങനെയുള്ള ഓരോരുത്തരുടെയും ഓരോ തലമുടിയിഴയുടെ ഉത്തരവാദിത്വംപോലും അത്യുന്നതനായ യേശു ഏറെറടുക്കുന്നു. സകല പ്രതീക്ഷകളെ



www.malankaralibrary.com

യും അതിലംഘിക്കുന്നവിധം ദൈവമഹത്വം അവരിലൂടെ പ്രകാശിപ്പിക്കുകയും ചെയ്യും. വിശ്വാസത്തോടെ പ്രാർത്ഥിച്ച് യേശുവിൽനിന്ന് ഏതാനും അനുഗ്രഹങ്ങളും വാങ്ങി സ്വന്ത പദ്ധതിയനുസരിച്ചു ജീവിക്കുന്നതിനെക്കാറം ആയിരം ഇരട്ടി ഉന്നതമായ ഭാഗ്യസ്ഥിതിയാണ് യേശുവിന്റെ ശരീരമായിത്തീരുക എന്നത്. ആസ്ഥിതിയിൽ യേശു. നേടിയ പാപമോചനവും ഉയിർപ്പും ആത്മനിറവും എല്ലാം ഈ വ്യക്തിയിലേക്കു പകരും. ''ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു'' എന്നസ്ഥിതിയിലേക്ക് ഉയരുന്നു. ഞാനില്ല എന്നു പറഞ്ഞിട്ടില്ല. അത് അദ്വൈതമാണ്. സൃഷ്ടിക്കപ്പെട്ട മനുഷ്യവ്യക്തിയായ ഞാൻ ഉണ്ട്. എന്നാൽ എന്നിലെ എല്ലാ പ്രവർത്തനങ്ങളുടെയും ഉറവിടം ''ഞാൻ'' എന്ന സ്രോതസല്ല, യേശു എന്ന സ്രോതസാണ്, അതിനാലാണ്, ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്നു പറഞ്ഞത്. ''ഞാനല്ല, എന്നോടുകൂടിയുള്ള ദൈവകൃപ അദ്ധ്വാനിച്ചു'' എന്നും പറയുന്നു. എല്ലാ ചിന്തകളുടേയും പ്രവൃത്തികളുടെയും ഉറവിടം ക്രിസ്തു മാത്രമായിരിക്കുമ്പോറം പാപശക്തിക്ക് ഉണരാൻ അവസരം കിട്ടുന്നില്ല. അങ്ങനെ യേശു എന്നിൽ ജീവിക്കുവാൻ എന്നെ വിട്ടുകൊടുക്കുന്നതിനാണ് സമർപ്പണം എന്നു പറയുന്നത്.

കുരിശുമരണത്താൽ യേശു എങ്ങനെയാണ് നമുക്ക് പാപമോചനം നേടിത്തരുന്നത്? ''പിതാവേ, അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു'' (യോഹ 17:19) എന്ന വാക്യത്തിന്റെ അർത്ഥമെന്താണ്? എന്ന് ഒരു പ്രാർത്ഥനായോഗത്തിൽ ഒരാറം ചോദിച്ചു. നിങ്ങറംക്കുവേണ്ടി ഞാൻ ഭക്ഷണം കഴിച്ചാൽ നിങ്ങളുടെ വിശപ്പു മാറുമോ? നമുക്കുവേണ്ടി യേശു മരിച്ചാൽ നമ്മുടെ പാപം പോകുമോ? നമുക്കുവേണ്ടി യേശു തന്നെത്താൻ ശുദ്ധീകരിച്ചാൽ നമ്മുടെ പാപം പോകുമോ? കുരിശുമരണം വഴി യേശു നമ്മെ രക്ഷിച്ചതു മനസ്സിലാക്കാൻ യേശുവിന്റെ വ്യക്തിത്വവും യേശുവിനോടു നമുക്കുള്ള മൂന്നു ബന്ധങ്ങളും മനസ്സിലാക്കണം.

യേശുവിന്റെ വ്യക്തിത്വം.

1. അനാദിമുതലെ ദൈവവചനമായിരുന്ന ദൈവവ്യക്തിയായ അവനിലൂടെയാണ് സകലതും സൃഷ്ടിക്കപ്പെട്ടത്. എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവും അടിത്തറയുമെന്ന നിലയിൽ ദൈവപുത്രനായ അവൻ അനാദി



www.malankaralibrary.com

മുതലെ എന്നേക്കും ജീവിക്കുന്നു. ഇതാണ് ആദ്യഘട്ടം.

2. ഈ ദൈവവചനത്തോട് ഒരു മനുഷ്യത്വം കാതലായവിധം യോജിച്ച നിലയിലാണ് 'യേശു' ദൈവമനുഷ്യനായി ഭൂമിയിൽ ജീവിച്ചത്. ഇങ്ങനെ യോജിപ്പിച്ച മനുഷ്യത്വത്തെ ഇനി ഒരിക്കലും അടർത്തി മാററുകയില്ല. മനുഷ്യത്വത്തിലെ ഓരോ അനുഭവവും ദൈവപുത്രന്റേതായിത്തീരുന്നു. ആ മനുഷ്യത്വത്തിൽ ഇന്ന് ദൈവം മുഴുവൻ പ്രകാശിച്ചിരിക്കുന്നു. റോമ 1:3-4.

3. യേശുവിന്റെ ജീവനും ആത്മാവും മററു മനുഷ്യർക്കു നൽകിക്കൊണ്ട്, എല്ലാ മനുഷ്യരെയും തന്നോടു യോജിപ്പിച്ചുകൊണ്ട്, എല്ലാവരുടെയും നാഥനായുള്ള ഒരു പുതിയ ജീവിതസ്ഥിതി നാഥൻ സ്വീകരിച്ചു, കുരിശുമരണത്തിലൂടെ അതു പൂർത്തീകരിച്ചു. അതിനാൽ എല്ലാവരുടെയും പാപവും ഭാരവും നാഥൻ ചുമക്കേണ്ടിവന്നു. മനുഷ്യർ ഈ ബന്ധം സ്വീകരിക്കുന്നില്ലെങ്കിൽ ഈ ബന്ധം ഇല്ലാതാകാം. (ശാഖ വെട്ടപ്പെടാം എന്നു പറയുന്നു.) എന്നാൽ ഈ ബന്ധം സ്വീകരിക്കുന്നവരെ തന്റെ ശരീരമായി സ്വീകരിച്ചിരിക്കുന്ന പുതിയ സ്ഥിതിയിലാണ് നാഥൻ ഇപ്പോൾ ജീവിക്കുന്നത്. നാഥനുള്ളവയെല്ലാം അവിടത്തോട് ഐക്യപ്പെട്ടവരിലേക്കു പകർന്നുകൊണ്ടിരിക്കുന്നു. നാഥനോട് ഐക്യപ്പെട്ടവരുടെ എല്ലാ അനുഭവങ്ങളിലും, ശരീരത്തിന്റെ അനുഭവങ്ങളിൽ തല പങ്കെടുക്കുന്നതുപോലെ, യേശു പങ്കെടുക്കുന്നു. ശരീരം തലയ്ക്ക് സദാ കീഴ്വഴങ്ങി നില്ക്കുന്നതുപോലെ യേശുവിന്റെ ജീവൻ സ്വീകരിച്ചവർ യേശുനാഥന് എല്ലാ കാര്യങ്ങളിലും കീഴ്പ്പെട്ടിരിക്കുന്നു. തന്നോടു യോജിച്ചവരെ യേശു ഒരിക്കലും തള്ളിക്കളയുകയില്ല.

യേശുവിന്റെ വ്യക്തിത്വം വികസിതമായ മൂന്നു രീതികളിൽ കണ്ടതുപോലെ, നമുക്ക് യേശുവിനോടുള്ള ബന്ധവും മൂന്നു രീതികളിൽ കാണാം.

1. അസ്തിത്വപരമായ ബന്ധം. നമ്മുടെ ജീവിതത്തിലെ സൃഷ്ടിക്കപ്പെട്ട ഓരോ നന്മയും ദൈവപുത്രനിലൂടെ സൃഷ്ടിച്ചു നൽകിക്കൊണ്ടിരിക്കുന്നതാണ്. കൊളോ: 1:15 മുതൽ വായിക്കുക. എല്ലാ സൃഷ്ടികൾക്കും ദൈവപുത്രനോട് ഈ ബന്ധമുണ്ട്. സൃഷ്ടിക്ക് സ്രഷ്ടാവി



www.malankaralibrary.com

നോടുള്ള ബന്ധം. പാമ്പിനും, പഴുതാരയ്ക്കും, മാലാഖയ്ക്കും, പിശാചിനും. പുരുഷനും, സ്ത്രീക്കും, എല്ലാം ഈ ബന്ധം ദൈവപുത്രനോട് ഉണ്ട്. ഈ ബന്ധം വിച്ഛേദിച്ചാൽ ആ സൃഷ്ടി ഇല്ലായ്മയായിത്തീരും. ഇതാണ് യേശുവിനോട് നമുക്കുള്ള ഒന്നാമത്തെ ബന്ധം.

2. യേശുക്രിസ്തുവിനോടുള്ള സഹോദര സ്നേഹബന്ധം. മനുഷ്യത്വം സ്വീകരിച്ച് നമ്മളെപ്പോലെ ഒരു മനുഷ്യനായി നമ്മുടെ സഹോദരനായി കടന്നുവന്നവൻ നമ്മളെ ഓരോരുത്തരെയും തൻെറ സഹോദരരായി സ്നേഹിക്കുന്നു. എബ്രാ 2:10-14 വായിക്കുക. സ്നേഹത്താൽ യേശു നമ്മളെ യേശുവിൻെറ ഹൃദയസിംഹാസനത്തിൽ ഇരുത്തി.

3. യേശുവിൻെറ ജീവൻ സ്വീകരിച്ച്, യേശുവിനെ നാഥനായി അംഗീകരിച്ച് യേശുവിൻെറ ശരീരമായിത്തീർന്നവർക്കുള്ള ബന്ധമാണ് കൂടിയ ബന്ധം. യേശുവുമായി ഒരു ശരീരമാക്കിത്തീർക്കുന്ന ഈ ബന്ധം മാമ്മോദീസാ സ്വീകരിക്കുമ്പോൾ ആരംഭിക്കുന്നതും കൂദാശകളിലൂടെയും അനുദിനസമർപ്പണത്തിലൂടെയും വളരുന്നതുമായ ജീവബന്ധമാണ്.

യേശുനാഥൻ കൃപയാൽ നമ്മെ തൻെറ സ്നേഹസിംഹാസനത്തിൽ ഇരുത്തുകയും തൻെറ ദിവ്യശരീരത്തോട് ജീവബന്ധത്തിൽ യോജിപ്പിക്കുകയും ചെയ്തതാണ് നമ്മുടെ രക്ഷയുടെ അടിസ്ഥാനം. വലിയ ക്ലേശങ്ങൾ വന്നപ്പോഴും യേശു ഈ ബന്ധം പിൻവലിച്ചില്ല. ഈ ബന്ധം നൽകാൻ അനാദിയിലെ തീരുമാനിച്ചതാണ്. കുരിശുമരണത്തിലും ഉയിർപ്പിലും കൂടി യേശു ഈ ബന്ധം സാക്ഷാത്കരിച്ചു. വിശ്വസിച്ചു സ്വീകരിക്കുന്നവർക്ക് ഈ ബന്ധം അനുഭവപ്പെടുന്നു. യേശു പീലാത്തോസിൻെറ മുമ്പിൽ നിൽക്കുമ്പോൾ നമ്മെ എല്ലാവരെയും ഉള്ളിൽ മുറുകെപ്പിടിച്ചുകൊണ്ടാണു നിൽക്കുന്നത്. മുൾമുടി ധരിച്ചപ്പോഴും ചാട്ടകൊണ്ട് അടിയേററപ്പോഴും, കുരിശുചുമന്നപ്പോഴും നമ്മെ ഉള്ളിൽ മുറുകെപ്പിടിച്ചുകൊണ്ടിരുന്നു. കഠിന വേദനയേററപ്പോൾ യേശുവിനു പറയാമായിരുന്നു: ''ഈ പാപിയെ ഞാനെന്തിനു സ്നേഹിക്കുന്നു. ഇവനെ ഞാൻ എന്തിന് എൻെറ ഹൃദയസിംഹാസനത്തിൽ ഇരുത്തുന്നു. ഇവനെ കിട്ടിയിട്ട് എനിക്കെന്തു നേടാനാണ്? ഇവനോടുള്ള ബന്ധം എനിക്കുവേണ്ട...'' അങ്ങനെ തള്ളിക്കളഞ്ഞിരുന്നെങ്കിൽ



www.malankaralibrary.com

യേശുവിനു വേദനയുണ്ടാകയില്ലായിരുന്നു. പക്ഷേ നമ്മെ സ്നേഹിച്ച് തന്നോടു യോജിപ്പിക്കാനുള്ള തീരുമാനത്തിൽ യേശു അവസാനംവരെ വിശ്വസ്തനായി പിടിച്ചുനിന്നു. നാഥൻ നമ്മെ തള്ളിക്കളഞ്ഞിരുന്നെങ്കിൽ നമ്മുടെ പാപത്തിന്റെ നാശം നമ്മൾ അനുഭവിക്കുമായിരുന്നു. നമ്മെ ഉയർത്തുവാൻ നമ്മുടെ വേദനയുടെ ആഴങ്ങൾവരെയും നാഥൻ ഇറങ്ങി. ഇന്നു് നമ്മുടെ പാപത്തിന്റെ പാടുകൾ കാണണമെങ്കിൽ നോക്കേണ്ടതു് നമ്മുടെ മുഖത്തേക്കല്ല, ക്രൂശിലെ യേശുവിന്റെ മുഖത്തേക്കാണ്. കുരിശിൽകിടക്കുമ്പോഴും നമ്മെ ഉള്ളിൽ മുറുകിപ്പിടിച്ചുകൊണ്ടാണ് നാഥൻ കിടക്കുന്നതു്. യേശു മരിച്ചപ്പോൾ നമ്മെ ഉള്ളിൽ ചേർത്തുകൊണ്ടാണ് മരിച്ചതു്. യേശുവിനെ സംസ്കരിച്ചപ്പോഴും നമ്മെ ഉള്ളിൽ മുറുകെപ്പിടിച്ചിരുന്നു. യേശുവിനെ പിതാവു് ഉയിർപ്പിച്ചപ്പോൾ നമ്മെ ഉള്ളിൽ മുറുകെപ്പിടിച്ചുകൊണ്ടാണ് ഉയിർത്തതു്. യേശു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ നമ്മെ ഉള്ളിൽ ചേർത്തുകൊണ്ടാണ് സ്വർഗ്ഗാരോഹണം ചെയ്തതു്. (എഫേ: 2:4–6) അങ്ങനെയാണ് യേശു നമ്മെ രക്ഷിച്ചതു്.

നമ്മുടെ നാഥനായി നിന്നുകൊണ്ടു് യേശു നമുക്കുവേണ്ടി നിലവിളിച്ചു പ്രാർത്ഥിച്ചു. യേശുവിന്റെ അംഗീകൃതമായ പ്രാർത്ഥനയാൽ ദൈവപിതാവു് യേശുവിനെ ഉയിർപ്പിച്ചു കൊണ്ടു് യേശുവിലൂടെ നമ്മളോടു് ഒന്നായിത്തീർന്നു. ഉയിർത്തു് സ്വർഗ്ഗാരോഹണംചെയ്ത യേശുവിലാണു നമ്മൾ ഇപ്പോൾ സ്ഥിതിചെയ്യുന്നതു്. നമ്മുടെ വ്യക്തിത്വത്തിന്റെ കേന്ദ്രഭാഗം യേശുവിലാണ് ഉറപ്പിച്ചിരിക്കുന്നതു്. ഇക്കാര്യങ്ങൾ എഫേസ്യർ 2:4–6, കൊളേ: 3:1–4, റോമർ 6:3–11 ഈ വാക്യങ്ങളിൽ വ്യക്തമാക്കുന്നുണ്ടു്. അവ വിശദമായി പഠിക്കണം.

ഒരിക്കൽ ഒരാൾ ഒരു വൈദികനോടു ചോദിച്ചു. ''അച്ചാ യേശു ഉയിർത്തെഴുന്നേററപ്പോൾ ആ കല്ലറയിൽ എന്തെല്ലാം ഇട്ടിട്ടാണു പോയതെന്നറിയാമോ...?'' അച്ചൻ പറഞ്ഞു: ''കുറച്ചു പഴയ തുണി...'' അതുകേട്ടു് അയാൾ പറയുകയാണ്:'' ഈ അച്ചനു് ഇതുവരെയും ഒന്നും മനസ്സിലായില്ലല്ലോ... കുറെ പഴന്തുണി അടത്തിയിട്ടിട്ടു പോകാനാണോ നാഥൻ വന്നതു്? യേശു നമ്മെ സ്വീകരിച്ചപ്പോൾ നമ്മുടെ പാപവും മരണവും ശിക്ഷകളും സ്വീകരിച്ചു. അവ അവിടെ അടത്തിയിട്ടിട്ടാണ് നാഥൻ നമ്മെയുംകൊണ്ടു് ഉയിർത്തതു്. നമ്മെ നാഥൻ



www.malankaralibrary.com

ഉദംച്ചേർത്തപ്പോൾ നമ്മുടെ ദുരിതങ്ങൾ നാഥൻ ഏറ്റുക്കേണ്ടിവന്നതാണ് കുരിശിൽ കാണുന്നത്. ഉയിർത്തപ്പോൾ അവയെല്ലാം അടർത്തി മാററിയിട്ടാണ് നാഥൻ ഉയിർത്തതു്."

യേശുവിന്റെ കുരിശുമരണത്തിലും ഉയിർപ്പിലും സ്വർഗ്ഗാരോഹണത്തിലുംകൂടി നേടിയ രക്ഷ നമ്മൾ അനുഭവിക്കുവാൻ നമ്മൾ അതു് അറിഞ്ഞു് അംഗീകരിച്ച്, യേശുവിൽ ജീവിതം ഉറപ്പിച്ച് യേശുവിന്റേതായി വിശ്വസ്തതയോടെ ജീവിക്കണം. യേശുവിൽ വസിക്കുന്നവൻ യേശു കടന്നു പോയ വഴികളിലൂടെ കടന്നുപോകേണ്ടതുണ്ടു്. 1 യോഹന്നാൻ 2:6. ഇപ്പോൾ നമ്മൾ സ്വയം ചോദിക്കേണ്ട ചോദ്യം ഇതാണ്. യേശു എന്റെ നേരേ വച്ചു നീട്ടുന്ന ഈ ബന്ധം വിനയത്തോടും സന്തോഷത്തോടുംകൂടി സ്വീകരിച്ച്, എന്റെ ജീവിതം യേശുവിൽ ഉറപ്പിച്ച്, യേശുവിന്റെ രഹസ്യങ്ങൾ (Mystery) എന്നിലും സാക്ഷാൽക്കരിക്കുന്നതിനു് ഞാൻ എന്നെ സമർപ്പിച്ചു കൊടുക്കുന്നുവോ? യേശു എന്നെ ഉദംച്ചേർത്തുകൊണ്ടു പീഡയേററതും കുരിശിൽ മരിച്ചതും അടക്കപ്പെട്ടതും ഉയിർത്തതും സ്വർഗ്ഗാരോഹണം ചെയ്തതും ഞാൻ സമ്മതിച്ചുകൊടുക്കുന്നുവോ? ഒരോന്നും നമ്മൾ സമ്മതിച്ചുകൊടുക്കുമ്പോൾ ആ പടിയിൽ നിന്നു് അടുത്ത പടിയിലേക്കു പ്രവേശിക്കുന്നതായി അനുഭവപ്പെട്ടും. നമ്മുടേതായി ഒരിക്കൽ നടന്ന ഈ സംഭവം നമ്മുടേതായി അംഗീകരിക്കുമ്പോൾ ഈ അനുഭവം കിട്ടും.

റോമർ 6:3 ൽ പറയുന്നതുപോലെ യേശുവിൽ ഐക്യപ്പെട്ടു സ്നാനം സ്വീകരിച്ചപ്പോൾ യേശുവിന്റെ മരണത്തിൽ ഐക്യപ്പെട്ടുകൊണ്ടാണ സ്നാനം സ്വീകരിച്ചതു്. യേശു നമ്മെ ഉദംച്ചേർത്തുകൊണ്ടുമരിച്ചതു് അംഗീകരിച്ച് നമ്മൾ യേശുവിൽ നിരന്തരം വസിക്കുവാനും യേശു നമ്മിലൂടെ എപ്പോഴും ജീവിക്കുവാനും നമ്മെ സമർപ്പിക്കുന്ന ആദ്യനിമിഷമാണു് മാമ്മോദീസാ. യേശുവിൽ എന്തെല്ലാം മരിച്ചുവോ, അതു് യേശുവിന്റെ ശരീരമായിത്തീർന്ന എല്ലാവരിലും മരിച്ചിരിക്കുന്നു. ആത്മജീവൻ ഇല്ലാതായിപ്പോകുന്ന മരണമല്ല, ശരീരജീവൻ എന്നേക്കും ഇല്ലാതാകുന്ന മരണവുമല്ല യേശുവിൽ നടന്നതു്. ശരീരം പുതിയ രൂപത്തിൽ ശക്തിയും തേജസുമാർന്നു് രൂപാന്തരപ്പെടുന്ന മരണമാണു്, പാപത്തെ സംബന്ധിച്ച മരണമാണു്, പാപത്തെ ശരീരത്തിൽ ശിക്ഷിച്ചു കീഴ്



www.malankaralibrary.com

പ്പെടുത്തുന്ന മരണമാണ് (റോമർ 6:10, 8:3) യേശുവിൽ നടന്നത്. ആ മരണം മഹത്വത്തിലേക്കുള്ള കുതിപ്പാണ്. മാധുര്യമുള്ളതാണ്—നല്ലതാണ്. രോഗിയായ ഒരാളിലെ രോഗാണുക്കളെ കൊല്ലുവാൻ മരുന്നുകൊടുക്കുമ്പോൾ അയാളുടെ അകത്ത് ഒരു മരണം നടക്കുന്നുണ്ട്. പക്ഷെ ആ മരണം ഇരട്ടി ജീവൻ ലഭിക്കുവാൻ വേണ്ടിയുള്ള നന്മയാണ്. അതുപോലെ, പാപമുള്ള നമ്മൾ യേശുവിൽ ഐക്യപ്പെട്ട് യേശുവിന്റെ മരണത്തോട് ഐക്യപ്പെടുമ്പോൾ നമ്മിൽ നടക്കുന്ന മരണം ജീവൻ ലഭിക്കുവാൻ ഉപകരിക്കുന്നതാണ്. (റോമർ 6:4) യേശുവിനോടുകൂടി നമ്മെ കുഴിച്ചിടുകയും ചെയ്തു. യേശുവിനെ കുഴിച്ചിട്ടപ്പോൾ ആരെയെല്ലാമാണ് കുഴിച്ചിട്ടത്. യേശുവിലുള്ള എല്ലാവരെയും. യേശുവിൽ ചേർക്കപ്പെട്ട നമ്മൾ യേശുവിനോടുകൂടി സംസ്കരിക്കപ്പെട്ടു എന്നത് എങ്ങനെയാണ് സാക്ഷാൽക്കരിക്കുക. നമ്മിൽ പാപത്തിന്റെ ശക്തി എന്നേക്കും കുഴിച്ചിടപ്പെട്ടതായി അനുഭവമാകണം. യേശുവിൽ ചേർന്ന് പാപത്തിന് മരിച്ച് അടക്കപ്പെട്ടനത് എങ്ങനെയാണെന്ന് അറിയാൻ 6: 12–23 വായിക്കുക. അങ്ങനെ മരിച്ച് അടക്കപ്പെട്ടവർ ഇനിയും ജോലി ഒന്നും ചെയ്യാതെ നിർവ്വികാരരായി കഴിയുകയാണോ? മരണത്തോടുകൂടി യേശു പ്രവർത്തനത്തിൽനിന്ന് വിരമിച്ചോ? പിതാവ് എന്നും പ്രവർത്തനനിരതനാണ്. പുത്രനും അങ്ങനെതന്നെ എന്നു പറഞ്ഞ യേശു, അനാദി മുതലെ ഏതൊരു പ്രവർത്തനത്തിൽ വ്യാപൃതനായിരുന്നോ, അത് കുരിശുമരണവേളയിലും അതിനുശേഷവും തുടരുന്നു. നമ്മൾ പാപത്തിനു മരിച്ചു കഴിയുമ്പോൾ യേശുവിന്റെ നിത്യപ്രവൃത്തിയിൽ സദാ പ്രവർത്തനനിരതരായിരിക്കും. യേശു പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേററ്, ദൈവ പിതാവിന്റെ മഹത്വത്തിനായി ജീവിക്കുന്നു. 6: 10–11. അതേ പ്രവൃത്തിയാണ് ക്രിസ്തുവിൽ ഉൾച്ചേർന്നവർ നിരന്തരം ചെയ്യാനുള്ളത്. യേശുവിന്റെ നിത്യപ്രവൃത്തി അതാണ്. പിതാവിന്റെ മഹത്വം—സാന്നിദ്ധ്യം—എല്ലാ മനുഷ്യരിലും മനുഷ്യരുടെ ആന്തരിക ബാഹ്യമണ്ഡലങ്ങളിലും സൃഷ്ടികളിലും നിറയാൻ, നമ്മൾ യേശുവിൽ ജീവിതം ഉറപ്പിച്ചുകൊണ്ട്, യേശുവിന്റെ നിർദ്ദേശമനുസരിച്ച് സദാ പ്രവർത്തിക്കണം. 6;6. പഴയ മനുഷ്യൻ യേശുവിനോടുകൂടി ക്രൂശിക്കപ്പെട്ടു മരിച്ചു. മരിച്ചതിനു പ്രവർത്തിക്കാൻ സാദ്ധ്യമല്ല. 6:7. യേശുവിൽ ഉൾച്ചേർന്നു മരിച്ചവൻ പാപത്തിൽനിന്നു മോചിതനായിരിക്കുന്നു. മരി



www.malankaralibrary.com

ച്ചവന് പാപംചെയ്യാൻ സാദ്ധ്യമല്ല. ഒരാരം മരിച്ച് ശവപ്പെട്ടിയിൽ കിടക്കുകയായിരുന്നു. പെട്ടെന്ന് അയാരം ചാടിയെണീററ് ചെന്ന് അവിടെ വന്ന ഒരാളെ കാലുമടക്കിയടിച്ചിട്ട് ഓടിപ്പോയി ശവപ്പെട്ടിയിൽ കയറി ചത്തുകിടന്നെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? ഒന്നുകിൽ അയാരം ശരിയായി മരിച്ചില്ലായിരുന്നു. മരിച്ചെന്നു നടിച്ചുകിടന്നതേയുള്ളു. അല്ലെങ്കിൽ ഈ സംഭവം നടന്നിട്ടില്ല. ഇതുപോലെയാണ് ക്രിസ്ത്യാനി പാപം ചെയ്തു എന്നു പറയുന്നതും. ഒന്നുകിൽ അവൻ ക്രിസ്തുവിൽ ഉരംച്ചേർന്ന് ക്രിസ്തുവിൻെറ മരണം അവനിൽ സാക്ഷാൽക്കരിച്ചില്ല. ക്രിസ്തുവിൽച്ചേർന്നു എന്നു നടിച്ചതേയുള്ളു. യേശുവിൽ ഉരംച്ചേർന്നാൽ യേശു എന്തിനെല്ലാം മരിച്ചുവോ, ആ മരണം യേശുവിൽചേരുന്നവനിൽ വരണം. യേശുവിൽ ചേർന്ന് അവൻ പാപത്തിനു മരിച്ചാൽ പിന്നെ അവന് എങ്ങനെ പാപം ചെയ്യാൻ കഴിയും എന്നു ശ്ലീഹാ ചോദിക്കുന്നു 6:2. ഒരുവനിലെ കൈ മരിച്ചാൽ പിന്നെ കൈകൊണ്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ഒരുവനിലെ കണ്ണു മരിച്ചാൽ പിന്നെ കണ്ണുകൊണ്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ഒരുവനിലെ പാപശക്തി മരിച്ചാൽ പിന്നെ പാപം ചെയ്യുന്നതെങ്ങനെ? യേശുവിൻെറമേൽ പാപത്തിനോ മരണത്തിനോ ഇനിമേൽ ഒരധികാരവുമില്ല. നമ്മരം സദാ യേശുവിൽ യേശുവിൻേറതായി വർത്തിക്കുകയാണെങ്കിൽ പാപം നമ്മുടെ മേൽ ഭരിക്കുകയില്ല. അതിനായി സദാ ശ്രദ്ധയോടെ എല്ലാ അവയവങ്ങളേയും യേശുവിൻേറതായി മാത്രം ഉപയോഗിക്കാൻ ശീലിക്കുക. ഇത്രയും നാരം പാപത്തിൻെറയും പഴയമനുഷ്യൻെറയും തന്നിഷ്ടത്തിൻെറയും നിയന്ത്രണത്തിലായിരുന്നതും പാപത്തിന് ഉപയോഗിച്ചതുമായ അവയവങ്ങരം യേശുവിൻേറതാക്കി സദാ പ്രവർത്തനനിരതമാക്കുമ്പോഴുള്ള വേദനയാണ് യേശുവിൻെറ പീഡാനുഭവത്തിൽ പങ്കുചേരുന്നതിൻെറ വേദന. കൊല്ലപ്പണി ചെയ്തുവന്നവനെ തെങ്ങു കയററത്തിന് നിയോഗിച്ചാൽ ആദ്യമൊക്കെ കുറെ ക്ലേശങ്ങരം അനുഭവിക്കുന്നപോലെയാണത്. 6:12–23 നമ്മരം സ്വയകേന്ദ്രീകൃത ജീവിതത്തിൻെറ സ്വാർത്ഥചിന്തകളിൽനിന്നും നിഷിദ്ധസുഖലക്ഷ്യതാല്പര്യത്തിൽനിന്നും മാറുകയും, എല്ലാവരും രക്ഷപ്പെട്ട് ദൈവമഹത്വത്തിലാകാൻ മാത്രം ലക്ഷ്യം വച്ചിരിക്കുന്ന യേശു സദാ സമയവും നമ്മിലൂടെ പ്രവർത്തനനിരതനാകാൻ സമ്മതിക്കുകയും ചെയ്യുമ്പോരം യേശുവി



www.malankaralibrary.com

ന്റെ ജീവിതം നമ്മിൽ ആരംഭിക്കുന്നു. പാപജീവിതം അവസാനിപ്പിച്ച്, ഓരോ അവയവത്തേയും യേശുവിന്റേതാക്കിയെടുക്കുന്ന ശുദ്ധീകരണഘട്ടത്തിൽ കുറി ശെടുക്കുന്ന വേദനയുണ്ട്. ഓർമ്മ, ഭാവന, ചിന്ത, സ്നേഹം, ആഗ്രഹം ഇവയെല്ലാം യേശുവിന്റേതായിത്തീരണം. പാപികൾക്ക വേണ്ടി മരിക്കാൻവരെയുള്ള യേശുവിന്റെ സ്നേഹം യേശു നമ്മിൽ സ്ഥാപിക്കാൻ നമ്മൾ സമ്മതിക്കണം. നമ്മിലൂടെ യേശുവിന്റെ സേവനകൃത്യങ്ങൾ എത്രമാത്രം ചെയ്യാൻ യേശു ആഗ്രഹിക്കുന്നുവോ, അത്രമാത്രം ചെയ്യുവാൻ നമ്മെ വിട്ടുകൊടുക്കണം. എഫേ. 2:10. നമ്മൾ ഉയിർത്തെഴുന്നേററ യേശുവിൽ ചേർക്കപ്പെട്ടവരാകയാൽ, ഉയിർത്തെഴുന്നേററ യേശുവിന്റെ ചിന്തകൾ മാത്രമേ നമ്മിൽ ഉണ്ടാകാവൂ. കൊളോ. 3:1—17 വായിക്കുക. ഒരു കാലത്തു് നമ്മൾ യഥേഷ്ടം സ്വയകേന്ദ്രീകൃത ജീവിതം നയിച്ചു. സ്വന്തം ആഗ്രഹപൂർത്തി നമ്മുടെ ലക്ഷ്യമാക്കി ജീവിച്ചു. എല്ലാ പാപങ്ങളിലും മുഴുകി, പിശാചിന്റെ അടിമകളായിത്തീർന്നു. എഫേ 2:1—3. എന്നാൽ പിതാവു് നമ്മെ യേശുവിൽ ഉൾച്ചേർത്തു്, യേശുവിലൂടെ നമുക്കു് പാപമോചനവും അനുരഞ്ജനവും ഉയിർപ്പും സ്വർഗ്ഗാരോഹണവും നൽകിയിരിക്കുന്നു. എഫേ 2. 4—6 "നൽകും" എന്നല്ല, "നൽകി" എന്നാണു പറഞ്ഞിരിക്കുന്നതു്. യേശുവിനു നൽകിയതു് യേശുവിലുള്ളവർക്കും യേശുവിൽ ആയിത്തീരാനുള്ളവർക്കുമായി പിതാവു് നൽകിക്കഴിഞ്ഞു. ഓരോരുത്തരും യേശുവിൽ ചേർന്നു് അതു് സാക്ഷാൽക്കരിക്കണം. ദൈവം അളവററ നന്മകൾ നൽകാനിരിക്കുന്നു. അതിനുവേണ്ടിയാണു് യേശുവിൽ നമ്മെ ഉറപ്പിച്ചതു്. എഫേ. 2.7. യേശുവിൽ അടിയുറച്ചവനു് വരാനിരിക്കുന്ന നന്മകൾ ഭാവനയ്ക്കുപോലും പിടികിട്ടുകയില്ല. ''സ്വയകേന്ദ്രീകൃതജീവിതം നയിച്ചാൽ ഒരു പരിധിവരെ മാത്രമേ വളരൂ. യേശുവിൽ ഉൾച്ചേർത്തുകൊണ്ടു് യേശുവിന്റെ രഹസ്യങ്ങൾ നമ്മിൽ സാക്ഷാൽക്കരിക്കുന്നു വലിയ ഭാഗ്യം നമുക്കു നൽകുന്നതു് നമ്മുടെ പ്രവൃത്തിയുടെ യോഗ്യത മൂലമല്ല; ദൈവം കൃപയാൽ നൽകുന്നതാണു്. യേശുവിലൂടെ നൽകുന്ന ഈ രക്ഷയിൽ നമ്മൾ വിശ്വസിച്ചു് നമ്മെ യേശുവിനു സമർപ്പിച്ചു് ഈ ഭാഗ്യം സ്വീകരിക്കുന്നു എന്നു മാത്രം. അതിനാൽ നമുക്കു കിട്ടുന്ന പാപമോചനത്തെപ്പററിയും സ്വഭാവപൂർണ്ണതയെപ്പററിയും നമ്മൾ നമ്മിൽത്തന്നെ അഭിമാനിക്കയല്ല, ദൈവത്തിനു് സ്തുതിയർപ്പിക്കുക മാത്ര



www.malankaralibrary.com

മാണ് ചെയ്യേണ്ടതു്. ''യേശുവേ, മഹാപാപിയായ എന്നെയും അങ്ങയിൽ ഉറപ്പിച്ച് എനിക്കു് പാപമോചനവും ദൈവസ്വഭാവത്തിൽ കൂട്ടായ്മയും തന്നതിനു സ്തുതി'' എന്നു സദാ പറയുക. ''ഞാൻ സ്വഭാവത്താൽ ആരെക്കാളും മെച്ചപ്പെട്ടവനല്ല. സ്വാഭാവികവും അതി സ്വാഭാവികവുമായ എല്ലാ നന്മകളെ പ്രതിയും യേശുവേ ഞാൻ അങ്ങയെ സ്തുതിക്കുന്നു. എല്ലാം അങ്ങയുടെ നന്മയിൽ അങ്ങു എനിക്കു തന്ന പങ്കു മാത്രം. സ്തോത്രം കർത്താവേ സ്തോത്രം.'' എഫേ 2: 8–9 വായിക്കുക.

യേശു നേടിയ രക്ഷയിൽ ഞാൻ എങ്ങനെ പങ്കുചേരും?

നമ്മുടെ പാപപരിഹാരവും വിശുദ്ധീകരണവും വീണ്ടെടുപ്പും ജ്ഞാനവും നീതിയും എല്ലാം യേശു എന്ന ഒരുവൻ മാത്രമാണെന്നു് നമ്മൾ മനസ്സിലാക്കി. (1 കോറി. 1:30–31.) നമുക്കു നമ്മിൽതന്നെ അഭിമാനിക്കാൻ ഒന്നുമില്ലെന്നും, ക്രിസ്തുവിൽ മാത്രമാണ് അഭിമാനിക്കാനുള്ളതെന്നും കണ്ടുകഴിഞ്ഞു. നമ്മുടെ സ്വന്തമായി അഭിമാനിക്കാൻ എന്തെങ്കിലും ഉണ്ടെങ്കിൽ അതു നമ്മുടെ ബലഹീനതകൾ മാത്രമാണ്. ½ കോറി, 11:30 12:9–10. യേശുവിൽ ഒന്നുചേർന്നു് പാപമോചനവും ദൈവമഹത്വജീവിതവും എങ്ങനെ നേടാമെന്നു് നമുക്കു് ചിന്തിക്കാം.

പാപികളായ മനുഷ്യരെ യേശു തന്നോടു യോജിപ്പിച്ചു. അതിനാൽ യേശുവിനു പാപശിക്ഷയേൽക്കേണ്ടിവന്നു. യേശുവിൽ പിതാവ് തന്നെത്തന്നെ സമ്പൂർണ്ണമായി ദാനം നൽകി; യേശുവിനെ ഉയിർപ്പിച്ച് എല്ലാവർക്കുമായി സ്വർഗ്ഗം നൽകി. യേശുവിൻെറ ഉയിർപ്പും സ്വർഗ്ഗാരോഹണവും യേശുവിൽ യോജിച്ചവർക്കും നൽകി. എഫേ 2:5–6. സ്വർഗ്ഗം നമ്മുടെ നാഥനായ (തലയായ) യേശുവിൽ മുഴുവനായി സാക്ഷാത്ക്കരിച്ചു. നമ്മൾ ഓരോരുത്തരും എല്ലാ കാര്യത്തിലും യേശുവിനോടു് ഒന്നായിത്തീരുന്നതിൻെറ ക്രമമനുസരിച്ചാണ് യേശുവിൻെറ ഉയിർപ്പും സ്വർഗ്ഗാരോഹണവും നമ്മിൽ സാക്ഷാൽക്കരിക്കുന്നതു്. 1 കോറി 15:22–23. യേശുവിനോടു യോജിക്കുകയും യേശുവിനെ ധരിക്കുകയും ചെയ്യാതെ യേശു നേടിയ പാപമോചനവും ഉയിർപ്പും സ്വർഗ്ഗാരോഹണവും നമുക്കു് ലഭിക്കുകയില്ല. യേശു നമ്മെ സ്വന്തമാക്കിയിരിക്കുന്നു. എന്നാൽ നമ്മൾ യേശുവിനെ സ്വന്തമാക്കുന്നതിൽ കൂടുതൽ കൂടുതൽ വളരാനുണ്ട് ഫിലി 3:12–16. യേശു



www.malankaralibrary.com

മാത്രം ജീവിക്കുന്നു എന്ന സ്ഥിതിയിലെത്തണം. വി. പൗലോസ് ശ്ലീഹാ ഇക്കാര്യത്തിനു വേണ്ടി, തനിക്കു ലാഭമായിരുന്നതെല്ലാം ഉപേക്ഷിച്ച് യേശുവിന്റെ കുരിശും മരണവും സ്വായത്തമാക്കി. യേശുവിനോട് എല്ലാ കാര്യങ്ങളും ഒന്നായിത്തീരാൻ ഓടുന്നതിനെപ്പററി ഫിലിപ്പിയർ മൂന്നാം അദ്ധ്യായം മുഴുവൻ വർണ്ണിച്ചിരിക്കുന്നു.

മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുവിൽ പാപ പരിഹാരം നടന്നെങ്കിൽ മാത്രമേ, യേശുവിനെ നമുക്കു നൽകിക്കൊണ്ട് പാപ പരിഹാരവും പിതാവിന്റെ സമ്പൂർണ്ണ സ്വയംദാനമായ സ്വർഗ്ഗവും നമുക്കു തരാൻ പിതാവിനു സാധിക്കുകയുള്ളൂ. യേശുവിന്റെ മനുഷ്യത്വത്തിൽ നമ്മൾ യോജിച്ചുകൊണ്ട് പിതാവിന്റെ സമ്പൂർണ്ണ സ്വയം ദാനമായ സ്വർഗ്ഗം സ്വീകരിക്കയാണ്. നമ്മൾ ആദാമിന്റെ മനുഷ്യത്വത്തിൽ യോജിക്കുന്നതുവഴി മരണം വരുന്നു. യേശുവിന്റെ മനുഷ്യത്വത്തിൽ യോജിക്കുന്നതുവഴി ജീവനും ഉയിർപ്പും സ്വർഗ്ഗവും പ്രാപിക്കുന്നു." എന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവൻ ഇല്ല" എന്നു കർത്താവു പറഞ്ഞു തന്നു. നമ്മൾ സമ്പൂർണ്ണമായി യേശുവിൽ ഐക്യപ്പെട്ട സ്ഥിതിയിലാവുകയും പഴയ മനുഷ്യൻ പൂർണ്ണമായി മരിച്ച സ്ഥിതിയിലാവുകയും ചെയ്യുമ്പോൾ നമ്മൾ സ്വർഗ്ഗത്തിലായിരിക്കും. ക്രിസ്ത്യാനിയുടെ ശാരീരിക മരണം യേശുവിന്റെ കുരിശുമരണത്തിലുള്ള സമ്പൂർണ്ണ ഭാഗഭാഗിത്വവും പഴയ മനുഷ്യന്റെ പൂർണ്ണമരണവുമാകയാൽ സ്വർഗ്ഗ പ്രവേശനത്തിനുള്ള അവസാനത്തെ പടിയാകും. പഴയമനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ അല്പമെങ്കിലും ജീവിച്ചാൽ സ്വർഗ്ഗം നഷ്ടമാകും. ക്രിസ്തു മാത്രം നമ്മിൽ ജീവിക്കുന്ന സ്ഥിതിയിൽ സദാ ആയിരിക്കണം. അതിനുള്ള ശുദ്ധീകരണം നമ്മിൽ സദാ നടത്തണം. യേശുവിന്റെ നിയന്ത്രണത്തിൽ സദാ നില്ക്കണം. പരിശുദ്ധാത്മാവുവഴി യേശു നമ്മെ നിയന്ത്രിക്കും. ആകയാൽ ശരീരത്തിന്റെയോ, മനസ്സിന്റെയോ ലോകത്തിന്റെയോ, പിശാചിന്റെയോ പാപത്തിന്റെയോ, നിയന്ത്രണത്തിൽ നില്ക്കാതെ സദാ യേശുവിന്റെ നിയന്ത്രണത്തിൽ നില്ക്കുക. ദൈവത്തിന്റെ നന്മ സ്വഭാവത്തിന് (നീതിക്ക്) വിരുദ്ധമായി നമ്മിലുള്ളതെല്ലാം ഉപേക്ഷിക്കാൻ തയ്യാറാകണം. പൂർണ്ണശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ പ്രാ



www.malankaralibrary.com

പിക്കാൻ സാദ്ധ്യമല്ല. നമുക്കുവേണ്ടി ശുദ്ധീകരണം നടത്തിയ യേശുവിനോട് സമ്പൂർണ്ണമായി യോജിക്കണം (റോമ 8:1) അപ്പോഴാം അതേ ശുദ്ധീകരണം നമ്മിൽ നടക്കാൻ സമ്മതിക്കുകയാണ്. ഫിലി 3:10, ഗലേ. 6:14-17

ദൈവപിതാവിൻെറ സമ്പൂർണ്ണ സ്വയംദാനം, പാപികളോട് ഒന്നായിത്തീർന്ന യേശുവിൽ നടന്നുവെന്നും, യേശുവിനോട് സമ്പൂർണ്ണമായി യോജിച്ച് ആ ദാനം മുഴുവനായി സ്വീകരിച്ച് ദൈവം എല്ലാവർക്കും എല്ലാമായിത്തീരുന്ന ഭാഗ്യത്തിലെത്തുന്നതാണ് സ്വർഗ്ഗമെന്നും ബോദ്ധ്യമായവർ യേശുവിനോട് എല്ലാ കാര്യങ്ങളും മുഴുവനായി ഐക്യപ്പെടുവാനായി വേണ്ടതെല്ലാം ചെയ്യണം. കുരിശിൽവെച്ച് 'എല്ലാം പൂർത്തിയായി' എന്നു പറഞ്ഞ സമയത്ത് എല്ലാം പൂർത്തിയായി. യേശുവിൽ ലോകത്തിൻെറ പാപമോചനവും സ്വർഗ്ഗവും സാക്ഷാൽക്കരിച്ചെങ്കിലും ഓരോ വ്യക്തിയും യേശുവിലെ ആ യാഥാർത്ഥ്യങ്ങളിൽ (ജീവരഹസ്യങ്ങളിൽ) ഐക്യപ്പെട്ട് അത് സ്വായത്തമാക്കണം. നമ്മുടെ വി. കൂദാശകളിലും പ്രത്യേകിച്ച് വി. കുർബ്ബാനയിലും അനുദിന ക്രൈസ്തവ ജീവിതത്തിൽ കുരിശുകൾ എടുക്കേണ്ടി വരുന്നതിലുംകൂടി കുരിശിലെ യേശുവിനോട് ആഴത്തിൽ ഐക്യപ്പെടുകയാണ്. യേശുവിൻെറ കുരിശിൻെറ പങ്കിനെ വലിയ സ്നേഹത്തോടെ സ്വീകരിച്ച് നിധിയായി കരുതിയ വിശുദ്ധന്മാരുടെ മനോഭാവം നമുക്ക് ലഭിക്കണം.

ദൈവം സ്വയം നൽകാത്തതുമൂലം ആരും നരകത്തിൽ പോകയില്ല. കാരണം യേശുവിൽ ഐക്യപ്പെട്ട് സ്വർഗ്ഗഭാഗ്യം സ്വീകരിക്കാൻ ദൈവം എല്ലാവരെയും വിളിക്കുന്നു. വിളി സ്വീകരിക്കാത്തവർ നശിച്ചു പോകുന്നു. വിളികേട്ട് ഐക്യപ്പെടുന്നവരെ അവിടുന്നു ശുദ്ധീകരിക്കുന്നു. ശുദ്ധീകരിക്കാൻ സമ്മതിക്കുന്നവരെ തേജസ്ക്കരിക്കുന്നു. റോമ. 8:28-30 തേജസ്ക്കരണം വരെ പടിപടിയായി നയിക്കപ്പെടാൻ സമ്മതിച്ചവർക്ക് സ്വർഗ്ഗാനുഭവം ഉണ്ടാകുന്നു. എല്ലാ കാര്യങ്ങളിലും യേശുവിനെ അനുസരിച്ച് ഐക്യപ്പെട്ട യേശുവിൻെറ ജീവരഹസ്യങ്ങളിൽ ആഴത്തിൽ പങ്കെടുക്കാൻ അനുവാദം കിട്ടുന്നതും ശക്തി കിട്ടുന്നതും വലിയ ദൈവകൃപയാണ്. മുഴുവനായി യേശുവിനോട് ഒന്നായവർക്ക്, യേശുവിൻെറ യോഗ്യതയാലും പിതാവിൻെറ കൃപാപൂർണ്ണമായ സ്നേഹത്താലും, ദൈവപിതാവു



www.malankaralibrary.com

തന്നെത്താനെ നൽകുന്ന മഹാദാനമായ സ്വർഗ്ഗം ലഭിക്കുന്നതും കൃപയാലാണ്. ദൈവകൃപയ്ക്കു് മനുഷ്യൻ നന്ദിയോടെ സ്തോത്രമർപ്പിക്കുന്നു.

യേശുവിൽ ഐക്യപ്പെട്ടു് രക്ഷ സ്വീകരിക്കുക.

വിശ്വാസം, കൂദാശകൾ, യേശുവിൽ ഐക്യപ്പെട്ടുള്ള അനുദിനജീവിതം ഇവ രക്ഷയ്ക്കു് ആവശ്യമാണ്. യേശുവിലൂടെ നൽകപ്പെട്ട വെളിപാടുകൾ അംഗീകരിക്കുന്നവനുമാത്രമേ കൂദാശകളിലേക്കും യേശുവിലുള്ള ഐക്യജീവിതത്തിലേക്കും വളരാൻ സാധിക്കൂ. വെളിപാടുകൾ അംഗീകരിക്കാനുള്ള കൃപ ദൈവം തരും. വിശ്വാസം ലഭിക്കുന്നവൻ യേശുവിനോടു് ഐക്യപ്പെടാനുള്ള ആത്മസമർപ്പണം നടത്തുന്നു. യേശുവിലൂടെ മാത്രമാണ് പിതാവു് തന്നെത്തന്നെ മുഴുവനായി നൽകിയിരിക്കുന്നതു് എന്നതു് ഒരു സത്യമാണ്. അതിനാൽ നമ്മൾ യേശുവിനോടു് ഐക്യപ്പെടണം. ഓരോ കൂദാശയിലും നമ്മൾ യേശുവിനോടു് കൂടുതൽ കൂടുതൽ ഐക്യപ്പെടുകയാണ്. യേശുവിനോടു് ഐക്യപ്പെടുമ്പോൾ യേശുവിലൂടെ പിതാവു നൽകുന്ന സ്വയംദാനം സ്വീകരിക്കുകയാണ്. യേശുവിൻെറ കുരിശുമരണത്തോടും ഉയിർപ്പിനോടും സ്വർഗ്ഗജീവിതത്തോടും ഐക്യപ്പെടുകയാണ് കൂദാശകളിൽ (റോമ:6:3). കൂദാശകളുടെ ബാഹ്യഅടയാളങ്ങൾക്കല്ല, ആന്തരിക യാഥാർത്ഥ്യത്തിനാണ് പ്രാധാന്യം. യേശു കുരിശിൽ വച്ചു് നമ്മെതന്നോടു യോജിപ്പിച്ചതു് കൂദാശ സ്വീകരണത്തിൽ വ്യക്തിപരമായി സാക്ഷാൽക്കരിക്കുന്നു എന്നോർത്തു് അതതു് സമയത്തു് ഒരുങ്ങാവുന്നത്രയും ഒരുങ്ങിവേണം കൂദാശയിൽ പങ്കെടുക്കുക. നമ്മുടെ ഒരുക്കത്തേക്കാൾ, നമ്മെ യോജിപ്പിക്കാൻ മനസ്സായ യേശുവിൻെറ തീരുമാനത്തിനാണ് പ്രാധാന്യം. ആ യോജിപ്പു നടത്തിയതു് കുരിശുബലിയിലാണ്. അതിനാലാണ്, കുരിശുബലിയുടെ യോഗ്യതകൾ നമുക്കു ലഭിക്കുന്ന ദൃശ്യ അടയാളങ്ങളാണ് കൂദാശകൾ എന്നു പറയുന്നതു്. മാമ്മോദീസാ സ്വീകരിക്കുന്ന ആൾ, അയാളെ യേശു തന്നോടു് കുരിശ് വെച്ചു യോജിപ്പിച്ചതു് അംഗീകരിച്ചു് യേശുവിൽ ജീവിക്കാൻ സമർപ്പിക്കുകയാണ്. ആളിൻെറ സമർപ്പണത്തിനു് എന്നതിനേക്കാൾ യേശു യോജിപ്പിച്ചതിനാണ് പ്രാധാന്യം. സമർപ്പണം അതതാളുകൾക്കു് അതാതുസമയത്തു നിവ്വഹിക്കാവുന്നവിധം ആന്തരികമായി സവ്വശക്തിയോടും



www.malankaralibrary.com

കൂടി നടത്തുന്നു. ശിശുക്കളെയും വിജ്ഞാനം കുറഞ്ഞവരേയും പഴയനിയമകാലത്തു മരിച്ചവരെയും എല്ലാം യേശു തന്നോടു് യോജിപ്പിക്കാൻ വേണ്ടതു ചെയ്തു കഴിഞ്ഞു. 1 പത്രോസ് 3:18–24. ചിലർ ശിശുസ്നാനത്തെ എതിർക്കാറുണ്ടു്. ശിശുവിനു് അറിവില്ല. സമർപ്പണമില്ല. അതിനാൽ ശിശുക്കൾക്കു നൽകുന്ന മാമ്മോദീസായ്ക്കു വിലയില്ല എന്നു് അവർ പറയുന്നു. ശിശുവിനുവേണ്ടി, മററാരാനും തീരുമാനമെടുത്താണല്ലോ എല്ലാകാര്യവും നടത്തുക. അതു ശിശുവിൻെറ ഭാവിക്കു ബാധകമാവുകയും ചെയ്യുന്നു. അതുപോലെ യേശു മുൻകൂട്ടി കുരിശിൽവെച്ചു ഈ ശിശുവിനെ യോജിപ്പിക്കാൻ തന്നെത്തന്നെ തുറന്നതു് ശിശു സ്വീകരിച്ചു്, യേശുവിൽ ഐക്യപ്പെട്ടു ജീവിക്കാനുള്ള തീരുമാനം ശിശുവിനുവേണ്ടി മററാരാനും നടത്തുന്നു. ശിശുവിൻെറ ഭാഗത്തു അപ്പോൾ നടത്താവുന്ന സമ്പൂർണ്ണ സമർപ്പണം അതുമാത്രമാണു്. ഭൂമിയിൽ ജനിക്കാത്ത ശിശുവിനു പോലും പരിശുദ്ധാത്മാവിനെ നൽകി തന്നോടു യോജിപ്പിക്കുവാൻ ദൈവത്തിനു കഴിയുമല്ലോ. സ്നാപക യോഹന്നാനു് ദൈവം അങ്ങനെ കൃപ നൽകിയല്ലോ. മാമോദീസായിൽ, യേശുവിനോടു യോജിക്കുന്നതുവഴി നമുക്കു് പാപമോചനവും സ്വർഗ്ഗത്തിൻെറ ആദ്യാനുഭവവും ലഭിക്കുന്നു. പിന്നീടു യേശുവിലുള്ള സമ്പൂർണ്ണ സമർപ്പണത്തിൽനിന്നു് അകന്നുപോയാൽ വീണ്ടും യേശുവിൽ സമർപ്പിച്ചു ഐക്യപ്പെടാനുള്ള കൂദാശയാണു് കുമ്പസാരം. കുമ്പസാരിക്കുന്ന വ്യക്തി, താൻ പാപിയാണെന്നു് അംഗീകരിച്ചുകൊണ്ടു്, യേശുവിനോടും യേശുവിൽ ഒന്നായിരിക്കുന്ന സഭയോടും തന്നെ യോജിപ്പിക്കണമെന്നു് പ്രാർത്ഥിച്ചുകൊണ്ടു കടന്നുവരുന്നു. യേശുവിൻെറ പീഡാനുഭവത്തിലും മരണത്തിലും ഉയിർപ്പിലും സ്വർഗ്ഗത്തിലും പങ്കുലഭിക്കാൻ പ്രാർത്ഥിക്കുന്നു. പാപം മൂലം പഴയ മനുഷ്യൻ അവനിൽ വളർന്നുപോയി എന്നു സമ്മതിക്കുന്നു. അതിനെ യേശുവിൻെറ ക്രൂശിൽ ചേർത്തു് ക്രൂശിക്കാൻ ആഗ്രഹിക്കുന്നു. പാപത്തിൻെറ പ്രായശ്ചിത്തം യേശുവിൻെറ കുരിശുമരണം സാക്ഷാൽക്കരിക്കുന്നതാണു്. ദൈവത്തിൻെറയും സഭയുടെയും പ്രതിനിധിയായ വൈദികൻ വ്യക്തിയെ സഭയോടു യോജിപ്പിക്കുകയും അതുവഴി യേശുവിനോടു യോജിപ്പിക്കുകയും ചെയ്യുന്നു. അതുവഴി പാപമോചനം ലഭിക്കുന്നു. യേശുവിലാണു് പാപമോചനവും സ്വർഗ്ഗവും.



www.malankaralibrary.com

കുമ്പസാരം ഫലപ്രദമാകാൻ എന്തെല്ലാം വേണം-

1. യേശുവിൽ പാപമോചനവും സ്വർഗ്ഗസാക്ഷാൽക്കാരവും ഉണ്ടെന്ന വിശ്വസിക്കണം. 2. യേശുവിനോട് ഒന്നാകുന്നതുവഴി അത് തനിക്കു ലഭിക്കുമെന്ന് വിശ്വസിക്കണം. 3. ക്രൂശിൽവെച്ചു യേശു മനുഷ്യരെ തന്നോട് യോജിപ്പിച്ച്, തന്റെ നന്മകൾ പങ്കുവച്ചത് ഓരോരുത്തർക്കും സ്വായത്തമാക്കാൻ യേശു ഒരുക്കിയ മാർഗ്ഗങ്ങളാണ് കൂദാശകൾ എന്നു വിശ്വസിക്കണം. കൂദാശകളിൽ പങ്കെടുക്കുമ്പോൾ ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേററ് സ്വർഗ്ഗാരോഹണം ചെയ്ത യേശുവിനോടു യോജിക്കയാണെന്ന് വിശ്വസിക്കണം. യേശുവിന്റെ ജീവനോടും ജീവിതാനുഭവങ്ങളോടും (മരണത്തോടും ഉയിർപ്പിനോടും സ്വർഗ്ഗാരോഹണത്തോടും) ഒന്നാവുകയാണെന്നു വിശ്വസിക്കണം. 4. യേശുവിന്റെ മരണവും (പാപത്തെ സംബന്ധിച്ച മരണം) ഉയിർപ്പും (ദൈവമഹത്വത്തിനായുള്ള ജീവിതവും) സ്വർഗ്ഗാരോഹണവും (പിതാവിന്റെ സമ്പൂർണ്ണ സ്വയം ദാനവും) എന്നിൽ നിറയണമേ എന്ന് ആഗ്രഹിച്ചു പ്രാർത്ഥിക്കണം. പാപത്തെ പൂർണ്ണമായി ഉപേക്ഷിക്കുകയും പാപശക്തിയുടെ സ്വാധീനങ്ങൾ ഇല്ലാതാകാനായി (യേശുവിന്റെ മരണം എന്നിൽ മുഴുവൻ നിറയാനായി) പരിഹാരകൃത്യങ്ങൾ ആവശ്യമായ നിലയിൽ ചെയ്യുകയും വേണം. വൈദികൻ നിർദ്ദേശിക്കുന്ന പ്രായശ്ചിത്തം കുരിശിലെ യേശുവിൽ ഐക്യപ്പെടുന്നതിന്റെ ഒരുഭാഗം മാത്രമാണ്. 5. ഇനിയും പാപം ചെയ്ത് യേശുവിൽ നിന്നു മാറിപ്പോകയില്ലെന്ന് തീരുമാനിക്കണം. യേശുവിലുള്ള ഐക്യജീവിതത്തിൽ വീണ്ടും വളരുന്നതിനുള്ള ആദ്യനിമിഷമായി കുമ്പസാരത്തെ കണക്കാക്കണം. തുടർന്ന് യേശുവിൽ ഐക്യപ്പെട്ടുമാത്രം ജീവിക്കണം.

യേശുവിൽ സമ്പൂർണ്ണമായി നമ്മെ ഐക്യപ്പെടുത്തിയ കുരിശിലെ ബലിയുടെ സമ്പൂർണ്ണമായ സ്വാംശീകരണമാണ് ഓരോ വിശുദ്ധ കർബ്ബാനയിലും നടക്കുന്നത്. വിശുദ്ധ കുർബ്ബാനയിൽ നമ്മെ യേശുവിനോട് ഒന്നാക്കുവാനായി സമർപ്പിക്കണം. യേശുവിന്റെ മരണവും ഉയിർപ്പും സ്വർഗ്ഗാരോഹണവും നമ്മിൽ സാക്ഷാൽക്കരിക്കുവാൻ സന്തോഷത്തോടെ ഈ സമർപ്പണം നടത്തണം. വിശുദ്ധ കർബ്ബാന സ്വീകരിച്ച് സ്വർഗ്ഗസാക്ഷാൽക്കാരമായ യേശുവിൽ ഒന്നാകണം.



www.malankaralibrary.com

ക്രിസ്തുവിൽ ഐക്യപ്പെട്ട് യേശുവിനെ സ്വന്തം നാഥനായി സ്വീകരിച്ച് അനുദിനജീവിതം നയിക്കണം. യേശുവിൻെറ മനോഭാവങ്ങൾ (ഫിലി. 2: 5) പ്രവൃത്തികൾ, ചിന്തകൾ, സ്നേഹങ്ങൾ, എല്ലാം നമ്മിലൂടെ പ്രകാശിക്കുവാൻ തക്കവണ്ണം യേശുവിൽ ഐക്യപ്പെട്ട് അനുദിന ജീവിതം നടത്തണം. 1. നമ്മുടെ പാപങ്ങളെപ്പററി യേശുനാഥൻ ദൈവപിതാവിൻെറ തിരുസന്നിധിയിൽ നടത്തിയ ക്ഷമായാചനയോടു ചേർന്നുള്ള ക്ഷമായാചനകൾ നമ്മുടെ ഹൃദയത്തിൽ സദാ നിലനിൽക്കണം. എൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്നതു സത്യമാണ്. എന്നാൽ ആ പാപങ്ങളെ വീണ്ടും ശരിവക്കുന്ന നിലയിലുള്ള ഒരു 'മനോഭാവം ഇനി ഒരിക്കലും എന്നിൽ തല പൊക്കരുത്. ആ മനോഭാവം യേശുവിൻെറ അവയവമായവനു യോജിച്ചതല്ല; യേശുവിലുള്ള ഐക്യം കളയുന്നതാണ്. പഴയ മനുഷ്യൻ അപ്പോൾ ശക്തിപ്പെടും. 2. മററുള്ളവരുടെ പാപങ്ങൾ ക്ഷമിച്ച് സഹിച്ച് അവക്കുവേണ്ടി പ്രാർത്ഥിക്കുന്ന യേശുവിൻെറ മനോഭാവങ്ങളോടു സദാ യോജിക്കണം. മററുള്ളവരിൽനിന്നു വരുന്ന വേദനകൾ യേശുവിൻെറ കുരിശിലെ വേദനയുടെ ഭാഗമായി സ്വീകരിക്കണം. അവരെവെറുക്കുകയോ അകററുകയോ ചെയ്യുന്ന മനോഭാവം ഉണ്ടായാൽ യേശുവിലുള്ള ഐക്യം പോവുകയും, പഴയ മനുഷ്യൻ വളരുകയും ചെയ്യും. 3. പിതാവിൻെറ ഹിതം ചോദിച്ചറിഞ്ഞു മരണത്തോളം അനുസരിക്കുന്ന യേശുവിൽ ഐക്യപ്പെട്ടു മരണത്തോളം അനുസരിക്കാൻ തയ്യാറാകണം. സ്നേഹത്താലുള്ള അനുസരണത്തിൻെറ അനുദിനജീവിതം സ്വീകരിക്കണം. (റോമ. 6:16). 4. ഏതു പ്രയാസസമയത്തും പിതാവിൻെറ സ്നേഹത്തിലും ശക്തിയിലും ഉള്ള ഉറപ്പ് യേശുവിൽ നിറഞ്ഞു നിന്നിരുന്നു. യേശുവിൽ ഐക്യപ്പെട്ടു ജീവിച്ചുകൊണ്ട് അതേ മനോഭാവം പാലിക്കണം. 5. യേശുനാഥൻെറ എളിമയിലും ഹൃദയ ശാന്തതയിലും പൂർണ്ണമായി യോജിക്കണം. ഓരോ പ്രവൃത്തിയും യേശുവിൽ സമർപ്പിച്ചു ചെയ്തു ചെയ്തു മുന്നേറണം.

ഏതെങ്കിലും സമയത്തു് ഏതെങ്കിലും കാര്യത്തിൽ യേശുവിലുള്ള സമർപ്പണത്തിലോ, ഐക്യ ജീവിതത്തിലോ നിന്നു് പിന്മാറി. പഴയ മനുഷ്യൻ അല്പമെങ്കിലും വളരാൻ ഇടയായെന്നു കണ്ടാലുടനെ, യേശുവിനുള്ള സമർപ്പണം, വീണ്ടും നടത്തുക. കർത്താവിൻെറ മരണത്തിൽ പങ്കുചേരുന്നതിനായുള്ള (പഴയ മനുഷ്യൻ മരി



www.malankaralibrary.com

ക്കാനുള്ള) പ്രായശ്ചിത്തം ചെയ്യുകയും വേണം. വി. പൗലോസ് ശ്ലീഹാതന്നെ, എല്ലാവരോടും സുവിശേഷം പ്രസംഗിച്ചെങ്കിലും, ഓരോ ദിവസവും പഴയ മനുഷ്യനെ കീഴ്പ്പെടുത്തുവാൻ കഠിനമായി ശ്രമിച്ചതായി പറയുന്നു.

പാപമോചന ജീവിതത്തിനുവേണ്ടി, യേശുവിലുള്ള ഐക്യജീവിതത്തിനുവേണ്ടി, സദാ യേശുവിനു സമപ്പിതനായിരിക്കുവാൻ മനസ്സിനെ ശക്തിപ്പെടുത്തണം. ദൈവകൃപക്കായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യണം.

പ്രാർത്ഥന.

യേശുവേ, അങ്ങയിലുള്ള ജീവിതം ഉപേക്ഷിച്ച ഞാൻ .......പാപങ്ങൾ ചെയ്തതിനെപ്പററി ദുഃഖിക്കുന്നു. എന്നിലെ പഴയ മനുഷ്യനെ വളർത്തി ദൈവത്തിനും എനിക്കും സഹോദരർക്കും വേദന വരുത്തിയതിനെപ്പററി അനുതപിക്കുന്നു. അങ്ങയിൽനിന്നു മാറിയപ്പോൾ എനിക്ക് സമാധാനവും സന്തോഷവും സ്നേഹവും നഷ്ടമായി. ഞാൻ മഹാപാപിയാണ്. നാഥാ, എന്നെ വീണ്ടും സ്വീകരിക്കാൻ അങ്ങു മനസ്സാകുന്നതിനു നന്ദി. അങ്ങയുടെ കുരിശുമരണത്തിന്റെ യോഗ്യത എനിക്കു നൽകണമേ. എനിക്കു പാപക്ഷമയും പാപമോചനവും തരണമേ. അങ്ങയോടുകൂടി പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാൻ ഞാൻ തയ്യാറായിരിക്കുന്നു. അങ്ങയേ എന്റെ നാഥനും രക്ഷകനുമായി സ്വീകരിക്കുന്നു. അങ്ങയോട് ഒന്നായി അങ്ങയിൽ ഐക്യപ്പെടുവാൻ ഞാൻ സ്വയം സമർപ്പിക്കുന്നു. അങ്ങയിൽ ഒന്നായിമാത്രം എന്നും ജീവിക്കാനുള്ള കൃപ നൽകണമേ. അങ്ങയുടെ കൃപ കൂടാതെ എനിക്ക് ഒന്നും സാദ്ധ്യമല്ല. യേശുവേ അങ്ങയോട് എന്നെ ആഴത്തിലാഴത്തിൽ യോജിപ്പിക്കുവാൻ എന്നെ അങ്ങേക്കു സമർപ്പിക്കുന്നു. അങ്ങയിൽ നിറഞ്ഞു നിൽക്കുന്ന പിതാവിന്റെ സ്വയംദാനമായ സ്വർഗ്ഗത്തിന്റെ പൂർണ്ണത പ്രാപിക്കാൻ എനിക്ക് ഇടയാകണമേ.

MALANKARA
LIBRARY



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com